12
ഒക്ടോബർ 2018 വെള്ളി
1194 കന്നി 26
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A
107 വർഷങ്ങൾ
4 തലമുറകൾ
14 പേജ് ₹ 7.50
THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

## കേന്ദ്രത്തിനെതിരെ യുദ്ധകാഹളം

# റാഫേൽ ബോംബറിൽ രാഹുൽ



## റിലയൻസിനെ പങ്കാളിയാക്കിയത് നഷ്ടപരിഹാരമായിട്ടെന്ന്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: റാഫേൽ യുദ്ധവിമാനകരാർവിവാദംകത്തിക്കാളുന്നതിനിടെപ്രതിരോധമന്ത്രിനിർമ്മലാസീതാരാമന്റെഫ്രഞ്ച്സന്ദർശനവും അനിൽ അംബാനിയുടെ റിലയൻസ് ഡിഫൻസ് കമ്പനിയെ കരാറിൽ പങ്കാളിയാക്കിയത് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നിർദ്ദേശ പ്രകാരമാണെന്ന ഫ്രഞ്ച് മാദ്ധ്യമത്തിന്റെവെളിപ്പെടുത്തലും ആയുധമാക്കികോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിഇന്നലെകേന്ദ്രത്തിനെതിരെയുദ്ധകാഹളംമുഴക്കിആഞ്ഞടിച്ചു. അതേസമയം റിലയൻസിനെ പങ്കാളിയാക്കിയത് തങ്ങളുടെ സ്വന്തം തീരുമാനമാണെന്ന് റാഫേൽ നിർമ്മാണ കമ്പനിയായ ദസാൾട്ട് ഇന്നലെയും ആവർത്തിച്ചു.അത് വമ്പൻകരാർ നൽകിയ സർക്കാരിന്റെ സമ്മർദ്ദം മൂലമാകുമെന്നും രാഹുൽ പത്രസമ്മേളനത്തിൽ ആരോപിച്ചു.

റാഫേൽഇടപാട്നടക്കാൻറിലയൻസിനെ ഓഫ്സെറ്റ്പങ്കാളിയാക്കേണ്ടത് അത്യാവശ്യമാണെന്ന് പ്രധാനമന്ത്രി നിർദ്ദേശിച്ചതായി 2017 മേയ് 11ന് നാഗ്പൂർ പ്ലാന്റിൽ നടത്തിയ പ്രസന്റേഷനിൽ ദസാൾട്ട് കമ്പനിയിലെ ഉന്നത ഉദ്യോഗസ്ഥൻലോയിക്സെഗാലെൻപറഞ്ഞതായാണ്ഫ്രഞ്ച്അന്വേഷണാത്മകമാദ്ധ്യമമായ മീഡിയാപാർട്ട്ബുധനാഴ്ചവെളിപ്പെടുത്തിയത്. റിലയൻസിനുള്ള നഷ്ടപരിഹാരമായിഅവരെപങ്കാളിയാക്കണമെന്നാണ് ദസാൾട്ടിലെ ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞത്.അത് അനിൽ അംബാനിക്കു വേണ്ടി മോദി സമ്മർദ്ദം ചെലുത്തിയതിന് തെളിവാണ്. അനിൽ അംബാനിക്ക് നൽകിയ നഷ്ടപരിഹാരം ഏതുവകയിലാണെന്ന്പ്രധാനമന്ത്രി വിശദീകരിക്കണം. കരാർ പ്രഖ്യാപിക്കുന്നതിന് 12 ദിവസം മുൻപാണ്യുദ്ധവിമാനനിർമ്മാണത്തിൽ യാതൊരുമുൻപരിചയവുമില്ലാത്ത റിലയൻസ് ഡിഫൻസ്കമ്പനിയുണ്ടാക്കിയത്.അവർക്ക്30,000കോടി രൂപ ലാഭമുണ്ടാക്കാൻ സഹായിച്ച പ്രധാനമന്ത്രി താൻ ആരുടെ കാവൽക്കാരനാണെന്ന്തെളിയിച്ചു. രാജ്യത്തിന്റെകാവൽക്കാരനാണെന്ന് ആരും വിശ്വസിക്കില്ല. കർഷകരെയുംയുവാക്കളെയുമാണ്വഞ്ചിച്ചത്.ജനങ്ങൾക്കും വ്യോമസേനയ്ക്കും അവകാശപ്പെട്ട പണം റിലയൻസിന്റെപോക്കറ്റിൽനിക്ഷേപിച്ച പ്രധാനമന്ത്രി അഴിമതിക്കാരനാണെന്നും രാഹുൽ ആരോപിച്ചു.

> റാഫേൽകരാറിൽ ഒളിച്ചുകളിക്കുന്ന സർക്കാർ പ്രതിരോധ മന്ത്രി നിർമ്മലാ സീതാരാമനെ ധൃതിപിടിച്ച് ഫ്രാൻസിലേക്ക് അയച്ചത് എന്തിനാണ്? മന്ത്രി ദസാൾട്ട് കമ്പനി സന്ദർശിക്കുന്നത് എന്തിനാണ്?
>
> **രാഹുൽ ഗാന്ധി**

### നിർമ്മലാ സീതാരാമൻ ഫ്രാൻസിൽ

പ്രതിരോധ മന്ത്രി നിർമ്മലാ സീതാരാമൻ മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഫ്രാൻസിൽ എത്തി. 36 റാഫേൽ വിമാനങ്ങൾവാങ്ങാനുള്ള ഇടപാട് വേഗത്തിലാക്കാനാണ് സന്ദർശനമെന്നാണ് സൂചന. ഫ്രഞ്ച് പ്രതിരോധ മന്ത്രി ഫ്ലോറൻസ് പാർലിയുമായി ചർച്ച നടത്തുന്ന നിർമ്മല ദസാൾട്ടിന്റെ ഫാക്ടറി സന്ദർശിക്കുന്നുണ്ട്. സമുദ്രസുരക്ഷയെപ്പറ്റിയുള്ള ഇന്ത്യ-ഫ്രാൻസ് ചർച്ചയിലും പങ്കെടുക്കും.



*റാഫേൽ യുദ്ധവിമാന കമ്പനിയായ ദസാൾട്ട് നാഗ്പൂരിൽ റിലയൻസിന്റെ പങ്കാളിത്തത്തോടെ സ്ഥാപിച്ച പ്ലാന്റിന്റെ ഉദ്ഘാടന വേളയിൽ ( 2017 ഒക്ടോബർ27 ) അനിൽ അംബാനി ഫ്രഞ്ച് പ്രതിരോധമന്ത്രി ഫ്ലോറൻസ് പാർലിയോടൊപ്പം*

## കോൺഗ്രസ് ആക്രമണത്തിന് പ്രതിരോധം

അഞ്ച് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് യുദ്ധത്തിന് മിനി കുരുക്ഷേത്രം ഒരുങ്ങിയിരിക്കെ, റാഫേൽ യുദ്ധവിമാന വിവാദം ആഗ്നേയാസ്ത്രമാക്കി രാഹുൽ കത്തിക്കയറുമ്പോൾ കാർത്തി ചിദംബരത്തിലൂടെ കോൺഗ്രസിനെതിരെ മോദി ചെറിയൊരു അസ്ത്രം തൊടുത്തിരിക്കുകയാണ്

# കാർത്തി മിസൈലിൽ മോദി



## കാർത്തിയുടെ 54 കോടിയുടെ സ്വത്തുക്കൾ കണ്ടുകെട്ടി

ന്യൂഡൽഹി: ഐ.എൻ.എക്സ്മീഡിയ സാമ്പത്തിക തട്ടിപ്പ് കേസിൽകോൺഗ്രസ്നേതാവ് പി. ചിദംബരത്തിന്റെമകനുംവ്യവസായിയുമായ കാർത്തി ചിദംബരത്തിന്റെഇന്ത്യയിലെയുംവിദേശത്തെയും 54 കോടി രൂപയുടെ സ്വത്തുക്കൾ എൻഫോഴ്സ്മെന്റ്ഡയറക്ടറേറ്റ്കണ്ടുകെട്ടി. വിചിത്രവും കാടത്തവുമാണ് നടപടിയെന്ന് കാർത്തി ചിദംബരം പ്രതികരിച്ചു.സാമ്പത്തിക തട്ടിപ്പ്തടയൽ നിയമം അനുസരിച്ചാണ്കേസ്. വാർത്ത സൃഷ്ടിക്കാൻ വേണ്ടി മാത്രമുള്ളതാണ് നടപടിയെന്നും നിയമപ്രകാരമുള്ളതല്ലെന്നും കാർത്തി ചിദംബരം പറഞ്ഞു.

കുപ്രസിദ്ധമായ ഷീന ബോറ വധക്കേസിൽ പിൽക്കാലത്ത് പ്രതികളായ പീറ്റർ, ഇന്ദ്രാണി മുഖർജി എന്നിവരുടെ ഐ.എൻ. എക്സ്മീഡിയകമ്പനിക്ക്2007ൽഒന്നാംയു.പി.എ സർക്കാരിൽ ധനമന്ത്രിയായിരുന്ന പി. ചിദംബരം 305 കോടി രൂപയുടെ വിദേശ നിക്ഷേപ അനുമതി ലഭിക്കാൻവഴിവിട്ട്സഹായിച്ചെന്നും പ്രതിഫലമായിമകന്റെഉടമസ്ഥതയിലുള്ള അഡ്വാന്റേജ് സ്ട്രാറ്റജിക്കൺസൾട്ടൻസിപ്രൈവറ്റ് ലിമിറ്റഡിലും (എ.എസ്.സി.പി.എൽ) അനുബന്ധ കമ്പനികളിലും 3.09 കോടി രൂപ നിക്ഷേപിച്ചെന്നുമാണ് കേസ്.



### കണ്ടുകെട്ടിയ സ്വത്തുക്കൾ

- തമിഴ്നാട്ടിലെ ഊട്ടി, കൊടൈക്കനാൽ എന്നിവിടങ്ങളിലെ കൃഷിയിടം, ബംഗ്ലാവ്
- അമ്മ അഡ്വ. നളിനിയുടെയും കാർത്തിയുടെയും പേരിൽ ഡൽഹി ജോർബാഗിലുള്ള 16 കോടിയുടെ ആഡംബര ഫ്ലാറ്റ്,
- ബ്രിട്ടനിലെ സോമർസെറ്റിലുള്ള 8.67 കോടിയുടെ കോട്ടേജ്
- സ്പെയിനിലെ ബാഴ്സലോണയിൽ 14.57 കോടി വിലയുള്ള ടെന്നിസ് ക്ലബ്
- കാർത്തിയുടെ കമ്പനിയുടെ പേരിൽ ചെന്നൈയിലുള്ള 90 ലക്ഷത്തിന്റെ ബാങ്ക് നിക്ഷേപം മരവിപ്പിക്കാനും എൻഫോഴ്സ്മെന്റ് നീക്കം തുടങ്ങി.

### മാതാപിതാക്കൾക്ക് ആസ്തി 95 കോടി

- കാർത്തിയുടെപിതാവ്മുൻധനകാര്യമന്ത്രിപി. ചിദംബരത്തിനുംസുപ്രിംകോടതിയിലെസീനിയർഅഭിഭാഷകയായമാതാവ്നളിനി ചിദംബരത്തിനുംകൂടി95കോടിയുടെആസ്തിയുണ്ടെന്ന് മഹാരാഷ്ട്ര രാജ്യസഭാ തിരഞ്ഞെടുപ്പിൽ നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നു.
- ചിദംബരത്തിന് 8.5 കോടിയും ഭാര്യയ്ക്ക് 1.25 കോടിയും വാർഷിക വരുമാനംഉണ്ടെന്ന് നികുതി റിട്ടേൺ രേഖകളിൽ പറയുന്നു.
- ചിദംബരത്തിന് 13 ബാങ്ക് അക്കൗണ്ടും ഭാര്യയ്ക്ക് 6 ബാങ്ക് അക്കൗണ്ടുമുണ്ട്.
- ചിദംബരത്തിന്റെ കൈവശം 32 ഗ്രാം സ്വർണം (87,232 രൂപ), 3.25 കാരറ്റ് വജ്രം (97,500)
- നളിനിയുടെകൈവശം1.43കിലോസ്വർണം (39.17ലക്ഷം), 52 കിലോ വെള്ളി (20.46ലക്ഷം), 76.61 കാരറ്റ് വജ്രം (22.98ലക്ഷം).
- ഹോണ്ട, സ്കോഡ, ടോയോട്ട ഇന്നോവ എന്നിവയാണ് വാഹനങ്ങൾ.
- കർണാടകയിൽ1.93കോടിവിലയുള്ള38.72 ഏക്കർസ്ഥലവും പാരമ്പര്യ സ്വത്തായി12.07 കോടിയുടെ ആസ്തിയും.

### ഒറ്റനോട്ടം



5 പേരെ ഹൈക്കോടതി ജഡ്ജിമാരാക്കാൻ ശുപാർശ

പേജ് 8



ഓഹരി വിപണിയിൽ വൻവീഴ്ച

പേജ് 4

# ശബരിമല: വിധി മറികടക്കാൻ നിയമനിർമ്മാണം നടത്തണമെന്ന് യോഗം കൗൺസിൽ

ആലപ്പുഴ: ശബരിമല സ്ത്രീ പ്രവേശനത്തിലെ സുപ്രീംകോടതി വിധി മറികടക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നിയമ നിർമ്മാണം നടത്തണമെന്ന് എസ്.എൻ.ഡി.പി യോഗം കൗൺസിൽ ആവശ്യപ്പെട്ടു. ഇന്നലെ ചേർത്തല ട്രാവൻകൂർ പാലസിൽ നടന്ന അടിയന്തര യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ സ്വീകരിച്ച നിലപാടുകളെ ഏകകണ്ഠമായി അംഗീകരിച്ചു. ഇപ്പോഴത്തെ സമരം നാഥനില്ലാത്തതാണ്. അതിന് ആളെക്കൂട്ടേണ്ട ബാദ്ധ്യത എസ്.എൻ.ഡി.പി യോഗത്തിനില്ല. എല്ലാ ഹിന്ദുസംഘടനകളുമായും ചർച്ച ചെയ്തിരുന്നെങ്കിൽ ആചാര സംരക്ഷണത്തിനുവേണ്ടി ഉത്തരവാദിത്വത്തോടെ യോഗം മുൻനിരയിലുണ്ടായേനെ. തങ്ങൾ വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകൾക്കനുസരിച്ച് പ്രവർത്തകർ പങ്കുചേരുന്നതിന് യോഗം എതിരല്ല. കൂടുതൽ ചർച്ചകളും തീരുമാനങ്ങളുമെടുക്കുന്നതിനായി യൂണിയൻ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ബോർഡ് അംഗങ്ങൾ എന്നിവരുടെ സംയുക്ത യോഗം 17ന് രാവിലെ 11ന് ചേർത്തല അശ്വിനി റസിഡൻസിയിൽ ചേരും. സുപ്രീംകോടതി വിധി നിരാശാജനകമാണ്. വിശ്വാസികളായ സ്ത്രീകൾ ആരും ശബരിമലയിൽ പ്രവേശിക്കില്ലെന്നാണ് യോഗവും കരുതുന്നത്. പ്രസിഡന്റ് എം.എൻ. സോമന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

### തെരുവുസമരം കലാപമുണ്ടാക്കാൻ : വെള്ളാപ്പള്ളി

ഒരു വിധിയുടെ പേരിൽ തെരുവിൽ നടത്തുന്ന സമരം നാട്ടിൽ കലാപം സൃഷ്ടിക്കാനേ സഹായിക്കുകയുള്ളൂവെന്ന് കൗൺസിൽ യോഗത്തിനു ശേഷം വാർത്താസമ്മേളനത്തിൽ ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരും യോഗത്തിലുണ്ട്. അവർക്ക് അവരുടെ വിശ്വാസമനുസരിച്ച് നിലപാട് സ്വീകരിക്കാം. അത് യോഗത്തിന്റെ പേരിലാകരുത്. എസ്.എൻ.ഡി.പി യോഗം ആരോടൊപ്പവുമില്ല. എൻ.എസ്.എസ് അജൻഡയും ഞങ്ങളുടെ അജൻഡയും വെവ്വേറെയാണ്. സർക്കാരിനുവേണ്ടി നിൽക്കാൻ ഞങ്ങൾക്കൊരു ബാദ്ധ്യതയുമില്ല. കിരീടമുള്ള രാജാവാണ് പിണറായി. കിരീടമില്ലാത്ത രാജാവാണ് പന്തളത്തേത്. മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ രാജകുടുംബം പോകാതിരുന്നത് മര്യാദകേടാണ്. പിണറായി എന്റെ ആരുമല്ല, ഞാൻ ആരുടെ വാലുമല്ല. വിധിയെ ജനം മറി കടക്കും. ആർത്തവകാലത്ത് സ്ത്രീകൾ വിളക്ക് കത്തിക്കാറില്ല, ക്ഷേത്രങ്ങളിൽ പോകാറില്ല. ശബരിമലയിലും പോകില്ലെന്നാണ് വിശ്വാസം. വിധിയെ വിശ്വാസം കൊണ്ട് മറികടക്കും. ഞാൻ ഭക്തരുടെ കൂടെയാണ്- വെള്ളാപ്പള്ളി പറഞ്ഞു.



*ശബരിമല യുവതീപ്രവേശന വിഷയത്തിൽ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ ഔദ്യോഗിക വസതിയിലേക്ക് യുവമോർച്ച നേതൃത്വത്തിൽ നടന്ന മാർച്ച് അക്രമാസക്തമായപ്പോൾ പൊലീസിന്റെ കണ്ണീർവാതക പ്രയോഗത്തിൽപ്പെട്ട പ്രവർത്തകർ ഫോട്ടോ: അജയ് മധു*

### തലവര

ബി.ജെ.പിയെപ്പോലെ പൊള്ളയായ വാഗ്ദാനങ്ങൾ കോൺഗ്രസ് നൽകില്ല - രാഹുൽ




അകം പൊള്ളയല്ല... ഉള്ളിലാണ് കാര്യം!

## ലൈംഗികാരോപണം

# പി.കെ. ശശിക്കെതിരെ നടപടി വന്നേക്കും



**സി.പി.എം സെക്രട്ടേറിയറ്റ് ഇന്ന്**

തിരുവനന്തപുരം:ലൈംഗിക പീഡന വിവാദത്തിൽ ഷൊർണൂർ എം.എൽ.എയും സി.പി.എം പാലക്കാട് ജില്ലാ സെക്രട്ടേറിയറ്റ് അംഗവുമായ പി.കെ. ശശിക്കെതിരായ പാർട്ടിതല അച്ചടക്ക നടപടിയിൽ ഇന്നത്തെ സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തീരുമാനം എടുത്തേക്കും.

മന്ത്രി എ.കെ. ബാലനും പി.കെ. ശ്രീമതി എം.പിയും അടങ്ങിയ പാർട്ടി അന്വേഷണ കമ്മിഷന്റെ റിപ്പോർട്ട് ഇന്നത്തെ നേതൃയോഗം പരിഗണിച്ചേക്കും. നാളെ സംസ്ഥാന സമിതിയും ചേരുന്നുണ്ട്. ശശിക്കെതിരായ പരാതിക്കൊപ്പം, തനിക്കെതിരെ ഗൂഢാലോചനയുണ്ടെന്ന ശശിയുടെ ആരോപണത്തിലും കമ്മിഷൻ റിപ്പോർട്ടിൽ ചില കണ്ടെത്തലുകൾ ഉണ്ടാകുമെന്നാണ് സൂചന. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവും സി.പി.എം നേതൃത്വം അന്തിമതീരുമാനം എടുക്കുക.

പാലക്കാട് ജില്ലാ ഘടകത്തിലെ രൂക്ഷമായ ശീതസമരത്തിന്റെ തുടർച്ചയായി വിവാദത്തെ വിലയിരുത്തുന്നവരുണ്ട്. ജില്ലയിലെ പാർട്ടിയിൽ നിന്നുതന്നെ ശശിയെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള കത്തുകൾ സംസ്ഥാന നേതൃത്വത്തിന് പോയിട്ടുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാന നേതൃയോഗത്തിന്റെ തീരുമാനം ജില്ലയിലെ പാർട്ടിയിൽ ചലനങ്ങൾ സൃഷ്ടിച്ചേക്കാം.

ശബരിമല സ്ത്രീപ്രവേശന വിവാദത്തിൽ ഇടതുമുന്നണിയും സി.പി.എം സ്വന്തം നിലയ്ക്കും പ്രചാരണ യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ചർച്ചകളും ഇന്നും നാളെയുമായുള്ള സെക്രട്ടേറിയറ്റ്, സംസ്ഥാനകമ്മിറ്റി യോഗങ്ങളിലുണ്ടാവും. ലോക്‌സഭാ തിരഞ്ഞെടുപ്പിനുള്ള അടവ് നയം സംബന്ധിച്ച് ചർച്ച ചെയ്ത കഴിഞ്ഞ കേന്ദ്രകമ്മിറ്റി തീരുമാനം യോഗത്തിൽ റിപ്പോർട്ട് ചെയ്യും. കേരളത്തിലെ മുന്നണി വിപുലീകരണം ഇതിന്റെ ഭാഗമായി ചർച്ചയായേക്കാം. മുന്നണിക്ക് പുറത്ത് സഹകരിച്ച് നിൽക്കുന്ന ലോക്‌താന്ത്രിക് ജനതാദൾ, ഐ.എൻ.എൽ കക്ഷികളെ ഉൾപ്പെടുത്തുന്നതിൽ സി.പി.എമ്മിന് അനുകൂലസമീപനമാണെന്ന് സൂചനയുണ്ട്. കേന്ദ്രനേതാക്കളും യോഗത്തിനെത്തും.

## ഡോ. ശാന്താമാധവൻ നിര്യാതയായി



തിരുവനന്തപുരം:പ്രശസ്ത ഗൈനക്കോളജിസ്റ്റും ജീവകാരുണ്യ പ്രവർത്തകയുമായിരുന്ന കുമാരപുരം ഡി.ആർ.ആർ.എ-24 ശാന്തിയിൽ ഡോ.ശാന്താമാധവൻ(87) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 10ന് ശാന്തികവാടത്തിൽ.കൊച്ചിയിലെ വ്യവസായ പ്രമുഖൻ പരേതനായ എ.മാധവന്റെ ഭാര്യയാണ്. ചാവർകോട് കുടുംബാംഗം ഡോ.പത്മനാഭന്റെയും കൊല്ലം മയ്യനാട് പാട്ടത്തിൽ കുടുംബാംഗം മീനാക്ഷിയുടെയും മകളാണ്.പരേതരായ പി.ചന്ദ്രശേഖരൻ (മാനേജർ, കേരളകൗമുദി), മദ്രാസ് ഹാർബർ മാസ്റ്റർ ബാലരാമൻ, ക്യാപ്ടൻ ത്യാഗരാജൻ എന്നിവർ സഹോദരങ്ങൾ.

എറണാകുളം ഗവൺമെന്റ് ആശുപത്രിയിൽ നിന്ന് വിരമിച്ച ശേഷം തിരുവനന്തപുരം അൽ അരീഫ് ഹോസ്പിറ്റലിൽ ഏറെക്കാലം സേവനം അനുഷ്ഠിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ലയൺസ് ക്ലബ് ഒഫ് ട്രിവാൻഡ്രം ടവേഴ്സിന്റെ ചാർട്ടർ പ്രസിഡന്റാണ്. ലയൺസ്ക്ലബ് വഴി ഒട്ടനവധി സേവനപ്രവർത്തനങ്ങൾ ചെയ്തിരുന്നു.

മെഡിക്കൽ സംബന്ധമായ നിരവധി സംഘടനകളിൽ സുപ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഫോൺ: 9846815075.

ടി ജി ഹരികുമാർ സ്മൃതി



ഒന്നാം സ്മൃതി വാർഷികാചരണം
2018 ഒക്ടോബർ 12

തുഞ്ചൻ സ്മാരക സമിതി,
എഴുത്തച്ഛൻ നാഷണൽ അക്കാദമി &
കിളിപ്പാട്ട് മാസിക തിരുവനന്തപുരം

## രണ്ടാമൂഴം ശ്രീകുമാർ മേനോൻ സംവിധാനം ചെയ്യുന്നതിന് സ്റ്റേ



എം.ടി

കോഴിക്കോട്: എം.ടിയുടെ പ്രസിദ്ധമായ 'രണ്ടാമൂഴം' നോവലിനെ അടിസ്ഥാനമാക്കി രചിച്ച തിരക്കഥയിൽ വി.എ. ശ്രീകുമാർ മേനോൻ സിനിമ സംവിധാനം ചെയ്യുന്നത് മറ്റൊരു ഉത്തരവ് ഉണ്ടാവുന്നത് വരെ കോഴിക്കോട് അഡിഷണൽ മുൻസിഫ് കോടതി തടഞ്ഞു.

തിരക്കഥ ഉപയോഗിക്കുന്നത് തടയണമെന്നും തിരക്കഥ തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് എം.ടി. വാസുദേവൻ നായർ നൽകിയ ഹർജിയിലാണ് ഉത്തരവ്. കേസ് 25ന് വീണ്ടും പരിഗണിക്കും. സിനിമയുടെ ചിത്രീകരണം അനന്തമായി നീളുന്നതിനാലാണ് പിന്മാറാൻ എം.ടി തീരുമാനിച്ചത്. സംവിധായകൻ ശ്രീകുമാർ മേനോനുമായുള്ള കരാർ അവസാനിച്ചെന്നും തിരക്കഥ തിരികെ വേണമെന്നുമാണ് എം.ടിയുടെ വാദം. തിരക്കഥ കൈപ്പറ്റുമ്പോൾ വാങ്ങിയ മുൻകൂർ തുക തിരികെ നൽകാമെന്നും ഹർജിയിൽ പറയുന്നു. വർഷങ്ങൾ ചെലവഴിച്ച് കഠിനാദ്ധ്വാനം ചെയ്താണ് താൻ തിരക്കഥ തയ്യാറാക്കിയത്. എന്നാൽ ഇതിന്റെ കാൽഭാഗം പോലും ആത്മാർത്ഥത സിനിമയുടെ അണിയറ പ്രവർത്തകർ കാണിക്കുന്നില്ലെന്ന് എം.ടി പറയുന്നു. നാല് വർഷം മുമ്പാണ് ശ്രീകുമാർ മേനോനുമായി കരാർ ഉണ്ടാക്കിയത്. തുടർന്ന് മലയാളം, ഇംഗ്ലീഷ് തിരക്കഥകൾ നൽകി. മൂന്ന് വർഷം കൊണ്ട് ചിത്രീകരണം പൂർത്തിയാക്കുമെന്നായിരുന്നു കരാർ.

ഇതിനിടെ പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ചിത്രീകരണം താമസിയാതെ തുടങ്ങുകയാണെങ്കിൽ എം.ടി കേസിൽ നിന്ന് പിന്മാറുമെന്നും സൂചനയുണ്ട്.

> സിനിമയുമായി മുന്നോട്ട് പോകും. എം.ടി സാറിനെ പ്രോജക്ടിന്റെ പുരോഗതി കൃത്യമായി അറിയിക്കാൻ കഴിയാത്തത് വീഴ്ചയാണ്. അദ്ദേഹത്തെ നേരിൽ കണ്ട് കാര്യങ്ങൾ വ്യക്തമാക്കും. എത്രയും വേഗം രണ്ടാമൂഴം സിനിമയായി കാണാനാണ് ആഗ്രഹം.
>
> *ശ്രീകുമാർ മേനോൻ ഫേസ്ബുക്കിൽ കുറിച്ചത്*

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## ഇൻസിനറേറ്റർ കേടായി, കൈയുംകെട്ടി അധികൃതർ

# ആർ.സി.സി മാലിന്യത്തിൽ മുങ്ങുന്നു

കെ.എസ്.അരവിന്ദ്

തിരുവനന്തപുരം : റീജിയണൽ കാൻസർ സെന്ററിലെത്തുന്ന രോഗികളും കൂട്ടിരിപ്പുകാരും പകർച്ചവ്യാധി ഭീഷണിയിൽ. ആശുപത്രിയിലെ ഇൻസിനറേറ്റർ കേടായതോടെ മൂന്നാഴ്ചയായി മാലിന്യ സംസ്കരണം നടക്കുന്നില്ല. ഇതോടെ പേവാർഡിനോട് ചേർന്ന് പ്ലാസ്റ്റിക് കവറിൽ കെട്ടിയ മാലിന്യങ്ങൾ കുന്നുകൂടുകയാണ്.

അതീവഗുരുതരാവസ്ഥയിലുള്ളവരാണ് പേ വാർഡിലുള്ളത്. ദിവസേന ചികിത്സയ്ക്കെത്തുന്നവരും പകർച്ചവ്യാധിയുടെ നിഴലിലാണ്. ഭക്ഷണാവശിഷ്ടങ്ങൾ, പഞ്ഞി, തുണി, സാനിറ്ററി നാപ്കിൻ തുടങ്ങിയവയാണ് കവറിൽ കെട്ടി കൂട്ടിയിട്ടിരിക്കുന്നത്. ഇതുകാരണം പേവാർഡിന് സമീപം മൂക്കുപൊത്താതെ വരാനാകില്ല.

ഇൻസിനറേറ്റർ കേടായതോടെ മാലിന്യങ്ങൾ ആശുപത്രി വളപ്പിൽ കുഴിച്ചിടാൻ തുടങ്ങിയിരുന്നു. എന്നാൽ മൂന്ന് ആഴ്ചയായി ഇതും നിലച്ചതോടെയാണ് കവറിൽ കെട്ടി കൂട്ടിയിടാൻ തുടങ്ങിയത്.



ആർ.സി.സിയിലെ പേവാർഡിനോട് ചേർന്നുള്ള മാലിന്യ കൂമ്പാരം

### എൻ.എ.ബി.എച്ച് അക്രഡിറ്റേഷനുമുണ്ട്

ചികിത്സാ സംവിധാനത്തിലും അടിസ്ഥാന സൗകര്യത്തിലും മുന്നിട്ടുനിൽക്കുന്ന ആശുപത്രികൾക്ക് ലഭിക്കുന്ന നാഷണൽ അക്രഡിറ്റേഷൻബോർഡ്ഫോർ ഹോസ്പിറ്റൽ ആൻഡ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ്(എൻ.ബി.എച്ച്) അംഗീകാരം ആർ.സി.സിക്കുണ്ട്. മൂന്നുവർഷം മുമ്പാണ് ഈ അംഗീകാരം ലഭിച്ചത്. എന്നാൽ ഇൻസിനറേറ്റർ കേടായതോടെ മാലിന്യസംസ്കരണം പോലും കാര്യക്ഷമമാക്കാൻ കഴിയാതായി.

### 200 മുതൽ 300 കിലോ വരെ മാലിന്യം

ദിവസേന 200 മുതൽ 300 കിലോ വരെ മാലിന്യമാണ് ആർ.സി.സിയിൽ കുന്നുകൂടുന്നത്. വാർഡുകളിൽ നിന്നുൾപ്പെടെയുള്ള മാലിന്യമാണ് ഇൻസിനറേറ്ററിലൂടെ സംസ്കരിക്കുന്നത്. 400 മുതൽ 500 കിലോ വരെ സംസ്കരണ ശേഷിയുള്ള ഇൻസിനറേറ്ററാണ് ഇവിടെയുള്ളത്. കാലപ്പഴക്കമാണ് തകരാറിന് കാരണമെന്നാണ് വിവരം.

"ഇൻസിനറേറ്റർ കേടായിരിക്കുകയാണ്. അറ്റകുറ്റപ്പണി നടത്തിയാലേ പ്രവർത്തിക്കാനാകൂ. മാലിന്യം സംസ്കരിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ സമീപിച്ചിട്ടുണ്ട്.'

- ഡോ. രാംദാസ്, ഡയറക്ടർ ഇൻ -ചാർജ്

## വക്കം ഖാദറിന്റെ രക്തസാക്ഷിത്വ വാർഷിക സമ്മേളനം

തിരുവനന്തപുരം: ഐ.എൻ.എ ഹീറോ വക്കം ഖാദറിന്റെ 75-ാം രക്തസാക്ഷിത്വ വാർഷിക സമ്മേളനം ഇന്ന് വൈകിട്ട് 3.30ന് പ്രസ് ക്ലബിൽ ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ നടക്കും. എം.എം. ഹസൻ അദ്ധ്യക്ഷത വഹിക്കും. മന്ത്രി എ.കെ. ബാലൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ആനത്തലവട്ടം ആനന്ദൻ, കെ.എൻ.എ. ഖാദർ, സി. ദിവാകരൻ, വക്കം സുകുമാരൻ തുടങ്ങിയവർ പങ്കെടുക്കും.

## വോളിബാൾ ചാമ്പ്യൻഷിപ്പ്

തിരുവനന്തപുരം: ജില്ലാ വോളിബാൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മിനി, സബ് ജൂനിയർ വോളിബാൾ ചാമ്പ്യൻഷിപ്പുകൾ 14ന് രാവിലെ 8ന് നീറമൺകര മഹാദേവാ സ്പോർട്സ് ക്ലബിൽ നടത്തും. 2005 ജനവരി 1ന് ശേഷം ജനിച്ചവർക്ക് മിനിയിലും, 2003 ജനവരി 1ന് ശേഷം ജനിച്ചവർക്ക് സബ് ജൂനിയറിലും പങ്കെടുക്കാം.മത്സരത്തിൽ നിന്ന് സംസ്ഥാന ചാമ്പ്യൻഷിപ്പിലേക്ക് ടീമുകളെ തിരഞ്ഞെടുക്കും. ക്ലബ് സെക്രട്ടറിയുടെ സമ്മതപത്രവും വയസു തെളിയിക്കുന്ന രേഖകളും രണ്ട് ഫോട്ടോകളും സഹിതം ഹാജരാകണം. ഫോൺ: 9496887161.

## വണ്ണാർ സർവീസ് സൊസൈറ്റി ജില്ലാസമ്മേളനം

കഴക്കൂട്ടം: വണ്ണാർ സർവീസ് സൊസൈറ്റിയുടെ ജില്ലാസമ്മേളനം ഒക്ടോബർ 14ന് ഉച്ചയ്ക്ക് 2ന് ഉള്ളൂർ ഇളങ്കാവ് ദേവീക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കും. ഡെപ്യൂട്ടിമേയർ രാഖിരവികുമാർ ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് വി. മണി അദ്ധ്യക്ഷത വഹിക്കും. ചടങ്ങിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അവാർഡും നൽകും.

## നവകേരള നിർമ്മാണത്തിൽ പങ്കാളിയാവാൻ യു.എ.ഇ കമ്പനി

തിരുവനന്തപുരം: നവകേരള നിർമാണത്തിന് കൈത്താങ്ങായി അബുദാബി ആസ്ഥാനമായ സെക്യൂർ കാം ഐ.ടി സൊല്യൂഷൻസ്. പ്രളയദുരന്തത്തിൽപ്പെട്ട കേരളത്തിനെ പുനർനിർമ്മിക്കുമ്പോൾ വിപുലമായ സി.സി ടിവി സുരക്ഷ സൗജന്യമായി ഒരുക്കുകയാണ് പ്രവാസി മലയാളികൾ തലപ്പത്തുള്ള അബുദാബി കമ്പനി. ഒന്നാം ഘട്ടത്തിൽ കൊച്ചി, തിരുവനന്തപുരം ജില്ലകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 25 കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്.

## നേമം യൂണിയനിൽ സംയുക്ത പ്രവർത്തകയോഗം

തിരുവനന്തപുരം : ശിവഗിരി മണ്ഡല മഹായജ്ഞത്തിന്റെയും മഹായതി പൂജയുടെയും വിജയകരമായ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് നേമം യൂണിയനിൽ സംയുക്തയോഗം സംഘടിപ്പിക്കും. 13ന് ഉച്ചയ്ക്ക് രണ്ടിന് യൂണിയൻ മന്ദിരത്തിൽ നടക്കുന്ന സമ്മേളനം യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യും. യൂണിയൻ പ്രസിഡന്റ് സുപ്രിയാ സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. യൂണിയൻ ഭാരവാഹികൾ, ശാഖാ പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, യൂണിയൻ പ്രതിനിധി, വനിതാസംഘം, യൂത്ത് മൂവ്മെന്റ്, സൈബർ സേന, യൂണിയൻ തലത്തിലെയും ശാഖാ തലത്തിലെയും ഭാരവാഹികൾ പങ്കെടുക്കണമെന്ന് യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരൻ അറിയിച്ചു.

## കോവളം യൂണിയനിൽ സംയുക്തയോഗം

കോവളം: എസ്.എൻ.ഡി.പി യോഗം കോവളം യൂണിയനിലെ യൂണിയൻ കമ്മിറ്റിയംഗങ്ങൾ, ശാഖാ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, യൂത്ത് മൂവ്മെന്റ്, വനിതാസംഘം, സൈബർസേന എന്നിവരുടെ സംയുക്തയോഗം നാളെ നടക്കും. ഉച്ചയ്ക്ക് രണ്ടിന് കോവളം യൂണിയൻ ഓഫീസ് ഹാളിൽ യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യും. യൂണിയൻ പ്രസിഡന്റ് അഡ്വ. ജി സുബോധൻ അദ്ധ്യക്ഷത വഹിക്കും. എല്ലാ ഭാരവാഹികളും പങ്കെടുക്കണമെന്ന് യൂണിയൻ സെക്രട്ടറി കോവളം ടി.എൻ. സുരേഷ് അറിയിച്ചു.

## കുഴിവിളാകത്ത് ശ്രീ തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം: കുളത്തൂർ കിഴക്കുംകര ശ്രീതമ്പുരാൻ ക്ഷേത്രത്തിൽ 17ന് രാത്രി പുസ്തകപൂജവയ്പ്പ് ഉണ്ടായിരിക്കും.18ന് ആയുധപൂജ,19ന് രാവിലെ 7ന് പൂജയെടുപ്പ്. വൃശ്ചികം 1ന് മണ്ഡലമഹോത്സവ-നാല്പത്തിയൊന്നാം വിളക്ക്പൂജ ആരംഭിക്കും.താത്പര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണമെന്ന് ക്ഷേത്രസെക്രട്ടറി കെ.പി.ശൈലചന്ദ്രൻ അറിയിച്ചു. ഫോൺ - 9447243596, 9961043660.

## പേരൂർ ശ്രീമൂല ഭഗവതി ക്ഷേത്രം

പേരൂർക്കട: പേരൂർ ശ്രീമൂല ഭഗവതി ക്ഷേത്രത്തിലെ ഉത്സവം 2018 ഒക്ടോബർ 10 മുതൽ 19 വരെ നടക്കും.അഷ്ടദ്രവ്യ മഹാഗണപതി ഹോമം, ഉദയാസ്തമനപൂജ, ഉഷപൂജ, എതൃത്ത്പൂജ, പന്തീരടി പൂജ, ഉച്ചപൂജ, സർവാലങ്കാര പൂജ, അഷ്ടാഭിഷേകം, കുങ്കുമാഭിഷേകം, മഞ്ഞൾ അഭിഷേകം, കുട്ടകളഭാഭിഷേകം, വിദ്യാരാജ്ഞി പൂജ, വിദ്യാസൂക്താർച്ചന, ബൊമ്മക്കൊലു സമർപ്പണം, ഭഗവതി പൂജ, നവദുർഗാ പൂജ, നിറപറ സമർപ്പണം, അത്താഴപൂജ എന്നിവയുണ്ടായിരിക്കും. ഒക്ടോബർ 17 ന് പുസ്തക പൂജയും 18ന് ആയുധ-വാഹന പൂജയും രാവിലെ 9.45 ന് സമൂഹ പൊങ്കാലയും തുടർന്ന് കുട്ടകളഭാഭിഷേകവും ഉണ്ടായിരിക്കും. 19 ന് രാവിലെ 7.30 ന് പൂജയെടുപ്പും വിദ്യാരംഭവും. വൈകിട്ട് 7ന് താലപ്പൊലി,രാത്രി അത്താഴപൂജയ്ക്ക് ശേഷം കാപ്പഴിക്കൽ.

## രാമരച്ചംവിള ശ്രീ ദുർഗാംബിക ക്ഷേത്രം

ആറ്റിങ്ങൽ: രാമരച്ചംവിള ശ്രീ ദുർഗ്ഗാംബിക ക്ഷേത്രത്തിലെ നവരാത്രി മഹോത്സവം ആരംഭിച്ചു. 19 ന് സമാപിക്കും. 12 ന് വൈകിട്ട് 5 ന് മൂകാംബിക പൂജ, 13 ന് വൈകിട്ട് 5 ന് സുമംഗരി പൂജ, 14 ന് വൈകിട്ടി 5 ന് കൊട്ടുംകാളി പൂജ, 15 ന് വൈകിട്ട് 5 ന് ഭദ്രകാളി പൂജ. 16 ന് വൈകിട്ട് 5 ന് ജയദുർഗ്ഗാ പൂജ, 5.30ന് പൂജവയ്പ്പ്, 17 ന് വൈകിട്ട് 5 ന് ദുർഗ്ഗാഷ്ടമി പൂജ, 18 ന് വൈകിട്ട് 5 ന് മഹാസരസ്വതി പൂജ, 10ന് രാവിലെ പൂജയെടുപ്പും വിദ്യാരംഭവും തുടർന്ന് അക്ഷയ നെയ് വിളക്ക്.

## ശിവഗിരി തീർത്ഥയാത്ര

തിരുവനന്തപുരം : ശിവഗിരിയിൽ ശ്രീനാരായണഗുരുയതിപൂജയുടെ ഭാഗമായി എസ്.എൻ.ഡി.പി യോഗം പോങ്ങുംമൂട് ശാഖയിൽ നിന്ന് 14ന് ശിവഗിരിയിലേക്ക് തീർത്ഥാടന യാത്ര പുറപ്പെടും.രാവിലെ 8ന് പോങ്ങുംമൂട് ശാഖാ ഓഫീസിൽ നിന്ന് തിരിക്കുന്ന തീർത്ഥയാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ശാഖാ പ്രസിഡന്റ് ആർ. സുരേന്ദ്രനെയോ (നമ്പർ : 9496204957),സെക്രട്ടറി കെ. ഭഗീരഥനെയോ (നമ്പർ : 9995903400) ബന്ധപ്പെടുക.

# ക്രിമിനൽ കേസ് പ്രതി പിടിയിൽ


അലീഫ്ഖാൻ

തിരുവനന്തപുരം: നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ യുവാവിനെ ഷാഡോ പൊലീസ് അറസ്റ്റ് ചെയ്തു. വെള്ളായണി ഹോമിയോ കോളേജിന് സമീപം ചാനൽകര വീട്ടിൽ അലീഫ് ഖാനാണ് (27) അറസ്റ്റിലായത്.

ഗുണ്ടാ പിരിവ് നൽകാത്തതിന് വെള്ളായണിയിലെ സ്വകാര്യ കച്ചവട സ്ഥാപനമുടമയെ ആക്രമിച്ചതുൾപ്പെടെ പതിനഞ്ചോളം കേസുകൾ ഇയാൾക്കെതിരെയുണ്ട്. ഗുണ്ടാ നിയമപ്രകാരം നാല് തവണ കരുതൽ തടങ്കലിലായിരുന്ന അലീഫ് എറണാകുളത്ത് മാരകായുധമുപയോഗിച്ച് കുഴൽപ്പണം പിടിച്ചുപറിക്കാൻ ശ്രമിച്ച കേസിലും പ്രതിയാണ്.

ജയിലിൽ നിന്നിറങ്ങിയ ശേഷം ഗുണ്ടാ പിരിവും കഞ്ചാവ് കച്ചവടവുമാണ് തൊഴിലെന്ന് പൊലീസ് പറഞ്ഞു.

സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശിന്റെ നിർദ്ദേശാനുസരണം ഡി.സി.പി ആർ. ആദിത്യ, കൺട്രോൾ റൂം എ.സി.പി സുരേഷ്കുമാർ, ഷാഡോ എ.എസ്.ഐമാരായ ലഞ്ജുലാൽ, യശോധരൻ, ഷാഡോ ടീം എന്നിവരാണ് പ്രതിയെ പിടികൂടിയത്.

# മദ്യപാനം ചോദ്യം ചെയ്ത ഓട്ടോ ഡ്രൈവർക്ക് മർദ്ദനം

കോവളം : വീടിന് സമീപം മദ്യപിച്ചത് ചോദ്യം ചെയ്ത ഓട്ടോറിക്ഷാഡ്രൈവറെ അക്രമിസംഘം വീട്ടിൽ കയറി മർദ്ദിച്ചു. പാച്ചല്ലൂർ ചുടുകാട് ക്ഷേത്രത്തിന് സമീപം പുലയൻവിളാകത്തിൽ ടി.സി. 65/2320 സുബാഷിനാണ്(48) മർദ്ദനമേറ്റത്.

കഴിഞ്ഞ ബുധനാഴ്ച വൈകിട്ട് നാലിനായിരുന്നു സംഭവം.

സുബാഷ് ഓട്ടം കഴിഞ്ഞ് വരും വഴി വീടിന് സമീപം ഏഴംഗ സംഘം മദ്യപിക്കുന്നത് ചോദ്യം ചെയ്തിരുന്നു.

തുടർന്നാണ് നാലംഗസംഘം വീട്ടിൽ കയറി മർദ്ദിച്ചത്. ജനൽച്ചില്ലുകളും തകർത്തു. തുടർന്ന് സംഘത്തിലൊരാൾ താക്കോൽ കൊണ്ട് സുബാഷിനെ മുറിവേൽപ്പിച്ചു.

തിരുവല്ലം പൊലീസെത്തിയെപ്പോഴേക്കും അക്രമികൾ ഓടി രക്ഷപ്പെട്ടു. പൊലീസ് കേസെടുത്തിട്ടുണ്ടെന്നും ഒളിവിൽപ്പോയ പ്രതികൾക്കായി തെരച്ചിൽ ആരംഭിച്ചെന്നും തിരുവല്ലം എസ്.എ ശിവകുമാർ പറഞ്ഞു.

# എസ്.എ.ടിയിൽ സ്റ്റേ പാസ് വില്പന: ജീവനക്കാരി പിടിയിൽ

ഉള്ളൂർ: എസ്.എ.ടി ആശുപത്രിയിൽ സ്റ്റേ പാസ് വിറ്റ ജീവനക്കാരിയെ സുരക്ഷാ ജീവനക്കാർ പിടികൂടി. നാല് മാസം മുമ്പ് താത്കാലിക അടിസ്ഥാനത്തിൽ സുരക്ഷാ ജോലിക്ക് കയറിയ ജീവനക്കാരിയാണ് പാസ് വിൽക്കാൻ നേതൃത്വം നൽകിയത്. സ്ഥല പരിമിതിയിൽ വീർപ്പ് മുട്ടുന്ന ആശുപത്രിയിൽ നൂറു രൂപ ചെലവാക്കിയാൽ ഒരു രോഗിക്കൊപ്പം എത്രപേർക്ക് വേണമെങ്കിലും സ്റ്റേ പാസ് ലഭിക്കുമെന്ന അവസ്ഥയും ഇതോടെ അവസാനിച്ചു. കുറ്റം ചെയ്യുന്ന താത്കാലിക ജീവനക്കാരെ ആശുപത്രിയിൽ നിന്ന് ഒഴിവാക്കുകയാണ് കിഴ്‌വഴക്കം.

എന്നാൽ ഈ ജീവനക്കാരിയുടെ കാര്യത്തിൽ അതുണ്ടായിട്ടില്ല.

എസ്.എ.ടിയിലെ വിവിധ വാർഡുകളിൽ രോഗികൾ അഡ്മിറ്റ് ആകുമ്പോൾ സ്റ്റേ, ഭക്ഷണ പാസുകൾ നൽകാറുണ്ട്. എന്നാൽ ചിലരുടെ കൈയിൽ നിന്ന് പാസ് നഷ്ടപ്പെടാറുണ്ട്. അത്തരക്കാർക്ക് ബുദ്ധിമുട്ടൊഴിവാക്കാൻ വാർഡിൽ ഡ്യൂട്ടിയ്ക്കുള്ള നഴ്സിൽനിന്ന് രേഖാമൂലം എഴുതി വാങ്ങാൻ ആവശ്യപ്പെടാറുണ്ട്.

ഇത് സർജന്റ് വാർഡിൽ തിരക്കി ബോദ്ധ്യപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് പാസ് നൽകാനും ശുപാർശ ചെയ്യും. ഈ രേഖയുമായി ഇൻഫർമേഷൻ കൗണ്ടറിലെത്തിയാൽ 50 രൂപ ഫൈനടച്ച് ഡ്യൂപ്ലിക്കേറ്റ് പാസ് വാങ്ങാം. ഇത് മറയാക്കിയാണ് നാലുമാസമായി ജീവനക്കാരി തകൃതിയായി പാസ് വിറ്റിരുന്നത്.

## ടീച്ചേഴ്സ് ഓർഗനൈസേഷൻ യോഗം

തിരുവനന്തപുരം: സ്റ്റേറ്റ് എംപ്ലോയീസ്ആൻഡ്ടീച്ചേഴ്സ്ഓർഗനൈസേഷൻ സംസ്ഥാന കമ്മറ്റി യോഗം എൻ.ജി.ഒ ഭവനിൽ നടന്നു.ചെയർമാൻ എൻ.കെ.ബെന്നി അദ്ധ്യക്ഷത വഹിച്ചു.പി.ഹരിഗോവിന്ദൻ, എൻ.എൽ.ശിവകുമാർ, ഇ.എൻ. ഹർഷകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## സംഗീത നൃത്ത ക്ലാസുകളിലേക്ക് പ്രവേശനം

തിരുവനന്തപുരം: കെ. പി ഉദയഭാനു ഫൗണ്ടേഷൻ നടത്തുന്ന് സംഗീത, നൃത്ത ക്ലാസിലേക്കുള്ള പ്രവേശനം വിജയദശമി ദിനത്തിൽ രാവിലെ 8ന് ആരംഭിക്കും. ഏഴ വയസിന് മുകളിലുള്ള കുട്ടികൾക്കാണ് പ്രവേശനം. ഫോൺ : 8590585031, 9447462103.












മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസനിധിയിലേക്കുള്ള വി.കെ. വേലായുധൻ ഫൗണ്ടേഷന്റെ സംഭാവനയായ ഒന്നരലക്ഷം രൂപയുടെ ചെക്ക് ഫൗണ്ടേഷൻ പ്രസിഡന്റ് ജസ്റ്റിസ് കെ.ശ്രീധരൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. ഡോ. തമ്പി പ്രഭാകരൻ, ചാർട്ടേഡ് അക്കൗണ്ടന്റ് കെ.എസ്.മധു (ട്രഷറർ) എന്നിവർ സമീപം

## പോസ്റ്റിലിടിച്ച ടിപ്പറിൽ കുടുങ്ങിയ ഡ്രൈവറെ രക്ഷിച്ചു

തിരുവനന്തപുരം: നിയന്ത്രണം വിട്ട് റോഡരികിലെ ഇലക്ട്രിക് പോസ്റ്റിലിടിച്ച് തകർന്ന ടിപ്പർ ലോറിയിൽ കുടുങ്ങിയ ഡ്രൈവറെ ഫയർഫോഴ്സ് രക്ഷിച്ചു. ഇന്നലെ രാവിലെ ഏഴോടെ പേരൂർക്കട സർവീസ് സഹകരണ ബാങ്കിന് സമീപമായിരുന്നു അപകടം.

ഒരു മണിക്കൂർ നീണ്ട ശ്രമത്തിലാണ് അരുവിക്കര സ്വദേശി അരുണിനെ (28) രക്ഷിച്ചത്. നഗരത്തിലേക്ക് പാറയുമായി വന്ന കെ.എൽ 01 എ.എൻ 7098 രജിസ്ട്രേഷനിലുള്ള ടിപ്പറാണ് അപകടത്തിൽപ്പെട്ടത്. ലോറിയുടെ മുൻവശം പൂർണമായും തകർന്നു.

അപകടം നടന്നയുടൻ വഴിയാത്രക്കാരും നാട്ടുകാരും ഓടിയെത്തിയെങ്കിലും കാലൊടിഞ്ഞതിനാൽ അരുണിനെ ലോറിയിൽ നിന്ന് പുറത്തിറക്കാനായില്ല.

തുടർന്ന് തിരുവനന്തപുരത്ത് നിന്ന് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തുളസീധരന്റെ നേതൃത്വത്തിൽ ഫയർഫോഴ്സെത്തി ജെ.സി.ബിയുടെ സഹായത്തോടെ ലോറി വലിച്ചുമാറ്റി. തുടർന്ന് ഗ്യാസ് കട്ടറുപയോഗിച്ച് ലോറിയുടെ കാബിൻ പൊളിച്ചാണ് അനീഷിനെ പുറത്തെടുത്തത്. ഇയാളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

### നേതൃസമ്മേളനം

തിരുവനന്തപുരം: കേരള സ്റ്റേറ്റ് എസ്.സി / എസ്.ടി സർവീസ് സൊസൈറ്റിയുടെ സംസ്ഥാന നേതൃസമ്മേളനം 19ന് ഉച്ചയ്ക്ക് 2 മണിക്ക് സെക്രട്ടേറിയറ്റിനടുത്ത് പൂർണ ഹോട്ടലിൽ നടക്കും. കേരള സ്റ്റേറ്റ് എസ്.സി / എസ്.ടി സർവീസ് സൊസൈറ്റി ജനറൽ കൺവീനർ പി.പി. ഗോപിനാഥൻ അദ്ധ്യക്ഷനാകും. എ.പി. കക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്യും. പി.എം. രാജീവ്, തഴവ ബാബു, കൊല്ലം ബാബുരാജ്, വി. അപ്പു, രമ തുടങ്ങിയവർ പങ്കെടുക്കും.

### ജ്യോതിഷ ക്ലാസ്

തിരുവനന്തപുരം: ജ്യോതിഷ താന്ത്രിക വിശ്വ വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കിഴക്കേ പട്ടം എൻ.എസ്.എസ് കരയോഗം ഹാളിൽ ഡോ. പട്ടം എസ്.കെ. കൃഷ്ണൻ നായരുടെ നേതൃത്വത്തിൽ സൗജന്യ ജ്യോതിഷ ക്ലാസ് 19ന് വൈകിട്ട് 4ന് ആരംഭിക്കും. ഫോൺ: 9446841110.

## ശബരിമല വിധിക്കെതിരെ പദ്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്ന് നാമജപഘോഷയാത്ര

തിരുവനന്തപുരം : സുപ്രീംകോടതിയുടെ ശബരിമല വിധി നടപ്പാക്കുന്നതിനെതിരെ അനന്തപുരി അയ്യപ്പഭക്തജനസംഘത്തിന്റെ നേതൃത്വത്തിൽ ഇന്നലെ വൈകിട്ട് ആറിന് പദ്മനാഭസ്വാമി ക്ഷേത്രത്തിൽനിന്ന് നാമജപഘോഷയാത്ര സംഘടിപ്പിച്ചു.

പാളയം ഹനുമാൻ ക്ഷേത്രം വരെ നടന്ന യാത്രയിൽ നൂറ് കണക്കിന് ഭക്തർ പങ്കെടുത്തു. എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് സംഗീത് കുമാർ ഉദ്ഘാടനം ചെയ്തു. ശബരിമല മുൻ മേൽശാന്തി ഗോശാല വിഷ്ണുവാസുദേവൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി.



ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് അയ്യപ്പഭക്തജനസംഘത്തിന്റെ ആഭിമുഖ്യത്തിൽ പദ്മനാഭസ്വാമി ക്ഷേത്രത്തിനു മുന്നിൽ നിന്നാരംഭിച്ച നാമജപഘോഷയാത്ര

ശരണം വിളിച്ച് നീങ്ങിയ യാത്രയിൽ സ്വാമി അയ്യപ്പന്റെയും വാവരുടെയും വേഷവിധാനങ്ങൾ ഇട്ട കുട്ടികളും അണിചേർന്നു. ക്ഷേത്രസംരക്ഷണ സമിതി ജില്ലാ സെക്രട്ടറി ഷാജു വേണുഗോപാൽ, ശ്രീവല്ലഭൻ, ശ്യാം, പ്രവീൺ, ഗോപകുമാർ, സുരേഷ്, മധു, വിനയചന്ദ്രൻ, പ്രതീഷ്, ചലച്ചിത്ര താരം ഉഷ തുടങ്ങിയവർ നേതൃത്വം നൽകി.









| ഓഹരി വിപണി | | | |
|---|---|---|---|
| 759.74 ↓ | സെൻസെക്സ് | 34,001.15 | |
| 225.45 ↓ | നിഫ്ടി | 10234.65 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 23,280 |
| ഒരു ഗ്രാം | 2910 |

## ■ വിപ്ലവ പരീക്ഷണവുമായി ബി.എസ്.എൻ.എൽ

# ഇനി വാങ്ങാം പ്രീപെയ്ഡ് ലാൻഡ് ഫോൺ

◗ സി. വിമൽകുമാർ

കൊല്ലം: മൊബൈൽ ഫോൺ മാതൃകയിൽ പ്രീപെയ്ഡ് ലാൻഡ് ഫോണുമായി ബി.എസ്.എൻ.എൽ വിപ്ലവത്തിനൊരുങ്ങുന്നു. മൊബൈൽ ഫോണുകൾ വ്യാപകമായതോടെ സ്വീകാര്യത കുറഞ്ഞ ലാൻഡ്ഫോണുകളെ വീണ്ടും ജനകീയമാക്കുകയാണ് ലക്ഷ്യം.

രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട എക്സ്ചേഞ്ചുകളിൽ പുതിയ സംവിധാനം നടപ്പാക്കുന്നതിനുള്ള പരീക്ഷണം പുരോഗമിക്കുകയാണ്. നെക്സ്റ്റ് ജനറേഷൻ നെറ്റ്‌വർക്ക് (എൻ.ജി.എൻ) സംവിധാനമുള്ള എക്സ്ചേഞ്ചുകളിലാണ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കുക. നിലവിൽ ലാൻഡ് ഫോൺ ഉള്ളവർക്ക് പുതിയ സംവിധാനത്തിലേക്ക് മാറാനാകില്ല.

പ്രീപെയ്ഡ് ലാൻഡ് ഫോൺ അപേക്ഷകർക്ക് രജിസ്ട്രേഷൻ, ഇൻസ്റ്റലേഷൻ, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ വേണ്ട. ഫോൺ സ്വന്തമായി വാങ്ങാം. ബി.എസ്.എൻ.എൽ ഫോണിന് 625 രൂപ നൽകണം. 200 രൂപയ്ക്ക് ഫോൺ ആക്ടിവേറ്റ് ചെയ്താൽ 30 ദിവസ കാലാവധിയുള്ള സ്പെഷ്യൽ താരിഫ് വൗച്ചർ കാർഡ് ലഭിക്കും. ഇന്ത്യയിൽ എവിടെയും വിളിക്കാം.

30 ദിവസം കഴിഞ്ഞ് കാർഡ് വീണ്ടും ആക്ടിവേറ്റ് ചെയ്യണം. ഒരു ദിവസത്തേക്ക് നിരക്ക് 11 രൂപ (അൺലിമിറ്റഡ്). 2 ദിവസം-19 രൂപ, 7 ദിവസം - 49 രൂപ, 15 ദിവസം-99 രൂപ, 30 ദിവസം-199 രൂപ.

ആദ്യം 200 രൂപയ്ക്ക് ചാർജ് ചെയ്തിട്ട് ഒരുമാസ കാലാവധിക്ക് ശേഷം 199 രൂപയ്ക്ക് ചാർജ് ചെയ്താൽ വീണ്ടും ഒരുമാസം കൂടി വിളിക്കാം. ആദ്യത്തെ ഒരുമാസം കഴിഞ്ഞ് 10 രൂപയ്ക്ക് ടോപ്പപ്പ് ചെയ്താൽ 10 രൂപയ്ക്ക് വിളിക്കാം. 20 രൂപ മുതൽ 200 രൂപവരെയുള്ള താരിഫ് ഉണ്ട്.



### പ്രത്യേകതകൾ

■ ഫോൺ വാടക ഇല്ല (നിലവിൽ പ്രതിമാസ വാടക നഗരങ്ങളിൽ 240 രൂപ, ഗ്രാമങ്ങളിൽ 180 രൂപ. ഞായറാഴ്ചകളിൽ 24 മണിക്കൂറും മറ്റു ദിവസങ്ങളിൽ രാത്രി 10.30 മുതൽ രാവിലെ 6 വരെയും കോൾ സൗജന്യമാണ്). മൊബൈൽ ഫോൺ പോലെ യഥേഷ്ടം വിളിക്കാം



ജോയ് ആലുക്കാസ് - ജോളി സിൽക്സ് സംഘടിപ്പിച്ച രണ്ടു കോടി രൂപയുടെ ഓണം പ്രൊമോഷന്റെ എറണാകുളം ഷോറൂമിലെ നറുക്കെടുപ്പ് ചലച്ചിത്രതാരം ആശാ അരവിന്ദ്, ഏലൂർ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സി.പി. ഉഷ, സെൻട്രൽ സ്റ്റേഷൻ എസ്.ഐ കെ. സുനുമോൻ, കൊച്ചി കോർപറേഷൻ കൗൺസിലർ ഗ്രേസി ജേക്കബ് എന്നിവർ ചേർന്ന് നിർവഹിക്കുന്നു.

## സഞ്ജീവനം ആയുർവേദ ആശുപത്രി പ്രവർത്തനാരംഭം 18ന്

കൊച്ചി: എ.വി.എ ഗ്രൂപ്പ് എറണാകുളം പള്ളിക്കരയിൽ നിർമ്മിച്ച സമ്പൂർണ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായ 'സഞ്ജീവനം ആയുർവേദ ഹോസ്പിറ്റൽ' 18ന് പ്രവർത്തനം തുടങ്ങും. ആയുർവേദ സോപ്പായ മെഡിമിക്സ്, ഭക്ഷ്യോത്പന്ന ബ്രാൻഡായ മേളം, പ്രകൃതിദത്ത കോസ്മെറ്റിക് ഉത്പന്ന ബ്രാൻഡായ കേത്ര എന്നിവയുടെ നിർമ്മാതാക്കളാണ് എ.വി.എ ഗ്രൂപ്പ്.

പേശി, അമിതവണ്ണം എന്നിവയുമായി ബന്ധപ്പെട്ട അസുഖങ്ങൾ, നാഡീ സംബന്ധ പ്രശ്നങ്ങൾ, സ്ത്രീജന്യ വന്ധ്യത, ഗൈനക്കോളജി, ത്വക്ക്, തലമുടി സംരക്ഷണം എന്നിവയിൽ പ്രത്യേക ചികിത്സ ലഭ്യമാക്കുകയാണ് സഞ്ജീവനത്തിന്റെ ലക്ഷ്യമെന്ന് എ.വി.എ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ഡോ. എ.വി. അനൂപ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. അതിവിദഗ്ദ്ധരായ ഡോക്ടർമാർ, അലോപ്പതി സ്പെഷ്യലിസ്റ്റുകൾ, ഡയറ്റീഷ്യന്മാർ, ഫിസിയോതെറാപ്പിസ്റ്റുകൾ തുടങ്ങിയവർ ആശുപത്രിയുടെ മികവാണ്.

ഒ.പി. സൗകര്യം, ഫിറ്റ്നസ് സെന്റർ, ഫിസിയോതെറാപ്പി സെന്റർ, ഇ-ലൈബ്രറി, സിനിമ തിയേറ്റർ, യോഗ ഡെക്കുകൾ, വെജ് - നോൺ വെജ് റെസ്റ്റോറന്റുകൾ, റിക്രിയേഷൻ കേന്ദ്രങ്ങൾ തുടങ്ങിയവയുമുണ്ട്. ഒരേക്കറിൽ പൂർണമായും പ്രകൃതിസൗഹാർദ്ദമായാണ് ആശുപത്രിയുടെ നിർമ്മാണം. ആദ്യഘട്ടത്തിൽ 70 മുറികളാണുള്ളത്. 40 കോടി രൂപയാണ് നിക്ഷേപം. രണ്ടാംഘട്ടത്തിൽ 40 മുറികൾ കൂടി ചേർക്കും.

ശരിയായ ആയുർവേദ ചികിത്സ പ്രാപ്യമായ ചെലവിൽ എവർക്കും ലഭ്യമാക്കുകയും ആയുർവേദത്തെ ലോകതലത്തിലേക്ക് ഉയർത്തുകയുമാണ് എ.വി.എ ഗ്രൂപ്പിന്റെ ലക്ഷ്യം. ആയുർവേദം, അലോപ്പതി എന്നിവയിൽ പരിശോധിച്ച ശേഷം അനുയോജ്യമായ ചികിത്സ രോഗിക്ക് ലഭ്യമാകും. ആശുപത്രിക്ക് എൻ.എ.ബി.എച്ച് അംഗീകാരം വൈകാതെ ലഭിക്കും. അഞ്ചുമാസത്തിനകം ആശുപത്രിയിലേക്ക് ആവശ്യമായ വൈദ്യുതിയുടെ 50 ശതമാനം സൗരോർജ്ജത്തിൽ നിന്ന് ലഭ്യമാക്കാനും പദ്ധതിയുണ്ട്. വാർത്താസമ്മേളനത്തിൽ മെഡിക്കൽ ഡയറക്ടർ ഡോ. രവി പുല്ലാനിക്കാട്ടിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. അനിൽ വി. കൈമൾ, എ.വി.എ ഗ്രൂപ്പ് ഡയറക്ടർ വിവേക് വേണുഗോപാൽ എന്നിവരും പങ്കെടുത്തു.



എ.വി.എ. ഗ്രൂപ്പ് എറണാകുളം പള്ളിക്കരയിൽ സ്ഥാപിച്ച സഞ്ജീവനം ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ ഡോ. എ.വി. അനൂപ്, മെഡിക്കൽ ഡയറക്ടർ ഡോ. രവി പുല്ലാനിക്കാട്ടിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. അനിൽ വി. കൈമൾ എന്നിവർ വാർത്താസമ്മേളനത്തിൽ സംസാരിക്കുന്നു.



മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് കേരള ബാർ ഹോട്ടൽസ് അസോസിയേഷൻ നൽകുന്ന മൂന്നു കോടി രൂപ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി. സുനിൽ കുമാർ, ജനറൽ സെക്രട്ടറി കെ.ബി. പത്മദാസ്, ട്രഷറർ ബിനോയ് ജോസഫ്, വൈസ് പ്രസിഡന്റ് ജി. സുധീഷ് കുമാർ എന്നിവർ ചേർന്ന് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. സംസ്ഥാനത്ത് ഉടനീളമുള്ള അംഗങ്ങളിൽ നിന്ന് സ്വരൂപിച്ച തുകയാണ് കൈമാറിയത്. സംസ്ഥാന സർക്കാർ നിർദേശിക്കുന്ന പത്ത് ദുരിതബാധിതർക്ക് വീട് നിർമ്മിച്ച് നൽകുമെന്ന ഉറപ്പും അസോസിയേഷൻ ഭാരവാഹികൾ മുഖ്യമന്ത്രിക്ക് നൽകി.

## ■ പ്രളയ ദുരിതാശ്വാസം

## സ്വർണ വ്യാപാരികൾക്ക് ₹25 ലക്ഷം സഹായം

കൊച്ചി: പ്രളയത്തിൽ നാശനഷ്ടം നേരിട്ട സ്വർണ വ്യാപാര സ്ഥാപനങ്ങൾക്ക് 25 ലക്ഷം രൂപയുടെ ധനസഹായം നൽകാൻ ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 14ന് ഉച്ചയ്ക്ക് 12ന് ആലുവ വ്യാപാര ഭവനിൽ നടത്തും. സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പട്ടികയിൽ നിന്ന് അസോസിയേഷൻ 100 വീടുകളും നിർമ്മിച്ചു നൽകും.

യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. ബി. ഗോവിന്ദൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെ. സുരേന്ദ്രൻ, ട്രഷറർ എസ്. അബ്ദുൾ നാസർ, രക്ഷാധികാരി ബി. ഗിരിരാജൻ, വർക്കിംഗ് പ്രസിഡന്റ് റോയ് പാലത്ര, വർക്കിംഗ് ജനറൽ സെക്രട്ടറി സി.വി. കൃഷ്ണദാസ്, വൈസ് പ്രസിഡന്റുമാരായ ബി. പ്രേമാനന്ദ്, എസ്. അബ്ദുൾ റഷീദ്, ബി, ബിന്ദു മാധവ്, സുരേന്ദ്ര റാവു, സ്കറിയാച്ചൻ തുടങ്ങിയവർ സംസാരിച്ചു.

| SCRIP | BSE | NSE |
|---|---|---|
| ABB | 1291.350 | 1290.000 |
| ASHOKLEY | 111.500 | 111.800 |
| ASIANPNT | 1216.050 | 1219.050 |
| AXISBANK | 580.800 | 580.850 |
| BAJAJAUTO | 2524.150 | 2525.800 |
| BANKOFBARODA | 93.900 | 93.950 |
| BEML | 584.950 | 585.350 |
| BFLSOFT | 1027.050 | 1025.650 |
| BHARTI | 286.250 | 285.350 |
| BIOCON | 608.550 | 608.750 |
| BOI | 75.500 | 75.600 |
| BPCL | 278.650 | 278.150 |
| CANARABANK | 225.050 | 225.150 |
| EIHOTEL | 146.550 | 146.600 |
| ENGGINDIA | 112.000 | 111.750 |
| ESCORTS | 566.150 | 566.500 |
| FINLXCABLE | 467.000 | 468.450 |
| GAIL | 350.100 | 350.250 |
| HDFC | 1685.800 | 1684.550 |
| HDFCBNK | 1935.850 | 1937.550 |
| HEROHONDA | 2866.750 | 2871.000 |
| HINDALCO | 216.800 | 216.500 |
| HINDLEVER | 1528.500 | 1526.100 |
| HINDUJAFUN | 503.400 | 501.550 |
| ICICIBANK | 311.600 | 311.700 |
| IDBI | 58.800 | 58.800 |
| INFOSYS | 675.000 | 673.350 |
| INFOTECH ENT | 636.000 | 634.600 |
| ITC | 265.200 | 265.200 |
| KALECONSULT | 978.650 | 982.800 |
| KARUR VYSYA BANK | 75.200 | 75.000 |
| KOTAKM | 1115.100 | 1115.550 |
| L&T | 1226.200 | 1225.850 |
| M&M | 730.200 | 730.150 |
| MARUTI | 6878.100 | 6875.500 |
| MAXIND | 366.500 | 367.350 |
| MCDOWEL | 495.700 | 496.700 |
| MRF | 63188.900 | 63427.500 |
| Oil India Ltd (OIL) | 197.600 | 197.850 |
| ONGC | 152.900 | 152.950 |
| ONWARDTECI | 59.850 | 60.050 |
| PANACEABIO | 156.650 | 158.000 |
| RELIANCE | 1089.200 | 1087.800 |
| SBI | 262.150 | 262.150 |
| SCI | 42.950 | 42.850 |
| SHYAMTELE | 10.530 | 8.350 |
| SIEMENS | 889.700 | 886.650 |
| SKFBEAR | 1628.200 | 1631.100 |
| SMITHKLC | 6916.350 | 6927.200 |
| SSI | 3.680 | 3.700 |
| STROPTICAL | 297.750 | 298.500 |
| SUNPHARMA | 587.300 | 586.700 |
| SYNDIBANK | 30.800 | 30.700 |
| Tata Communications | 484.050 | 483.600 |
| TATACHEM | 635.550 | 634.350 |
| TATAELXSI | 977.250 | 975.200 |
| TATAPOWER | 62.350 | 62.250 |
| TATATEA | 224.350 | 224.600 |
| TCS | 1979.750 | 1979.950 |
| TELCO | 182.750 | 182.950 |
| THERMAX | 916.150 | 918.200 |
| THMCOOK | 199.450 | 200.150 |
| TIPSINDIA | 69.050 | 66.900 |
| TISCO | 556.250 | 555.150 |
| TITANIND | 779.900 | 778.900 |
| UCOBANK | 15.850 | 15.850 |
| UNICHEMLAB | 183.800 | 182.400 |
| VESUVIUS | 1056.300 | 1063.600 |
| VOLTAS | 496.950 | 498.300 |
| WIPRO | 313.050 | 313.050 |
| ZEETELE | 465.100 | 463.900 |
| **KERALA BASED** | | |
| APOLLOTYRE | 205.750 | 206.000 |
| AVTNPL | 27.500 | 27.550 |
| Cochin minerals | 159.700 | 0.000 |
| COCHINSHIP | 379.200 | 379.700 |
| Dhan bank | 11.500 | 11.500 |
| Eastern Treads | 48.450 | 0.000 |
| Fact | 34.600 | 34.450 |
| FEDERALBNK | 71.500 | 71.300 |
| GEOJIT | 43.100 | 43.000 |
| Gtn textiles | 10.000 | 10.100 |
| HARMALA | 79.050 | 79.200 |
| INDITRADE | 47.650 | 0.000 |
| Kera ayu | 58.500 | 0.000 |
| Kitex | 107.350 | 106.750 |
| Kse ltd. | 2273.850 | 0.000 |
| Manapuram | 73.950 | 74.000 |
| Muthoot capital | 756.850 | 759.250 |
| Muthootfin | 397.500 | 397.250 |
| Nitta gelatin | 148.000 | 0.000 |
| Patspin india | 10.000 | 10.150 |
| RUBFILA INTL [BSE] | 45.500 | 0.000 |
| SIB | 12.650 | 12.650 |
| Sree sakthi paper | 6.490 | 0.000 |
| Vertex | 1.790 | 0.000 |
| Vguard | 171.400 | 171.150 |
| WONDERLA | 290.600 | 283.400 |

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 74.18 | 74.09 |
| യൂറോ | 85.86 | 85.76 |
| പൗണ്ട് | 98.12 | 98.03 |
| സ്വിസ് ഫ്രാങ്ക് | 75.13 | 75.01 |
| സിംഗപ്പൂർ ഡോളർ | 53.78 | 53.70 |
| ആസ്ട്രേലിയ ഡോളർ | 52.61 | 52.58 |
| കനേഡിയൻ | 56.90 | 56.82 |
| ബഹ്റിൻ ദിനാർ | 196.54 | |
| കുവൈറ്റ് ദിനാർ | 244.53 | |
| ഒമാനി റിയാൽ | 192.53 | |
| സൗദി റിയാൽ | 19.76 | |
| യു. എ. ഇ. ദിർഹം | 20.17 | |
| ഖത്തർ റിയാൽ | 20.35 | |

## കമ്പോളനിലവാരം

| | |
|---|---|
| **കൊച്ചി** | |
| വെളിച്ചെണ്ണ മില്ലിംഗ് | 15,700 |
| വെളിച്ചെണ്ണ | 14,500 |
| കൊപ്ര | 9675-9850 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2150 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 36,600 |
| കുരുമുളക് പുതിയത് | 35,100 |
| കുരുമുളക് ചേറിയത് | 38,600 |
| ചുക്ക് മീഡിയം | 17,000 |
| ചുക്ക് ബെസ്റ്റ് | 18,000 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 18,000-19,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3560 |
| വറ്റൽമുളക് | 10,500-14,800 |
| ഉഴുന്ന് | 6500-7100 |
| ചെറുപയർ | 6700-7200 |
| കടല | 4500-5200 |

| | |
|---|---|
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 5,300-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴക്കലരി (ജയ) | 3200 |
| ജാതിക്കതൊണ്ടൻ | 200-225 |
| തൊണ്ടില്ലാത്തത് | 400-425 |
| ജാതിപത്രി | 500-650 |
| ഗ്രാമ്പു | 740 |
| പാംഓയിൽ | 7080 |
| **പൈനാപ്പിൾ** | |
| പച്ച | 35.00 |
| പച്ച (സ്പെഷ്യൽ) | 36.00 |
| പഴം | 37.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,800 |
| ആർഎസ്എസ്-5 | 11,800-12,350 |
| ഒട്ടുപാൽ | 8500 |
| ലാറ്റക്സ് | 9800 |
| **കോട്ടയം** | |
| ആർ.എസ്.എസ്4 | 125.00 |
| ആർ.എസ്.എസ്5 | 120.00 |
| തരംതിരിക്കാത്തത് | 107.50 |
| | 108.00 |

| | |
|---|---|
| ഒട്ടുപാൽ | 75.00 |
| **റബർ ബോർഡ്** | |
| ആർ.എസ്.എസ്4 | 12850 |
| ആർ.എസ്.എസ്5 | 12400 |
| തരംതിരിക്കാത്തത് | 11600 |
| ഒട്ടുപാൽ | 10145 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10945 |
| ആർ.എസ്.എസ്2 | 10809 |
| ആർ.എസ്.എസ്3 | 10685 |
| ആർ.എസ്.എസ്4 | 10617 |
| ആർ.എസ്.എസ്5 | 10515 |
| **കോലാലമ്പൂർ** | |
| (ബ്രായ്ക്കറ്റിൽ ഡോളർ വില) | |
| എസ്.എം.ആർ 20 | 9742 (133.90) |
| 60% ലാറ്റക്സ് | 7369 (101.30) |
| വെളിച്ചെണ്ണ | 182.00 |
| കൊപ്ര | 130.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 50.00 |
| കാപ്പി | 127.00 |
| **കണ്ണൂർ** | |
| കൊപ്ര ക്വിന്റൽ | 9000 |
| വെളിച്ചെണ്ണ | |

| | |
|---|---|
| ടിൻ | 2700 |
| കിലോ | 183 |
| ലിറ്റർ | 169 |
| പിണ്ണാക്ക് ക്വിന്റൽ | 2100 |
| തേങ്ങ ക്വിന്റൽ | 2700 |
| **ആലപ്പുഴ** | |
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |
| **തൃശൂർ** | |
| വെളിച്ചെണ്ണ (മില്ലിംഗ്) | 15300 |
| തയ്യാർ | 14300 |
| കൊപ്ര | 9670 |
| തേങ്ങപിണ്ണാക്ക് | 2100 |
| നല്ലെണ്ണ | 2950 |
| കടലെണ്ണ | 2350 |
| എള്ളിൻപിണ്ണാക്ക് | 3100 |
| സ്വർണ്ണം | 2910 |
| വെള്ളി | 430 |
| **അടയ്ക്ക** | |
| **കൊക്കാല** | |
| പഴയത് | 4000-5000 |
| രണ്ടാംതരം | 1000-2000 |

| | |
|---|---|
| **അമല** | |
| പഴയത് | 4700-5020 |
| പുതിയത് | 4895-5150 |
| രണ്ടാംതരം | 2500-3000 |
| **പഴഞ്ഞി** | |
| പഴയത് | 4500-4900 |
| രണ്ടാംതരം | 2500-3000 |
| **നെടുമങ്ങാട്** | |
| റബർ | 114 (കി.ഗ്രാം) |
| ഓട്ടുപാൽ | 70(") |
| കൊട്ടപ്പാക്ക് | 180 (") |
| കുരുമുളക് | 340 (") |
| കുരുമുളക് (പച്ച) | 80 (") |
| ജാതിക്ക | 180 (") |
| പരിപ്പ് | 370 (") |
| ജാതിപത്രി | 600 (") |
| തേങ്ങ | 34 (") |
| കൊക്കോ | 9 (") |
| കാപ്പി | 100 (") |
| ഗ്രാമ്പ് | 500 (") |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 23,280 |
| ഒരുഗ്രാം | 2910 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

## ഓഹരി വിപണിയിൽ വൻ വീഴ്ച; നഷ്ടം ₹ 2.63 ലക്ഷം കോടി

### ■ ഡോളറിനെതിരെ രൂപ 74.48 വരെ ഇടിഞ്ഞു

കൊച്ചി: അമേരിക്കയിൽ നിന്ന് വീശിയടിച്ച വില്പനസമ്മർദ്ദം താങ്ങാനാവാതെ ഇന്ത്യൻ ഓഹരി സൂചികകൾ ഇന്നലെ കനത്ത നഷ്ടത്തിലേക്ക് തകർന്നു വീണു. വ്യാപാരത്തിന്റെ തുടക്കത്തിൽ സെൻസെക്സ് ആയിരം പോയിന്റുമേലും നിഫ്റ്റി 300 പോയിന്റോളവും തകർന്നു. അഞ്ച് മിനിറ്റിനുള്ളിൽ സെൻസെക്സിലെ നിക്ഷേപകരുടെ സമ്പത്തിൽ നിന്ന് കൊഴിഞ്ഞത് നാല് ലക്ഷം കോടി രൂപയാണ്.

വൈകിട്ടോടെ സെൻസെക്സ് 759 പോയിന്റിലേക്കും നിഫ്റ്റി 225 പോയിന്റിലേക്കും നഷ്ടം നിജപ്പെടുത്തി. വ്യാപാരാന്ത്യം സെൻസെക്സ് 34,001ലും നിഫ്റ്റി 10,234ലുമാണുള്ളത്. നഷ്ടം നാല് ലക്ഷം കോടി രൂപയിൽ നിന്ന് 2.63 ലക്ഷം കോടി രൂപയായും കുറഞ്ഞു.



ഇന്നലെ അമേരിക്കൻ ഓഹരി നിക്ഷേപകർ വൻതോതിൽ ലാഭമെടുപ്പ് നടത്തിയതോടെ വാൾസ്ട്രീറ്റിൽ ഓഹരികൾ തകർന്നിരുന്നു. ഈ ട്രെൻഡ് യൂറോപ്പിലേക്കും ഏഷ്യയിലേക്കും വീശിയടിക്കുകയായിരുന്നു. ഇന്നലെ രാവിലെ ഡോളറിനെതിരെ രൂപ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കായ 74.48 വരെ ഇടിഞ്ഞതും ഓഹരി വിപണിക്കുമേലുള്ള സമ്മർദ്ദം ശക്തമാക്കി. ക്രൂഡോയിൽ വില നേരിയതോതിൽ ഇടിഞ്ഞതിന്റെ കരുത്തിൽ വൈകിട്ടോടെ രൂപ 74.11 ലേക്ക് നിലമെച്ചപ്പെടുത്തി. ഒ.എൻ.ജി.സി., യെസ് ബാങ്ക്, ഹിന്ദുസ്ഥാൻ യൂണിലിവർ ഒഴികെയുള്ള ഓഹരികളെല്ലാം ഇന്നലെ വലിയ തകർച്ചയാണ് സെൻസെക്സിൽ നേരിട്ടത്.

## ശാസ്ത്രകൗമുദി

### ഗർഭിണി കുടിക്കൂ ഇഞ്ചിച്ചായ



ഗർഭിണികൾക്ക് ആരോഗ്യപാനീയമാണ് ഇഞ്ചിച്ചായ . ഗർഭകാലത്തുണ്ടാകുന്ന പലതരം ആരോഗ്യപ്രശ്നങ്ങളെയും അസ്വസ്ഥതകളെയും പരിഹരിക്കാൻ ഇഞ്ചിച്ചായ സഹായിക്കും. ഗർഭിണിയുടെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിൽ ഈ പാനീയത്തിന് വലിയ പങ്കുണ്ട്. ഗർഭകാലത്തെ മോണിംഗ് സിക്നെസ് പരിഹരിക്കാൻ ഇഞ്ചിച്ചായ പതിവാക്കുക. ഗർഭിണിയുടെ ദഹനസംബന്ധമായ അസ്വസ്ഥതകൾ ഇത് ഇല്ലാതാക്കും.

പേശികൾക്ക് ബലം നൽകാനും ഉത്തമമാണ് ഈ പാനീയം. ഗർഭിണികളെ അലട്ടുന്ന പ്രധാന പ്രശ്നമാണ് മസിലുകൾക്കുണ്ടാകുന്ന വേദന. ഇഞ്ചിച്ചായ കഴിക്കുന്നവർക്ക് ഈ പ്രശ്നം കാണാറില്ല. ശരീരത്തിലെ ഗ്ലൂക്കോസ് നില കൃത്യമാക്കുന്നു. പ്രമേഹമുള്ള ഗർഭിണികൾക്ക് ഇത് കൂടുതൽ ഗുണം ചെയ്യും. രക്തത്തിൽ നിന്നും ഗർഭസ്ഥശിശുവിന്റെ വളർച്ചയ്ക്കാവശ്യമായി ന്യൂട്രിയൻസ് ആഗിരണം ചെയ്യുന്നതിന് ഉത്തമമാണ് ഇഞ്ചിച്ചായ.

ഗർഭിണിയുടെ രക്തയോട്ടം വർദ്ധിപ്പിക്കുന്ന ഇഞ്ചിച്ചായ ക്ഷീണമകറ്റി ഊർജ്ജസ്വലമായിരിക്കാൻ സഹായിക്കും. ഗർഭകാലത്തെ ഗ്യാസ് ട്രബിൾ അകറ്റുന്നു എന്നതാണ് ഇഞ്ചിച്ചായയുടെ പ്രധാന ഗുണം. ഗർഭകാലത്തെ മാനസിക സമ്മർദ്ദം അകറ്റി ഉന്മേഷം നൽകാനും ഈ ആരോഗ്യപാനീയത്തിന് അദ്ഭുത സിദ്ധിയുണ്ട്.

Kaumudy

### കൗമുദി ടിവി

| | |
|---|---|
| 6.00 ഡിവോഷണൽസോംഗ് | 12.35 ഹരിതം സുന്ദരം |
| 6.26 am, pm ദൈവദശകം | 1.35 സീക്രട്ട് ഫയൽസ് |
| 7.00 ജീസസ് ഈസ് എലൈവ് | 2.35 ലേഡീസ് അവർ |
| 7.30 പ്രണവം | 4.00 ജെ.സി ഗ്രൂപ്പ് |
| 8.00 ഡ്രീം ഡ്രൈവ് | 5.35 ഡേവിത്ത് എസ്റ്റാർ |
| 8.30 ന്യൂസ് ട്രാക്ക് | 6.35 ദേവാമൃതം |
| 9.00 ബിസിനസ് ന്യൂസ് | 7.00 നാം മുന്നോട്ട് |
| 10.35 സ്വയംവരം | 8.00 ഫിലിം ബോക്സ് |
| 11.35 ഹാസ്യരസം | 9.35 താരപ്പകിട്ട് |





**ഡിഡി മലയാളം**

7.00 കൃഷിദർശൻ

8.00 മേഘരാഗം

**ഡിഡി കേരളം**

11.30 കൃഷിദർശൻ

2.00 മാജിക്കൽ ഫിങ്കേഴ്സ്

8.30 ചാറ്റ്ഷോ

10.30 ചായക്കൂട്ട്

11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**

6.15 സിനിമാ ഡയറി

6.45 പാഥേയം

7.00 ആയുഷ്മാൻഭവഃ

7.30 സീരിയൽ പരസ്പരം

8.00 നീലക്കുയിൽ

**ന്യൂസ്**

8.00 വാർത്താപ്രഭാതം

8.30 ചുറ്റുവട്ടം

12.30 നേർക്കുനേർ

2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**

7.30 ചിരിക്കും തളിക

8.00 ചിരിക്കും തളിക

8.30 ലേബർ റൂം

9.00 നാട്ടിലെ താരം

9.30 കുങ്കുമപ്പൂവ്

10.00 മൗനം സമ്മതം

**ANIMAL PLANET**

07:00am Too Cute

08:00 Animal Cops

Phoenix

### സിനിമ

**ഏഷ്യാനെറ്റ് hd:** 9.00 എബിസിഡി

**ഏഷ്യാനെറ്റ് മൂവീസ്:** 9.30 നന്ദനം 12.00 കഥതുടരുന്നു 2.30 ഇടനിലങ്ങൾ 5.00 തിങ്കൾ മുതൽ വെള്ളിവരെ

**ഏഷ്യാനെറ്റ്:** 9.00 എബിസിഡി

**ഏഷ്യാനെറ്റ് പ്ലസ്:** 12.00 ശ്രീകൃഷ്ണപുരത്ത് നക്ഷത്രത്തിളക്കം

**എസിവി:** 9.00 ഭദ്രച്ചിറ്റ 2.00 നല്ലവൻ 9.30 ഞാൻ ഗന്ധർവൻ

**റോസ്ബൗൾ:** 6.00 റാംജി റാവു സ്പീക്കിംഗ്

**ജൂക്ക്ബോക്സ്:** 6.30 വൃഷി

**കൈരളി:** 9.00 ചാന്തുപൊട്ട് 11.30 ഇമ്മാനുവേൽ 2.30 കൊച്ചി 5.00 ഏഴാം അറിവ്

**വി:** 12.30 കന്മദം 9.00 സേതുപതി

**സൂര്യ:** 9.00 ഓർഡിനറി

**അമൃത:** 2.30 കുട്ടിസ്രാങ്ക്

| | | |
|---|---|---|
| 10:00 My Cat from Hell | 2:00 Pitbulls & Parolees | 5:00 Treehouse Masters |
| 11:00 The Vet life | 3:00 Treehouse Masters | 9:00 Treehouse Masters |
| 1:00 Pitbulls & Parolees | 4:00 Treehouse Masters | 10:00 Treehouse Masters |

## നിങ്ങളുടെ ഇന്ന്

*കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ഒക്ടോബർ 12 വെള്ളി)*

**മേടം :** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
സന്ധി സംഭാഷണം വിജയിക്കും. ഉത്തരവാദിത്തങ്ങൾ വർദ്ധിക്കും. ഉദ്യോഗത്തിൽ മാറ്റം.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ഗുരു കാരണവന്മാരുടെ അനുഗ്രഹം. ആഗ്രഹങ്ങൾ സഫലമാകും. യുക്തിപൂർവം പ്രവർത്തിക്കും.

**മിഥുനം :** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
വിജ്ഞാനപ്രദമായ ആശയങ്ങൾ. ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. ആത്മവിശ്വാസം വർദ്ധിക്കും.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
പുതിയ ചുമതലകൾ ലക്ഷ്യപ്രാപ്തി നേടും. കുടുംബത്തിൽ ആഹ്ലാദം.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
വിവിധങ്ങളായ പ്രവർത്തനങ്ങൾ. സേവന സാമർത്ഥ്യമുണ്ടാകും. സർവകാര്യ വിജയം.

**കന്നി :** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
അനിർവചനീയമായ സൗഭാഗ്യം. ചിന്തകൾക്കതീതമായി പ്രവർത്തിക്കും. ഭൂമി വിൽക്കാൻ തീരുമാനിക്കും.

**തുലാം :** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
അപൂർവ വ്യക്തികളെ പരിചയപ്പെടും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും. പൂർവിക സ്വത്ത് ലഭിക്കും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
അപര്യാപ്തതകൾ പരിഹരിക്കും. പ്രതികരണശേഷി ആർജ്ജിക്കും. സാഹചര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കും.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
ഉത്സാഹവും ഉന്മേഷവും നിബന്ധകൾ പാലിക്കും. പുതിയ ഉത്തരവാദിത്തങ്ങൾ.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
പ്രായോഗിക വശങ്ങൾ അനുസരിക്കും. പുതിയ കർമ്മ പദ്ധതി. സാന്ത്വന സമീപനം.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
അനുകൂല സാഹചര്യങ്ങൾ പുതിയ സ്നേഹബന്ധം. ആഗ്രഹങ്ങൾ സഫലമാകും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
സഹോദരസുഹൃത് സഹായം. പ്രയത്നങ്ങൾക്ക് ഫലമുണ്ടാകും. മഹദ് വ്യക്തികളെ പരിചയപ്പെടും.

- ഗോപകുമാർ ശർമ്മ

## ഉപതിരഞ്ഞെടുപ്പിൽ പോളിംഗ് 80 %

കല്ലമ്പലം: നാവായിക്കുളം പഞ്ചായത്തിലെ ഇരുപത്തിയെട്ടാം മൈൽ വാർഡ് ഉപതിരഞ്ഞെടുപ്പ് സമാധാനപരം. 80 ശതമാനം പോളിംഗ്. നവകേരള ഗ്രന്ഥശാല, കടമ്പാട്ടുകോണം മൃഗാശുപത്രി എന്നിവിടങ്ങളിലെ ബൂത്തുകളിലായിരുന്നു വോട്ടെടുപ്പ്. ഇന്ന് രാവിലെ പത്ത് മണിയോടെ നാവായിക്കുളം പഞ്ചായത്തിൽ വോട്ടെണ്ണൽ നടക്കും. ഒരു മണിക്കൂറിനകം ഫലമറിയാം.



### വെട്ടൂരിൽ ഇന്ന് ഹർത്താൽ

# പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അംഗങ്ങൾ തമ്മിലടിച്ചു; പ്രസിഡന്റടക്കം മൂന്ന് പേർക്ക് പരിക്ക്

വർക്കല : വെട്ടൂർ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അംഗങ്ങൾ തമ്മിലുണ്ടായ സംഘട്ടനത്തിൽ പ്രസിഡന്റുൾപ്പെടെ മൂന്ന് പേർക്ക് പരിക്കേറ്റു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അസിംഹുസൈൻ, കോൺഗ്രസ് അംഗം നിസ അലിയാർ, സി.പി.എം അംഗം റീന എന്നിവർക്കാണ് പരിക്കേറ്റത്. കൈക്ക് പൊട്ടലുള്ള നിസ അലിയാരെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. അസിംഹുസൈനും റീനയും വർക്കല താലൂക്കാശുപത്രിയിൽ ചികിത്സയിലാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ മാറ്റുന്നതുമായി ബന്ധപ്പെട്ട് ഇന്നലെ ചേർന്ന യോഗത്തിലാണ് ഭരണ, പ്രതിപക്ഷ അംഗങ്ങൾ ഏറ്റുമുട്ടിയത്. സംഭവത്തിൽ സെക്രട്ടറിക്ക് പരിക്കേറ്റെന്നും പറയപ്പെടുന്നു. സെക്രട്ടറിയെ മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രമേയം അവതരിക്കുമ്പോഴാണ് വാക്കേറ്റവും ഏറ്റുമുട്ടലുമുണ്ടായത്.

പദ്ധതി നിർവഹണത്തിൽ വീഴ്ച വരുത്തിയ സെക്രട്ടറിക്കെതിരെ രാഷ്ട്രീയ ഇടപെടൽ മൂലം നടപടിയുണ്ടാകാത്തതിനെ തുടർന്നാണ് പ്രമേയം അവതരിപ്പിക്കേണ്ടി വന്നതെന്ന് പ്രസിഡന്റ് അസിം ഹുസൈൻ പറഞ്ഞു.

സംഭവത്തിൽ പ്രതിഷേധിച്ച് യു.ഡി.എഫും എൽ.ഡി.എഫും ഇന്ന് രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെ വെട്ടൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഹർത്താലിന് ആഹ്വാനം ചെയ്തു. ഹർത്താലുമായി സഹകരിക്കണമെന്ന് കോൺഗ്രസ് മണ്ഡലം കമ്മിറ്റി പ്രസിഡന്റ് എം.എൻ. റോയിയും എൽ.ഡി.എഫ് പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി എസ്. സുധാകരനും ആവശ്യപ്പെട്ടു.

## വയലിക്കട അംഗൻവാടിക്ക് സ്വന്തം കെട്ടിടമായി



വയലിക്കട അംഗൻവാടിക്ക് നിർമ്മിച്ച പുതിയ കെട്ടിടം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്യുന്നു

കല്ലമ്പലം: പള്ളിക്കൽ പഞ്ചായത്തിലെ വയലിക്കട അംഗൻവാടിക്ക് പുതിയ കെട്ടിടമായി. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് നിർമിച്ച കെട്ടിടം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്തു. വർഷങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുകയായിരുന്ന അംഗൻവാടിക്ക് സ്വന്തം കെട്ടിടം വേണമെന്നത് പ്രദേശവാസികളുടെ ഏറെക്കാലമായുള്ള ആഗ്രഹമായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീജാ ഷൈജുദേവ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് സ്ഥിരംസമിതി അദ്ധ്യക്ഷൻ ബി.പി മുരളി മുഖ്യപ്രഭാഷകനായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. സുഭാഷ്, സ്ഥിരംസമിതി അദ്ധ്യക്ഷ ടി. ബേബിസുധ, അഡ്വ. പി.ആർ. രാജീവ്, എൽ.ശാലിനി, പള്ളിക്കൽ പഞ്ചായത്ത് വൈസ്പ്രസിഡന്റ് എം. ഹസീന, സുരജ ഉണ്ണി, എം. നാസർഖാൻ, എസ്.പുഷ്പലത, എൻ. അബുത്താലിബ്, പ്രസന്ന ദേവരാജൻ, ആർ.പ്രസാദ്, ജെംലാറാണി, എം.ശ്രീജാകുമാരി തുടങ്ങിയവർ സംസാരിച്ചു. പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് അടുക്കൂർ ഉണ്ണി സ്വാഗതവും എ.അബ്ദുൾ ജവാദ് നന്ദിയും പറഞ്ഞു.

# ചേരമാൻ തുരുത്ത് - പുതുക്കുറിച്ചി പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീയാക്കണം

വർക്കല: ചേരമാൻതുരുത്ത്- പുതുക്കുറിച്ചി പാലത്തിന്റെ നിർമ്മാണത്തിൽ നടന്നിട്ടുള്ള അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കഠിനംകുളം മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവും പൊതുസമ്മേളനവും നടന്നു.

കഠിനംകുളം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയും എം.എൽ.എ ഫണ്ടിൽ നിന്നും 15 ലക്ഷവും ചേർത്ത് 40 ലക്ഷം രൂപ അനുവദിച്ചിട്ടും സമയബന്ധിതമായി പണിപൂർത്തീകരിച്ചിട്ടില്ലെന്നും പാലം പണിയിലുള്ള അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം വേണമെന്നും ആവശ്യപ്പെട്ടു.

മംഗലപുരം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് എച്ച്.പി. ഷാജി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. കഠിനംകുളം മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ബി.ആർ. രാജുവിന്റെ അദ്ധ്യക്ഷതയിൽ മേനംകുളം മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ടി. സഫീർ, മുതിർന്ന കോൺഗ്രസ് നേതാവ് അഡ്വ. എം.എ. ഹസൻ, ഡി.സി.സി അംഗങ്ങളായ ചാന്നാങ്കര ഗോപൻ, കെ.പി. രതകുമാർ, കഠിനംകുളം പഞ്ചായത്ത് മെമ്പർ ജ്ഞാനസെൽവം, കല്പന ജോയി, കഠിനംകുളം ജോയി, സുഹൈയിൽ ഷാജഹാൻ, ശാർങ്ധരൻ, റുഡോൾഫ് ഫെർണാണ്ടസ്, പുതുവൽ ഷാജി, സുനിൽ ഉമ്മർ, സനോബർ, ഫസൽ, നാദിർഷ എന്നിവർ സംസാരിച്ചു.

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - കായംകുളം കൊച്ചുണ്ണി (M - 10.00am, 1.00pm, 4.00pm, 7.00pm, 10.30pm)
■SCREEN 2 - കായംകുളം കൊച്ചുണ്ണി (M - 7.30am, 7.30pm, 11.00pm) VENOM (E-3D -2.30pm)
■SCREEN 3 - കായംകുളം കൊച്ചുണ്ണി (M - 7.30am) വരത്തൻ (M- 11.30am, 6.30pm) തീവണ്ടി (M- 2.30pm, 9.30pm)
■ശ്രീകുമാർ (2331222) :: 96 (T- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: കായംകുളം കൊച്ചുണ്ണി (M - 11.15, 6.15)
■ശ്രീപത്മനാഭ (2473999) :: കായംകുളം കൊച്ചുണ്ണി (M - 11.00, 2.30, 6.00, 9.30
■ദേവിപ്രിയ (2473999) :: പടയോട്ടം (M- 11.00) ചെക്ക ചിവന്ത വാനം (T- 2.30) 96 (T- 6.00, 9.30)
■അജന്ത (2472825) :: No Shows
■കൃപ :: കായംകുളം കൊച്ചുണ്ണി (M - 7.30am, 10.30am, 1.30pm, 4.30pm, 7.30pm, 10.30pm) 96 (T- 11.30am, 3.00pm, 10.00pm) RATSASAN (T - 6.e0pm)
■കലാഭവൻ :: പടയോട്ടം (M- 11.30, 2.30) 96 (T- 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.00, 2.30, 6.00, 9.30)
■ശ്രീ (2332747) :: മന്ദാരം (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: KA BODYSCAPES (M 11.30, 2.30) ചെക്ക ചിവന്ത വാനം (T- 6.15, 9.30)
■ധന്യ (2476773) :: FIRST MAN (E- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: JALEBI (H- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- ചെക്ക ചിവന്ത വാനം (T- 11.15, 2.45, 6.30, 10.15)
■Audi 2- ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.15, 9.45) തീവണ്ടി (M - 3.00, 6.30)
■Audi 3- SMALL FOOT (E- 11.30, 6.00) PATAAKHA (H- 2.30) SUIDAAGA (H- 8.00pm) JOHNNY ENGLISH (E- 10.30)
■Audi 4 - JOHNNY ENGLISH (E- 11.00) DEVADASU (Telugu- 1.00) ഇമൈക്കനൊടികൾ (T- 4.00) പടയോട്ടം (M- 7.30, 10.30)
■Audi 5 - വരത്തൻ (M- 11.30pm, 3.00pm, 6.45pm, 10.15pm)
■Audi 6 - SUIDAAGA (H- 11.30, 4.45pm) JOHNNY ENGLISH (E- 2.15) SAAMY SQUARE (T- 10.05) ലില്ലി (M- 10.30pm)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
ചാലക്കുടിക്കാരൻ ചങ്ങാതി (M- 10.00, 3.00, 9.45pm)
ചെക്ക ചിവന്ത വാനം (T- 10.30, 1.30, 4.30, 7.30, 10.30pm)
ദേവദാസു (Telugu- 4.45pm)
JHONNY ENGLISH STRIKES AGAIN (E- 10.35, 2.45, 6.30, 10.30pm)
ലില്ലി (12.45, 8.30pm, 10.30pm)
മംഗല്യം തന്തുനാനേന (M- 1.30)
പടയോട്ടം (9.45am, 1.00pm, 4.40pm, 7.00pm, 10.00pm)
സാമി -2 (T- 10.15am, 4.00pm)
SUI DHAAGA (H- 12.30pm, 8.00pm)
തീവണ്ടി (M- 10.00am, 1.15pm, 4.40pm, 7.00pm, 10.45pm)
വരത്തൻ (M- 10.00am, 12.45pm, 3.30pm, 6.15pm, 7.45pm, 9.00pm, 11.35pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: വരത്തൻ (M- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ യമുന (2629973) :: ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: RATSASAN (T - 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: U TURN (T - 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (0470 2602339) :: NONSENSE (M - 11.00, 2.30, 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M- 9.30)
■വർക്കല വിമല (9895233785) :: മന്ദാരം (M- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 6.15, 9.30) തീവണ്ടി (M- 6.15)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: കായംകുളം കൊച്ചുണ്ണി (M - 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: NONSENSE (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : കായംകുളം കൊച്ചുണ്ണി (M - 8.00am, 10.45am, 2.15pm, 6.00pm, 9.15pm)
■screen 2 : കായംകുളം കൊച്ചുണ്ണി (M - 10.45am, 2.15pm, 6.00pm, 9.15pm)
■പെരിങ്ങമ്മല അശ്വതി (2400394) :: തീവണ്ടി (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1 - ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2 - ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15) അച്ചം എമ്പത് മടമൈയെട (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- കായംകുളം കൊച്ചുണ്ണി (M - 11.00, 2.15, 6.15, 9.30)
■Tela 2- 96 (T- 11.15, 6.30) കായംകുളം കൊച്ചുണ്ണി (M- 2.30, 9.45)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: വരത്തൻ (M- 11.15, 2.30, 9.30) പടയോട്ടം (M- 2.30, 9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: കായംകുളം കൊച്ചുണ്ണി (M- 11.30, 2.30, 6.00, 9.00)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T- 10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: കായംകുളം കൊച്ചുണ്ണി (M - 11.00am, 12.45pm, 3.15pm, 6.00pm, 9.00pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്തലുമൂട് IMP :: കായംകുളം കൊച്ചുണ്ണി (M- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - കായംകുളം കൊച്ചുണ്ണി (M - 11.30, 2.30, 6.30, 9.30)
■ലയം - കായംകുളം കൊച്ചുണ്ണി (M - 11.15, 2.15, 6.15, 9.15)

## ഇന്ന്

സെക്രട്ടേറിയറ്റ് പി.ആർ. ചേമ്പർ : ജി.വി. രാജ അവാർഡ് പ്രഖ്യാപനം മന്ത്രി ഇ.പി. ജയരാജൻ -11ന്
തുഞ്ചൻ സ്മാരക മണ്ഡപം : ടി.ജി. ഹരികുമാർ അനുസ്മരണം- 9ന്
പൂർണാ ഹോട്ടൽ : മത്തായി മാഞ്ഞൂരാൻ അനുസ്മരണം ഉദ്ഘാടനം ഡോ. ഷാജി പ്രഭാകരൻ- 11ന്
തൈക്കാട് ഗണേശം : സൂര്യ തിയേറ്റർ ഫെസ്റ്റിവൽ -6.45ന്
കരിക്കകം ശ്രീചാമുണ്ഡിക്ഷേത്രം : നവരാത്രി മഹോത്സവം, കോഴിക്കോട് പ്രശാന്ത് വർമ്മയുടെ മാനസജപലഹരി -5.30ന്
വെൺപാലവട്ടം ശ്രീഭഗവതി ക്ഷേത്രം : നവരാത്രി മഹോത്സവം, ഭക്തിഗാനസുധ -6.45ന്
പഴഞ്ചിറ ദേവീക്ഷേത്രം : നവരാത്രി മഹോത്സവം
പൂങ്കുളം ശ്രീ ചാമുണ്ഡേശ്വരി ദേവീ ക്ഷേത്രം : നവരാത്രി പൂജയും കൂട്ടഗണപതി ഹോമവും

---

भारत सरकार/GOVERNMENT OF INDIA
अंतरिक्ष विभाग/DEPARTMENT OF SPACE, विक्रम साराभाई अंतरिक्ष केंद्र/VIKRAM SARABHAI SPACE CENTRE
निर्माण एवं अनुरक्षण प्रभाग, सीपीएच,CONSTRUCTION AND MAINTENANCE DIVISION-CPH,
तिरुवनंतपुरम/THIRUVANANTHAPURAM – 22, (फोन नं./Ph. No.0471 – 2565117 / 2565669)

इसरो isro

दिनांक/Dt.11.10.2018

सं: वीएसएससी/सीएमडी-सीपीएच/सीएस/ 5134/6200-C-04/HLS-327/5122/2018
No: VSSC/CMD-CPH/CS/ 5134/6200-C-04/HLS-327/5122/2018
भारत के राष्ट्रपति की ओर से निम्नलिखित कार्यों के लिए ई-टेंडरिंग द्वारा ऑनलाइन मद-दर निविदाएं आमंत्रित की जाती हैं।
On behalf of the President of India, online item-rate tenders are invited through e- tendering for the following works

| क्र.सं Sl.No. | कार्य का शीर्षक/Title of work | कार्य पूरा होने की तिथि / Period of completion | निविदा में दी गई नुमानित लागत Estimate cost put to tender | बयाना जमा राशि (ईएमडी) Earnest money deposit(EMD) |
|---|---|---|---|---|
| 1. | केऔसुब के नए कॉलनी में खाली किए गए केऔसुब क्वार्टरों की पेइन्टिंग Painting vacated CISF Quarters at CISF New Colony for a period of one year. | 01) एक वर्ष/One Year | रु./Rs. 14.53 Lakhs | रु./Rs. 29,060 /- |
| 2. | केंद्रीय क्षेत्र में एक वर्ष की अवधि के लिए बढ़ईगिरी/संविरचन कार्यो का दैनंदिन अनुरक्षण Day to day maintenance of carpentry/fabrication works at Central area for a period of one year. | (01) एक वर्ष/One Year | रु./Rs . 13.69 Lakhs | रु./Rs. 27,380/- |
| 3. | एक वर्ष की अवधि के लिए वीआरसी तथा 70 एकड़/एटीएफ की मुख्य सड़कों, पेट्रॉलिंग पैथवे, परिसरों की सफाई/Cleaning main roads, patrolling pathways and premises of VRC and 70 Acre/ATF for a period of one year | (01) एक वर्ष/One Year | रु./Rs. 11.32 Lakhs | रु./Rs. 22,640 /- |
| 4. | केऔसुब का नया कॉलनी, वीएसएससी में 24 ए टाइप क्वार्टरों (ए/73 से ए/84 व ए/85 से ए/96 तक) का नवीकरण/Renovation of 24 nos A type Quarters (A/73 to A/84 &A/85 to A/96) at CISF New Colony, VSSC [Internal Civil Works] | (03) तीन महीने/Three months | रु./Rs. 37.37 Lakhs | रु./Rs. 74,740/- |

| | | | |
|---|---|---|---|
| 6. डाउनलोड करने की अवधि/Period for downloading :दिनांक 12.10.2018, 10.00 बजे/ hrs से/ to दिनांक 22.10.2018, 23.00 बजे/hrs तक | 7. बोली स्पष्टीकरण /Bid clarifications :12.10.2018, 10.00 बजे/ hrs से/ to 22.10.2018, 16.00 बजे/hrs | 8. निविदाओं की प्राप्ति/Receipt of tenders : दिनांक 23.10.2018 को 14.30 बजे/hrs | 9. निविदाओं को खोलना/Opening of tenders : दिनांक 24.10.2018 को 15.00 बजे/hrs |

योग्यता मानदंड तथा अन्य ब्यौरों को पाने के लिए इच्छुक निविदाकार ई-निविदा आमंत्रित करते हुए विस्तृत सूचना (ई-एनआइटी) का अवलोकन करें, जिसे www.tenderwizard.com/ISRO or www.isro.gov.in से डाउनलोड किया जा सकता है।/Interested tenderers may please refer detailed Notice Inviting E-Tender (E-NIT) for eligibility criteria and other details, which can be down loaded from website www.tenderwizard.com/ISRO or www.isro.gov.in.

प्रधान, सीएमडी (सीपीएच), वीएसएससी
HEAD, CMD(CPH), VSSC

---

**ബഹുമാനപ്പെട്ട തിരുവനന്തപുരം മുൻസിഫ് കോടതി മുമ്പാകെ**
**O.S 1042/2018**

വാദി : **കോർപ്പറേഷൻ ബാങ്ക്,** മരപ്പാലം ശാഖ, പട്ടം, മരപ്പാലം റോഡ്, പട്ടം പി.ഒ., തിരുവനന്തപുരം
**എതൃകക്ഷി : ജയകൃഷ്ണൻ,** S/o.പുരുഷോത്തമൻ, ശ്രീസായി, D-7, പ്രിയദർശിനി ലെയിൻ, പള്ളിമുക്ക്, പേയാട്, തിരുവനന്തപുരം .
ടി എതൃകക്ഷിയെ തെര്യപ്പെടുത്തുന്നത്
ടി നമ്പർ കേസിൽ Realisation of Money ക്ക് വേണ്ടിയാണ് അന്യായം ബോധിപ്പിച്ചിരിക്കുന്നത്. ടി നമ്പർ കേസ് **10.12.2018** തീയതി കോടതി മുമ്പാകെ വിചാരണ വച്ചിരിക്കുന്നതിനാൽ ടി എതൃകക്ഷിക്ക് തർക്കമുള്ള പക്ഷം ടി എതിർകക്ഷിയോ ഏജന്റോ വിചാരണ ദിവസം പകൽ 11 മണിയ്ക്ക് ടി കോടതി മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിച്ച് കൊള്ളേണ്ടതും, അല്ലാത്തപക്ഷം താങ്കളെ കൂടാതെ ടി ഹർജി തീർച്ച ചെയ്യുമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.
ഉത്തരവിൻപ്രകാരം വാദിഭാഗം
**അഡ്വക്കേറ്റ് ഗിരീഷ് പി.രാജ**

---

**ബഹു. വർക്കല മുൻസിഫ് കോടതിയിൽ**
**OS 236/2016**

വാദി: ഷീജാബീവി, D/o സുൽഫത്ത്ബീവി, ഷഹാനി മൻസിൽ, കരവാരം, കരവാരം വില്ലേജ്.
ഒന്നാം പ്രതി : മണിലാൽ, S/o പാറു അമ്മ, കുന്നുവിള വീട്, പാവല്ല, കരവാരം വില്ലേജ്.
ടി ഒന്നാംപ്രതിയെ തെര്യപ്പെടുത്തുന്നത്.
അന്യായപ്പട്ടിക വസ്തുക്കളുടെ അതിർത്തി നിർണ്ണയിച്ചു കിട്ടുന്നതിനും ശാശ്വത നിരോധന ഉത്തരവ് അനുവദിച്ച് വിധിയാകുന്നതിനുമായി വാദി ബോധിപ്പിച്ചിരിക്കുന്ന ടി നമ്പർ അന്യായം 25.10.2018 തീയതിയിലേക്ക് വിചാരണ വച്ചിരിക്കുന്നതും, ടി അന്യായത്തിന്മേൽ താങ്കൾക്ക് തർക്കമുള്ളപക്ഷം അന്നേദിവസം പകൽ 11 മണിക്ക് കോടതി മുൻപാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും, അല്ലാത്തപക്ഷം കേസ് നിങ്ങളെ exparte ആക്കി വിധി പ്രസ്താവിക്കുമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.
ഉത്തരവിൻപ്രകാരം,
വാദിഭാഗം അഡ്വക്കേറ്റ് എ. സബീർ.
05.10.2018, വർക്കല.

---

**കോടതി പരസ്യം**

**ബഹുമാനപ്പെട്ട തിരുവനന്തപുരം Ist അഡീഷണൽ മുൻസിഫ് കോടതി മുൻപാകെ**
**2010 OS No. 122 2014 IA No. 10615**

**ഹർജിക്കാർ/വാദികൾ :** ശാന്തകുമാരി, D/o കൃഷ്ണമ്മ, ശാന്തഭവൻ, KRA - 90, കരിമംകുളം റോഡ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം, 2. ഹരികുമാർ, S/o ശശിധരൻ, ടി.ടി. മേൽവിലാസം, 3. മിനി, D/o ശാന്തകുമാരി, ടി.ടി. മേൽവിലാസം, 4. മജു, D/o ശാന്തകുമാരി, ടി.ടി. മേൽവിലാസം.
1-ാം എതിർകക്ഷി : അനിൽകുമാർ, D 19, RKV റോഡ്, കനകനഗർ, TC1/2159, പുത്തനാർനികത്തിയപുത്തൻവീട്, നന്തൻകോട്, TVPM.
2-ാം എതിർകക്ഷി : മാണി ജോർജ്ജ്, S/o ജോർജ്ജ്, D19, RKV റോഡ്, കനക നഗർ, നന്തൻകോട്, TVPM,
3-ാം എതിർകക്ഷി : ശ്രീകുമാരൻ നായർ, S/o തങ്കപ്പൻ പിള്ള, കുളങ്ങരക്കടയിൽ വീട്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം, 4-ാം എതിർകക്ഷി : സജിത്ത്, S/o V. തങ്കപ്പൻ, T.C. 2/2441, 'വൈകുണ്ഠം', തൈക്കാട്, TVPM.
ടി എതിർകക്ഷികളെ തെര്യപ്പെടുത്തുന്നത്.
ഹർജിക്കാർ/വാദികൾ ടി നമ്പർ കേസ് തള്ളിയതിനെ തിരിയെ ഫയലിൽ ചേർത്തുകിട്ടുന്നതിനായി ഫയൽ ചെയ്തിട്ടുള്ള IA 10615/2014-ാം നമ്പർ ഹർജി 13.10.2018 -ൽ വിചാരണ വച്ചിട്ടുള്ളതും, ടി എതിർകക്ഷികൾക്ക് എന്തെങ്കിലും തർക്കം ഉള്ളപക്ഷം അന്നേദിവസം പകൽ 11 മണിക്ക് ഈ കോടതിയിൽ നേരിട്ടോ, അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും, അല്ലാത്തപക്ഷം ടി എതിർകക്ഷികളെ കൂടാതെ ഹർജി തീർച്ച ചെയ്യുന്നതാണെന്നുള്ള വിവരം തെര്യപ്പെടുത്തിക്കൊള്ളുന്നു. ഉത്തരവിൻപ്രകാരം, ഹർജിക്കാർഭാഗം
അഡ്വക്കേറ്റ് R. മുരുകൻ (ഒപ്പ്)
തിരുവനന്തപുരം, 22.3.2018.

---

**KPH&CC LTD , THIRUVANANTHAPURAM - 695033**
No.04/ODR/18-19 Dtd: 11/10/2018
Proposed Construction works are in Thiruvananthapuram, Alappuzha, Ernakulam, Thrissur Districts (6 works)
Bid Submission Closing date: 23.10.2018 5.00pm
For full details visit www.kphccltd.kerala.gov.in www.etenders.kerala.gov.in

---

**ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2350**
**അണിയൂർ, ചെമ്പഴന്തി പി.ഒ. ഫോൺ : 0471 - 2712494.**
**ക്വൊട്ടേഷൻ ക്ഷണിക്കുന്നു**

ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്കിന്റെ ആവശ്യത്തിനായി 2019-ലെ 8000 കലണ്ടർ പ്രിന്റ് ചെയ്യുന്നതിനുള്ള ക്വൊട്ടേഷൻ ക്ഷണിക്കുന്നു. ക്വൊട്ടേഷൻ സംബന്ധിച്ച വിശദവിവരങ്ങൾ ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ക്വൊട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി : 31.10.2018, 4 p.m.

ചെമ്പഴന്തി.
12.10.2018.
ആജ്ഞാനുസരണം,
(ഒപ്പ്) പി.എസ്. മിനി
(സെക്രട്ടറി).

---

**അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ഓഫീസ്**
**കണിയാപുരം പി.ഒ., തിരുവനന്തപുരം. പിൻ:695301, ഫോൺ:(0471)2750251**
**e-mail:adrkmgp@gmail.com**
**ക്വൊട്ടേഷൻ**

നമ്പർ എ 1-898/18 തീയതി 11.10.2018
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2018 - 19 സാമ്പത്തിക വർഷത്തെ 18 വാർഡുകളിലെയും പ്രവൃത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി ഒരു ബോർഡിന് എസ്റ്റിമേറ്റ് റേറ്റ് 3000/- രൂപ എന്ന നിരക്കിൽ കോൺക്രീറ്റ് ബോർഡുകൾ സപ്ലൈ ചെയ്യുന്നതിന് ക്വൊട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.
(ഒപ്പ്) സെക്രട്ടറി, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

---

**പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക്**
**ക്ലിപ്തം നമ്പർ 1412, തിരുവനന്തപുരം,** Ph: 2439927, 2436203
**ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു**

പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക് പുതുതായി ആരംഭിക്കുന്ന വഴയില ബ്രാഞ്ചിലേക്ക് ആവശ്യമായ ചുവടെപ്പറയുന്ന ഇനങ്ങൾ വാങ്ങുന്നതിന് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.
Honda Generator - 1, Computer - 6, Epson Printer 136 Col. - 1, Epson Printer 80 Col. - 3, Canon LaserJet Printer - 1, Passbook Printer - 1, Scanner - 1, Cash Counting Machine- 1, UPS 2 KVA - 1, Battery 100 AH - 4, Furniture സാധനങ്ങളുടെ Specifications ഓഫീസിൽനിന്നും പ്രവൃത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്. നിരതദ്രവ്യം 1000 രൂപ. ക്വട്ടേഷനുകൾ 25/10/2018 വൈകുന്നേരം 4 മണിക്ക് മുൻപായി ലഭിക്കേണ്ടതും 26/10/2018, 4 pm. ന് പങ്കെടുത്തിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.
പേരൂർക്കട, 11 - 10 - 2018 Sd/-, സെക്രട്ടറി

---

**പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക്**
**ക്ലിപ്തം നമ്പർ 1412, പേരൂർക്കട പി. ഒ, തിരു - 5,** Ph: **2439927, 8547132423**
**കലണ്ടർ ക്വട്ടേഷൻ**

പേരൂർക്കട സർവ്വീസ് സഹകരണ ബാങ്കിന്റെ 2019 ലെ കലണ്ടർ 12,000 കോപ്പി പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ വ്യവസ്ഥകൾ ബാങ്കിൽ നിന്നും ലഭിക്കുന്നതാണ്. ക്വട്ടേഷനുകൾ 20 - 10 - 2018 രാവിലെ 10 മണിവരെ സ്വീകരിക്കുന്നതും അന്നുരാവിലെ 10.30 ന് പങ്കെടുത്തിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.
പേരൂർക്കട
11 - 10 - 2018
Sd/
സെക്രട്ടറി

---

ഡി.പി.എം.എസ്.യു/ബി1/2/2012/തിരുവനന്തപുരം തീയതി: 11.10.2018.
**അറിയിപ്പ്**

ഈ ഓഫീസിൽ നിന്ന് ഡി.പി.എസ്.യു/ബി1/2/2012/ തിരു. തീയതി : 24.09.2018 നമ്പരായി 25.09.2018-ന് പ്രസിദ്ധീകരിച്ച അറിയിപ്പിൻപ്രകാരം കരാർ വ്യവസ്ഥയിൽ പി. ആർ.ഒ/പി.ആർ.ഒ കം എൽ.ഒ. മാരുടെ തെരഞ്ഞെടുപ്പിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി എഴുത്തുപരീക്ഷ 26.10.2018 വെള്ളിയാഴ്ച രാവിലെ 10.30-ന് തിരുവനന്തപുരം ന്യൂട്രീഷ്യൻ ഹാളിൽ (തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ക്യാമ്പസ്) വച്ച് നടത്തുന്നു. അപേക്ഷ സമർപ്പിച്ചിരുന്ന ഉദ്യോഗാർത്ഥികൾ രാവിലെ 10 മണിക്ക് പരീക്ഷാകേന്ദ്രത്തിൽ തിരിച്ചറിയൽ രേഖയുമായി ഹാജരാകേണ്ടതാണ്.
വിശദവിവരങ്ങൾക്ക് 0471 - 2321288, website : www.arogyakeralam.gov.in
(ഒപ്പ്) ജില്ലാ പ്രോഗ്രാം മാനേജർ,
ആരോഗ്യകേരളം, തിരുവനന്തപുരം.

---

**ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2350**
**അണിയൂർ, ചെമ്പഴന്തി പി.ഒ. ഫോൺ : 0471 - 2712494.**
**ടെൻഡർ പരസ്യം**

ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്കിന്റെ പുല്ലാന്നിവിള ബ്രാഞ്ചിനുവേണ്ടി, സ്ട്രോംഗ് റൂം, കൗണ്ടർ, പാർട്ടീഷ്യൻ തുടങ്ങിയ ജോലികൾ ചെയ്യുന്നതിന് പരിചയസമ്പന്നരായ കരാറുകാർ/സ്ഥാപനങ്ങളിൽ നിന്ന് ടെൻഡറുകൾ ക്ഷണിക്കുന്നു. ഓരോ വർക്കിനുമുള്ള റേറ്റ് പ്രത്യേകം രേഖപ്പെടുത്തേണ്ടതും, പ്രത്യേക യൂണിറ്റായി കണക്കാക്കുന്നതുമാണ്. വിശദവിവരങ്ങൾ ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

ടെൻഡർ ഫോറം ഫീസ് : 500 (അഞ്ഞൂറു രൂപ)
നിരതദ്രവ്യം (EMD) : 40000 രൂപ (നാല്പതിനായിരം)
ടെൻഡർ സ്വീകരിച്ചു തുടങ്ങുന്ന തീയതി : 15.10.2018, 10 a.m മുതൽ
ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി : 22.10.2018, 4 p.m.
ടെൻഡർ തുറക്കുന്ന തീയതി : 23.10.2018, 2 p.m.

ചെമ്പഴന്തി.
12.10.2018.
ആജ്ഞാനുസരണം,
(ഒപ്പ്) പി.എസ്. മിനി
(സെക്രട്ടറി).

---

**തപാൽ വകുപ്പ്**

ഇന്ത്യൻ രാഷ്ട്രപതിക്കുവേണ്ടി എക്സിക്യൂട്ടീവ് എൻജിനീയർ (ഇ) പോസ്റ്റൽ ഇലക്ട്രിക്കൽ ഡിവിഷൻ, ബാംഗ്ളൂർ "തിരുവനന്തപുരം GPO ബിൽഡിംഗിൽ SITC of 50 kWp ഗ്രിഡ് കണക്ട് ചെയ്ത റൂഫ് ടോപ്പ് സോളാർ പൗവർ പാക്ക് (II Call)," എന്ന ജോലിക്കുവേണ്ടി യോഗ്യതയുള്ള കരാറുകാരിൽ നിന്ന് ഓൺലൈൻ പെർസന്റേജ് റേറ്റ് ഇ-ദർഘാസുകൾ ക്ഷണിക്കുന്നു. മതിപ്പ് ചെലവ് : 27,50,000/- രൂപ, ഇ.എംഡി 55,000/-രൂപ . പൂർത്തീകരണ കാലാവധി : 90 ദിവസം vide NIT No. 71/EEE/PED/BGL/2018-19. ഓൺലൈൻ ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി 25.10.2018, 11.00 a.m. ദർഘാസ് തുറക്കുന്ന തീയതി: 25.10.2018, 11.30 a.m. വിശദമായ ദർഘാസ് പരസ്യം, ദർഘാസ് പ്രമാണങ്ങൾ, തിരുത്ത് (ഉണ്ടെങ്കിൽ) മറ്റ് നിർദ്ദേശങ്ങൾ എന്നിവ https://dopcivil.euniwizard.com എന്ന സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ ഓൺലൈനിൽ ദർശിക്കുകയോ ചെയ്യാവുന്നതാണ്. മറ്റ് വിശദീകരണങ്ങൾക്ക്, ദയവായി ബന്ധപ്പെടുക: 080-26676804.
ഒപ്പ്
എക്സിക്യൂട്ടീവ് എൻജിനീയർ (ഇ)

---

**നെയ്യാറ്റിൻകര സഹകരണ അർബൻ ബാങ്ക് (ക്ലിപ്തം)**
**നമ്പർ. 931**
**പൊതുയോഗ നോട്ടീസ്**
**(നിയമാവലിയിലെ 21(1) വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്)**

മാന്യസഹകാരികളെ,
ബാങ്കിന്റെ 2017 - 2018ലെ വാർഷിക പൊതുയോഗം 2018 ഒക്ടോബർ മാസം 28-ാം തിയതി ഞായറാഴ്ച പകൽ 2 മണിക്ക് നെയ്യാറ്റിൻകര സ്വദേശാഭിമാനി മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച് ചെയർമാൻ അഡ്വ:ശ്രീ.കെ. സുകുമാരൻ നായർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ എല്ലാ അംഗങ്ങളും കൃത്യമായി പങ്കെടുക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ആജ്ഞാനുസരണം,
നെയ്യാറ്റിൻകര, ഒപ്പ്
11 - 10 - 2018 എം. സുജാത
(മാനേജിംഗ് ഡയറക്ടർ)

**കാര്യപരിപാടി**

1. ഈശ്വരപ്രാർത്ഥന
2. അനുശോചനം
3. സ്വാഗതം
4. പൊതുയോഗനോട്ടീസ് വായിച്ച് അംഗീകരിക്കൽ
5. ഉപക്രമം
6. മുൻ പൊതുയോഗ മിനിട്ട്സ് വായിച്ച് അംഗീകരിക്കൽ
7. ശ്രീ. ആർ. വാസുദേവൻപിള്ള മെമ്മോറിയൽ എഡ്യൂക്കേഷണൽ ക്യാഷ് അവാർഡ് വിതരണം (2017 - 18 വർഷത്തെ)
8. 2017 - 18 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പരിഗണിക്കൽ.
9. 2017 - 18 വർഷത്തിലെ ബഡ്ജറ്റിൽ അധികരിച്ച് ചെലവ് ചെയ്തതിന് അംഗീകാരം.
10. 2017 - 18 വർഷത്തെ ലാഭവിഭജനം
11. 2019 - 20 വർഷത്തെ ബഡ്ജറ്റ്
12. പ്രമേയങ്ങളും ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും.
13. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ
14. ഉപസംഹാരം
15. കൃതജ്ഞത
16. ദേശീയഗാനം.

**കുറിപ്പുകൾ**

1. പ്രമേയങ്ങളും പൊതുയോഗത്തിൽ ഉത്തരം ലഭിക്കേണ്ട ചോദ്യങ്ങളും 24 - 10 - 2018 വൈകുന്നേരം 5 മണിക്ക് മുൻപായി മാനേജിംഗ് ഡയറക്ടർക്ക് ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ വഴിയോ എത്തിക്കേണ്ടതാണ്.
2. പൊതുയോഗ നോട്ടീസ് ബാങ്ക് ഹെഡ് ആഫീസിലും ബ്രാഞ്ചുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അച്ചടിച്ച വാർഷിക റിപ്പോർട്ടും കണക്കുകളും 17 - 10 - 2018 മുതൽ അംഗങ്ങൾക്ക് ബാങ്കിൽ നിന്നും ലഭിക്കുന്നതാണ്.
3. 2018 മാർച്ചിലെ എസ്സ്. എസ്സ്.എൽ.സി, പ്ലസ് ടു എന്നീ പരീക്ഷകളിൽ ഉയർന്ന ഗ്രേഡ് നേടിയ ബാങ്കിലെ അംഗങ്ങളുടെ സന്താനങ്ങൾക്ക് നൽകുന്ന ക്യാഷ് അവാർഡിനുള്ള അപേക്ഷകൾ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 24 - 10 - 2018 വൈകുന്നേരം 5 മണിക്ക് മുൻപായി മാനേജിംഗ് ഡയറക്ടർക്ക് ലഭിക്കേണ്ടതാണ്.

**അംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**
പൊതുയോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ ബാങ്കിൽ നിന്നും വാങ്ങിയ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.

---

**അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ഓഫീസ്**
**കണിയാപുരം പി.ഒ., തിരുവനന്തപുരം. പിൻ:695301, ഫോൺ:(0471)2750251**
**e-mail:adrkmgp@gmail.com**
**വിൻഡോ പരസ്യം**

നമ്പർ എ 1-898/18 തീയതി 11.10.2018
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് 2018 - 19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തെരുവ് വിളക്ക് മെയിന്റനൻസ് കോൺട്രാക്ട് ചെലവ്, തെരുവ് വിളക്ക് മെയിന്റനൻസിനുള്ള സാധനസാമഗ്രികൾ വാങ്ങൽ എന്നീ പദ്ധതികളുടെ ടെൻഡർ പരസ്യം (G86761/2018), (G86758/2018) പരസ്യം www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം 27.10.2018, 3 p.m.
(ഒപ്പ്) സെക്രട്ടറി, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

---

**കേരള സംസ്ഥാന ഭാഗ്യക്കുറി**
ഫോൺ: ഡയറക്ടർ: 0471 - 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**കാരുണ്യ പ്ലസ് KN 234 നറുക്കെടുപ്പ് ഫലം 11.10.2018**
**സ്ഥലം : ഗോർകിഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.**

**ഒന്നാം സമ്മാനം 80 ലക്ഷം രൂപ PJ 600523** (കോട്ടയം)

**സമാശ്വാസ സമ്മാനം 8000 രൂപ**
PA 600523 PB 600523 PC 600523 PD 600523 PE 600523
PG 600523 PH 600523 PK 600523 PL 600523

**2-ാം സമ്മാനം 10 ലക്ഷം രൂപ PD 272703** (പാലക്കാട്)

**3-ാം സമ്മാനം 1 ലക്ഷം രൂപ**

| | | | | |
|---|---|---|---|---|
| PA 304610 (തൃശൂർ) | PB 588490 (തൃശൂർ) | PC 299339 (കൊല്ലം) | PD 558440 (കോട്ടയം) | PE 565065 (തൃശൂർ) |
| PG 808681 (കോട്ടയം) | PH 330528 (തിരുവനന്തപുരം) | PJ 755589 (കോഴിക്കോട്) | PK 272740 (പാലക്കാട്) | PL 493655 (ആലപ്പുഴ) |

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1096 | 1417 | 1497 | 1749 | 2271 | 3971 | 4125 | 4951 | 6274 | 6299 |
| 6447 | 6556 | 7149 | 9352 | | | | | | |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0043 | 1393 | 1872 | 3576 | 6957 | 7990 | 8831 | 9709 | | |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0353 | 0601 | 1405 | 1534 | 1902 | 2146 | 2209 | 2918 | 3025 | 3167 |
| 4371 | 4385 | 4539 | 4920 | 5421 | 5519 | 5526 | 5751 | 5768 | 6067 |
| 6127 | 6172 | 6474 | 6796 | 6809 | 7329 | 7363 | 7548 | 7655 | 8048 |
| 8115 | 8241 | 8348 | 8467 | 8540 | 8591 | 8907 | 9211 | 9779 | 9901 |

**7-ാം സമ്മാനം 500 രൂപ**


| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0098 | 0482 | 0499 | 0528 | 0595 | 0917 | 0947 | 1000 | 1111 |
| 1137 | 1560 | 1693 | 1724 | 1866 | 1932 | 2133 | 2263 | 2684 | 2745 |
| 2771 | 2891 | 2974 | 3125 | 3190 | 3235 | 3246 | 3293 | 3377 | 3831 |
| 3945 | 3994 | 4174 | 4815 | 4945 | 5118 | 5125 | 5291 | 5406 | 5443 |
| 5696 | 5717 | 5754 | 5801 | 6145 | 6280 | 6305 | 6311 | 6418 | 6424 |
| 6669 | 6856 | 7020 | 7350 | 7573 | 7813 | 7929 | 7935 | 8144 | 8257 |
| 8474 | 8590 | 8632 | 8691 | 9068 | 9105 | 9175 | 9276 | 9746 | 9797 |
| 9966 | 9977 | | | | | | | | |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0063 | 0290 | 0298 | 0370 | 0402 | 0475 | 0613 | 0624 | 0696 | 0703 |
| 0704 | 0842 | 1152 | 1188 | 1273 | 1386 | 1470 | 1521 | 1524 | 1819 |
| 1859 | 1863 | 1918 | 1933 | 1976 | 2001 | 2048 | 2055 | 2068 | 2124 |
| 2145 | 2349 | 2423 | 2628 | 2761 | 2769 | 2800 | 2813 | 2851 | 2896 |
| 2997 | 3044 | 3104 | 3139 | 3220 | 3274 | 3573 | 3772 | 3802 | 3886 |
| 3915 | 3921 | 4019 | 4062 | 4216 | 4219 | 4282 | 4564 | 4618 | 4697 |
| 4734 | 4833 | 5057 | 5245 | 5262 | 5289 | 5316 | 5446 | 5469 | 5873 |
| 5956 | 6018 | 6069 | 6074 | 6101 | 6262 | 6318 | 6335 | 6419 | 6485 |
| 6559 | 6663 | 7053 | 7080 | 7259 | 7272 | 7273 | 7624 | 7939 | 8033 |
| 8086 | 8182 | 8208 | 8225 | 8246 | 8294 | 8511 | 8572 | 8834 | 9038 |
| 9147 | 9180 | 9241 | 9278 | 9300 | 9321 | 9435 | 9522 | 9675 | 9710 |
| 9748 | 9943 | | | | | | | | |

(ഒപ്പ്) നൗഷാദ് പി.എം., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഒഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക
അടുത്ത കാരുണ്യ പ്ലസ് 235 നറുക്കെടുപ്പ് 18.10.2018
ഗോർകി ഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

## ഗുരുമാർഗം



സകല പാപങ്ങളെയും ഹരിക്കുന്ന ഭഗവാനേ, അങ്ങയുടെ ഈ മായാവിനോദം വിഷ്ണു ഭഗവാനും അദ്ദേഹത്തിന്റെ പൊക്കിൾ താമരയിൽ പിറന്ന ബ്രഹ്മാവും ആരും വ്യക്തമായി ധരിച്ചിട്ടില്ല.



ഒരു ജാതി ഒരു മതം ഒരു ദൈവം

വിശാഖം 10-17
ചതുർത്ഥി 58 - 09
1940 ആശ്വിനം 20
1439 സഫർ 02
1194 കന്നി 26

# വിജയിപ്പിക്കേണ്ട സംരംഭം

രാവിലെ സ്കൂളിലേക്ക് പുറപ്പെടുന്ന സ്കൂൾ കുട്ടികളിൽ നന്നേ ചുരുക്കം പേരെങ്കിലും യാത്രയ്ക്കിടെ മുങ്ങി കറങ്ങി നടക്കാറുണ്ട്. അദ്ധ്യാപകരോ വീട്ടുകാരോ പലപ്പോഴും ഇത് അറിയാറുമില്ല. ഇങ്ങനെ കറങ്ങി നടക്കുന്നവരിൽ അധികവും വഴിതെറ്റി വേണ്ടാത്ത കൂട്ടുകെട്ടുകളിലും സമൂഹത്തിന് നിരക്കാത്ത മണ്ഡലങ്ങളിലും ചെന്നുപെട്ട് വീടിനും നാടിനും കൊള്ളാത്തവരായി മാറുന്നുമുണ്ട്. പഠനം പൂർത്തിയാക്കാതെ സ്കൂളുകളിൽനിന്ന് പൊഴിഞ്ഞുപോകുന്നവരുടെ ഗണത്തിലും ഇവർക്കാണ് മുൻതൂക്കം. വീട്ടിലെ സാഹചര്യങ്ങളാകും ഒട്ടുമിക്ക കുട്ടികളെയും പഠനത്തോട് വിമുഖരായി മാറ്റുന്നത്. മനസിനിണങ്ങാത്ത വീട്ടിലെ ചുറ്റുപാടുകൾ കുട്ടികളെ നിഷേധികളാക്കും. ക്ലാസ് മുറികളിൽ അതിന്റെ പ്രതിഫലനം ഉണ്ടാകുന്നതോടെ അദ്ധ്യാപകർക്കും അവർ പ്രശ്നക്കാരായി മാറും. പഠനത്തിൽ കാണിക്കുന്ന അശ്രദ്ധ അദ്ധ്യാപകരെ കടുത്ത ശിക്ഷാനടപടികൾക്ക് പ്രേരിപ്പിക്കും. ക്ലാസ് മുറികൾ അങ്ങനെ ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം തീർത്തും അന്യമായി മാറുകയാണ്.

സ്കൂളിൽ പോകാതെ കറങ്ങി നടക്കുന്ന കുട്ടികളെ പിടികൂടി നേർവഴിക്ക് കൊണ്ടുവരാൻ പല ജില്ലകളിലും ഔദ്യോഗിക തലത്തിലും അല്ലാതെയും സംവിധാനങ്ങളുണ്ട്. തലസ്ഥാനനഗരിയിൽ പാർക്കുകളിലും സിനിമാ തിയേറ്ററുകളിലും കടപ്പുറത്തുമൊക്കെ കറങ്ങി നടക്കുന്ന കുട്ടികൾക്കുമേൽ പൊലീസിന്റെ നിരീക്ഷണം ഉണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലും കുട്ടികളുടെ നീക്കങ്ങൾ അറിയാൻ സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെ ഉണ്ടായിട്ടും കാണാതാകുന്ന കുട്ടികളെക്കുറിച്ച് ഇടയ്ക്കിടെ വാർത്തകൾ വരാറുണ്ട്. പൊലീസിന്റെ നിരീക്ഷണവല കൂടുതൽ വിപുലമായതോടെ ഒട്ടുമിക്ക കുട്ടികളെയും താമസംവിനാ കണ്ടെത്താനും കഴിയുന്നുണ്ട്. വിദ്യാലയങ്ങളിൽനിന്ന് മുങ്ങി ഒടുവിൽ എല്ലാവരുടെയും കൺവെട്ടത്തു നിന്നുമറയുന്ന കുട്ടികളെക്കുറിച്ചുള്ള വാർത്തകളും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് പൊലീസ് രേഖകളിൽ കാണുന്നത്.

സംസ്ഥാനത്ത് കഴിഞ്ഞവർഷം 170 കുട്ടികളെ കാണാതായെന്ന ഔദ്യോഗിക റിപ്പോർട്ട് ആശങ്കയും ദുഃഖവും ഉളവാക്കുന്നതാണ്. എന്തെല്ലാം കരുതലുകളെടുത്താലും കുറച്ച് കുട്ടികളെങ്കിലും എല്ലാ സംരക്ഷണ വലയങ്ങളും പൊട്ടിച്ചെറിഞ്ഞ് സ്വന്തം വഴി തേടി പോകുമെന്നതിന്റെ തെളിവാണിത്. കൂടുതൽ സ്നേഹവും വാത്സല്യവും കരുതലും ലഭിക്കേണ്ട കൗമാര പ്രായത്തിൽ സങ്കീർണമായ ഗാർഹിക സാഹചര്യങ്ങൾ കാരണം ഒറ്റപ്പെട്ടുപോകുന്ന കുട്ടികളിലാണ് ഓടിപ്പോകാനുള്ള പ്രവണത വളരുന്നത്. കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കളുടെയും ബന്ധുജനങ്ങളുടെയും സമീപനം ഒരുപോലെയാകണമെന്നില്ല. കുട്ടികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങൾ ആദ്യം ശ്രദ്ധയിൽപ്പെടുന്നത് ക്ലാസ് മുറികളിലാകും. അദ്ധ്യാപകർക്ക് വളരെവേഗം ഇത് തിരിച്ചറിയാനും സാധിക്കും. സ്കൂളുകളിൽ കൗൺസിലിംഗിനുള്ള ഏർപ്പാടുകൾ ഇപ്പോൾ വിപുലമാണ്. കുട്ടികൾ വീടുകളിലും പുറത്തും നേരിടുന്ന അതിക്രമങ്ങൾ പുറത്തുവരാറുള്ളതും ഇപ്പോൾ ഇത്തരം കൗൺസലിംഗിലൂടെയാണ്. വന്നാൽ വന്നു പോയാൽ പോയി എന്ന സമീപനത്തിൽ നിന്ന് വിദ്യാലയാധികൃതരും വളരെയധികം മാറിയിട്ടുണ്ട്. വീട്ടുകാരോട് മാത്രമല്ല സമൂഹത്തോടും ഉത്തരം പറയേണ്ടിവരുമെന്നുള്ളതിനാൽ കുട്ടികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും അദ്ധ്യാപകരുമൊക്കെ ഏറെ കരുതലിലാണ്.

> കണ്ണൂരിൽ തുടക്കമിടുന്ന വിദ്യാർത്ഥി സംരക്ഷണ സംവിധാനം താമസിയാതെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. കൃത്യമായ മേൽനോട്ടവും അർപ്പണബോധവുമാണ് ഇത്തരം പദ്ധതികളുടെ വിജയം ഉറപ്പാക്കുന്ന ഘടകങ്ങൾ കുട്ടികളുടെ നന്മ ഉദ്ദേശിച്ചു തുടങ്ങുന്ന പദ്ധതിക്ക് ഒരുവിധ തടസവും ഉണ്ടാകാതെ നോക്കേണ്ടത് നടത്തിപ്പുകാരുടെ ചുമതലയാണ്

സ്കൂളുകളിലേക്ക് പുറപ്പെട്ട് അവിടെ എത്താതെ കറങ്ങി നടക്കുന്ന കുട്ടികളെ പിന്തുടർന്ന് വിവരം വീടുകളിലറിയിക്കാൻ സംസ്ഥാന പൊലീസ് പുതിയൊരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതിന്റെ ഒരു റിപ്പോർട്ട് കഴിഞ്ഞദിവസം ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. കണ്ണൂരിലാണ് പദ്ധതി ആദ്യം നടപ്പിലാക്കാൻ പോകുന്നത്. കണ്ണൂർ സ്റ്റേഷൻ പരിധിയിലെ 46 സ്കൂളുകൾ ഉൾപ്പെടുത്തിയാണ് പദ്ധതി ആദ്യം നടപ്പാക്കുന്നത്. ഹെഡ് മാസ്റ്ററും അദ്ധ്യാപകരും രക്ഷിതാക്കളും വ്യാപാരികളുടെ പ്രതിനിധി ഓട്ടോ ഡ്രൈവർമാരുടെ പ്രതിനിധി, സ്കൂൾ ലീഡർ എന്നിവരുൾപ്പെട്ട സമിതിയുടെ നേതൃത്വത്തിലാകും പ്രവർത്തനം. സ്കൂൾ സമയത്ത് പട്ടണത്തിൽ കറങ്ങിനടക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവരെ നേർവഴിക്ക് കൊണ്ടുവരികയെന്നതാണ് വിദ്യാർത്ഥി സംരക്ഷണ സമിതിയുടെ ദൗത്യം. വഴിതെറ്റി നടക്കുന്ന കുട്ടികളുടെ കുടുംബസാഹചര്യങ്ങൾ മനസിലാക്കി അവരിൽ നല്ല ചിന്തകളും പഠനതാത്പര്യവും വളർത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. പഠന വൈകല്യമുള്ള കുട്ടികളെ ഉചിതമായ കൗൺസിലിംഗിലൂടെ നേർവഴിക്ക് കൊണ്ടുവരാൻ കഴിയും. ഇതിനൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കണ്ണൂരിൽ തുടക്കമിടുന്ന വിദ്യാർത്ഥി സംരക്ഷണ സംവിധാനം താമസിയാതെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. കൃത്യമായ മേൽനോട്ടവും അർപ്പണബോധവുമാണ് ഇത്തരം പദ്ധതികളുടെ വിജയം ഉറപ്പാക്കുന്ന ഘടകങ്ങൾ . കുട്ടികളുടെ നന്മ ഉദ്ദേശിച്ചു തുടങ്ങുന്ന പദ്ധതിക്ക് ഒരുവിധ തടസവും ഉണ്ടാകാതെ നോക്കേണ്ടത് നടത്തിപ്പുകാരുടെ ചുമതലയാണ്.

കാണാതാവുന്ന കുട്ടികളുടെ സംഖ്യ ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നതായാണ് പൊലീസിന്റെ പക്കലുള്ള കണക്ക്. സ്കൂളിൽ പോയ ഒരു കുട്ടി വീട്ടിൽ മടങ്ങിയെത്തിയില്ലെങ്കിൽ രക്ഷിതാക്കൾക്കും ബന്ധുജനങ്ങൾക്കും ഉണ്ടാകുന്ന മനോവിഷമവും അടങ്ങാത്ത ദുഃഖവും ഊഹിക്കാവുന്നതേയുള്ളൂ. സ്കൂൾ വിദ്യാർത്ഥികൾ മാത്രമല്ല വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടുനിൽക്കുന്ന കുട്ടികളെയും പെട്ടെന്ന് കാണാതായ സംഭവങ്ങളുണ്ട്. ഭിക്ഷാടന മാഫിയകൾക്കും അധോലോക സംഘങ്ങൾക്കും മറ്റും വലിയ പങ്കാണ്. ഇത്തരം സംഭവങ്ങളിലുള്ളത്. കുട്ടികളുടെ മേൽ സദാ കണ്ണുണ്ടാകണമെന്ന് പറയുന്നതുപോലെ കറങ്ങിനടക്കുന്ന അപരിചിതരായവരുടെ മേലും ഒരു കണ്ണ് എപ്പോഴുമുണ്ടായിരിക്കണം. സ്കൂൾ പരിസരങ്ങളിൽ തമ്പടിക്കാറുള്ള ലഹരി സംഘങ്ങളും കുട്ടികളെ വഴിതെറ്റിക്കുന്നതിൽ മുന്നിൽത്തന്നെയാണ്. നിരവധി കുട്ടികൾ ഇത്തരത്തിൽ ലഹരി വസ്തുക്കളുടെ അടിമകളാകുന്നതാണ് സമൂഹം ഇന്ന് നേരിടുന്ന ഭയാനകമായ മറ്റൊരു സ്ഥിതിവിശേഷം.

# തോളിലെ ചാക്കുകെട്ടുകൾ

## നേർവഴി



സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

Email:- media.santhigiri@gmail.com

ജ്ഞാനിയായ ഗുരു തന്റെ ശിഷ്യനോട് ചോദിച്ചു

'ഒരു സന്യാസി എപ്രകാരമായിരിക്കണം'

ശിഷ്യൻ മൗനം പാലിച്ചപ്പോൾ ഗുരു ഒരുകഥ പറഞ്ഞു

'മൂന്നു മനുഷ്യരെപ്പറ്റിയുള്ള കഥയാണിത്. മൂന്നുപേരും അവരുടെ തോളിൽ മുൻപോട്ടും പിന്നോട്ടുമായി രണ്ട് ചാക്കുകൾ വീതം വഹിച്ചിരുന്നു. ഇരുവരുടെയും ചാക്കുകെട്ടുകൾ വലുതും ഭാരമേറിയതുമായിരുന്നു. ഒന്നാമത്തെയാളിനോട് വഴിപോക്കൻ ചോദിച്ചു.

'എന്താണ് രണ്ടുവശത്തേക്കും ഭാരം തൂക്കുന്ന നിങ്ങളുടെ ചാക്കുകെട്ടുകളിലുള്ളത്? '

അയാൾ ഉത്തരം നൽകി

'എന്റെ പിൻവശത്തുള്ള ചാക്കിൽ എന്റെ കുടുംബക്കാരും സ്നേഹിതരും എനിക്ക് വേണ്ടി ചെയ്തിട്ടുള്ള നല്ല കാര്യങ്ങളാണ്. എന്റെ മുൻവശത്തുള്ള ചാക്കിൽ അവർ എന്നോട് ചെയ്തിട്ടുള്ള ദ്രോഹങ്ങളും അന്യായങ്ങളും ഉപദ്രവങ്ങളുമാണ്'.

ഈ ഉത്തരം നൽകിയ മനുഷ്യന് അധിക ദൂരം പോകാനായില്ല. കാരണം അയാളുടെ ചാക്കുകളിലെ ഭാരം അത്ര കൂടുതലായിരുന്നു. രണ്ടാമത്തെ ആളോടും അയാൾ വഹിക്കുന്ന ഭാരങ്ങളെ പറ്റി വഴി പോക്കൻ ചോദിച്ചു അയാൾ പറഞ്ഞു.

'എന്റെ മുൻവശത്തെ ചാക്കിൽ എന്റെ എല്ലാ സത്പ്രവൃത്തികളും നന്മകളും പ്രശംസാഹർങ്ങളായ വസ്തുക്കളും കൊണ്ട് നിറച്ചിരിക്കുന്നു. എന്റെ പിൻവശത്തെ ചാക്കിൽ എന്റെ തെറ്റായ ചെയ്തികളും ഞാൻ വരുത്തിയ പിഴവുകളുമാണ്'. അത് വളരെ ഭാരം തോന്നിപ്പിക്കുന്നത്ര അധികമാണ്. ആദ്യത്തെ ആളിനെക്കാൾ കുറച്ചുകൂടി മുന്നോട്ട് പോകാനേ അയാൾക്ക് കഴിഞ്ഞുള്ളൂ. മൂന്നാമത്തെ ആളിനോട് അയാൾ വഹിക്കുന്ന ചാക്കുകെട്ടുകളെപ്പറ്റി തിരക്കിയപ്പോൾ പറഞ്ഞു

'എന്റെ മുൻവശത്തെ ചാക്കിൽ നിറച്ചിരിക്കുന്നത് ദൈവം നൽകിയ അനുഭവ പരിചയങ്ങളായ സമ്മാനങ്ങളാണ്. അത് ഇടയ്ക്കിടക്ക് തുറന്ന് ഞാൻ മറ്റുള്ളവർക്ക് കൊടുത്ത് കൊണ്ടേയിരിക്കുന്നു അത് പകരുന്തോറും ഭാരം കുറയുന്നു. ഓരോ പ്രാവശ്യം കൊടുക്കുമ്പോഴും കിട്ടുന്ന സന്തോഷം എനിക്ക് ഉത്സാഹം പകർന്ന് കാലടികളെ മുന്നോട്ട് നയിക്കുന്നു'. ഇത് പറഞ്ഞിട്ട് അയാൾ പിന്നിലെ ചാക്ക് എടുത്ത് കാണിച്ചു കൊടുത്ത്. 'ഇത് നിറയെ വലിയ സുഷിരങ്ങൾ. അതിൽ ഒന്നുമില്ല താനും'. വഴി പോക്കൻ സംശയം ചോദിച്ചു


'ഒന്നും ഇടാനില്ലെങ്കിൽ എന്തിന് കാലി ചാക്കു പുറകോട്ടു തൂക്കിയിടണം'?

അയാൾ പറഞ്ഞു

'ഞാനീ ചാക്കിൽ നിറയെ ദ്വാരങ്ങളിട്ടിരിക്കുന്നത് നോക്കൂ, എനിക്കെതിരായി ഉയരുന്ന വിമർശനങ്ങളും പരിഹാസങ്ങളും ദ്രോഹങ്ങളുമെല്ലാം ഞാനീ ചാക്കിലേക്ക് ഇടുന്നു. ഇവയെല്ലാം ആ ചാക്കിന്റെ ചുവട്ടിലെ ദ്വാരത്തിൽ കൂടി പുറന്തള്ളപ്പെടുന്നു. ഒന്നും അതിൽ തങ്ങുവാൻ ഇടയാകുന്നില്ല'. ഇത് പറഞ്ഞ് അയാൾ നടന്നു നീങ്ങി.

ചാക്കു ചുമന്ന് നടന്ന മൂന്നു വ്യക്തികളുടെയും പ്രതീകങ്ങൾ സമൂഹത്തിൽ കാണാം. എന്നാൽ അപൂർവങ്ങളിൽ അപൂർവമായി മാത്രം കാണുന്ന ആ മൂന്നാമനാണ് സന്യാസി.

# വേണം പുതിയ ഭവനസാക്ഷരത



ഇ. ചന്ദ്രശേഖരൻ
(റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി)

സുസ്ഥിര ഭവനനിർമ്മാണം എന്നത് ജനങ്ങളുടെ ജീവിത നിലവാരം സാമൂഹ്യ - സാമ്പത്തിക - ക്ഷേമ വികസനം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നു. 2016 ലെ ഹാബിറ്റാറ്റ് - 3 ന്റെ പുതിയ നഗരവത്കരണ അജണ്ടയിൽ ഭവനനിർമ്മാണം തന്നെയായിരുന്നു കേന്ദ്രവിഷയം. ഐക്യരാഷ്ട്രസഭയുടെ 1948 ലെ സർവ ലൗകിക സാർവത്രിക മനുഷ്യാവകാശ പ്രസ്താവനയിൽ അടിവരയിട്ടു പറഞ്ഞത് കിടപ്പാടവും പാർപ്പിടവും മനുഷ്യന്റെ മൗലിക അവകാശമാക്കണമെന്നാണ്. ഏഴ് ദശാബ്ദങ്ങൾക്കുശേഷം ലോകസാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ ഈ ലക്ഷ്യം കൈവരിക്കാൻ ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്നതാണ് യാഥാർത്ഥ്യം. കേന്ദ്ര ഭവനനിർമ്മാണ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് നമ്മുടെ രാജ്യത്ത് 18.78 ദശലക്ഷം വീടുകൾ പുതുതായി നിർമ്മിക്കണം.

ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയ ദുരന്തമാണ് നാം അഭിമുഖീകരിച്ചത്. നിശ്ചയദാർഢ്യമുള്ള സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിന്റെ സംവിധാനങ്ങളും ജനങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി നഷ്ടത്തിന്റെ തോത് കുറയ്ക്കാൻ കഴിഞ്ഞു. പ്രളയം വരുത്തിയ കെടുതികളിൽ നിന്നും നാം കരകയറുകയാണ്. അടുത്ത ഘട്ടം പുനർനിർമ്മാണമാണ്. തകർന്നതെല്ലാം അതേപടി നിർമ്മിക്കലല്ല നവകേരള നിർമ്മിതി.

60 ആണ്ട് പൂർത്തിയാക്കിയ ഐക്യകേരളത്തിന്റെ തനതായ വികസന മാതൃകയുടെ നേട്ടങ്ങളും കോട്ടങ്ങളും നമ്മുടെ ഭവനനിർമ്മാണ മേഖലയെ വൻതോതിൽ സ്വാധീനിച്ചിട്ടുണ്ട്. 1957 ലെ ഭൂപരിഷ്കരണത്തിലൂടെയും 1970 ൽ ജന്മിത്തം അവസാനിപ്പിച്ചതിലൂടെയും മലയാളി കൈവരിച്ച ആത്മവിശ്വാസവും അഭിമാനബോധവും ഭവനനിർമ്മാണ മേഖലയിലും പ്രതിഫലിച്ചിട്ടുണ്ട്. മലയാളി ഈ കാലയളവിൽ ആർജ്ജിച്ച സാമൂഹികവും വൈജ്ഞാനികവും സാമ്പത്തികവുമായ കരുത്ത് വിളംബരം ചെയ്യുന്നതാണ് കേരളത്തിൽ നിർമ്മിക്കപ്പെട്ട ഭവനങ്ങളെല്ലാം. എന്നാൽ ക്രമേണ ആർഭാടവും പൊങ്ങച്ചവും ഔദ്ധ്യത്യവും നമ്മുടെ മനസിലേക്കും അതുവഴി വീടുകളിലേക്കും കടന്നുവന്നു. കമ്പോളവത്കരണത്തിന്റെ രാഷ്ട്രീയം നമ്മുടെ രാജ്യത്തെയാകെ സ്വാധീനിച്ചത് വഴി നമ്മുടെ വികസന സങ്കല്പങ്ങൾ വിനാശകരമായ മാറ്റങ്ങൾക്ക് വിധേയമായി. കൃഷിഭൂമിയും തണ്ണീർത്തടവും നെൽവയലും, കാടും കുന്നും മലയും പുഴയും കുളവും കായലും നാം കൈയേറി കെട്ടിടങ്ങളും റോഡുകളും പാലങ്ങളും എയർപോർട്ടുകളും ബസ് സ്റ്റാൻഡുകളും നിർമ്മിച്ചു. പരിസ്ഥിതി സൗഹൃദമല്ലാത്ത വികസന സങ്കല്പങ്ങൾക്ക് പിന്നാലെ നടന്ന ഭരണകൂടങ്ങളും ഉദ്യോഗസ്ഥവൃന്ദവും പരിസ്ഥിതി വിരുദ്ധ നിർമ്മാണങ്ങൾക്ക് മാന്യത ചാർത്തിക്കൊടുത്തു. പക്ഷേ, പ്രകൃതി ദുരന്തത്തിന്റെ ആഘാതത്തിൽ ഈ വികസന കുമിളകളെല്ലാം പൊട്ടിപ്പോകുന്നത് നാം കണ്ടു. പ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങാത്ത നിർമ്മിതികളൊന്നും കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിക്കില്ല എന്ന സമീപകാലപാഠം ആയിരിക്കണം ഇനിയങ്ങോട്ടുള്ള നിർമ്മാണ പ്രക്രിയയ്ക്ക് ദിശാബോധം പകരേണ്ടത്.

പ്രളയത്തിനുശേഷമുള്ള ഘട്ടം പുനർനിർമ്മാണമാണ്. നവകേരളത്തിൽ വെറും ഭവനനിർമ്മാണമല്ല , നവസമൂഹ നിർമ്മാണമാണ് നടക്കേണ്ടത്. വികസന പ്രക്രിയയിൽ നാം അനുവർത്തിച്ചുവന്ന തെറ്റുകൾ ഇനിയും ആവർത്തിക്കണമോ അതോ ഭാവിതലമുറയ്ക്ക് ഉപകാരപ്പെടുംവിധം പരിസ്ഥിതിക്ക് ഇണങ്ങുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമോ എന്നതാണ് ഇന്നത്തെ ചിന്താവിഷയം. വികസനത്തെ സംബന്ധിച്ച് നമ്മുടെ കാഴ്ചപ്പാടുകൾ മാറേണ്ടിയിരിക്കുന്നു. പരിസ്ഥിതി സൗഹൃദ വികസന പ്രക്രിയയിലേക്ക് പോകുകയും പ്രകൃതിയെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും വേണം. നിയന്ത്രണമില്ലാത്ത വികസന പ്രവർത്തനങ്ങൾ ആവാസവ്യവസ്ഥയെ തന്നെ തകിടം മറിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. റവന്യൂ വകുപ്പിന്റെ കണക്കനുസരിച്ച് ഏകദേശം 15000 വീടുകളാണ് ഈ പ്രളയകാലത്ത് പൂർണമായി തകർന്നത്. ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം 125000 ഓളം വരും. ഇവ വാസയോഗ്യമാക്കണമെങ്കിൽ വൻതോതിലുള്ള അറ്റകുറ്റപ്പണിയും പുനർനിർമ്മാണവും ആവശ്യമായി വരും. ഭവന നിർമ്മാണ സാമഗ്രികളുടെ വലിയ ആവശ്യമാണ് സംസ്ഥാനത്തിനകത്ത് ഉയർന്നുവരിക. ഇത് നേരിടുന്നതിന് ബദൽ നിർമ്മാണ മാർഗങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## മാറണം നിർമ്മാണശീലങ്ങൾ

കേരളത്തിലെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നാം തുടർന്നുവരുന്ന പൊതുശീലത്തിന് മാറ്റം വരുത്തേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ആവശ്യത്തിനും സൗകര്യത്തിനുമുള്ള വീട് എന്നതിന് പകരം ആർഭാടത്തിനും പൊങ്ങച്ചത്തിനും ഉള്ളത് എന്ന നിലയ്ക്ക് വീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. എല്ലാവർക്കും പാർപ്പിടം ഒരുക്കുക എന്നത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്. എന്നാൽ ഭാവിയിലെ വീടുകൾ എങ്ങനെയായിരിക്കണമെന്നും എവിടെയായിരിക്കണമെന്നതും സംബന്ധിച്ച് ഒരു പൊതുനിലപാട് രൂപീകരിക്കേണ്ടതുണ്ട്.

## അനുവദിക്കില്ല അനിയന്ത്രിത നിർമ്മാണം

എല്ലാ സ്ഥലങ്ങളിലും അനിയന്ത്രിതമായ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുവാദം നൽകാൻ ഇനി കഴിയില്ല. പരിസ്ഥിതിലോല പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കുന്ന നിലപാടായിരിക്കും സർക്കാർ പൊതുവെ സ്വീകരിക്കുന്നത്. ജനസംഖ്യാ വർദ്ധനവിന് അനുസരണമായി വീടുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വീടുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് നിയന്ത്രിക്കാനുള്ള ഉപാധികളെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. പ്രാഥമികമായി ഭാവിയിൽ നിർമ്മിക്കുന്ന വീടുകൾ ചെലവ് കുറഞ്ഞതും ഊർജ്ജക്ഷമവും പരിസ്ഥിതി സൗഹൃദവും ദുരന്ത പ്രതിരോധ ശേഷിയുള്ളതും ആയിരിക്കാൻ നാം നിഷ്കർഷത പുലർത്തേണ്ടിയിരിക്കുന്നു.

വീടുകളുടെ നിർമ്മാണം എങ്ങനെ എവിടെ എന്ന കാര്യത്തിൽ പൊതു സമൂഹവും ഒരു പുനർ ആലോചന നടത്താൻ തയ്യാറാകണം. ഭാവിയിലെ ഓരോ നിർമ്മാണ പ്രവർത്തനവും പ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങുന്നതും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ പ്രാപ്തവുമായിരിക്കണം.

> വീടുകളുടെ നിർമ്മാണം എങ്ങനെ എവിടെ എന്ന കാര്യത്തിൽ പൊതുസമൂഹവും ഒരു പുനരാലോചന നടത്താൻ തയ്യാറാകണം. ഭാവിയിലെ ഓരോ നിർമ്മാണ പ്രവർത്തനവും പ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങുന്നതും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ പ്രാപ്തവുമായിരിക്കണം

## പ്രകൃതിവിഭവങ്ങൾ പൊതുസമ്പത്ത്

പ്രകൃതിവിഭവങ്ങൾ നാടിന്റെ പൊതു സമ്പത്താണ്. ധനലഭ്യത പ്രകൃതി വിഭവ ചൂഷണത്തിനുള്ള ലൈസൻസ് അല്ല. അതുകൊണ്ടു തന്നെ ധനം ചെലവഴിക്കാനുള്ള സാധ്യത ഉണ്ട് എന്നതുകൊണ്ട് മാത്രം പ്രകൃതി വിഭവങ്ങളെ ഇഷ്ടംപോലെ ചൂഷണം ചെയ്തുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാൻ കഴിയില്ല. സാമ്പത്തിക അസമത്വം എന്നത് സാധാരണക്കാരന്റെ തലയ്ക്കുമീതെ ഒരു കൂരയെന്നുള്ള ആഗ്രഹത്തിന് തടസമാകുന്ന വിധത്തിലുള്ള വിഭവ ദാരിദ്ര്യത്തിനുള്ള കാരണമാകരുത്. നവകേരള നിർമ്മിതിക്കുള്ള പദ്ധതികൾക്ക് രൂപം നൽകുമ്പോൾ വിഭവങ്ങളുടെ നീതിപൂർവമായ വിതരണത്തിന് മുൻഗണന നൽകും. സാമൂഹികവും സാമ്പത്തികവുമായ സന്തുലിതാവസ്ഥ നിലനിറുത്താൻ ഉതകുന്ന ഒരു ഭവനനിർമ്മാണ സംസ്കാരം രൂപപ്പെടുത്താനുള്ള കടമയെക്കുറിച്ചാണ് ഇക്കഴിഞ്ഞ ലോക പാർപ്പിടദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

# ശബരിമലയുടെ വിശുദ്ധി സംരക്ഷിക്കണം



ഡോ.വി.കെ.ജയകുമാർ

കഴിഞ്ഞ അൻപത്തിയഞ്ച് വർഷമായി മുടക്കമില്ലാതെ ശബരിമലയിലെത്തി ദർശനം നടത്തുന്ന അയ്യപ്പഭക്തനാണ് ഞാൻ. കോടിക്കണക്കിന് അയ്യപ്പഭക്തരുടെ പുണ്യദേവാലയമായ ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളെ പ്രവേശിപ്പിക്കാനുള്ള സുപ്രീംകോടതി ഉത്തരവിനെ ഒരു നല്ല വിധിയായും ദുർവിധിയായും കരുതുന്നവരുണ്ട്. ശബരിമല ധർമ്മശാസ്താക്ഷേത്രത്തിൽ കേരളത്തിനകത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് ഭക്തരാണ് വർഷം തോറും ദർശനം നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ഹൈന്ദവ ക്ഷേത്രമാണെങ്കിൽ പോലും എല്ലാ അന്യമത വിശ്വാസികളായ പുരുഷന്മാർക്കും നിശ്ചിത പ്രായത്തിലുള്ള സ്ത്രീകൾക്കും ഇവിടെ പ്രവേശിച്ച് പ്രാർത്ഥിച്ച് അനുഗ്രഹം നേടാനാകും. എന്നാൽ ക്ഷേത്രാചാരമനുസരിച്ച് രജസ്വലയായ സ്ത്രീക്ക് ശബരിമലയിൽ ഇതുവരെ പ്രവേശനമില്ലായിരുന്നു. നൈഷ്ഠികബ്രഹ്മചാരിയായ ദേവനാണ് സ്വാമി അയ്യപ്പൻ എന്ന വിശ്വാസം ക്ഷേത്രാരംഭകാലം മുതൽ ഹൈന്ദവസമൂഹത്തിൽ പ്രബലമാണ്. നാൽപ്പത്തിയൊന്ന് ദിവസത്തെ വ്രതം നോറ്റാണ് അയ്യപ്പസ്വാമിയെ ആദ്യമായി ദർശിക്കേണ്ടത്. ആർത്തവം കൈവരിച്ച സ്ത്രീക്ക് ഈ വ്രതാനുഷ്ഠാനം സാദ്ധ്യമാവില്ലല്ലോ. അതുകൊണ്ടാണ് ആർത്തവകാലത്ത് പ്രവേശനം അനുവദിക്കാതിരുന്നത്.

സ്ത്രീക്കും പുരുഷനും സമൂഹത്തിലെ എല്ലാ പൊതുസ്ഥലങ്ങളിലും തുല്യത നൽകുന്നത് തന്നെയാണ് ശരിയായ സംസ്കാരം. തികഞ്ഞ ഈശ്വര വിശ്വാസികളാണ് തങ്ങളുടെ പുണ്യപാപങ്ങളുടെ ചുമടുമായി ഭക്തിപ്രചുരിമയോടെ മല ചവിട്ടി, ഭഗവാന്റെ മുന്നിലെത്തി, ഭഗവാനെ വാഴ്ത്തി, സങ്കടങ്ങൾ പറഞ്ഞ് അനുഗ്രഹം നേടി മനഃശാന്തിയും സായൂജ്യവുമടയുന്നത്. സ്ത്രീയെ ബഹുമാനിക്കുന്നതാണ് ഭാരതീയ സംസ്കാരം. എന്നാൽ നമ്മുടെ മൂല്യങ്ങളും ആചാരങ്ങളും മറന്നുള്ള എടുത്തുചാട്ടങ്ങൾ സമബുദ്ധിയുള്ള ഋതുമതികളായ സ്ത്രീകൾക്ക് നിരക്കാത്തതാണ്. എല്ലാ പ്രായത്തിലെ സ്ത്രീകൾക്കും ഒരു നിയന്ത്രണവുമില്ലാതെ ക്ഷേത്രത്തിൽ പ്രവേശിക്കാമെന്നായാൽ ഋതുമതികളും വ്രതനിഷ്ഠയില്ലാതെ ക്ഷേത്രത്തിലെത്തും അന്യമതസ്ഥരായ സ്ത്രീകൾ പോലും ആർത്തവസമയത്ത് അവരുടെ ദേവാലയക്കുദാശകളിലും പ്രാർത്ഥനയിലും എത്താറില്ലെന്നോർക്കണം.

സ്ത്രീകൾ ധാരാളമായി ദർശനത്തിനെത്തുന്നതോടെ പലതരത്തിലുള്ളക്രമസമാധാന പ്രശ്നങ്ങളും ഉടലെടുക്കും എന്നതാണ് വേറൊരു വശം. തിക്കിലും തിരക്കിലും ചിലരെങ്കിലും സ്ത്രീകൾക്ക് നേരെ അതിക്രമം കാട്ടിക്കൂടെന്നും ഇല്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് പൊലീസിനും തലവേദന സൃഷ്ടിക്കും, പ്രത്യേകിച്ചും മണ്ഡലകാലം പോലെ ജനലക്ഷങ്ങളുടെ തീർത്ഥാടന നാളുകളിൽ. കാനനപാതയിലൂടെയുള്ള യാത്രയും ദുഷ്കരമാണ്. ഇവിടെയെല്ലാം സ്ത്രീയുടെ സുരക്ഷ ഉറപ്പാക്കൽ എന്നത് സർക്കാരിനും പൊലീസിനും സമ്മർദ്ദം സൃഷ്ടിക്കുമെന്ന കാര്യവും ഉറപ്പാണ്. ഭക്തിയുടെ അന്തരീക്ഷം നിലനിൽക്കുന്ന അയ്യപ്പസന്നിധിയിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ഷണിച്ചുവരുത്തുന്നത് ഭൂഷണമാണോ? നാല്പത്തിയൊന്ന് നാൾ വ്രതം നോറ്റ് ഭക്തിയോടെ, പ്രാർത്ഥനയോടെ, ക്ഷേത്രാങ്കണത്തിലെത്തുന്ന മറ്റ് അയ്യപ്പഭക്തർക്കും പ്രയാസങ്ങൾ സൃഷ്ടിക്കില്ലേ? സ്ത്രീപ്രവേശനത്തിന്റെ പേരിൽ മുറവിളി കൂട്ടുന്നവർ ഇതിന്റെ പേരിൽ ഉണ്ടാകുന്നമറ്റ് പ്രശ്നങ്ങൾ അവഗണിക്കുകയാണ്.

സുപ്രീംകോടതി ഇത്രയും നിർഭാഗ്യകരമായവിധി പ്രസ്താവിച്ചത് ക്ഷേത്രത്തെക്കുറിച്ചും ഇവിടത്തെ കീഴ്‌വഴക്കങ്ങളെക്കുറിച്ചും ആരാധനാസമ്പ്രദായങ്ങളെക്കുറിച്ചും ശബരിമലയുടെ പ്രത്യേക സവിശേഷതകളെക്കുറിച്ചും കോടതിയെ തന്മയത്വമായി ബോദ്ധ്യപ്പെടുത്താൻ ആർക്കും കഴിയാത്തതു കൊണ്ടാവണം. സാർവത്രിക സ്ത്രീപ്രവേശം നിയമം മൂലം തന്നെ തടയാനുള്ള നിലപാടുകൾക്കായി ദേവസ്വം ബോർഡ്, ക്ഷേത്രം തന്ത്രി, പന്തളം രാജകുടുംബം, കേരളത്തിലെയും അന്യസംസ്ഥാനങ്ങളിലെയും അയ്യപ്പഭക്തന്മാർ എന്നിവർ ഒന്നടങ്കം മുന്നിട്ടിറങ്ങണം. ഇന്ത്യയിലെ ഏറ്റവും സമുന്നതരായ അഭിഭാഷകരെ എത്ര പണം മുടക്കിയും നിയോഗിക്കുകയും, ബന്ധപ്പെട്ടവർ അഭിഭാഷകരെ കൃത്യമായി ബോധവത്കരിച്ച് ശബരിമലയിലെ നിജസ്ഥിതികളും സങ്കടങ്ങളും പരമോന്നത കോടതിയെ ബോദ്ധ്യപ്പെടുത്തി അനുകൂലവിധി നേടുകയും വേണം

*(ലേഖകൻ ശബരിഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാനാണ്. ഫോൺ : 9447047599)*

## വായനക്കാർ പറയുന്നു

www.keralakaumudi.com/letters

# ദേവസ്വം ബോർഡ് നിയമനങ്ങളിൽ ജാതി-മത വിവേചനം പാടില്ല

നീതിനിർവഹണം ഏറ്റവും വേഗത്തിൽ ലഭ്യമായ സാഹചര്യങ്ങളിൽ നടപ്പാക്കുക എന്നതാണ് ഏതൊരു ഭരണാധികാരിയുടെയും പ്രധാന ഉത്തരവാദിത്തം. ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ സുപ്രീംകോടതി വിധി വിവേചനം അവസാനിപ്പിക്കാൻ സൗകര്യമൊരുക്കിയെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പ്രസ്താവിക്കുകയുണ്ടായി.

സ്ത്രീവിവേചനം അവസാനിപ്പിക്കണമെന്നാവശ്യപ്പെടുകയും അതിനവസരം ലഭിച്ചപ്പോൾ അത് തടസ്സപ്പെടുത്തുന്ന നടപടികളുമാണ് കോൺഗ്രസും ബി.ജെ.പിയും സ്വീകരിക്കുന്നതെന്നുമാണ് അദ്ദേഹത്തിന്റെ ആക്ഷേപം. ഈ സന്ദർഭത്തിൽ ജാതി വിവേചനം അവസാനിപ്പിച്ചുകൊണ്ടുള്ള 2002ലെ സുപ്രീം കോടതി വിധി ഏവരും ശ്രദ്ധിക്കേണ്ടതാണ്. ശബരിമലയിലും മാളികപ്പുറത്തും മേൽശാന്തി നിയമനം മലയാള ബ്രാഹ്മണർക്കു മാത്രമായി പരിമിതപ്പെടുത്തിയത് മൗലികാവകാശ ലംഘനവും മനുഷ്യാവകാശ ലംഘനവും നീതിക്കു നിരക്കാത്തതുമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നിരവധി തവണ പരാതികളുണ്ടായിട്ടും ഇടതു-വലതു സർക്കാരുകളൊന്നും അതിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല. ഈ വർഷവും മലയാള ബ്രാഹ്മണരിൽ നിന്ന് മാത്രമാണ് ദേവസ്വം ബോർഡ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഗവൺമെന്റ് ആ നടപടി അടിയന്തരമായി റദ്ദാക്കി അർഹതയും യോഗ്യതയുമുള്ള ഇതര ഹിന്ദു സമുദായത്തിൽപ്പെട്ടവരെയും പരിഗണിക്കണം. ദേവസ്വം ബോർഡിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മതസ്ഥാപനങ്ങളല്ല. അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ മുസ്ലിം, ക്രിസ്ത്യൻ അടക്കം എല്ലാ മതവിഭാഗങ്ങളിലും പെട്ടവരാണ്. ആ സ്ഥാപനത്തിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം നൽകുന്നത് സർക്കാർ ഖജനാവിൽ നിന്നാണ്. എന്നാൽ, അദ്ധ്യാപക - അനദ്ധ്യാപക നിയമനങ്ങൾക്ക് ഹിന്ദുക്കളിൽ നിന്ന് മാത്രമാണ് അപേക്ഷ സ്വീകരിക്കുന്നതും അവസരം നൽകുന്നതും. ഈ നടപടി അടിയന്തരമായി അവസാനിപ്പിക്കേണ്ടതുണ്ട്. എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലും സംവരണം അനുവദിക്കണമെന്നാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ നയമെന്ന് പലപ്പോഴും പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. അതിനായി സുപ്രീംകോടതിയെ സമീപിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അദ്ധ്യാപക നിയമനത്തിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ സംവരണം പാലിക്കാതെയാണ്.

ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ദളിത് -പിന്നാക്ക സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാവണം. ഇങ്ങനെ പൊതുസമൂഹത്തിന്റെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും വിശ്വാസമാർജ്ജിക്കാനും സർക്കാരിനും ഇടതുപക്ഷ പാർട്ടികൾക്കുമുള്ള ആത്മാർത്ഥത തെളിയിക്കാനും തയ്യാറാവണം. ശബരിമലയിലെ സ്ത്രീ പ്രവേശ വിഷയവുമായി ബന്ധപ്പെട്ട് പട്ടിക-പിന്നാക്ക ജനവിഭാഗങ്ങളെയും കൂട്ടി തെരുവിലേക്കിറങ്ങുന്ന സവർണ താത്പര്യക്കാർ ദേവസ്വം ബോർഡിലെ ശാന്തി നിയമനത്തിലും ദേവസ്വം ബോർഡിനു കീഴിലുള്ള അദ്ധ്യാപക - അനദ്ധ്യാപക നിയമനങ്ങളിലും നടത്തുന്ന ജാതി- മതവിവേചനം കൂടി ഇല്ലാതാക്കണം

വി.ആർ. ജോഷി കോ- ഓർഡിനേറ്റർ
നാഷണൽ ഫോറം ഫോർ
എൻഫോഴ്സ്മെന്റ് സോഷ്യൽ ജസ്റ്റിസ്



## ശബരിമല: കോൺഗ്രസ് വിശ്വാസികൾക്കൊപ്പം- മുല്ലപ്പള്ളി

കണ്ണൂർ: ശബരിമല വിഷയത്തിൽ വിശ്വാസികൾക്കൊപ്പമാണ് കോൺഗ്രസെന്നും ഇക്കാര്യത്തിൽ ഒരൊറ്റ നിലപാട് അവകാശപ്പെടാൻ കോൺഗ്രസിനു മാത്രമേ കഴിയുകയുള്ളൂവെന്നും കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. കണ്ണൂരിൽ മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സി.പി.എമ്മിനും ബി.ജെ.പിക്കുമാണ് ഈ വിഷയത്തിൽ ഇരട്ടത്താപ്പ്.

വിശ്വാസവുമായി ബന്ധപ്പെട്ട കൃത്യമായ കാഴ്ചപ്പാട് കോൺഗ്രസിനുണ്ട്. അത് ജവഹർലാൽ നെഹ്റു തൊട്ടുള്ള മഹാന്മാരായ നേതാക്കൾ നമ്മളെ പഠിപ്പിച്ച കാര്യമാണ്.





## സംവിധായകൻ സുകു മേനോൻ അന്തരിച്ചു

ചെന്നൈ: ചലച്ചിത്ര സംവിധായകൻ സുകുമേനോൻ (78) ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു. ചെന്നൈ മദ്രാസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ ബുധനാഴ്ച രാത്രിയായിരുന്നു അന്ത്യം. സിദ്ധിഖിനെ കേന്ദ്ര കഥാപാത്രമാക്കി 'അച്ഛൻ തന്ന ഭാര്യ' എന്ന ചിത്രത്തിന്റെ പണിപ്പുരയിലായിരുന്നു അദ്ദേഹം. തിലകൻ പ്രധാന വേഷത്തിലെത്തിയ 2011ൽ റിലീസ് ചെയ്ത 'കളഭമഴ'യാണ് അവസാന ചിത്രം. 1990-ൽ പുറത്തിറങ്ങിയ 'നമ്മുടെ നാട്' എന്ന ചിത്രത്തിലൂടെയാണ് സംവിധാന രംഗത്തേക്ക് വരുന്നത്. കോമഡി കിംഗ് എന്ന ചിത്രവും സംവിധാനം ചെയ്തിട്ടുണ്ട്.1975 ൽ തൃശൂർ ആകാശവാണിയിൽ നിന്നും രാജി വച്ചാണ് സുകുമേനോൻ ചെന്നൈയിലെത്തിയത്.

ആദ്യകാല സംവിധായകൻ വേണുവിന്റെ സഹോദരനായിരുന്നു. വേണുവിനൊപ്പം നിരവധി ചിത്രങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഫുട്ബോൾ മത്സരങ്ങളുടെയും തൃശൂർ പൂരത്തിന്റെയും ടെലിവിഷൻ കമന്റേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് ഉച്ചക്ക് ശേഷം ചെന്നൈയിൽ നടക്കും.

## മന്ത്രിയുടെ വീട്ടിലേക്ക് യുവമോർച്ച മാർച്ച്: സംഘർഷം

തിരുവനന്തപുരം : ശബരിമല യുവതീ പ്രവേശനത്തിൽ സർക്കാരിന്റെ അനുകൂല നിലപാടിൽ പ്രതിഷേധിച്ച് മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ തൈക്കാട്ടെ ഔദ്യോഗിക വസതിയിലേക്ക് യുവമോർച്ച നടത്തിയ മാർച്ച് അക്രമാസക്തമായി. എട്ടു യുവമോർച്ച പ്രവർത്തകർക്കും നാലു പൊലീസുകാർക്കും പരിക്കേറ്റു.

സംഗീതകോളേജിന് സമീപത്ത് നിന്നാരംഭിച്ച പ്രകടനം മന്ത്രിയുടെ വസതിക്ക് സമീപം ബാരിക്കേഡ് വച്ച് പൊലീസ് തടഞ്ഞു. പ്രവർത്തകർ ബാരിക്കേഡ് തകർത്ത് തള്ളിക്കയറാൻ ശ്രമിച്ചു. തുടർന്ന് പൊലീസിന് നേർക്ക് കല്ലേറുണ്ടായി. കല്ലേറ് വർദ്ധിച്ചതോടെ പൊലീസ് ജലപീരങ്കിയും കണ്ണീർവാതകഷെല്ലുകളും പ്രയോഗിച്ചു. വിഷ്ണു, രഞ്ജിത്ത്, ശ്യാം, വിനേഷ്, രാമേശ്വരം ഹരി, ശ്രീലാൽ, പൂങ്കുളം സതീഷ് എന്നിവർക്ക് പരിക്കേറ്റു. തലയ്ക്കു പരിക്കേറ്റ വിഷ്ണു, രഞ്ജിത്ത് എന്നിവർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. പ്രവർത്തകരുടെ കല്ലേറിൽ എ.ആർ ക്യാമ്പിലെ നാലു പൊലീസുകാർക്കും പരിക്കേറ്റു. ക്യാമ്പിലെ ശരത് ജനറൽ ആശുപത്രിയിൽ ചികിത്സതേടി. ഒരു മണിക്കൂറോളം നീണ്ട സംഘർഷത്തിനൊടുവിൽ പൊലീസ് അകാരണമായി മർദ്ദിച്ചെന്നാരോപിച്ച് പ്രവർത്തകർ റോഡ് ഉപരോധിച്ചു.

## ശബരിമല : പ്രക്ഷോഭം ശക്തമാക്കാൻ ഹിന്ദുനേതൃ സമ്മേളന തീരുമാനം

കോട്ടയം: ശബരിമല യുവതീ പ്രവേശന വിഷയത്തിൽ വിവിധ ഹൈന്ദവ സംഘടനകളുമായി ചേർന്ന് പ്രക്ഷോഭം ശക്തമാക്കാൻ ഹിന്ദു നേതൃസമ്മേളനത്തിൽ തീരുമാനം. ഗുരുസ്വാമിമാരെ പങ്കെടുപ്പിച്ച് സമ്പർക്ക യാത്രകളും വിവിധ കേന്ദ്രങ്ങളിൽ സന്യാസി സമ്മേളനങ്ങളും സംഘടിപ്പിക്കും. 17ന് നിലയ്ക്കലിലും എരുമേലിയിലും സമൂഹപ്രാർത്ഥന നടത്തും. മുഴുവൻ എം.എൽ.എമാരെയും നേരിൽ കണ്ട് പിന്തുണ അഭ്യർത്ഥിക്കും.

ഹൈന്ദവ ആത്മീയ ആചാര്യന്മാരും, വിവിധ സാമുദായിക സംഘടനാ പ്രതിനിധികളും, താന്ത്രിക ആചാര്യന്മാരും ഉൾപ്പെടെ 65 പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുത്തത്. മാർഗദർശക മണ്ഡൽ ജനറൽ സെക്രട്ടറി സ്വാമി സത്യസ്വരൂപാനന്ദ അദ്ധ്യക്ഷത വഹിച്ചു. അയ്യപ്പ സേവാസമാജം പ്രസിഡന്റ് സ്വാമി അയ്യപ്പദാസ് ചർച്ച നയിച്ചു.

## കുസാറ്റ് വി.സിയുടെ ചുമതല പ്രൊഫസർ ആർ. ശശിധരന്

തിരുവനന്തപുരം: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) വൈസ്ചാൻസലറുടെ ചുമതല സീനിയർ പ്രൊഫസർ ആർ. ശശിധരന് നൽകി ചാൻസലറായ ഗവർണർ ജസ്റ്റിസ് പി.സദാശിവം ഉത്തരവിറക്കി. വി.സി ഡോ.ജെ. ലതയുടെ കാലാവധി ഈ മാസം 19ന് അവസാനിക്കുന്നതിനാലാണ് നടപടി. സർവകലാശാലയിലെ ഹിന്ദി വിഭാഗം പ്രൊഫസറായ ശശിധരന് ചുമതല നൽകാനുള്ള സർക്കാർ ശുപാർശ ഗവർണർ അംഗീകരിക്കുകയായിരുന്നു. ശശിധരൻ 20ന് ചുമതലയേൽക്കും. പുതിയ വി.സിയെ കണ്ടെത്തുന്നതിനായുള്ള മൂന്നംഗ സെർച്ച് കമ്മിറ്റിയും രൂപീകരിച്ചു.

# കായംകുളത്തു പോകാതെ കൊച്ചുണ്ണി വന്നു, ആവേശത്തോടെ പ്രേക്ഷകർ

തിരുവനന്തപുരം: നിവിൻ പോളിനിറഞ്ഞുനില്ക്കുന്ന കായംകുളം കൊച്ചുണ്ണിയിൽ ഇത്തിക്കര പക്കിയായി മോഹൻലാൽ പ്രവേശിക്കുമ്പോൾ പ്രേക്ഷകർ ആവേശഭരിതരായി. നിറഞ്ഞ കരഘോഷത്തോടെ ലാലേട്ടനെ വരവേറ്റവർ തിയേറ്റർ വിട്ടിറങ്ങുമ്പോൾ പരസ്പരം പറഞ്ഞു: നിവിൻ പോളി കലിക്കി. റോഷൻ ആൻഡ്രൂസിന്റെ സംവിധാനത്തിൽ ഒരുങ്ങിയ കായംകുളം കൊച്ചുണ്ണിക്ക് ഇന്നലെ തിയേറ്ററുകളിൽ നല്ല വരവേല്പായിരുന്നു.

കേരളത്തിനകത്തും പുറത്തുമായി 500 തിയേറ്ററുകളിൽ ഇന്നലെ പ്രദർശനം തുടങ്ങി. തലസ്ഥാനത്തെ വിവിധ തിയേറ്ററുകളിൽ ആദ്യ പ്രദർശനത്തിനുതന്നെ വലിയ തിരക്കായിരുന്നു. 45 കോടി രൂപ ചെലവിൽ ഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലനാണ് കായംകുളം കൊച്ചുണ്ണിയുടെ നിർമ്മാണം. തിരക്കഥ ബോബി-സഞ്ജയ്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലെ കായംകുളം കൊച്ചുണ്ണിയുടെ കഥയ്ക്കൊപ്പം ഇത്തിക്കരപക്കിയെന്ന തസ്കര വീരന്റെ കഥ കൂടി വിളക്കിച്ചേർത്ത സിനിമയിൽ 19-ാം നൂറ്റാണ്ടിനെ കൃത്യമായി അടയാളപ്പെടുത്തുന്ന ലൊക്കേഷനുകളും കൂടിയായപ്പോൾ കൗതുകമേറി. മുതൽ മുടക്കിന്റെ മികവ് സാങ്കേതികതയിലും അവതരണത്തിലും ഏറെ പ്രകടം.



*കായംകുളം കൊച്ചുണ്ണി സിനിമയുടെ ആദ്യ പ്രദർശനം കണ്ടിറങ്ങിയ ആരാധകരുടെ ആഹ്ലാദപ്രകടനം. ന്യൂ തിയേറ്ററിനു മുന്നിൽ നിന്നുള്ള ദൃശ്യം*

## കായംകുളത്തുകാർ കണ്ടില്ല

കായംകുളം കൊച്ചുണ്ണിയെ ഇന്നലെ മലയാളക്കരയാകെ കണ്ടപ്പോൾ അതിനു ഭാഗ്യം ലഭിക്കാത്തതിന്റെ നിരാശയിലാണ് സ്വന്തം നാട്ടുകാർ. കായംകുളത്ത് തിയേറ്റർ ഇല്ലാത്തതാണ് കാരണം.

സിനിമയിലൂടെ കൊച്ചുണ്ണി കായംകുളത്തേക്ക് എത്തിയില്ലെങ്കിലും അവിടെ ഇന്നും വേരോടെ നിൽക്കുകയാണ് കൊച്ചുണ്ണിക്കഥകൾ. കൊച്ചുണ്ണിക്ക് ഇരുനൂറ് വയസ് തികഞ്ഞ വേളയിലാണ് ഗോകുലം ഗോപാലൻ നിർമ്മിച്ച 'കായംകുളം കൊച്ചുണ്ണി 'യുടെ വരവ്. കൊച്ചുണ്ണിയുമായി ബന്ധപ്പെട്ട് ചരിത്രാന്വേഷകർക്ക് വഴികാട്ടിയാകുന്ന നിരവധി തെളിവുകൾ കായംകുളത്ത് ഇന്നും അവശേഷിക്കുന്നു.

വാരണപ്പള്ളി തറവാട്ടിലും പത്തിയൂർ കരിക്കശേരി തറവാട്ടിലും അറപ്പുര വാതിലിലും പത്തായപ്പുരയിലും കൊച്ചുണ്ണി മോഷണം നടത്താൻ തുരന്നതിന്റെ ശേഷിപ്പുകൾ ഇന്നും അതുപോലെയുണ്ട്. കള്ളനാണെങ്കിലും കായംകുളത്തുകാർക്ക് കൊച്ചുണ്ണി ഒരു വീരനായകൻ കൂടിയാണ്. കേട്ടറിഞ്ഞ കൊച്ചുണ്ണിയെ കണ്ടറിയണമെങ്കിൽ ഇനി സമീപപ്രദേശങ്ങളിലെ തിയേറ്ററുകളെ ആശ്രയിക്കണം കായംകുളത്തുകാർ.

# വീണ്ടും തളിരിടുന്നു, സോളാർ

■സൗരപദ്ധതിക്ക് 6000 അപേക്ഷകർ

▸പി.എച്ച്.സനൽകുമാർ

തിരുവനന്തപുരം: കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് വിവാദങ്ങളിൽ കുടുങ്ങി വാടിത്തളർന്ന സോളാർ പദ്ധതി വീണ്ടും തളിരിടുന്നു. ദേശീയ സൗരോർജ്ജ വികസന പദ്ധതിയുടെ ചുവടുപിടിച്ച് സംസ്ഥാനം ആവിഷ്കരിച്ച സൗര പദ്ധതിയിലേക്ക് എത്തിയത് 6000 അപേക്ഷകൾ. ഇതിൽ പകുതിയും കൊച്ചിയടക്കമുള്ള നഗരങ്ങളിൽ നിന്നാണ്. തെക്കൻ ജില്ലകളിൽ നിന്ന് അപേക്ഷകർ കുറവാണ്.




വീടിനു മുകളിൽ സോളാർ പാനൽ പിടിപ്പിച്ചാൽ ഉണ്ടാകുന്ന വൈദ്യുതിയത്രയും നിശ്ചിതവിലയ്ക്ക് കെ.എസ്.ഇ.ബി വാങ്ങുമെന്ന ഉറപ്പാണ് സോളാറിന് പിന്തുണ കൂടാൻ കാരണം. വേണ്ടിവന്നാൽ റൂഫ്ടോപ് സോളാർ പാനലും കെ.എസ്.ഇ.ബി ഉണ്ടാക്കിക്കൊടുക്കും. ഇതുമായി ബന്ധപ്പെട്ട് മൂന്ന് തരത്തിലുള്ള ഓപ്ഷനുകളാണ് കെ.എസ്.ഇ.ബി മുന്നോട്ടുവച്ചിരിക്കുന്നത്. ഇതുവരെ ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. ഒരു കിലോവാട്ട് സോളാർ വൈദ്യുതിയുണ്ടാക്കാൻ 12 ച. മീറ്റർ സ്ഥലം വേണം. സോളാർ പാനലുകളുടെ ലഭ്യതക്കുറവാണ് ഉടനടി പദ്ധതി നടപ്പാക്കുമ്പോഴുള്ള തടസം.

മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ അഞ്ച് ശതമാനമെങ്കിലും സോളാറിൽനിന്ന് കണ്ടെത്തണമെന്നാണ് കേന്ദ്രസർക്കാരിന്റെ വ്യവസ്ഥ. അതു കണക്കിലെടുത്താണ് കൂടുതൽ ആകർഷകമായി സോളാർ പദ്ധതി വീണ്ടും അവതരിപ്പിക്കാൻ വൈദ്യുതി ബോർഡ് നിർബന്ധിതമായത്. 2022 ഓടെ സംസ്ഥാനത്ത് 1000 മെഗാവാട്ട് സോളാർ വൈദ്യുതി കണ്ടെത്തുകയാണ് ബോർഡിന്റെ ലക്ഷ്യം. നിലവിൽ 117.74 മെഗാവാട്ടാണ് സോളാർ വൈദ്യുതി ഉത്പാദനം. 1000 മെഗാവാട്ടിലെത്തിക്കാൻ 500 മെഗാവാട്ടും റൂഫ്ടോപ്പിലൂടെ കണ്ടെത്താമെന്നാണ് പ്രതീക്ഷ. ഇതിൽ 150 മെഗാവാട്ട് വീടുകൾക്കു മുകളിലും 250 മെഗാവാട്ട് വാണിജ്യ സ്ഥാപനങ്ങളുടെയും മറ്റും മുകളിലും ശേഷിക്കുന്ന 100 മെഗാവാട്ട് സർക്കാർ സ്ഥാപനങ്ങളുടെ മുകളിലും സോളാർ ഘടിപ്പിച്ച് സമാഹരിക്കും.

### സോളാർ കേസ്

സോളാർ വൈദ്യുതി ഉത്പാദനം കുത്തനെ ഉയർത്താൻ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയനുസരിച്ച് സോളാർ വൈദ്യുതി ഉത്പാദനകമ്പനികൾക്ക് 50ശതമാനം സബ്സിഡിയും ഗ്രീൻ ചാനൽ അനുമതിസംവിധാനവും തുടങ്ങി. ഈ അവസരം ഉപയോഗിച്ച് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുമായുള്ള പരിചയം മുതലെടുത്ത് സരിതാ നായരും മറ്റ് ഏതാനും പേരുമായി ചേർന്ന് തുടങ്ങിയ സ്വകാര്യ സംരംഭമായിരുന്നു ടീംസോളാർ. കേരളത്തിൽ സൗരോർജ്ജഫാമുകളും കാറ്റാടിപ്പാടങ്ങളും സ്ഥാപിക്കാമെന്ന വാഗ്ദാനം ചെയ്ത് നൂറോളം പേരെ 70000രൂപ മുതൽ 50ലക്ഷം രൂപവരെ തട്ടിച്ചുവെന്നാണ് കേസ്.

### ഒരുലക്ഷം മെഗാവാട്ട് സോളാർ വൈദ്യുതി

ലോകത്ത് കൂടുതൽ സോളാർ ഉത്പാദിപ്പിക്കുന്ന അഞ്ചാമത്തെ രാജ്യമാണ് ഇന്ത്യ. നിലവിൽ 23,000 മെഗാവാട്ടാണ് ഉത്പാദനം. 2022 ഓടെ ദേശീയ തലത്തിൽ ഒരുലക്ഷം മെഗാവാട്ട് സോളാർ വൈദ്യുതിയുണ്ടാക്കുകയാണ് ലക്ഷ്യം.

## ഹൈക്കോടതി നിർദ്ദേശം

# ശബരിമല ഫണ്ടിന് പ്രത്യേക അക്കൗണ്ട് വേണം

■ നിർദ്ദേശമില്ലാതെ ഉപയോഗിക്കരുത്

കൊച്ചി : ശബരിമല പുനരുദ്ധാരണത്തിന് തുക കണ്ടെത്താൻ സ്ഥാപിക്കുന്ന പ്രത്യേക ഭണ്ഡാരങ്ങളിലെയും കളക്ഷൻ സെന്ററുകളിലെയും വരുമാനം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കണമെന്നും കോടതിയുടെ നിർദ്ദേശമില്ലാതെ വിനിയോഗിക്കരുതെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

നിലയ്ക്കൽ, എരുമേലി, പമ്പ, സന്നിധാനം തുടങ്ങിയ സ്ഥലങ്ങളിൽ ഭണ്ഡാരങ്ങൾ സ്ഥാപിക്കുമ്പോൾ പമ്പ റിലീഫ് ഫണ്ടെന്ന് വെളുത്ത നിറമുള്ള പ്രതലത്തിൽ ചുവന്ന നിറത്തിൽ എഴുതി വയ്ക്കണം. ഭക്തരിൽ നിന്ന് ചെക്കായും ഓൺലൈനായും സംഭാവന സ്വീകരിക്കാൻ പമ്പയിലും സന്നിധാനത്തും കളക്ഷൻ സെന്ററുകൾ തുടങ്ങണം.

■ മണൽ നീക്കണം

പ്രളയത്തെത്തുടർന്ന് പമ്പയുടെമുകൾഭാഗത്ത് രണ്ടു കിലോമീറ്ററോളം ദൂരം നാലടി പൊക്കത്തിൽ മണൽ അടിഞ്ഞു കൂടിയത് നീക്കണം. മഴ പെയ്താൽ മണൽ വീണ്ടും പമ്പയിലേക്ക് എത്തുമെന്നതിനാലാണ് നിർദ്ദേശം. ഹിൽടോപ്പിലും ചക്കുപാലത്തും മണൽ വാരിക്കൂട്ടിയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് വിശദീകരിച്ചു.

ജല ലഭ്യതയ്ക്കായി കട്ടവാത്തോട് ചെക്ക് ഡാം നിർമ്മിക്കുന്നതിൽ വനം വകുപ്പ് എതിർപ്പ് അറിയിച്ചിട്ടുണ്ട്. ഇത് 28ന് ചേരുന്ന ബന്ധപ്പെട്ടവരുടെ യോഗത്തിൽ തീരുമാനിക്കാനും ഹൈക്കോടതി നിർദ്ദേശിച്ചു.



## തന്ത്രി കുടുംബം റിവ്യൂ ഹർജി നൽകി

ന്യൂഡൽഹി: ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ച വിധി പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ക്ഷേത്രം തന്ത്രി കുടുംബമായ താഴമൺ മഠത്തിനു വേണ്ടി തന്ത്രി കണ്ഠരര് രാജീവര് ഹർജി നൽകി.

അഡ്വ. മാലിനി പൊതുവാൾ മുഖേനെ നൽകിയ ഹർജിയിൽ കേസ് ഉയർന്ന ബെഞ്ചിന്റെ പരിഗണനയ്ക്ക് വിടണമെന്ന് ആവശ്യപ്പെടുന്നു. അഖില ഭാരതീയ മലയാളി സംഘ് ജനറൽ സെക്രട്ടറി ഷൈൻ പി. ശശിധർ, കേരളാ ക്ഷേത്ര സംരക്ഷണ സമിതിക്ക് വേണ്ടി സ്വാമി അയ്യപ്പദാസ്, മാതൃസമിതിക്ക് വേണ്ടി ഡോ.ഗീത എന്നിവരുടെ പുന:പരിശോധനാ ഹർജികളും ഇന്നലെ ഫയൽ ചെയ്തു. കേസിന്റെ വാദ സമയത്ത് തങ്ങൾ നൽകിയ സത്യവാങ്മൂലം അഞ്ചംഗ ഭരണഘടനാ ബെഞ്ച് പരിഗണിച്ചില്ലെന്ന് മലയാളി സംഘിന്റെ ഹർജിയിൽ പറയുന്നു.

### പുനഃപരിശോധന ഹർജി ഇന്ന് നൽകും : പി.സി. ജോർജ്

കായംകുളം : ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഇന്ന് സുപ്രീം കോടതിയിൽ പുനഃ പരിശോധനഹർജി ഫയൽ ചെയ്യുമെന്ന് പി.സി.ജോർജ്ജ് എം.എൽ.എ.പറഞ്ഞു. കായംകുളത്ത് നടന്ന അയ്യപ്പനാമസങ്കീർത്തനമഹാപദയാത്രയോടനുബന്ധിച്ച നടന്ന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

## ശബരിമല ഇടത്താവള സൗകര്യം കൂട്ടാൻ 4.5 കോടി

തിരുവനന്തപുരം: ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ഇടത്താവളങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് 4.5 കോടി രൂപ അനുവദിച്ചു.

പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ 23 പഞ്ചായത്തുകൾക്ക് 2 കോടി രൂപയും, 6 മുനിസിപ്പാലിറ്റികൾക്കായി ഒരു കോടിയും സ്പെഷ്യൽ ഗ്രാന്റായി 1.5 കോടിയുമാണ് അനുവദിച്ചത്. ഇടത്താവളങ്ങളിൽ കുടിവെള്ള സൗകര്യം, ബാത്ത് റൂം സംവിധാനം, വിശ്രമ കേന്ദ്രം, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കാനും മെച്ചപ്പെടുത്താനും ഈ തുക ഉപയോഗിക്കും.



*കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നടപടിക്കൾക്കെതിരെ യു.ഡി.എഫിന്റെ നേതൃത്വത്തിൽ നടക്കുന്ന സായാഹ്ന ധർണയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പഴവങ്ങാടി ഗണപതി ക്ഷേത്രത്തിന് മുന്നിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നിർവഹിക്കുന്നു. വി. എസ്. ശിവകുമാർ എം.എൽ.എ, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ എന്നിവർ സമീപം.*

## ഗവർണർ അനുവദിച്ചാൽ ബ്രൂവറി കോടതിയിലെത്തും: ചെന്നിത്തല

തിരുവനന്തപുരം: ഉത്തരവ് റദ്ദാക്കിയാലും ബ്രൂവറി ലൈസൻസ് അഴിമതിയാരോപണത്തിൽ നിന്ന് മുഖ്യമന്ത്രിക്കും എക്സൈസ് മന്ത്രിക്കും രക്ഷപ്പെടാനാവില്ലെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ബ്രൂവറി, റാഫേൽ അഴിമതി കേസുകളിൽ കേന്ദ്ര,സംസ്ഥാന സർക്കാരുകൾക്കെതിരെ യു.ഡി.എഫ് നിയോജകമണ്ഡലങ്ങളിൽ നടത്തിയ സായാഹ്ന ധർണയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

അഴിമതിനിരോധന വകുപ്പിലെ 17എ ഭേദഗതിയനുസരിച്ച് നേരിട്ട് കേസിന് പോകാനാവില്ല. അതുകൊണ്ടാണ് അനുമതിക്കായി ഗവർണറെ സമീപിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഗവർണർക്ക് മൂന്ന് കത്തുകൾ നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷ. ഉത്തരവ് റദ്ദാക്കിയാലും അഴിമതിക്ക് ശ്രമം നടത്തിയിട്ടുണ്ടെങ്കിൽ വിചാരണയിൽ നിന്ന് രക്ഷപ്പെടാനാവില്ല. ശബരിമല വിഷയത്തിൽ സംസ്ഥാനത്തെ വിശ്വാസികളുടെ വികാരം വ്രണപ്പെടുത്തുന്നതരത്തിലുള്ള സുപ്രീംകോടതി വിധി കൈകാര്യം ചെയ്യുന്നതിൽ മുഖ്യമന്ത്രി അവധാനത കാട്ടിയില്ല. ആചാരങ്ങൾ സംരക്ഷിക്കപ്പെടണമെന്നും ചെന്നിത്തല പറഞ്ഞു. യു.ഡി. എഫ്. തിരുവനന്തപുരം നിയോജകമണ്ഡലം കമ്മിറ്റി കിഴക്കേക്കോട്ടയിൽ നടത്തിയ പരിപാടിയിൽ ജില്ലാ കൺവീനർ ബീമാപള്ളി റഷീദ് അദ്ധ്യക്ഷത വഹിച്ചു. വി. എസ്. ശിവകുമാർ എം. എൽ. എ, യു.ഡി.എഫ് നേതാക്കളായ എം.പി.സാജു, പോൾ, രാംമോഹൻ, ഡി. സി. സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ തുടങ്ങിയവർ പങ്കെടുത്തു.

### ശബരിമല വിഷയത്തിൽ പ്രതിരോധം

## ഇടതുനയം ബോദ്ധ്യമാക്കാൻ ജനകീയ കൂട്ടായ്മകൾ

തിരുവനന്തപുരം: ശബരിമല സ്ത്രീപ്രവേശന വിധിയിൽ, മുഖ്യമന്ത്രി പിണറായി വിജയനെ മുന്നിൽനിറുത്തി സർക്കാരിന്റെയും മുന്നണിയുടെയും നിലപാടുകൾ വിശദീകരിച്ചുകൊണ്ടുള്ള ബഹുജന കൂട്ടായ്മകളൊരുക്കാൻ ഇടതുമുന്നണിയോഗം തീരുമാനിച്ചു.

30നകം ജില്ലാ ആസ്ഥാനങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിക്കും. 16ന് തിരുവനന്തപുരത്തും 23ന് പത്തനംതിട്ടയിലും 24ന് കൊല്ലത്തും നടക്കുന്ന വിശദീകരണയോഗങ്ങളിൽ മുഖ്യമന്ത്രിയും സി.പി.എം സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും സി.പി.ഐ സെക്രട്ടറി കാനം രാജേന്ദ്രനും പങ്കെടുക്കും. മന്ത്രിമാരുടെയടക്കം സൗകര്യങ്ങൾ നോക്കിയാവും മറ്റിടങ്ങളിലെ യോഗം. തുടർന്ന് എൽ.ഡി.എഫ് ജില്ലാ സമിതികൾ ചേർന്ന് പഞ്ചായത്തുതലം വരെയുള്ള വിശദീകരണയോഗങ്ങൾ നടത്തും. കുടുംബയോഗങ്ങളും സംഘടിപ്പിക്കും. കോടതിവിധിയുടെ മറവിൽ ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കുഴപ്പമുണ്ടാക്കാനാണ് യു.ഡി.എഫും സംഘപരിവാറും ശ്രമിക്കുന്നതെന്നും തെറ്റിദ്ധാരണയകറ്റാൻ ശരിയായ വിശദീകരണങ്ങൾ നൽകേണ്ടതുണ്ടെന്നും എൽ.ഡി.എഫ് കൺവീനർ എ. വിജയരാഘവൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിനായി വിശദമായ ലഘുലേഖകളും ഇറക്കും. സുപ്രീംകോടതി വിധി നടപ്പാക്കാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. വ്യത്യസ്ത സന്ദർഭങ്ങളിൽ സമാനവിധികളുണ്ടായപ്പോഴെല്ലാം നടപ്പാക്കുന്ന സമീപനമാണ് സർക്കാരുകളെടുത്തിട്ടുള്ളത്. മുസ്ലിം ദർഗയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് മഹാരാഷ്ട്രയിൽ ഹൈക്കോടതി വിധി വന്നപ്പോൾ അവിടത്തെ സർക്കാർ നടപ്പാക്കി. എന്നാൽ കേരളത്തിൽ ഇടതുസർക്കാരിനെ അട്ടിമറിക്കാനുള്ള സമരമാണ് ആർ.എസ്.എസും ബി.ജെ.പിയും യു.ഡി.എഫും മറ്റ് ചില വിഭാഗങ്ങളും ചേർന്ന് നടത്തുന്നത്. മുഖ്യമന്ത്രിയെ വ്യക്തിപരമായി ആക്രമിക്കൽ, മന്ത്രിമാരെ തടയൽ, ദേവസ്വം ഓഫീസുകൾ ആക്രമിക്കൽ എന്നിങ്ങനെയുള്ള പ്രകടനങ്ങളുടെ സ്വഭാവം ഇത് വ്യക്തമാക്കുന്നു. സ്വന്തം കൊടി ഒഴിവാക്കി ബി.ജെ.പി പരിപാടിക്ക് കോൺഗ്രസുകാർ പോകുന്നത് ഇന്നത്തെ ദേശീയരാഷ്ട്രീയ സാഹചര്യത്തിൽ എത്രത്തോളം ശരിയെന്ന് ചിന്തിക്കണം. അപകടകരമായ ഈ രാഷ്ട്രീയസാഹചര്യത്തിൽ വസ്തുതകളെ സമൂഹമദ്ധ്യത്തിൽ തുറന്നുകാട്ടേണ്ടത് എൽ.ഡി.എഫിന്റെ കടമയാണ്. മുഖ്യമന്ത്രിയുമായി ചർച്ചയ്ക്ക് തന്ത്രികുടുംബം സന്നദ്ധമാവാത്തതിനെപ്പറ്റി ചോദിച്ചപ്പോൾ, എപ്പോൾ വേണമെങ്കിലും ചർച്ചയാകാമല്ലോ എന്നായിരുന്നു വിജയരാഘവന്റെ മറുപടി.

■ബ്രൂവറി അനുമതിയിലെ മറ്റൊരു തിരിമറി

# സ്മാൾ നിഷേധം, ലാർജ് അനുമതി, ഫുൾ സ്റ്റോപ്പ്

തിരുവനന്തപുരം: ബ്രൂവറി - ബ്ലെൻഡിംഗ് യൂണിറ്റുകൾക്ക് നൽകിയ അനുമതി റദ്ദാക്കി വിവാദത്തിൽ നിന്ന് തലയൂരാൻ നോക്കിയ സർക്കാരിന് ഇക്കാര്യത്തിൽ തുടക്കം മുതലുള്ള ഉദ്ദേശ്യശുദ്ധിയെ സംശയത്തിലാക്കുന്ന മറ്റൊരാരോപണവും ഉയർന്നു. ജനനന്മയ്ക്കായി മദ്യലഭ്യതകുറയ്ക്കാൻ ലക്ഷ്യമിട്ടുന്ന മദ്യനയത്തിന്റെ പേരിൽ രണ്ടുവർഷംമുൻപ് ബ്രൂവറി അനുമതി നിഷേധിച്ച ചെന്നൈയിലെ അപ്പോളോ ഡിസ്റ്റിലറീസിന് അതേ മദ്യനയം നിലനിൽക്കുമ്പോൾ അനുമതി നൽകിയെന്ന് വ്യക്തമായി. ഇതുൾപ്പെടെ വിവിധ സ്ഥാപനങ്ങൾക്കുള്ള അനുമതികളാണ് വിവാദമായതിനെത്തുടർന്ന് കഴിഞ്ഞദിവസം റദ്ദാക്കിയത്.

ബ്രൂവറികൾക്കും ബ്ലെൻഡിംഗ് യൂണിറ്റുകൾക്കും അനുമതി നൽകാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ച് മുഖംരക്ഷിക്കാൻ ശ്രമിക്കുമ്പോഴാണ് പുതിയ ആരോപണം ഉയർന്നിരിക്കുന്നത്. ഇതേക്കുറിച്ച് ഇന്ന് പ്രതികരിക്കുമെന്ന് മന്ത്രി ടി.പി.രാമകൃഷ്ണന്റെ ഓഫീസ് അറിയിച്ചു.



നിഷ പുരുഷോത്തമൻ ഡയറക്ടറായ അപ്പോളോ ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് പാലക്കാട് എലപ്പുള്ളി വില്ലേജിൽ120 കോടി രൂപ മുതൽമുടക്കിൽ പ്രതിവർഷം അഞ്ച് ലക്ഷം ഹെക്ടോ ലിറ്റർ ( അഞ്ച് കോടി ലിറ്റർ ) ബിയർ ഉത്പാദിപ്പിക്കാനുള്ള ബ്രൂവറിക്കാണ് അപേക്ഷ നൽകിയത്.

അപേക്ഷ പരിഗണിക്കണമെന്ന ഹൈക്കോടതിയുടെ ഉത്തരവ് സഹിതം അപേക്ഷ നൽകിയിട്ടും അബ്കാരി നയത്തിൽ വ്യവസ്ഥ ഇല്ല എന്ന കാരണം കാട്ടി 28/07/2016 ൽ അപേക്ഷ നിരസിക്കുകയായിരുന്നു.(ഇതിന്റെ രേഖ കേരളകൗമുദിക്ക് ലഭിച്ചു) അതിന് ശേഷവും അബ്കാരി നയത്തിൽ സർക്കാർ മാറ്റമൊന്നും വരുത്തിയിരുന്നില്ല. എന്നിട്ടും 2017 നവംബർ 13 ന് എക്സൈസ് കമ്മിഷണർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 2018 ജൂൺ 28 ന് അപ്പോളോ ഡിസ്റ്റിലറിക്ക് അതേ സർവേ നമ്പരിലുള്ള സ്ഥലത്ത് തന്നെ ബ്രൂവറിക്ക് അനുമതി നൽകുകയായിരുന്നു. ഇതിനുപിന്നിൽ ഉന്നതരുടെ ഇടപെടൽ ഉണ്ടെന്നാണ് ആരോപണം. ബ്രൂവറികൾക്കും ബ്ലെൻഡിംഗ് യൂണിറ്റുകൾക്കും ലൈസൻസ് നൽകാൻ എക്സൈസ് മന്ത്രിയുടെ ഓഫീസിൽ സ്വാധീനമുള്ള വ്യക്തി ഇടപെട്ടെന്ന ആരോപണവും ഉയർന്നിരുന്നു.

## ബ്രൂവറിക്കാര്യത്തിൽ ഒരേ മന്ത്രി രണ്ടു തരം ഉത്തരവ് നൽകിയത് അഴിമതിക്ക് തെളിവ്: ചെന്നിത്തല

തിരുവനന്തപുരം: രണ്ട് വർഷം മുമ്പ് മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ബ്രൂവറിക്ക് അനുമതി നിഷേധിച്ച എക്സൈസ് മന്ത്രി, അതേ സ്ഥാപനത്തിന് അതേ സ്ഥലത്ത് അതേ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അനുമതി നൽകിയത് അഴിമതിയുടെ വ്യക്തമായ തെളിവാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

ഒരേ മന്ത്രി രണ്ട് വിധത്തിൽ ഉത്തരവിടുന്നത് കേരള ചരിത്രത്തിൽ ആദ്യമാണ്. പ്രതിപക്ഷം പറഞ്ഞതെല്ലാം നൂറുശതമാനം ശരിയാണെന്ന് തെളിഞ്ഞു. വ്യക്തമായ വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് പ്രതിപക്ഷം ആരോപണം ഉന്നയിച്ചത്. അതിനാൽ മുഖ്യമന്ത്രിയും എക്സൈസ് മന്ത്രിയും



നിയമനടപടികൾക്ക് വിധേയരാകണം. ഗവർണർക്ക് മൂന്ന് കത്തുകൾ കൊടുത്തിട്ടുണ്ട്. നിയമനടപടികൾക്കുള്ള അനുമതി വൈകാതെ ലഭിക്കുമെന്നാണ് പ്രതീക്ഷ.

മദ്യനയം മാറ്റിയിട്ടില്ലെന്ന് മുഖ്യമന്ത്രിയും എക്സൈസ് മന്ത്രിയും നേരിട്ട് പറഞ്ഞതാണ്. ആ നയത്തിൽ ബ്രൂവറിക്കും ഡിസ്റ്റിലറിക്കും അനുമതി കൊടുക്കാമെന്ന് പറഞ്ഞിട്ടില്ല. ബ്രൂവറിക്കുള്ള ഒരപേക്ഷ മുഖ്യമന്ത്രി നേരിട്ട് വാങ്ങിയതായി അദ്ദേഹം തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു ബ്രൂവറിയുടെ കാര്യത്തിൽ മുഖ്യമന്ത്രിക്ക് പ്രത്യേക താത്പര്യമുണ്ടോ എന്ന ചോദ്യത്തിന് അത് മാദ്ധ്യമങ്ങൾ അന്വേഷിച്ച് കണ്ടെത്തേണ്ടതാണെന്നായിരുന്നു മറുപടി.

99ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഇതേ ആളുകളിൽ നിന്ന് അപേക്ഷ വാങ്ങി വീണ്ടും അനുമതി കൊടുക്കാനാണ് ഭാവമെങ്കിൽ കേരളത്തിലെ ജനങ്ങൾ അനുവദിക്കില്ല. ഇടതു മുന്നണിയുടെ കറവപ്പശുവാണ് എക്സൈസ് വകുപ്പെന്നും വരും ദിവസങ്ങളിൽ അഴിമതിയുടെ കൂടുതൽ വിവരങ്ങൾ പുറത്തുവരുമെന്നും ചെന്നിത്തല പറഞ്ഞു.



## തിത്‌ലി ചുഴലിക്കാറ്റ്: ട്രെയിനുകൾ റദ്ദാക്കി

തിരുവനന്തപുരം: തിത്‌ലി ചുഴലിക്കാറ്റ് പരിഗണിച്ച് വിശാഖപട്ടണം വഴിയുള്ള ട്രെയിനുകൾ റദ്ദാക്കിയതായി റെയിൽവേ അറിയിച്ചു. എറണാകുളത്തുനിന്ന് ഇന്നലെ പുറപ്പെടേണ്ടിയിരുന്ന ഹാത്തിയ എക്സ്പ്രസ് റദ്ദാക്കി. കൊച്ചുവേളിയിൽ നിന്നുള്ള ലോകമാന്യതിലക് പ്രതിവാര എക്സ്പ്രസ് 3.40 മണിക്കൂർ വൈകിയാണ് ഇന്നലെ പുറപ്പെട്ടത്.



## ആർ. ശങ്കറിന്റെ ജന്മദിനം പൊതു അവധിയാക്കണം: ആശാൻ ഫൗണ്ടേഷൻ

കൊല്ലം: മുൻ മുഖ്യമന്ത്രിയും സ്വാതന്ത്ര്യസമര സേനാനിയുമായ ആർ. ശങ്കറിന്റെ ജന്മദിനമായ ഏപ്രിൽ 30 സർക്കാർ പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന് ആശാൻ ഫൗണ്ടേഷൻ ചെയർമാൻ അജിത് നീലികുളം വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. ഡെപ്യൂട്ടി മുഖ്യമന്ത്രി, ധനകാര്യ മന്ത്രി, വിദ്യാഭ്യാസ മന്ത്രി, കെ.പി.സി.സി പ്രസിഡന്റ്, എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി, എസ്.എൻ ട്രസ്റ്റ് സ്ഥാപകൻ, വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്ന വ്യക്തിയാണ് ആർ. ശങ്കർ. അദ്ദേഹത്തിന്റെ സമകാലികനായിരുന്ന മന്നത്ത് പത്മനാഭന്റെ ജയന്തി ദിനം പൊതുഅവധിയാണ്. സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയായിരുന്ന, പുരോഗമനപരമായ ധാരാളം കാര്യങ്ങൾ നടപ്പാക്കിയ ആർ. ശങ്കറിനെപ്പോലൊരു സാമൂഹിക പരിഷ്കർത്താവിന് അർഹമായ പരിഗണന ലഭിക്കുന്നില്ല. വിദ്യകൊണ്ട് പ്രബുദ്ധരാകുക, സംഘടിച്ച് ശക്തരാകുക എന്ന ശ്രീനാരായണ സന്ദേശത്തെ അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കിയ കർമ്മയോഗിയാണ് ആർ. ശങ്കറെന്നും ഭാരവാഹികൾ പറഞ്ഞു. ജനറൽ സെക്രട്ടറി അഡ്വ. സുരേഷ് ബ്രഹ്മദാസ്, ട്രഷറർ ഇ. മോഹൻകുമാർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# അഞ്ച് പേരെ ഹൈക്കോടതി ജഡ്ജിമാരാക്കാൻ ശുപാർശ

ന്യൂഡൽഹി: അഞ്ച്പേരെ സ്ഥാനക്കയറ്റം നൽകി കേരള ഹൈക്കോടതി ജഡ്ജിമാരായി നിയമിക്കാൻ സുപ്രീംകോടതി കൊളീജിയം ശുപാർശ ചെയ്തു. രണ്ട് ജില്ലാ ജഡ്ജിമാർക്കും മൂന്ന് അഭിഭാഷകർക്കും സ്ഥാനക്കയറ്റം നൽകാനാണ് ശുപാർശ. ഹൈക്കോടതി ശുപാർശ ചെയ്ത മൂന്ന് അഭിഭാഷകരുടെ കാര്യത്തിൽ തീരുമാനം മാറ്റിവച്ചു. ഒരാളുടെ അപേക്ഷ തള്ളി. ജില്ലാ ജഡ്ജിമാരായ ടി.വി. അനിൽകുമാർ, എൻ. അനിൽകുമാർ, അഭിഭാഷകരായ വി.ജി. അരുൺ, എൻ. നഗരേഷ്, പി.വി. കുഞ്ഞിക്കൃഷ്ണൻ എന്നിവരെ നിയമിക്കാനാണ് ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയി, ജസ്റ്റിസുമാരായ മദൻ ബി. ലോക്കൂർ, കുര്യൻ ജോസഫ് എന്നിവരടങ്ങിയ കൊളീജിയം ശുപാർശ ചെയ്തത്. അതേസമയം, ഹൈക്കോടതി ചീഫ് ജസ്റ്റിസ് നൽകിയ 9 പേരുടെ പട്ടികയിൽ അഭിഭാഷകരായ എസ്. രമേഷ്, വിജു എബ്രഹാം, ജോർജ് വർഗീസ് എന്നിവരുടെ സ്ഥാനക്കയറ്റം പരിഗണിക്കുന്നതാണ് മാറ്റിവച്ചത്. ശുപാർശ പട്ടികയിലുള്ള അഭിഭാഷകൻ പി. ഗോപാലിന്റെ പേര് പരിഗണിച്ചതുമില്ല. പട്ടികയിലുള്ളവർക്കെതിരെ ചില പരാതികൾ ലഭിച്ചെന്നും എന്നാൽ അതിൽ കഴമ്പില്ലെന്നും കൊളീജിയം പറയുന്നു.



■ **ടി.വി. അനിൽകുമാർ:** ജുഡിഷ്യൽ അക്കാഡമി ചെയർമാനായ ടി.വി. അനിൽകുമാർ തിരുവനന്തപുരം പുതിയതുറ ഉഴിയരിക്കുന്ന് വീട്ടിൽ കെ. തങ്കപ്പൻ നായരുടെ മകനാണ്. 1991 ൽ മുൻസിഫായി സർവീസിൽ പ്രവേശിച്ചു. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, പാലക്കാട് എന്നിവിടങ്ങളിൽ ജില്ലാ ജഡ്ജിയായിരുന്നു. ഭാര്യ: റാണി ലളിതാംബിക, മകൻ: ഡോ. ത്രിലോക് നാഥ്.



■ **എൻ. അനിൽകുമാർ:** ഹൈക്കോടതിയിൽ രജിസ്ട്രാർ ജനറലായ എൻ. അനിൽകുമാർ കിളിമാനൂർ പുളിമാത്ത് കുളവിയോട് വീട്ടിൽ നടേശന്റെ മകനാണ്. 1991 ൽ മുൻസിഫായി. എറണാകുളം, കൊല്ലം, മാവേലിക്കര, എന്നിവിടങ്ങളിൽ ജില്ലാ ജഡ്ജിയായിരുന്നു. ഭാര്യ: ഗൗത, മക്കൾ: അർജ്ജുൻ, അരവിന്ദ്.



■ **പി.വി. കുഞ്ഞികൃഷ്ണൻ:** ചലച്ചിത്ര താരം പയ്യന്നൂർ ചാലക്കോട് പുല്ലേരി വാദ്യാർ ഇല്ലത്ത് പി.വി. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയുടെ മകനാണ്. കേരള സർവകലാശാലയിൽ നിന്ന് എൽ.എൽ.ബി പാസായ ശേഷം 1989 ൽ എൻറോൾ ചെയ്തു. 24 വർഷമായി ഹൈക്കോടതിയിൽ പ്രാക്ടീസ്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അഭിഭാഷകനാണ്. ഭാര്യ: നീതി, മക്കൾ: സുമൻ, സുനയന.



■ **വി.ജി. അരുൺ:** പ്രസ് അക്കാഡമി ചെയർമാനും മലയാള മനോരമയുടെ ലീഡർ റൈറ്ററുമായിരുന്ന ടി.കെ.ജി. നായരുടെ മകൻ. 1989 ൽ അഭിഭാഷകനായി. 1991 മുതൽ ഹൈക്കോടതിയിൽ പ്രാക്ടീസ്. എറണാകുളം പുതുക്കലവട്ടം രാജീവ് നഗറിൽ സരയൂവിലാണ് താമസം. ഭാര്യ: ദർശന, മക്കൾ: ജാനകി, മാളവിക.



■ **എൻ. നഗരേഷ്:** കേരള ഹൈക്കോടതിയിൽ അസിസ്റ്റന്റ് സോളിസിറ്റർ ജനറലായ എൻ. നഗരേഷ് വൈക്കം പന്തല്ലൂർ മഠത്തിൽ മുൻ നഗരസഭാ ചെയർമാൻ നരസിംഹ നായിക്കിന്റെയും ലളിത നായിക്കിന്റെയും മകനാണ്. ബോംബെ സർവകലാശാലയിൽ നിന്ന് നിയമ ബിരുദവും എറണാകുളം ലാ കോളേജിൽ നിന്ന് എൽ.എൽ.എമ്മും പാസായി. 1989 ൽ പ്രാക്ടീസ് ആരംഭിച്ചു. കലൂർ ഉദയ നഗറിലാണ് താമസം. ഭാര്യ: ആശ. മകൾ: നയന.



*ബി.എം.എസ് സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ രാപ്പകൽ സമരത്തിന്റെ സമാപനസമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് ബി.ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യുന്നു*

## തീർത്ഥാടന ടൂറിസം: 91.72 കോടിയുടെ പദ്ധതിക്ക് കേന്ദ്ര അംഗീകാരം

തിരുവനന്തപുരം: വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 147 തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിന് 91.72 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കും. ഈ തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിന് സംസ്ഥാന വിനോദസഞ്ചാര വകുപ്പ് സമർപ്പിച്ച പദ്ധതിക്ക് കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയം അംഗീകാരം നൽകി. വിശദമായ പദ്ധതിരേഖ ഉടൻ തയ്യാറാക്കി സമർപ്പിക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ വ്യക്തമാക്കി.

തീർത്ഥാടന ടൂറിസം മൂന്നാം സർക്യൂട്ടിന്റെ വികസനത്തിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുക. ഏഴ് ക്ലസ്റ്ററുകളായി തിരിച്ച് ജില്ലകളിലെ പ്രധാനപ്പെട്ട ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം തീർത്ഥാടന കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കും.

### നവീകരിക്കുന്ന ദേവാലയങ്ങൾ

■ കാസർകോട് അനന്തപദ്മനാഭസ്വാമി ക്ഷേത്രം, മലപ്പുറം തിരുനാവായ നാവാമുകുന്ദ ക്ഷേത്രം, പൊന്നാനി വലിയപള്ളി ജുമാ മസ്ജിദ്, കൽപാത്തി വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രം, പട്ടാമ്പി തളി ശിവക്ഷേത്രം, തൃശ്ശൂർ പാറമേക്കാവ്, തിരുവമ്പാടി ക്ഷേത്രങ്ങൾ, എരുമേലി അയ്യപ്പ സേവാസംഘം, കാഞ്ഞിരപ്പള്ളി നൈനാർ പള്ളി, ചമ്പക്കുളം സെന്റ് മേരീസ് ചർച്ച്, തിരുവല്ല മാർത്തോമാ ചർച്ച്, ഓച്ചിറ പരബ്രഹ്മ ക്ഷേത്രം

## മുഖ്യ ചുമതലകൾ പോയ ബിശ്വനാഥ് സിൻഹ മുഖ്യമന്ത്രിയെ കണ്ടു

■ മാറ്റത്തിനു പിന്നിൽ ഗുരുതരമായ പരാതികൾ

തിരുവനന്തപുരം: പൊതുഭരണ, തുറമുഖ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുകളുടെ ചുമതലയിൽ നിന്നു മാറ്റി പാർലമെന്ററി കാര്യ വകുപ്പിലേക്ക് ഒതുക്കപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനെ കണ്ട് തന്റെ അസംതൃപ്തി അറിയിച്ചു. സിൻഹയുടെ സേവനത്തെ മുഖ്യമന്ത്രി പ്രകീർത്തിച്ചെങ്കിലും ലഭിച്ച പരാതികളുടെ വെളിച്ചത്തിൽ താക്കീതു നൽകിയെന്നാണ് വിവരം.

മുഖ്യമന്ത്രിയുടെ കീഴിലുള്ള ഈ വകുപ്പുകളിൽ സിൻഹ കാര്യക്ഷമമായി പ്രവർത്തിച്ചെന്ന് മുഖ്യമന്ത്രിയടക്കം വിലയിരുത്തുമ്പോഴും, മാറ്റത്തിനുപിന്നിൽ ഒഴിവാക്കാനാവാത്ത വിധം ഗൗരവമുള്ള പരാതികളുണ്ടെന്നാണ് സൂചന. പഞ്ചിംഗ് കാര്യക്ഷമമാക്കാൻ നടത്തിയ ഇടപെടൽ, ഡയറക്ടറേറ്റുകൾ കേന്ദ്രീകരിച്ച് സ്ഥലംമാറ്റത്തിന് അച്ചടക്കമുള്ള സംവിധാനമൊരുക്കൽ, കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പക്ഷപാതരഹിതവും കൃത്യവുമായി ഉറപ്പാക്കൽ എന്നീ കാര്യങ്ങളിൽ ബിശ്വനാഥ് സിൻഹയുടേത് സ്തുത്യർഹമായ പ്രവർത്തനമായിരുന്നെന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസിന്റെ വിലയിരുത്തൽ.

മേളകൾ റദ്ദാക്കാൻ ഉത്തരവിറക്കിയതുൾപ്പെടെ സിൻഹയെടുത്ത പല തീരുമാനങ്ങളും വിവാദം ക്ഷണിച്ചുവരുത്തിയിരുന്നെങ്കിലും മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങൾ അണുവിട വ്യതിചലിക്കാതെ നിർവഹിച്ചുപോന്ന ഉദ്യോഗസ്ഥനായിരുന്നു.

വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ഡോ.കെ. ഇളങ്കോവനാണ് പൊതുഭരണ വകുപ്പിന്റെ കൂടി അധികച്ചുമതല. വ്യവസായത്തോടൊപ്പം ഇതുകൂടി കാര്യക്ഷമമായി കൊണ്ടുപോകാൻ കഴിയുമോയെന്ന ആശങ്ക ഉയരുന്നുണ്ട്. കായിക, യുവജനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ഡോ.എ. ജയതിലക് ആയിരിക്കും തുറമുഖം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം വകുപ്പുകളുടെയും ചുമതല വഹിക്കുക.

അഡിഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യന്റെ അധിക ജോലിഭാരം പരിഗണിച്ച് ഭവന നിർമ്മാണ വകുപ്പിന്റെ ചുമതല അദ്ദേഹത്തിൽ നിന്നൊഴിവാക്കി. റവന്യൂ, പരിസ്ഥിതി വകുപ്പുകളുടെ ചുമതലയിൽ തുടരും. ആസൂത്രണ, സാമ്പത്തിക കാര്യ അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. ബിശ്വാസ് മേത്തയ്ക്കാണ് ഭവനനിർമ്മാണ വകുപ്പിന്റെയും ചുമതല.

## നഴ്സസ് യൂണിയൻ സമ്മേളനം ജനുവരിയിൽ

ആലപ്പുഴ: നവംബറിൽ ആലപ്പുഴയിൽ നടത്താൻ നിശ്ചയിച്ചിരുന്ന കേരള ഗവ. നഴ്സസ് യൂണിയൻ സംസ്ഥാന സമ്മേളനം 2019 ജനുവരിയിലേക്ക് മാറ്റിയതായി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്മേളനം ഒരു ദിവസമായി ചുരുക്കും. ആർഭാടങ്ങൾ ഒഴിവാക്കും. സമ്മേളനത്തിൽ ലഭിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുമെന്ന് യൂണിയൻ പ്രസിഡന്റ് പി.കെ. അമ്പിളി ദാസ് അറിയിച്ചു. വാർത്താസമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി കെ. എസ്. സന്തോഷ്, കെ.ഡി. മേരി, ഇ.ജി. ഷീബ എന്നിവരും പങ്കെടുത്തു.



*ആൾ കേരള ഫെഡറേഷൻ ഒഫ് ദി ഡഫിന്റെ ആഭിമുഖ്യത്തിൽ മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്കായി പിരിച്ചെടുത്ത 1,50,000 രൂപ ഫെഡറേഷൻ അംഗങ്ങൾ മുഖ്യമന്ത്രിക്ക് കൈമാറുന്നു. പ്രസിഡന്റ് ഡി. രാജേന്ദ്രൻ, ജനറൽ സെക്രട്ടറി ഫേബിൻ സി. കുര്യൻ, ട്രഷറർ പി.എസ്. പ്രശാന്ത്, ചെയർമാൻ ബേബി വൈ. മാത്യു തുടങ്ങിയവർ സമീപം*

## വള്ളത്തോൾ കവിതാലാപന മത്സരം

തിരുവനന്തപുരം: മഹാകവി വള്ളത്തോളിന്റെ 140ാം ജന്മദിനത്തോടനുബന്ധിച്ച് വള്ളത്തോൾ സാഹിത്യ സമിതി 13ന് രാവിലെ 10 മുതൽ വള്ളത്തോൾ കവിതാലാപന മത്സരം സംഘടിപ്പിക്കുന്നു. തീർത്ഥപാദമണ്ഡപത്തിലാണ് മത്സരം. എൽ.പി. മുതൽ ഹയർസെക്കൻഡറി തലംവരെയുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഫോൺ: 9947005503.

## മുസ്ലിം സ്ത്രീകളുടെ പള്ളി പ്രവേശനം: ഹിന്ദു മഹാസഭയുടെ ഹർജി തള്ളി

കൊച്ചി: മുസ്ലിം സ്ത്രീകളെ പുരുഷന്മാർക്കൊപ്പം മസ്ജിദുകളിൽ പ്രാർത്ഥന നടത്താൻ അനുവദിക്കണമെന്നും പർദ്ദ ധരിക്കാൻ നിർബന്ധിക്കരുതെന്നും ആവശ്യപ്പെട്ട് അഖില ഭാരത ഹിന്ദു മഹാസഭയുടെ സംസ്ഥാന പ്രസിഡന്റ് സ്വാമി ദത്താത്രേയ സായ് സ്വരൂപ് നാഥ് നൽകിയ പൊതുതാത്പര്യ ഹർജി ഹൈക്കോടതി തള്ളി. ഈ ഹർജി നൽകാൻ ഹർജിക്കാരന് അവകാശമില്ലെന്ന് ചൂണ്ടിക്കാട്ടിയ ഡിവിഷൻ ബെഞ്ച് മുസ്ലിം സ്ത്രീകൾ വിവേചനം അനുഭവിക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്ന തെളിവുകൾ ഹാജരാക്കിയിട്ടില്ലെന്നും വിലയിരുത്തി. ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. മുസ്ലിം സ്ത്രീകൾ ഇത്തരമൊരു ആവശ്യവുമായി വന്നാൽ പരിഗണിക്കാം. ഇക്കാര്യത്തിൽ ചിലർ സുപ്രീം കോടതിയെ സമീപിക്കുമെന്ന് കേട്ടിരുന്നതായും ഡിവിഷൻ ബെഞ്ച് വാക്കാൽ പറഞ്ഞു.

# വിളംബരം

## നവകേരളസൃഷ്ടി: പുസ്തകങ്ങൾക്ക് അപേക്ഷ 30വരെ

തിരുവനന്തപുരം: പേമാരിയിലും പ്രളയത്തിലും പുസ്തകങ്ങൾ നശിച്ചുപോയ ഗ്രന്ഥാലയങ്ങൾക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സൗജന്യമായും സൗജന്യനിരക്കിലും നൽകുന്ന പുസ്തകങ്ങൾക്കുള്ള അപേക്ഷ 30 വരെ സമർപ്പിക്കാം. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച തിരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾ സൗജന്യമായും മറ്റുള്ളവ 50ശതമാനം ഡിസ്കൗണ്ടിലും നൽകും. ഗ്രന്ഥാലയങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരുടെയോ പഞ്ചായത്ത് സെക്രട്ടറിമാരുടെയോ സാക്ഷ്യപത്രവും വിദ്യാലയങ്ങൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രവും സഹിതം ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം-695003 വിലാസത്തിൽ അപേക്ഷിക്കണം. നവംബർ 30ന് മുൻപായി പുസ്തകങ്ങൾ ഏറ്റുവാങ്ങണം. ഫോൺ: 04712317238.

## ബ്ലോക്ക്ചെയിൻ: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കെഡിസ്ക് നടത്തുന്ന ബ്ലോക്ക്ചെയിൻ പരിശീലന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. എൻജിനിയറിംഗ് ഡിപ്ലോമ ഡിഗ്രി നേടിയവർക്കും പഠിക്കുന്നവർക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 0471-2700813, www.abcd.kdisc.kerala.gov.in

## കോൺടാക്ട് ഷോർട്ട് ഫിലിം ഫെസ്റ്റ്: എൻട്രികൾ ക്ഷണിച്ചു

തിരുവനന്തപുരം: കോൺടാക്ട് സംഘടിപ്പിക്കുന്ന 11-ാമത് ഷോർട്ട് ഫിലിം ഫെസ്റ്റിവെലിലേക്ക് എൻട്രികൾ ക്ഷണിച്ചു. ഷോർട്ട് ഫിലിമിനു പുറമേ ഷോർട്ട് ഫീച്ചർ, ഡോക്യുമെന്ററി, കാമ്പസ് ഫിലിം, മ്യൂസിക്കൽ ആൽബം, മൊബൈൽ സിനിമ, പരസ്യചിത്രം. ആനിമേഷൻ ഫിലിം വിഭാഗങ്ങളിലാണ് മത്സരം. എൻട്രികൾ 31 ന് മുമ്പായി ലഭിക്കണം. വിലാസം: tvcontact96@gmail.com, ഫോൺ: 0471-2305259.

## സ്നേഹപൂർവം പദ്ധതിയിലേക്ക് അപേക്ഷിക്കാം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ നിർദ്ധന കുടുംബങ്ങളിലെ, സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദം/പ്രൊഫഷണൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയായ 'സ്നേഹപൂർവ്വം പദ്ധതി'യുടെ അപേക്ഷകൾ, സ്ഥാപനമേധാവി മുഖേന 12 മുതൽ സമർപ്പിക്കാം. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കളും പുതിയ അപേക്ഷകരും അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന അപേക്ഷകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യണം. സ്ഥാപന മേധാവികൾ മുഖേനയല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കില്ല. ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. വിശദവിവരങ്ങൾ www.socialsecuritymission.gov.in ലും ടോൾഫ്രീ നമ്പർ 1800-120-1001 ലും ലഭ്യമാണ്.



### തിരുവനന്തപുരം

### ശാലാക്യതന്ത്രത്തിൽ റിസർച്ച് ഫെലോ

ഗവൺമെന്റ് ആയുർവേദ കോളേജിൽ ശാലാക്യതന്ത്ര വകുപ്പിൽ കരാറടിസ്ഥാനത്തിൽ റിസർച്ച് ഫെലോ നിയമനത്തിന് 16 ന് 11 മണിക്ക് പ്രിൻസിപ്പലിന്റെ ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പ്രസ്തുത വിഷയത്തിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് പങ്കെടുക്കാം. ബയോഡേറ്റ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം ഓഫീസിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

### ഗസ്റ്റ് അദ്ധ്യാപക നിയമനം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ അറബിക് വിഭാഗത്തിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ 16ന് രാവിലെ 11 മണിക്ക് കോളേജ് ഓഫീസിൽ നടത്തും. കൊല്ലം, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഗസ്റ്റ് അദ്ധ്യാപക പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇന്റർവ്യൂവിന് ഹാജരാകണം.

### ഡെപ്യൂട്ടേഷൻ നിയമനം

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പാലക്കാട്, മലപ്പുറം ഡിവിഷണൽ ഓഫീസുകളിൽ വെൽഫെയർ ഫണ്ട് ഓഫീസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ 36600 -79200 ശമ്പള സ്കെയിലുള്ളവർക്കും സൂപ്പർവൈസറി തസ്തികയിൽ ജോലിചെയ്യുന്ന 30700-65400 ശമ്പള സ്കെയിലുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, എസ്.എൻ. പാർക്ക്, പൂത്തോൾ പി.ഒ., പിൻ: 680004, ഫോൺ: 0487 2386871 വിലാസത്തിൽ ലഭിക്കണം.

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്: അപേക്ഷ നവംബർ അഞ്ചിനകം

തിരുവനന്തപുരം: സർക്കാർ/ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപന്റിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ലത്തീൻ ക്രിസ്ത്യൻ/ പരിവർത്തിത ക്രിസ്ത്യൻ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ബിരുദ വിദ്യാർത്ഥിനികൾക്ക് 5,000 രൂപ വീതവും, ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനികൾക്ക് 6,000 രൂപ വീതവും, പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥിനികൾക്ക് 7,000 രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപാ വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നത്. മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് സ്വാശ്രയ മെഡിക്കൽ/ എൻജിനിയറിഗ് കോളേജുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്കും ഇപ്പോൾ

പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. 80:20 (മുസ്ലീം: മറ്റു മത ന്യൂനപക്ഷങ്ങൾ) എന്ന അനുപാതത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്.

കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപെൻഡിന് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in എന്ന വകുപ്പ് വെബ്സൈറ്റിലൂടെ നവംബർ അഞ്ചിനകം അപേക്ഷിക്കണം. ഫോൺ: 0471 2300524

## സർവകലാശാല വാർത്തകൾ

### കേരള
www.keralauniversity.ac.in

■ **അഡ്മിഷൻ മെമ്മോ**

സർവകലാശാലയിലെയും യൂണിവേഴ്സിറ്റി കോളേജിലെയും വിവിധ പഠനവകുപ്പുകളിലേക്കും കാര്യവട്ടം ലക്ഷ്മീഭായ് നാഷണൽ കോളേജ് ഒഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കുമുള്ള (2018-2019) എം.ഫിൽ പ്രോഗ്രാമുകളിലേക്ക് അഡ്മിഷന് തിരഞ്ഞെടുക്കപ്പെട്ടതായി എസ്.എം.എസ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള അഡ്മിഷൻ മെമ്മോ വെബ്സൈറ്റിൽ. വിദ്യാർത്ഥികൾ മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് അതത് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം.

■ **ടൈംടേബിൾ**

26 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി. എഡ്. ഡിഗ്രി പരീക്ഷയുടെ (2015 സ്കീം-റഗുലർ/സപ്ലിമെന്ററി) ടൈംടേബിൾ വെബ്സൈറ്റിൽ.

■ **പ്രാക്ടിക്കൽ പരീക്ഷ**

കരിയർ റിലേറ്റഡ് ബി.സി.എ. (സി.ബി.സി.എസ്.എസ്) ഡിഗ്രികോഴ്സിന്റെ നാലാം സെമസ്റ്റർ പരീക്ഷയുടെ പ്രായോഗിക പരീക്ഷ 29 നും ആഗസ്റ്റ്/ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ പരീക്ഷയുടെ പ്രായോഗിക പരീക്ഷ നവംബർ 21 നും അതാതുകോളേജുകളിൽ തുടങ്ങും.

■ **സീറ്റൊഴിവ്**

ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലീഷിൽ എം.എ. ഇംഗ്ലീഷ്കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 15 ന് 10 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലീഷിൽ നടത്തും. അർഹരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം.

### എം.ജി
www.mgu.ac.in

■ **ബിരുദ, ബിരുദാനന്തരം: പ്രായനിബന്ധന ഇല്ലാതെ പ്രവേശനം**

സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പ്രവേശനം നേടാൻ ഇനി കുറഞ്ഞ പ്രായപരിധിനിബന്ധനയില്ല. പ്രായനിബന്ധനയില്ലാതെ നിശ്ചിത അക്കാഡമിക യോഗ്യത നോക്കി പ്രോഗ്രാമുകൾക്ക് പ്രവേശനം നൽകാൻ സർവകലാശാല ഉത്തരവിട്ടു. പ്ലസ്ടു/ തത്തുല്യ അക്കാഡമിക് യോഗ്യത നേടിയവർക്ക് ബിരുദ പ്രോഗ്രാമുകൾക്കും ബിരുദ/തത്തുല്യ യോഗ്യത നേടിയവർക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും കുറഞ്ഞ പ്രായനിബന്ധനയില്ലാതെ പ്രവേശനം നൽകണമെന്ന് ഉത്തരവിൽ പറയുന്നു. സ്പോർട്സ് ക്വോട്ടയിൽ പ്രവേശനം നേടുന്നവർക്കാണ് നിലവിൽ പ്രവേശനത്തിന് ഉയർന്ന പ്രായപരിധി നിബന്ധനയുള്ളത്. 25 വയസാണ് സ്പോർട്സ് ക്വോട്ട പ്രവേശനത്തിന്റെ ഉയർന്ന പ്രായപരിധി.

■ **പരീക്ഷാ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും നടക്കുന്ന രണ്ടാം സെമസ്റ്റർ എം.സി.എ (പുതിയ സ്കീം 2017 അഡ്മിഷൻ റഗുലർ/2012 2016 അഡ്മിഷൻ സപ്ലിമെന്ററി), ലാറ്ററൽ എൻട്രി (2013-2016 അഡ്മിഷൻ സപ്ലിമെന്ററി, 2011 അഡ്മിഷന്റെ ആദ്യ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ രണ്ടു മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർ ഫൈനോടെ 17 വരെയും സമർപ്പിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം.

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബികോം (സി.ബി.സി.എസ്.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി (2012 2016 അഡ്മിഷൻ) പരീക്ഷകൾ 31 ന് ആരംഭിക്കും. ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബികോം (സി.ബി.സി.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ 2017 അഡ്മിഷൻ) പരീക്ഷകൾ 31 ന് ആരംഭിക്കും.

■ **പ്രത്യേക മേഴ്സി ചാൻസ് പരീക്ഷ**

വിവിധ ബിരുദ, ബിരുദാനന്തര ബിരുദ, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രത്യേക മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം. ബി.എ/ബി.എസ്‌സി/ബികോം (റഗുലർ: 1998 2008), ബി.എ./ബികോം (പ്രൈവറ്റ്: 19982011), ബി.എസ്‌സി നഴ്സിംഗ്/ബി.ടെക് ഒഴിച്ചുള്ള മറ്റ് ബിരുദ കോഴ്സുകൾ (2000 അഡ്മിഷൻ മുതൽ), എം.എ./എം.എസ്.സി/എം.കോം (റഗുലർ: 2001 2011, പ്രൈവറ്റ്: 2004 2013), മറ്റ് പി.ജി. കോഴ്സുകൾ (2000 അഡ്മിഷൻ മുതൽ), ബി.എഡ് (2003 അഡ്മിഷൻ മുതൽ), എൽ എൽ.ബി (1994 അഡ്മിഷൻ മുതൽ), എം.ടെക് (2009 അഡ്മിഷൻ മുതൽ), എം.എഡ് (2002 അഡ്മിഷൻ മുതൽ) കോഴ്സുകൾക്കാണ് മേഴ്സി ചാൻസ് പരീക്ഷ. 25 വരെ പിഴയില്ലാതെയും 50 രൂപ പിഴയോടെ 29 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിനും സി.വി.ക്യാമ്പ്ഫീസിനും പുറമേ 5000 രൂപ സ്പെഷ്യൽ ഫീസായി അടയ്ക്കണം.

■ **പരീക്ഷാഫലം**

നാലാം സെമസ്റ്റർ എം.എസ്‌സി മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ഒന്നാം സെമസ്റ്റർ എം.ബി.എ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

നാലാം സെമസ്റ്റർ എം.എ സംസ്കൃതം (ജനറൽ) ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### കണ്ണൂർ
www.kannuruniversity.ac.in

■ **ബി.ടെക് പരീക്ഷാ ഫലം**

ഒന്നും രണ്ടും സെമസ്റ്റർ കമ്പൈൻഡ് ബി.ടെക് സെഷണൽ അസസ്മെന്റ് (ഇന്റേണൽ) ഇംപ്രൂവ്മെന്റ് ഡിഗ്രി (പാർട്ട്-ടൈം ഉൾപ്പെടെ - 2007 അഡ്മിഷൻ മുതൽ) ഏപ്രിൽ 2018 പരീക്ഷാഫലം വെബ്സൈറ്റിൽ.

■ **എം.സി.എ പരീക്ഷകൾ**

അഫിലിയേറ്റഡ് കോളേജുകളിലെ (ഐ.ടി.ഇ.സി ഉൾപ്പെടെ), ഒന്നാം സെമസ്റ്റർ എം.സി.എ (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - ഡിസംബർ 2018) ഡിഗ്രി പരീക്ഷകൾ ഡിസംബർ 5ന് ആരംഭിക്കും.

ഓൺലൈൻ അപേക്ഷകൾ പിഴ കൂടാതെ 22 മുതൽ 26 വരെയും 160 രൂപ പിഴയോടെ 29 വരെയും സമർപ്പിക്കാം. അപേക്ഷയുടെ പ്രിന്റൗട്ട് (ചെലാൻ ഉൾപ്പെടെ) 31 നകവും എ.പി.സി നവംബർ 26നകവും സമർപ്പിക്കണം.

■ **ടൈംടേബിൾ**

30ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബിരുദ (സി.ബി.സി.എസ്.എസ് (2014 അഡ്മിഷൻ മുതൽ) + സി.സി.എസ്.എസ് (2013ഉം അതിനു മുൻപുമുള്ള അഡ്മിഷൻ) - നവംബർ 2018) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

■ **പി.ജി ഹാൾടിക്കറ്റ്**

15ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ/എം.എസ്‌സി/എം.കോം/എം.ടി.ടി.എം/എം.എസ്.ഡബ്ല്യു (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - ഒക്ടോബർ 2018) പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ വെബ്സൈറ്റിൽ.

### കാലിക്കറ്റ്
www.universityofcalicut.info

■ **പരീക്ഷാഫലം**

നാലാം സെമസ്റ്റർ എം.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ് എൻജിനിയറിംഗ് (സി.യു.സി.എസ്.എസ്, 2014 പ്രവേശനം), നാലാം സെമസ്റ്റർ ബി.പി.എഡ് പരീക്ഷാഫലം വെബ്സൈറ്റിൽ. ഒന്നാം സെമസ്റ്റർ എം.ഫിൽ ഫിലോസഫി പരീക്ഷാഫലം വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എം.എസ്‌സി അക്വാകൾച്ചർ ആൻഡ് ഫിഷറി മൈക്രോബയോളജി (സി.യു.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 24 വരെ അപേക്ഷിക്കാം.

■ **പുനർമൂല്യ നിർണയ ഫലം**

ബി.പി.എഡ് മൂന്നാം സെമസ്റ്റർ ജനുവരി 2018 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ.

## തെരുവ് വിളക്കുകൾ കത്തുന്നില്ല

വർക്കല: വർക്കല നഗരസഭ പ്രദേശത്തെ മുണ്ടയിൽ ഭാഗങ്ങളിലുള്ള തെരുവ് വിളക്കുകൾ കത്തുന്നില്ലെന്ന് പരാതി. ഇരുപതോളം തെരുവ് വിളക്കുകളാണ് കഴിഞ്ഞ ഒരുമാസമായി കത്താതായത്. കെ.എസ്.ഇ.ബി അധികൃതർക്ക് നാട്ടുകാർ രേഖാമൂലം പരാതി നൽകിയിട്ടും പ്രശ്നപരിഹാരം ഉണ്ടാകുന്നില്ലെന്നും പറയുന്നു.

www.keralakaumudi.com www.facebook.com/keralakaumudi

## കുരുമുളക് തൈകൾ വിതരണത്തിന്

വർക്കല: കുരുമുളക് വികസന പദ്ധതി വഴി വിതരണത്തിനായി ചെറുന്നിയൂർ കൃഷിഭവനിൽ കുരുമുളക് തൈകൾ എത്തി. രജിസ്റ്റർ ചെയ്ത കർഷകർ (കുറഞ്ഞത് 10 സെന്റിൽ കൃഷി) കരം അടച്ച രസീതുമായി ഇന്ന് എത്തണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

## വൈദ്യുതി മുടങ്ങും

കടയ്ക്കാവൂർ: കടയ്ക്കാവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 11 കെ.വി. ലൈനിൽ എ.ബി. കേബിൾ പണി നടക്കുന്നതിനാൽ കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പ്രദേശങ്ങളിൽ ഇന്ന് രാവിലെ 8 മുതൽ വൈകിട്ട് 6 വരെ വൈദ്യുതി മുടങ്ങുമെന്ന് എ. ഇ. അറിയിച്ചു

## വൈദ്യുതി മുടങ്ങും

ആറ്റിങ്ങൽ: ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 11 കെ.വി ലൈനുകളിൽ അറ്റകുറ്റ പണി നടക്കുന്നതിനാൽ തോട്ടവാരം, കുന്നവാരം, വയലിക്കളം, കൊട്ടിയോട്, കുഴിമുക്ക്, പച്ചക്കുളം, കൊല്ലമ്പുഴ എന്നീ ട്രാൻസ്ഫോർമറുകളുടെ പരിധിയിലുള്ള സ്ഥലങ്ങളിൽ ഇന്ന് രാവിലെ 8 മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി മുടങ്ങും.

## സംഗീത പരിപാടി

വർക്കല: എം.എസ്. സുബ്ബലക്ഷ്മി മ്യൂസിക് ക്ലബിന്റെ പ്രതിമാസ പരിപാടിയുടെ ഭാഗമായി നാളെ രാവിലെ 11 ന് വർക്കല ശ്രീകൃഷ്ണ സംഗീത അക്കാഡമി ഹാളിൽ സംഗീത പരിപാടി നടക്കും. പ്രായഭേദമന്യേ പാടാൻ അവസരം ഉണ്ടായിരിക്കും.

### വികസനമില്ലാത്ത ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി ഡിപ്പോ

# റിവേഴ്സ് ഗിയറിൽ ഡിപ്പോ വികസനം

▸വിജയൻ പാലാഴി




ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി ഡിപ്പോ

ആറ്റിങ്ങൽ: അതിവേഗം വികസിക്കുന്ന ആറ്റിങ്ങലിൽ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി ഡിപ്പോ. ജീവനക്കാർക്കോ യാത്രക്കാർക്കോ വിശ്രമിക്കാനുള്ള സൗകര്യം പോലും ഇവിടെയില്ല.

ദിവസവും ആയിരക്കണക്കിനാളുകൾ യാത്രയ്ക്കായി എത്തുന്ന സ്ഥലമായിട്ടും കാലത്തിനനുസരിച്ചുള്ള യാതൊരു വികസനവും ഇവിടെ ഉണ്ടായിട്ടില്ല. തിരുവനന്തപുരം-കൊല്ലം റൂട്ടിൽ ദേശീയപാതയോട് ചേർന്ന് കണ്ണായ സ്ഥലത്താണ് കെ.എസ്.ആർ.ടി.സി ഡിപ്പോയും സ്റ്റാൻഡും വർക്ക്ഷോപ്പും പാർക്കിംഗ് ഏരിയായും സ്ഥിതിചെയ്യുന്നത്. സ്റ്റാൻഡിന്റെ തെക്കുഭാഗത്ത് ജീവനക്കാർക്ക് വിശ്രമസ്ഥലമുണ്ട്. ഇത് കണ്ടാൽ ഏതോ പുരാവസ്തു കേന്ദ്രമാണെന്നേ തോന്നൂ. ഡിപ്പോ തുടങ്ങിയ കാലത്ത് നിർമ്മിച്ച ഈ കെട്ടിടം ഏത് നിമിഷവും പൊളിഞ്ഞ് വീഴാവുന്ന നിലയിലാണ്. മേൽക്കൂരയും ഭിത്തികളും തകർന്നിരിക്കുകയാണ്. തട്ടിൻ പുറത്ത് മരപ്പട്ടികളും എലിയും പാമ്പുമെല്ലാമുണ്ടെന്നാണ് ജീവനക്കാർ പറയുന്നത്. രാത്രിയിൽ ഇവിടെ കിടന്നുറങ്ങുന്ന ജീവനക്കാരുടെ ഗതികേട് പറഞ്ഞറിയിക്കാനാവില്ല. പ്രാഥമിക സൗകര്യങ്ങളും ഇവിടെ ഇല്ല.

പൊതുജനങ്ങൾക്കുപയോഗിക്കാനുള്ള കക്കൂസുകളും മൂത്രപ്പുരകളുമാണ് ജീവനക്കാരും ഉപയോഗിക്കുന്നത്. കെ.എസ്.ആർ.ടി.സി കരാർ നല്കിയാണ് ഇവ പ്രവർത്തിപ്പിക്കുന്നത്. എങ്കിലും ഇവയ്ക്ക് യാതൊരു വൃത്തിയുമില്ലെന്ന് ജീവനക്കാർ പറയുന്നു. ശുചീകരണം കാര്യക്ഷമമാകാത്തതിനാൽ പലപ്പോഴും അധികൃതർ കരാറുകാരനിൽ നിന്ന് പിഴയീടാക്കുകയും കക്കൂസുകൾ അടച്ചിടുകയും ചെയ്യാറുണ്ട്.

സ്റ്റാൻഡിനുള്ളിൽ യാത്രക്കാർക്ക് വേണ്ട സൗകര്യങ്ങളില്ല. മഴയും വെയിലും കൊള്ളാതെ കയറിയിരിക്കാനുള്ള സൗകര്യവും ഇവിടെയില്ല. നഗരത്തിലെ ഗതാഗതക്കുരുക്കിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നാണിവിടം. കൊല്ലം ഭാഗത്തുനിന്ന് വരുന്ന ബസുകൾ തിരിഞ്ഞ് സ്റ്റാൻഡിലേക്ക് കയറുമ്പോഴും പുറത്തേക്കിറങ്ങുമ്പോഴും റോഡിൽ ഗതാഗതം തടസപ്പെടും. കൊല്ലം ഭാഗത്തേക്കുള്ള ബസുകളും റോഡിൽ പകുതിയിലധികം സ്ഥലത്തേക്കിറങ്ങിയശേഷമേ തിരിഞ്ഞ് പോകാൻ കഴിയുന്നുള്ളൂ.

> ആറ്റിങ്ങൽ ദേശീയ പാതയിൽ ഗതാഗത കുരുക്കിന് ഒരു പ്രധാന കാരണം കെ.എസ്.ആർ.ടി.സി സ്റ്റാൻഡ് തന്നെയാണ്. ഇവിടെ ബസുകൾ കയറുന്നതും ഇറങ്ങുന്നതും എൻ.എച്ച് വഴിയാണ്. ഡിപ്പോയിൽ നിന്നും കൊല്ലത്തേക്ക് പോകുന്ന വാഹനം ഉണ്ടാക്കുന്ന കുരുക്ക് ഒഴിവാക്കാൻ ഡിപ്പോയുടെ വടക്ക് പുറത്തേക്കുള്ള കവാടത്തിനു സമീപത്തെ ബാങ്കും എയ്ഡ് പോസ്റ്റും മാറ്റിയാൽ കുരുക്കുണ്ടാക്കാതെ ബസുകൾക്ക് എൻ.എച്ചിലേയ്ക്ക് ഇറങ്ങാനാവും. ഇതിനുള്ള സൗകര്യം കെ.എസ്.ആർ.ടി.സിയും നഗരസഭയും സജ്ജീകരിക്കണം.
>
> **ജയേന്ദ്രൻ, ട്രാഫിക് എസ്.ഐ ആറ്റിങ്ങൽ**



> കെ.എസ്.ആർ.ടി.സിക്ക് മികച്ച വരുമാനവും ആസ്തിയും ഉള്ള ഡിപ്പോയാണ് ആറ്റിങ്ങൽ. എന്നിട്ടും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താതെ ജനത്തെ ബുദ്ധിമുട്ടിക്കുകയാണ്. യാത്രക്കാരുടെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും പുല്ലു വില കല്പിക്കുന്ന കെ.എസ്.ആർ.ടി.സി അധികൃതരുടെ ചിന്താഗതി മാറണം. യാത്രക്കാരുടെ പ്രശ്നങ്ങൾ ഉന്നയിച്ച് ഡിപ്പോയ്ക്കെതിരേ നിവേദനം നൽകും.
>
> പൂവണത്തിൻമൂട് മണികണ്ഠൻ, സാമൂഹ്യ പ്രവർത്തകൻ

**ഡിപ്പോയിൽ നിന്നുള്ള സർവീസുകൾ**

ഉച്ചവരെ - 75 ഉച്ചയ്ക്ക് ശേഷം - 53

**10- 15 ഓളം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതായി യാത്രക്കാർ**

**പൊലീസ് എയ്ഡ് പോസ്റ്റ് പരസ്യം വയ്ക്കാനുള്ള ഇടമായി**

**സർവീസിലുള്ളത് പഴഞ്ചൻ ബസുകൾ**

## ജലത്തിൽ നിന്ന് ദുർഗന്ധം വമിക്കുന്നതായി പരാതി

വർക്കല: പെരുങ്കുളം പ്രദേശത്ത് വാട്ടർഅതോറിട്ടിയുടെ പൊതുടാപ്പുകളിലൂടെയും ഗാർഹിക കണക്ഷൻ വഴിയും എത്തുന്ന ജലത്തിൽ ദുർഗന്ധം ഉള്ളതായി പരാതി.

കഴിഞ്ഞ രണ്ട് ദിവസമായി ഇത്തരത്തിലാണ് ജലം ലഭിക്കുന്നതെന്നാണ് പരാതി.

മുന്നൂറോളം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമാണ് പെരുങ്കുളം. ഉപഭോക്താക്കൾ ഇതു സംബന്ധിച്ച് വാട്ടർഅതോറിട്ടിയെ വിവരം അറിയിച്ചെങ്കിലും നടപടിയുണ്ടായില്ലെന്നും ആക്ഷേപമുണ്ട്.

## ബാലസംഘം ആറ്റിങ്ങൽ ഏരിയാ സമ്മേളനം

ചിറയിൻകീഴ്: ബാലസംഘം ആറ്റിങ്ങൽ ഏരിയാ സമ്മേളനം 19 ന് കുന്തള്ളൂർ എൽ.പി.എസിൽ നടക്കും. സ്വാഗതസംഘ രൂപീകരണ യോഗം ബാലസംഘം ജില്ലാ സെക്രട്ടറി എസ്.ആർ. വിഷ്ണു രാജ് ഉദ്ഘാടനം ചെയ്തു.

പഞ്ചമം സുരേഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആർ. സരിത, ഹരീഷ്, വിനീത്, ജി. വേണുഗോപാലൻ നായർ എന്നിവർ സംസാരിച്ചു. ആർ.കെ. ബാബു സ്വാഗതവും കൂടത്തിൽ ഗോപിനാഥൻ നന്ദിയും പറഞ്ഞു.

ഭാരവാഹികളായി ജി. വേണുഗോപാലൻനായർ, അഡ്വ. ശ്രീകണ്ഠൻനായർ, ജി. ഗിരീഷ്‌കുമാർ, കൂടത്തിൽ ഗോപിനാഥൻ (രക്ഷാധികാരികൾ), എസ്. ചന്ദ്രൻ (ചെയർമാൻ), വി.എസ്. വിജു (കൺവീനർ) എന്നിവരടങ്ങുന്ന 51 അംഗ കമ്മിറ്റി രൂപീകരിച്ചു.



കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് എം.പി ശിവഗിരി മഹാസമാധിയിൽ പ്രണാമമർപ്പിക്കുന്നു. സ്വാമി വിശാലാനന്ദ സമീപം



കരവാരം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മോഹനൻ നായർ പ്രളയദുരിതാശ്വാസനിധിയിലേക്ക് ഒരു ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.



മുടപുരം തെങ്ങുംവിള ഭഗവതി ക്ഷേത്രത്തിലെ നവരാത്രി മഹോത്സവം ശബരിമല തന്ത്രി കണ്ഠര് മഹേശ്വരരുടെ ഭാര്യ ദേവകീ അന്തർജ്ജനം നിലവിളക്ക് തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.

## തെങ്ങുംവിള ക്ഷേത്രത്തിലെ നവരാത്രി മഹോത്സവം

മുടപുരം: നവരാത്രി മഹോത്സവത്തിന് മുടപുരം തെങ്ങുംവിള ഭഗവതി ക്ഷേത്രത്തിൽ തുടക്കമായി. ശബരിമല തന്ത്രി കണ്ഠര് മഹേശ്വരരുടെ ഭാര്യ ദേവകി അന്തർജ്ജനം ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു.

ശബരിമല തന്ത്രി കണ്ഠര് മഹേശ്വരരുടെ മകൾ മല്ലികാ അന്തർജ്ജനം ആദ്ധ്യാത്മിക പ്രഭാഷണം നടത്തി. ക്ഷേത്രത്തിന്റെ വടക്കേ നടയിൽ പ്രത്യേകം തയ്യാറാക്കിയ സരസ്വതി മണ്ഡപത്തിലാണ് നവരാത്രി മഹോത്സവവും ആത്മീയ പ്രഭാഷണവും പൂജാ ചടങ്ങുകളും നടക്കുന്നത്. 19 ന് നവരാത്രി മഹോത്സവം സമാപിക്കും.

എല്ലാ ദിവസവും രാവിലെ പതിവ് പൂജകൾക്ക് പുറമെ വൈകിട്ട് 5 മുതൽ ദേവീ ഭാഗവത പാരായണം, 6.30 മുതൽ ആദ്ധ്യാത്മിക പ്രഭാഷണം, വിശേഷാൽ ഭഗവതിസേവ, ലളിതാ സഹസ്രനാമ ജപത്തോടെ സരസ്വതി പൂജ, 8.15 ന് പ്രസാദ വിതരണം, തുടർന്ന് കഞ്ഞിസദ്യ എന്നിവ ഉണ്ടാകും. നവരാത്രി മഹോത്സവത്തിന് മൂന്നാം ദിവസമായ ഇന്ന് വൈകിട്ട് 6.30 ന് ആറ്റിങ്ങൽ ബ്രഹ്മകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ആദ്ധ്യാത്മിക പ്രഭാഷണം ഉണ്ടാകും.



സർക്കാർ ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി എൻ.ജി.ഒ യൂണിയൻ ചിറയിൻകീഴ് ഏരിയാ കമ്മറ്റി അഞ്ചുതെങ്ങ് വില്ലേജ് ഓഫീസിൽ കസേരകളും മേശയും നൽകുന്നതിന്റെ ഉദ്ഘാടനം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അഞ്ചുതെങ്ങ് സുരേന്ദ്രൻ നിർവഹിക്കുന്നു

## വില്ലേജ് ഓഫീസിൽ അടിസ്ഥാന സൗകര്യം ഒരുക്കി

കടയ്ക്കാവൂർ: സർക്കാർ ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി എൻ.ജി.ഒ യൂണിയൻ ചിറയിൻകീഴ് ഏരിയാ കമ്മറ്റി അഞ്ചുതെങ്ങ് വില്ലേജ് ഓഫീസിൽ കസേരകളും മേശയും നൽകുന്നതിന്റെ ഉദ്ഘാടനം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അഞ്ചുതെങ്ങ് സുരേന്ദ്രൻ നിർവഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് അംഗം എസ്. ചന്ദ്രൻ, എൻ. ജി. ഒ. യൂണിയൻ ഏരിയാ സെക്രട്ടറി എം. രാജേഷ്, എൻ. സുരേഷ്, മിഥു, ലാൽ, ശാലിനി, ലാലു തുടങ്ങിയവർ പങ്കെടുത്തു.

## കെ.എം.സി.എസ്.എ സ്വാഗത സംഘ രൂപീകരണം

ആറ്റിങ്ങൽ: കേരള മുനിസിപ്പൽ ആൻഡ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ആറ്റിങ്ങലിൽ നടക്കുന്നതിന്റെ ഭാഗമായി 12 ന് ഉച്ചയ്ക്ക് 2 ന് ആറ്റിങ്ങൽ മുനിസിപ്പൽ ലൈബ്രറി ഹാളിൽ സ്വാഗത സംഘ രൂപീകരണം നടക്കും.

വർക്കല കഹാർ ഉദ്ഘാടനം ചെയ്യും. അസോസിയേഷൻ സംസ്ഥാന, ജില്ലാ ഭാരവാഹികളും യു.ഡി.എഫ് അനുകൂല സർവീസ് സംഘടനാ നേതാക്കളും യു.ഡി.എഫ് നേതാക്കളും ഇതര പോഷക സംഘടനാ ഭാരവാഹികളും സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് സംസ്ഥാന സെക്രട്ടറി കെ. വേണു പറഞ്ഞു.

KERALA KAUMUDI classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**WANTED**
Required staff 3 star Hotel in Varkala. Front Office, House Keeping, Cook, Helpers, Watchman.
9072277326

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone: 2321289, 2326569.

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

**നഷ്ടപ്പെട്ടു**
വർക്കല SRO-യിലെ 4695/97 നമ്പർ ഭാഗപത്രത്തിന്റെ ഒറിജിനൽ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ ഫോൺ നമ്പരിൽ അറിയിക്കണം.
അനിരുദ്ധൻ, J.P. ലാൻഡ്, തച്ചോട്. ഫോൺ: 9249382001.

**Change of Name**
I, MANJIRE SHARAN, spouse of VAIDEHI BALLABH SHARAN, resident of Vayu Vihar, AirForce, Akkulam, Thiruvananthapuram have changed my name from MANJIRE SHARAN to MANJARI SHARAN vide Affidavit dated 11 Oct 2018.

**Assured Officer Level Jobs by Bank Edge in 15 Private Banks & Finance Companies**
Walk in Interviews: 6 to 14 October 2018, Time: 10-4 pm
Venue: Thycaud, Thiruvananthapuram
Fresh Batch: 15.10.2018
Eligibility: Final year / Fresh graduates, 50% aggregate, age below 25, Once selected, Training by Professional Bankers for 90 days & 3 Interviews.
Call: 7994441245 / 7994441246

കേരളകൗമുദി ഊഞ്ഞാൽ കുട്ടികളുടെ വാരിക

**നോട്ടീസ്**
മാർച്ച് 2015 വർഷത്തെ 110765 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
ദിജിത്. എ, ദീപാ മന്ദിരം, അയിരൂർ പി.ഒ, വർക്കല.

**നോട്ടീസ്**
മാർച്ച് 2012 വർഷത്തെ 554321 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
Sachin. T.R, T.R. Sadhanam, K.S. Road, Kovalam, Muttacaud, Kovalam P.O, TVPM - 695 527.

**GRAVITY BUILDERS**
Building Transparent Relationships
VAZHUTHACAUD, TRIVANDRUM
വാസ്തു ശാസ്ത്ര പ്രകാരം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ആർക്കിടെക്റ്റ് ഡിസൈനോടുകൂടി ഗുണനിലവാരമുള്ള കെട്ടിടനിർമ്മാണത്തിന്...
9497009944
facebook.com/gravitybuilders

**PMEGP, MUDRA, NORKA**
സെക്യൂരിറ്റി ഇല്ലാതെ 10 ലക്ഷം രൂപ വരെ വ്യവസായ വായ്പ. നൂറിൽപരം ചെറുകിട വ്യവസായങ്ങളുടെ വിവരണങ്ങൾ. മറ്റ് ബാങ്ക് ലോണിന് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ടിനും.
INDUSTRIAL AUTOMATION INDIA
9605696243, 8848185796

**ITI/KGCE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ.അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്റേ - വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978 UBDACE INSTITUTIONS കേന്ദ്ര - സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343, 2794676, 9446787715
* Conditions apply

**സത്യമായ പ്രവചനങ്ങളും ദുരിത ദുഃഖ പരിഹാരങ്ങളും**
നാളിതുവരെ അനുഭവിച്ച ദുരിതം, ദുഃഖം, രോഗം, തൊഴിൽ, വിദ്യാതടസ്സങ്ങൾക്കും മറ്റ് പ്രതിസന്ധികൾക്കും കാര്യകാരണ ശാന്തി പരിഹാരങ്ങൾ ജാതി - മതഭേദമന്യേ മിഥ്യാ - വാഗ്ദാന മുഖസ്തുതികളില്ലാതെ ഉറപ്പുനൽകുന്നു. അതീവ ചൈതന്യത്തോടു കൂടിയ ദേവീ - ദേവത - നവഗ്രഹങ്ങളും ചേർന്ന ക്ഷേത്രവും ഇല്ലപറമ്പിൽ സ്ഥിതിചെയ്യുന്നു. പൂർണ്ണ വിശ്വാസിയ്ക്ക് പൂർണ്ണഫലം
സന്ദർശനം മുൻകൂട്ടി അനുവാദം വാങ്ങിയശേഷം
ലോകപ്രശസ്ത ജ്യോതിഷ-മാന്ത്രിക-താന്ത്രിക-ഉപാസകൻ
ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണുനമ്പൂതിരി
ഉഴുത്രപ്പള്ളി ഇല്ലത്ത് പ്രണവം, വള്ളക്കടവ് പി.ഒ. രാജീവ് ഗാന്ധി Lane, കല്ലുംമൂട്, പനമൂട് ദേവീക്ഷേത്രത്തിന് സമീപം, തിരുവനന്തപുരം - 8 ഫോൺ: 9400642415, 9048458660

**പ്രായത്തെ വെല്ലുന്ന കരുത്തിന്**
ഏതു പ്രായക്കാർക്കും ദൃഢതയും, ബലവും ഉദ്ധാരണവും കിട്ടാൻ ശക്തി വർദ്ധക കാപ്സ്യൂളുകളും, ക്രീമും. പ്രമേഹ രോഗികൾക്കും ലൈംഗിക ബന്ധം ആസ്വദിക്കാം. ഓർഗൺ ഡെവലപ്പർ മുഖേന ലിംഗത്തിന്റെ നീളം 7 - 8 ഇഞ്ചും വണ്ണം 3 - 5 ഇഞ്ചും സമയം 30 മിനുട്ടും കിട്ടുന്നു. ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറുന്നു. ബീജാണുക്കൾ വർദ്ധിക്കുന്നു. കിടപ്പറയിലെ സുഖം അനുഭവിച്ചറിയുക.
ചികിത്സക്കായി വിളിക്കുക
8877100959, 9117381791

**നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ**
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം
വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് ഗുളികയോ പൊടിയോ ഉപയോഗിക്കാതെ ഏത് പ്രായക്കാർക്കും ഓയിൽ മസാജിലൂടെ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാനന്ദസുഖം അനുഭവിച്ചറിയൂ.
ബ്ലാക്ക് സ്പീഡ് ഓയിൽ
8750336928, 9540376105

**DISTANCE EDUCATION**
UGC, PSC, UPSC അംഗീകരിച്ചതും, UGC നിബന്ധന പ്രകാരമുള്ള യൂണിവേഴ്സിറ്റി പരിധിക്കകത്തും
BA BCom BSc MA MSc MCom MBA
തുടങ്ങിയ ഡിഗ്രി/പി.ജി. കോഴ്സുകൾ
ഏറ്റവും കുറഞ്ഞ ഫീസോടെ രജിസ്റ്റർ ചെയ്യുന്നതിനും, പാതിവഴിയിൽ ഡിഗ്രി/പി.ജി. പഠനം നിർത്തിയവർക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനും ബന്ധപ്പെടുക.
SIMS DISTANCE EDUCATION
MALAPPURAM : 8893 673433
KOCHI : 8893 853433
PALAKKAD : 9072 204040
KANNUR : 8893 703433
CALICUT : 8893 753433

**പാർക്കിൻസൺസ്**
(PARKINSON'S DISEASE)
ശരീരം മുഴുവനായോ കൈകാലുകളിലോ ഉണ്ടാകുന്ന വിറയൽ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ വിറയൽ കൂടുന്ന അവസ്ഥ, നടക്കുമ്പോൾ ബാലൻസ് ഇല്ലാതായി വേഗം കൂടുകയോ കുറയുകയോ ചെയ്യുന്ന അവസ്ഥ, ഉറക്കക്കുറവ്, അമിതമായ ദേഷ്യം, അകാരണമായ ഭയം, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ പാർക്കിൻസൺസ് രോഗത്തിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും ഫലപ്രദമായ ശാസ്ത്രീയ ആയുർവേദ ചികിത്സ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ ലഭ്യമാണ്.
DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
Mezhathur, Pattambi, Palakkad (Dt)
E mail: info@viams.in Website: www.viams.in Ph: 0466 2270142, 09846362442, 09446456442

## മി ടൂവിനെ കളിയാക്കി ഹിം ടൂ, പ്രതിഷേധം ശക്തം

ലണ്ടൻ: ജീവിതത്തിൽ പലപ്പോഴായി നേരിടേണ്ടിവന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെയുള്ള സ്ത്രീകളുടെ തുറന്നു പറച്ചിലായ മിടൂ കാമ്പെയ്നെ കളിയാക്കിക്കൊണ്ട് ഹിം ടൂ കാമ്പെയിനും ഇന്റർനെറ്റിൽ തരംഗമാകുന്നു. സ്ത്രീകളെ പോലെ പുരുഷൻമാരും ഇരകളാകുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി ഒരു സ്ത്രീയാണ് തന്റെ മകന്റെ ചിത്രത്തിനൊപ്പം ഹിം ടൂ കാമ്പെയിന് തുടക്കമിട്ടത്. പിന്നീടത് നിരവധി പേർ ഏറ്റുപിടിച്ചെങ്കിലും ഗൗരവമേറിയ ഒരു വിഷയത്തെ കളിയാക്കുന്ന നടപടിയാണിതെന്ന് വിമർശനമുയരുന്നുണ്ട്.



## കൊലക്കേസിൽ ആൾദൈവം ശാന്ത് റാംപാൽ കുറ്റക്കാരൻ



ഹിസാർ: വിവാദ ആൾദൈവം ശാന്ത് റാംപാൽ കൊലപാതക കേസിൽ കുറ്റക്കാരനെന്ന് ഹരിയാന ഹിസാർ കോടതി കണ്ടെത്തി. പ്രതി ചേർക്കപ്പെട്ട രണ്ട് കൊലക്കേസുകളിലാണ് ഇയാൾ കുറ്റകാരനാണെന്ന് കണ്ടെത്തിയത്. ഒക്ടോബർ 16,17 ദിവസങ്ങളിൽ ശിക്ഷ വിധിക്കും. റാംപാലുംമറ്റ് 28 പേരും കുറ്റക്കാരനാണെന്നാണ് കോടതി കണ്ടെത്തിയത്.

2014 നവംബർ 18നാണ് കേസിനാസ്പദമായ ആദ്യ സംഭവം. റാംപാലിന്റെ ഹിസാറിലെ ആശ്രമത്തിൽ നിന്ന് ഒരു സ്ത്രീയുടെ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ കൊലപാതകത്തിനും ഗൂഡാലോചനയ്ക്കും കേസെടുത്തു. പൊലീസും റാംപാലിന്റെ അനുയായികളും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ അഞ്ച് പേർ കൊല്ലപ്പെട്ടതാണ് രണ്ടാമത്തെ സംഭവം.

കേസിൽ എൺപതോളം ദൃക്സാക്ഷികളെയാണ് കേസിൽ വിസ്തരിച്ചത്. വിധിക്കെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്ന് റാംപാലിന്റെ അഭിഭാഷകൻ എ.പി. സിംഗ് പറഞ്ഞു. വിധിക്കെതിരെ പ്രതിഷേധം ഉയർന്നാൽ തടയാനായി വിധിപ്രസ്താവനയോടനുബന്ധിച്ച് രണ്ടായിരത്തോളം സുരക്ഷാ ജീവനക്കാരെ കോടതി പരിസരങ്ങളിൽ വിന്യസിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## നാവുളുക്കിയാൽ തരൂർ ഉത്തരവാദിയല്ല



ന്യൂഡൽഹി: വാക്കുകൾകൊണ്ട് പേടിപ്പിക്കാമോ? ശശി തരൂർ എം.പിക്ക് അതിനും സാധിക്കും. കഴിഞ്ഞ ദിവസം ശശി തരൂരിന്റെ ട്വിറ്റർ പേജിലെ ഒരു വാക്കു കണ്ട് ഞെട്ടാത്തവരായി ആരുമുണ്ടാവില്ല. 'ഫ്ലോക്സിനോസിനിഹിലിപിലിഫിക്കേഷൻ' എന്ന വാക്കു കൊണ്ടാണ് കഴിഞ്ഞ ദിവസം ആളുകളെ പേടിപ്പിച്ചത്.

തരൂരിന്റെ പുതിയ പുസ്തകമായ 'ദ പാരഡോക്സിക്കൽ പ്രൈം മിനിസ്റ്റർ നരേന്ദ്രമോദി'യുടെ പ്രകാശനവുമായി ബന്ധപ്പെട്ടുള്ള ട്വീറ്റിലാണ് ഈ ഭീമൻ പദം അദ്ദേഹം ഉപയോഗിച്ചത്. മൂല്യം കാണാതെ ഒന്നിനെ തള്ളിക്കളയുക എന്നതാണ് അർത്ഥം. തന്റെ പുസ്തകത്തിന് 'ദ പാരഡോക്സിക്കൽ പ്രൈം മിനിസ്റ്റർ' എന്ന പേരിനെക്കാൾ മികച്ച പേരില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആദ്യ വാക്കിന്റെ ഞെട്ടൽ മാറും മുമ്പാണ് ഇന്നലെ പുതിയ വാക്കുമായി എത്തിയത്. സങ്കീർണമായ പദം ഉപയോഗിച്ചതിന് ക്ഷമാപണം പറയുന്ന ട്വീറ്റിലാണ് പുതിയ വാക്കിനെ തരൂർ പരിചയപ്പെടുത്തിയത്.

'ഹിപ്പോപൊട്ടോമോൺസ്ട്രോസെസ്ക്യുപെഡലിയോഫോബിയ' എന്ന പുതിയ പദം കേട്ട് വീണ്ടും വായനക്കാർ അന്തംവിട്ടു. സങ്കീർണ പദങ്ങളോടുള്ള ഭയത്തെ തന്നെയാണ് ഹിപ്പോപൊട്ടോമോൺസ്ട്രോസെസ്ക്യുപെഡലിയോഫോബിയ സൂചിപ്പിക്കുന്നത്. 29 അക്ഷരങ്ങളുള്ള വാക്കിനോടുള്ള ഭയത്തെ സൂചിപ്പിച്ചുകൊണ്ടാണ് 35 അക്ഷരങ്ങളുള്ള പുതിയ ഭീമൻ പദത്തെ അദ്ദേഹം പരിചയപ്പെടുത്തിയിരിക്കുന്നത്.

## ഞാൻ വാഗ്ദാനങ്ങൾ പാലിക്കും; എന്റെ വാക്കുകൾ വളച്ചൊടിച്ചു: ഗഡ്കരി

മുംബയ്: 2014ലെ പൊതു തിരഞ്ഞെടുപ്പ് ജയിക്കാൻ ബി.ജെ.പി വ്യാജ വാഗ്ദാനങ്ങൾ നൽകിയെന്ന് താൻ പറഞ്ഞതായ റിപ്പോർട്ടുകൾ തെറ്റാണെന്ന് സീനിയർ പാർട്ടി നേതാവും കേന്ദ്രമന്ത്രിയുമായ നിതിൻ ഗഡ്കരി വ്യക്തമാക്കി.

2014ലെ മഹാരാഷ്ട്ര തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് താൻ നടത്തിയ ചില പരാമർശങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ചില മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണെന്ന് അദ്ദേഹം പറഞ്ഞു.

'മറാത്തി ചാനലുമായുള്ള എന്റെ ഇന്റർവ്യൂവിലാണ് ഈ പരാമർശങ്ങൾ ഉണ്ടായത്. മഹാരാഷ്ട്ര തിരഞ്ഞെടുപ്പിൽ ടോൾ പ്ലാസകളിലെ ഫീസുമായി ബന്ധപ്പെട്ട ഇലക്ഷൻ വാഗ്ദാനങ്ങളെ പറ്റി ദേവേന്ദ്രഫഡ്നാവിസും അന്തരിച്ച ഗോപിനാഥ്മുണ്ടെയും എന്നോട് ചർച്ച ചെയ്തിരുന്നു. അത് നടപ്പാക്കാൻ പ്രയാസമായിരിക്കുമെന്നതിനാൽ ഞാൻ അതിനെ എതിർക്കുകയും അത്തരം വാഗ്ദാനങ്ങൾ നൽകരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ബി.ജെ.പി ഏറെക്കാലവും പ്രതിപക്ഷത്തായിരുന്നതിനാലും ഭരണപരിചയം കുറവായതിനാലും തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നൽകുന്നതിൽ പരിമിതികൾ ഉണ്ടെന്നും ഞാൻ അവരോട് പറഞ്ഞു. ഈ പരാമർശങ്ങൾ ഒരു വിഭാഗം മാദ്ധ്യമങ്ങൾ വളച്ചൊടിക്കുകയായിരുന്നു. ഞാൻ എന്നും വാഗ്ദാനങ്ങൾ പാലിക്കാറുണ്ട്'-ഗഡ്കരി പറഞ്ഞു.

മറാത്തിയിലുള്ള ഗഡ്കരിയുടെ ഇന്റർവ്യൂവിന്റെ ദൃശ്യങ്ങൾ ട്വിറ്ററിൽ പോസ്റ്റ് ചെയ്ത കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽഗാന്ധി അദ്ദേഹത്തെ വിമർശിച്ചിരുന്നു. അത് പരാമർശിച്ച്, രാഹുൽഗാന്ധിക്ക് എന്നുമുതലാണ് മറാത്തി മനസിലാകാൻ തുടങ്ങിയതെന്നും ഗഡ്കരി പരിഹസിച്ചു.



## കർണാടക ബി.എസ്.പി മന്ത്രി രാജിവച്ചു

ബംഗളൂരു: കർണാടകത്തിലെ കൂട്ടുകക്ഷി മന്ത്രിസഭയിലെ ഏക ബി.എസ്.പി അംഗം എൻ. മഹേഷ് രാജിവെച്ചു. രാജസ്ഥാൻ, മദ്ധ്യപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസുമായി സഖ്യത്തിനില്ലെന്ന് ബി.എസ്.പി അദ്ധ്യക്ഷ മായാവതി പ്രഖ്യാപിച്ചതിനു തൊട്ടുപിന്നാലെയാണ് രാജി. വ്യക്തിപരമായ കാരണങ്ങളാണ് രാജിക്ക് പിന്നിലെന്നായിരുന്നു വിശദീകരണം. ജെ.ഡി.എസ് - കോൺഗ്രസ് സഖ്യത്തിൽ തുടരുമെന്നും അദ്ദേഹം അറിയിച്ചു. സ്വന്തം മണ്ഡലമായ കൊള്ളെഗലിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനും ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനുമാണ് രാജിയെന്ന് അദ്ദേഹം വ്യക്തമാക്കി. ലോക്സഭാ മണ്ഡലങ്ങളിലേക്കും രണ്ടു നിയമസഭാ മണ്ഡലങ്ങളിലേക്കും നടക്കുന്ന തിരഞ്ഞെടുപ്പിൽ ജനതാ ദൾ എസിനായി പ്രചാരണം നടത്തും. മായാവതിയുമായി കൂടിയാലോചിച്ചല്ല രാജിയെന്നും അദ്ദേഹം പറഞ്ഞു.

## മീ ടൂ ആരോപണം

# എം. ജെ. അക്ബറിന്റെ രാജിക്കായി സമ്മർദ്ദം



ന്യൂഡൽഹി: മീടൂ കാമ്പെയിനിൽ വനിതാ മാദ്ധ്യമപ്രവർത്തകർ ലൈംഗികാതിക്രമം ആരോപിച്ച മുതിർന്ന മാദ്ധ്യമപ്രവർത്തകനും വിദേശകാര്യ സഹമന്ത്രിയുമായ എം.ജെ. അക്ബറിന്റെ രാജിക്കായി സമ്മർദ്ദമേറുന്നു. നൈജീരിയയിൽ നിന്ന് തിരിച്ചെത്തുന്ന മന്ത്രി രാജിക്കാര്യത്തിൽ സ്വയം തീരുമാനമെടുക്കട്ടെ എന്ന നിലപാടിലാണ് ബി.ജെ.പി. അതേസമയം വിദേശകാര്യ മന്ത്രാലയം അക്ബറിനോട് വിശദീകരണം തേടിയിട്ടുണ്ട്. അക്ബറിന് വിശദീകരിക്കാൻ സാവകാശം നൽകണമെന്ന് കേന്ദ്രമന്ത്രിമാരായ സ്മൃതി ഇറാനിയും ഉമാ ഭാരതിയും പറഞ്ഞു.

ഏഴ് വനിതാ മാദ്ധ്യമ പ്രവർത്തകർ വർഷങ്ങൾക്കു മുമ്പ് അക്ബറിൽനിന്നുണ്ടായ മോശം പെരുമാറ്റത്തെക്കുറിച്ച് വെളിപ്പെടുത്തിയത് പ്രതിച്ഛായയ്ക്ക് കളങ്കമാണെന്ന നിലപാടിലാണ് ബി.ജെ.പി നേതൃത്വം. മന്ത്രിയായിരിക്കെ നടന്നതല്ലെങ്കിലും ബേഠി ബച്ചാവോ, ഉജ്ജ്വല, മുദ്ര തുടങ്ങിയ സ്ത്രീ കേന്ദ്രീകൃത പതാകാവാഹക പദ്ധതികളുമായി മുന്നോട്ടു പോകുന്ന സർക്കാരിന് ആരോപണം തള്ളാനാകില്ലെന്ന് നേതാക്കൾ പറയുന്നു. ആരോപണ വിധേയനായ അക്ബറിനെ മന്ത്രിസഭയിൽ തുടരാൻ അനുവദിക്കരുതെന്ന് ആർ.എസ്.എസും ആവശ്യപ്പെട്ടതായി സൂചനയുണ്ട്. എന്നാൽ മന്ത്രിസഭയിൽ നിന്ന് അദ്ദേഹം സ്വയം രാജിവച്ച് ഒഴിയുന്നതാകും നല്ലതെന്നാണ് പാർട്ടിയുടെ അഭിപ്രായം. വാണിജ്യപ്രതിനിധിസംഘത്തിനൊപ്പം നൈജീരിയയിൽ പോയ അക്ബറിനോട് ഉടൻ മടങ്ങാൻ പാർട്ടി നേതൃത്വം ആവശ്യപ്പെട്ടിരുന്നു. മടങ്ങിയ എത്തിയ ഉടൻ അക്ബർ നിലപാട് വിശദീകരിച്ചേക്കും.

> "എം.ജെ. അക്ബറിന് ഇക്കാര്യം സംബന്ധിച്ച് പ്രതികരിക്കാനുള്ള സാഹചര്യം ഉണ്ടാവേണ്ടതുണ്ട്. വിശദീകരിക്കാൻ സാവകാശം നൽകണം. വനിതാ സഹപ്രവർത്തകർക്കുവേണ്ടി മാദ്ധ്യമപ്രവർത്തകർ ചെയ്യുന്നത് നല്ല കാര്യമാണ്. എല്ലാത്തിനും മറുപടി നൽകേണ്ടത് പ്രശ്നത്തിൽ ഉൾപ്പെട്ട വ്യക്തിയാണ്.
>
> *-സ്മൃതി ഇറാനി*



*തിത്‌ലി താണ്ഡവമാടിയ ആന്ധ്രാപ്രദേശിലെ ഒരു റെയിൽവേസ്റ്റേഷനിൽ നിന്നുള്ള ചിത്രം*

## കലിതുള്ളി 'തിത്‌ലി' ചുഴലി

### ആന്ധ്രയിൽ 8 മരണം, ഒഡീഷയിൽ നാശനഷ്ടം

ഭുവനേശ്വർ: ബംഗാൾ ഉൾക്കടലിന് മുകളിൽ രൂപപ്പെട്ട തിത്‌ലി ചുഴലിക്കൊടുങ്കാറ്റ് ഒഡീഷ, ആന്ധ്രാപ്രദേശ് തീരങ്ങളിൽ കനത്തനാശം വിതച്ചു. ഇന്നലെ പുലർച്ചെയോടെ ഒഡീഷ തീരത്തണഞ്ഞ അതിശക്തമായ ചുഴലിയിൽ അയൽസംസ്ഥാനമായ ആന്ധ്രാപ്രദേശിൽ എട്ടുപേർ മരിച്ചു. മരിച്ചവരിൽ ആറുപേർ മത്സ്യത്തൊഴിലാളികളാണ്. മണിക്കൂറിൽ 135 കിലോമീറ്റർ വേഗത്തിലാണ് ഇന്നലെ ഒഡീഷയിലെ ഗോപാൽപൂർ മേഖലയിലേക്കു ചുഴലിക്കാറ്റെത്തിയത്. ഒഡീഷയിലെ വിവിധ ജില്ലകളിൽ കനത്ത മഴ തുടരുകയാണ്.

വൈദ്യുതി, ആശയവിനിമയ സംവിധാനങ്ങൾ എന്നിവ പൂർണമായി തകരാറിലായി. നേരത്തേ കാലാവസ്ഥാനിരീക്ഷണ കേന്ദ്രത്തിന്റെ അറിയിപ്പുലഭിച്ചതിനാൽ ഒഡീഷയുടെ തീരദേശ മേഖലയിൽ നിന്ന് മൂന്നു ലക്ഷം പേരെ മാറ്റിപ്പാർപ്പിച്ചിരുന്നു. ആന്ധ്രാ, ഒഡീഷ സംസ്ഥാനങ്ങളിലെ വിമാന, ട്രെയിൻ സർവീസുകളെയും ചുഴലി സാരമായി ബാധിച്ചു. ഭുവനേശ്വറിൽ നിന്നു പുറപ്പെടാനും അവിടേക്ക് എത്തിച്ചേരാനുമുള്ള അഞ്ച് വിമാനങ്ങൾ ഇൻഡിഗോ റദ്ദാക്കി.

165 കിലോമീറ്റർ വേഗത്തിൽ വരെ കാറ്റടിക്കാൻ സാദ്ധ്യതയുണ്ടെന്നായിരുന്നു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം നൽകിയ മുന്നറിയിപ്പ്. 836 ക്യാമ്പുകൾ ഒഡീഷയിൽ വിവിധ ഇടങ്ങളിലായി തുറന്നു. മുന്നൂറോളം ബോട്ടുകളെ രക്ഷാപ്രവർത്തനത്തിനായി സജ്ജമാക്കിയിട്ടുണ്ട്. ആയിരത്തോളം ദേശീയ ദുരന്തനിവാരണ സേനാംഗങ്ങളെ ഒഡീഷ, ആന്ധ്രാപ്രദേശ് പശ്ചിമബംഗാൾ എന്നിവിടങ്ങളിലേക്ക് അയച്ചിട്ടുണ്ട്.

## മാദ്ധ്യമ ഭീമൻ രാഘവ് ബാലിന്റെ വീട്ടിലും ഓഫീസിലും റെയ്ഡ്



ന്യൂഡൽഹി: നികുതി വെട്ടിച്ചെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ 'ക്വിന്റ്' വാർത്താ പോർട്ടലിന്റെ സ്ഥാപകനും പ്രമുഖ മാദ്ധ്യമ സംരംഭകനുമായ രാഘവ്ബാലിന്റെ വീട്ടിലും ഓഫീസിലും ആദായ നികുതിവകുപ്പ് മിന്നൽ പരിശോധന നടത്തി.

നോയിഡയ്ക്ക് സമീപത്തെ വീട്ടിൽ ഇന്നലെ അതിരാവിലെയായിരുന്നു റെയ്ഡ്. കൃത്രിമരേഖകൾ ചമച്ച് സാമ്പത്തിക ഇടപാട് നടത്തിയെന്ന ആരോപണത്തിൽ തെളിവു ശേഖരിക്കാനായിരുന്നു പരിശോധനയെന്നാണ് വിവരം. ഈ സാമ്പത്തിക ഇടപാടിന്റെ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരെന്ന് ആരോപിക്കപ്പെടുന്ന ജെ. ലാല്വനി, അനൂപ് ജെയിൻ, അഭിമന്യു എന്നിവരുടെ വീടുകളിലും ഓഫീസുകളിലും പരിശോധന നടത്തി.

എന്നാൽ പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുക്കാനാണ് പരിശോധനയെന്ന് രാഘവ്ബാൽ പറഞ്ഞു. വിഷയത്തിൽ എഡിറ്റേഴ്സ് ഗിൽഡിന്റെ പിന്തുണ തേടിയിട്ടുണ്ട്.

രാഘവ് ബാൽ ന്യൂസ്18 ചാനൽ ശൃംഖലയുടെ ഉടമയായിരിക്കെയാണ് മണികൺട്രോൾ, ബുക്ക്മൈഷോ, ഫസ്റ്റ് പോസ്റ്റ് തുടങ്ങിയ പോർട്ടലുകൾ ആരംഭിച്ചത്. പിന്നീട് മുകേഷ് അംബാനിയുടെ റിലയൻസ്, ന്യൂസ്18 ചാനൽ ശൃംഖല വാങ്ങി.

## നാനാ പടേക്കറിനെതിരെ കേസെടുത്തു



മുംബയ്: ബോളിവുഡ് താരം തനുശ്രീ ദത്തയുടെ ലൈംഗിക അതിക്രമ പരാതിയിൽ നടൻ നാനാ പടേക്കർക്കെതിരെ മുംബയ് പൊലീസ് കേസെടുത്തു. നിർമ്മാതാവ് സമി സിദ്ദിഖി, നൃത്ത സംവിധായകൻ ഗണേശ് ആചാര്യ, സംവിധായകൻ രാകേഷ് സാരംഗ് എന്നിവർക്കെതിരെയും കേസെടുത്തിട്ടുണ്ട്. തനുശ്രീയുടെ പരാതിയിൽ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ ദിവസം വനിതാ കമ്മീഷൻ മുംബയ് പൊലീസിന് നോട്ടീസ് അയച്ചിരുന്നു. പിന്നാലെയാണ് നടപടി. ഐ.പി.സി സെക്ഷൻ 354, 509 പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇപ്പോൾ അറസ്റ്റുണ്ടാകില്ലെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും എ.സി.പി മനോജ് കുമാർ ശർമ്മ മാദ്ധ്യമങ്ങളോട് പറഞ്ഞു. 2008 - ൽ ഹോൺ ഓകെ പ്ലീസ് എന്ന ചിത്രത്തിന്റെ ഗാനചിത്രീകരണ വേളയിലാണ് നാനാപടേക്കർ ലൈംഗിക അതിക്രമം നടത്തിയെന്നായിരുന്നു 10 വർഷത്തിന് ശേഷം തനുശ്രീദത്തയുടെ വെളിപ്പെടുത്തൽ. എന്നാൽ, തനുശ്രീയുടെ ആരോപണം കള്ളമാണെന്ന് നാനപടേക്കർ പ്രതികരിച്ചു. നൂറോളം പേർക്ക് മുന്നിൽ, വച്ച് താൻ എന്ത് പീഡനം നടത്താനാണെന്നും ആരോപണത്തെ നിയമപരമായി നേരിടാൻ പോവുകയാണെന്നുമായിരുന്നു നാന പടേക്കറിന്റെ പ്രതികരണം.


## മി ടൂവിൽ മലിംഗയും



ന്യൂഡൽഹി: അർജ്ജുന രണതുംഗെയ്ക്ക് പിന്നാലെ ശ്രീലങ്കൻ ക്രിക്കറ്റ് താരം ലസിത് മലിംഗയും ലൈംഗിക പീഡനാരോപണത്തിൽ പ്രതിസ്ഥാനത്ത്. പ്രശസ്ത ഗായിക ചിന്മയി ശ്രീപാദയാണ് ഒരു ഐ.പി.എൽ സീസണിനിടെ മലിംഗ ഒരു യുവതിയെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചതായി ഇന്നലെ ട്വിറ്ററിൽ കുറിച്ചത്. ആരോപണം ഉന്നയിച്ച യുവതിയുടെ പേര് ചിന്മയി വെളിപ്പെടുത്തിയിട്ടില്ല. ഐ.പി.എല്ലിൽ മുംബയ് ഇന്ത്യൻസിന്റെ താരമായ ലസിത് മലിംഗ ഹോട്ടൽ മുറിയിൽ വച്ച് പീഡിപ്പിക്കാൻ ശ്രമിച്ചെന്നാണ് ചിന്മയി പുറത്തുവിട്ട 'യുവതി'യുടെ കുറിപ്പിൽ പറയുന്നത്. സുഹൃത്തിനെ കാത്തിരിക്കുകയായിരുന്ന യുവതിയെ, സുഹൃത്ത് തന്റെ മുറിയിലുണ്ടെന്നു പറഞ്ഞ് പ്രമുഖ ശ്രീലങ്കൻ കളിക്കാരൻ വിളിച്ചുവരുത്തി. എന്നാൽ സുഹൃത്ത് അവിടെ ഉണ്ടായിരുന്നില്ല. പെട്ടെന്ന് അയാൾ തന്നെ കിടക്കയിലേക്ക് തള്ളിയിട്ട് പീഡിപ്പിക്കാൻ ശ്രമിച്ചു.

ഇതിനിടെ അയാൾക്ക് മദ്യവുമായി എത്തിയ ഹോട്ടൽ ജീവനക്കാരൻ വാതിലിൽ മുട്ടിയെന്നും വാതിൽ തുറക്കാൻ അയാൾ പോയ തക്കത്തിന് താൻ എഴുന്നേറ്റ് പോയി മുഖം കഴുകി. പുറത്തേക്കോടി രക്ഷപ്പെട്ടെന്നും യുവതി കുറിപ്പിൽ വ്യക്തമാക്കുന്നു.

## ഗംഗയ്ക്കുവേണ്ടി 111 ദിവസം ഉപവസിച്ച സ്വാമി ജ്ഞാന സ്വരൂപ് അന്തരിച്ചു



ഹരിദ്വാർ: ഗംഗ ശുചീകരിക്കണമെന്നാവശ്യപ്പെട്ട് 111 ദിവസം ഉപവാസസമരം നടത്തിയ പരിസ്ഥിതി പ്രവർത്തകൻ പ്രൊഫ. ജി.ഡി. അഗർവാൾ (സ്വാമി ജ്ഞാന സ്വരൂപ്സാനന്ദ്, 87) അന്തരിച്ചു. 'ക്ലീൻ ഗംഗ' എന്ന ആവശ്യമുന്നയിച്ച് ജൂൺ 22 മുതൽ അദ്ദേഹം ഉപവാസത്തിലായിരുന്നു. ആരോഗ്യനില മോശമായതിനെ തുടർന്ന് ഉത്തരാഖണ്ഡ് പൊലീസ് ബലം പ്രയോഗിച്ച് കഴിഞ്ഞ ബുധനാഴ്ച അദ്ദേഹത്തെ മാത്രി സദൻ ആശ്രമത്തിൽ നിന്നും ഋഷികേഷിലെ എയിംസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും വ്യാഴാഴ്ച ഉച്ചയോടെ ഹൃദയാഘാതമുണ്ടായി. ഉപവാസ കാലയളവിൽ തേൻ ചേർത്ത വെള്ളം മാത്രമാണ് കുടിച്ചിരുന്നത്.

കാൺപൂർ ഐ.ഐ.ടിയിലെ പ്രൊഫസറായിരുന്ന അഗർവാൾ ഗംഗയ്ക്കുവേണ്ടി നിരവധി സമരങ്ങൾ ചെയ്തിട്ടുണ്ട്. ഗംഗയിലെ ഖനന - ജലവൈദ്യുത പദ്ധതികൾ നിരോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. 2011ൽ മാത്രി സദനിലെ സ്വാമി നിഗമാനന്ദ് (36), ഗംഗയിലെ അനധികൃത ഖനനം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് രണ്ടു മാസത്തിലേറെ ഉപവാസ സമരം നടത്തിയതിനെ തുടർന്ന് മരിച്ചിരുന്നു.



## ശബരിമല: സമരത്തെ തള്ളി ദേശീയ വനിതാ കമ്മിഷൻ

ന്യൂഡൽഹി: ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് നടക്കുന്ന സമരങ്ങൾ നിയമവിരുദ്ധമാണെന്ന് ദേശീയ വനിതാ കമ്മിഷൻ അദ്ധ്യക്ഷ രേഖാ ശർമ്മ അഭിപ്രായപ്പെട്ടു. സുപ്രീംകോടതി വിധി സ്ത്രീകളുടെ വ്യക്തി സ്വാതന്ത്ര്യം ശരിവയ്ക്കുന്നതാണ്. ഈ വിധി മറികടക്കാൻ ഓർഡിനൻസ് ഇറക്കുന്നതിനോട് യോജിക്കുന്നില്ല. ശബരിമലയിൽ പോകണമെന്ന് ആഗ്രഹിക്കുന്നവരെ തടയാൻ കഴിയില്ലെന്ന് രേഖാ ശർമ്മ വ്യക്തമാക്കി.

## സുപ്രീംകോടതി വിധി ആശങ്കാജനകം: കേരള യാദവ സഭ

തിരുവനന്തപുരം: ശബരിമലയിൽ യുവതീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധി ആശങ്കാജനകമാണെന്ന് കേരള യാദവ സഭ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. വേണ്ടത്ര പഠനം നടത്താതെ പുറപ്പെടുവിച്ച ഈ വിധി അനുചിതമാണ്. യുക്തിയും ലിംഗ സമത്വവും നിർജ്ജീവമായ നിയമാവലികളുമല്ല പരിഗണിക്കേണ്ടത്. ശബരിമലയിലെ ക്ഷേത്രാചാരങ്ങളും പവിത്രതയും പരിരക്ഷിക്കപ്പെടണം. അതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളണമെന്നും കേരള യാദവ സഭ പ്രസിഡന്റ് എ. കൃഷ്ണൻകുട്ടി, ജനറൽ സെക്രട്ടറി ടി.ബി. ജയപ്രകാശ് എന്നിവർ പറഞ്ഞു.

# യു.എ.ഇയിൽ ഇന്ന് കൗമുദി നൈറ്റ്

▸ പ്രത്യേക ലേഖകൻ



*വിനീത് ശ്രീനിവാസൻ*



*അനു സിതാര*



*മനോജ് ഗിന്നസ്*

ദുബായ്: 'കേരളകൗമുദി' യു.എ.ഇയിലെ പ്രവാസികൾക്കായൊരുക്കുന്ന 'കെ.എസ്.എഫ്.ഇ പ്രവാസിചിട്ടി കൗമുദി നൈറ്റ്' കലാവിരുന്ന് ഇന്ന് വൈകിട്ട് ആറിന് അജ്മാനിലെ റമദാ ഹോട്ടൽ ആൻഡ് സ്യൂട്ട്സിലെ ദി മെജസ്റ്റിക് ബാൾ റൂമിൽ അരങ്ങേറും. യു.എ.ഇയിലെ ഏഴ് എമിറേറ്റ്സുകളിൽ നിന്നും പ്രവാസിമലയാളികൾ അജ്മാനിലേക്ക് ഒഴുകിയെത്തും. വിനീത് ശ്രീനിവാസന്റെ സംഗീത ബാൻഡിന്റെ യു.എ.ഇയിലെ അരങ്ങേറ്റ വേദിയെന്ന പ്രത്യേകതയും കൗമുദി നൈറ്റിനുണ്ട്.

പുതുമുഖ നായിക അനുസിതാരയുടെയും സംഘത്തിന്റെയും നൃത്തപരിപാടിയാണ് കൗമുദിനൈറ്റിന്റെ മറ്റൊരാകർഷണം. ഇന്നലെ അജ്മാനിലെത്തിയ അനുസിതാര, ഷാർജയിലെ ക്യാമ്പിലെത്തി പരിശീലനത്തിൽ പങ്കെടുത്തു. ചിരിയുടെ മാലപ്പടക്കവുമായി മനോജ് ഗിന്നസ്, പഴയകാല ഗാനങ്ങളുമായി ആലപ്പി ബെന്നി എന്നിവരും കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി കൗമുദി നൈറ്റിൽ അണിനിരക്കും. സേവനം ഷാർജ എമിറേറ്റ്സ് സെന്റർ കമ്മിറ്റി അംഗങ്ങൾ ഒരുക്കുന്ന ശ്രീനാരായണഗുരുദേവന്റെ അർദ്ധനാരീശ്വര സ്തവത്തിന്റെ രംഗാവിഷ്കാരവും ഉണ്ടാകും.

വൈകിട്ട് നാലിന് പൊതുസമ്മേളനം വിനീത് ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യും. സേവനം സെന്റർ ഷാർജ എമിറേറ്റ്സ് കമ്മിറ്റി പ്രസിഡന്റ് കെ.വി. ശശീന്ദ്രൻ അദ്ധ്യക്ഷനാവും. വൈസ് പ്രസിഡന്റ് ബിനുമനോഹർ സ്വാഗതം ആശംസിക്കും. സേവനം സെന്റർ സെൻട്രൽകമ്മിറ്റി പ്രസിഡന്റ് എം.കെ. രാജൻ, സെക്രട്ടറി പ്രദീപ്കുമാർ, ട്രഷറർ ബാബു കണ്ടശേരി, ഷാർജ എമിറേറ്റ്സ് കമ്മിറ്റി സെക്രട്ടറി ബിജുകുമാർ, ട്രഷറർ പ്രഭാകരൻ പയ്യന്നൂർ, കേരളകൗമുദി ബ്രോഡ്കാസ്റ്റിംഗ് ഹെഡ് എ.സി.റെജി, ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് ഇ.പി.ജോൺസൺ, സെക്രട്ടറി അബ്ദുള്ള മല്ലശേരി, ട്രഷറർ ബാലകൃഷ്ണൻ, സേവനം വനിതാ വിഭാഗം ഭാരവാഹികളായ പത്മിനി ശശീന്ദ്രൻ, സുമാ പ്രദീപ്, വർണാ ബിജു, സെൻട്രൽ കമ്മിറ്റി കോ-ഓർഡിനേറ്റർ ലതാ വേണുഗോപാൽ എന്നിവർ പ്രസംഗിക്കും. കേരളകൗമുദി പരസ്യവിഭാഗം കോർപറേറ്റ് മാനേജർ സുധീർകുമാർ, കൗമുദി ടി.വി പരസ്യവിഭാഗം കോർപറേറ്റ് മാനേജർ രാജീവ്കുമാർ എന്നിവർ പങ്കെടുക്കും.

### മഹാഗുരു ട്രെയിലർ പ്രകാശനം

കൗമുദി ടി.വിയിൽ സംപ്രേഷണം ചെയ്യാനിരിക്കുന്ന ശ്രീനാരായണഗുരുദേവന്റെ ജീവിതം ആധാരമാക്കിയുള്ള 'മഹാഗുരു' പരമ്പരയുടെ ട്രെയിലർ ലോഞ്ചിംഗ് കൗമുദി നൈറ്റിൽ നടക്കും. ഗുരുദേവന്റെ ജീവചരിത്രം 100 അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്ന മെഗാപരമ്പരയാണിത്.

മഞ്ജുവെള്ളായണിയുടെ തിരക്കഥയിൽ ഡോ. മഹേഷാണ് സംവിധാനം നിർവഹിക്കുന്നത്.

## വിസമ്മതപത്രം നൽകിയ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി

തിരുവനന്തപുരം: സാലറി ചലഞ്ചിൽ വിസമ്മതപത്രം നൽകുന്നതിന് ഹൈക്കോടതി സ്റ്റേ നൽകിയതിന് പിന്നാലെ വിസമ്മതപത്രം നൽകിയെന്ന പേരിൽ രണ്ട് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി.

വർക്കല താലൂക്ക് ഓഫീസിലെ സീനിയർ ക്ലാർക്ക് എ.എസ്. അഭിലാഷ്, അനൂപ് എസ്. എന്നിവരെയാണ് ശിക്ഷണ നടപടികളുടെ ഭാഗമായി വില്ലേജ് ഓഫീസിലേക്ക് സ്ഥലം മാറ്റിയത്. ഇരുവരെയും ചെമ്മരുതി വില്ലേജിലേക്കാണ് മാറ്റിയത്. വർക്കല താലൂക്ക് ഓഫീസിലെ 14 ജീവനക്കാരിൽ മൂന്ന് പേരാണ് വിസമ്മതപത്രം നൽകിയത്. ഇവരിൽ രണ്ടു പേരെയാണ് സ്ഥലം മാറ്റിയത്.



*ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ സജീഷ്കുമാർ മണലേൽ സംസാരിക്കുന്നു. ജനീഷ്, ബ്രുഗുണൻ, രാജേഷ് നെടുമങ്ങാട്, സ്വാമി ഗുരുപ്രകാശം, സുധാകരൻ, ജനാർദ്ദനൻ എന്നിവർ സമീപം*

### ശിവഗിരി നവതി ആചരണം

## മൂലൂരിനെയും കേശവശാസ്ത്രികളെയും അനുസ്മരിച്ചു

ശിവഗിരി: ശ്രീനാരായണ ഗുരുദേവനെ മാതൃകയാക്കുകയും വളരെ ചെറുപ്പം മുതൽ സാമൂഹ്യ പരിഷ്കരണ രംഗത്തും സാഹിത്യ മേഖലയിലും കഴിവ് തെളിയിക്കുകയും ചെയ്ത മഹത് വ്യക്തിത്വമാണ് മൂലൂർ എസ്. പത്മനാഭപ്പണിക്കരെന്ന് എസ്.എൻ.ഡി.പി യോഗം ഇൻസ്പെക്ടിംഗ് ഓഫീസർ രാജേഷ് നെടുമങ്ങാട് പറഞ്ഞു. ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ മൂലൂർ എസ്. പത്മനാഭപ്പണിക്കർ, ടി.ടി. കേശവ ശാസ്ത്രി ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.


സവർണ കവികളുടെ അപ്രമാദിത്വത്തിനെതിരെ റെഡ് അലർട്ട് പ്രഖ്യാപിച്ച മലയാളസാഹിത്യത്തിലെ മന്ദാരപുഷ്പമാണ് മൂലൂരെന്ന് യോഗം കോട്ടയം യൂണിയൻ കൗൺസിലർ സജീഷ്കുമാർ മണലേൽ പറഞ്ഞു. മഹാത്മാ അയ്യങ്കാളിക്കു ശേഷം കേരളം കണ്ട ഏറ്റവും ധീരനായ സമുദായ നേതാവാണ് കേശവ ശാസ്ത്രികൾ. ദളിത് സിംഹം കുറുമ്പൻ ദൈവത്താനുമൊത്ത് മെഴുവേലി ആനന്ദഭൂതേശ്വരം ക്ഷേത്രസന്നിധിയിൽ ഗുരുദേവനെ കണ്ടുമുട്ടിയതാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിത്തിരിവായത്. ഗുരു കേശവനെ മൂലൂരിനെ ഏല്പിച്ചു. മൂലൂരിൽ നിന്ന് സംസ്കൃതം പഠിച്ചു. ചാല ഗവ. ഹൈസ്കൂളിലെ അദ്ധ്യാപക ജോലി രാജിവച്ചാണ് സമുദായ പ്രവർത്തനത്തിനിറങ്ങിയത്. 1942ൽ ആൾ ട്രാവൻകൂർ പുലയ മഹാസഭ സ്ഥാപിച്ചു. അധഃസ്ഥിതർക്ക് ഭൗതിക മോചനം ഉണ്ടാകണമെങ്കിൽ ഗുരുവിന്റെ സന്ദേശം ഉൾക്കൊണ്ട് ഒരു സംഘടനയുടെ കീഴിൽ സംഘടിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണ കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, യജ്ഞകമ്മിറ്റി ചെയർമാൻ സ്വാമി വിശാലാനന്ദ, സ്വാമി ഗുരുപ്രകാശം, പി.സുന്ദരൻ കൊല്ലം, കാവേരി രാമചന്ദ്രൻ, ഡി.പ്രേംരാജ്, അജി.എസ്.ആർ.എം, വിപിൻ രാജ്, ശ്രീകുമാർ പെരുങ്ങുഴി, ആലുവിള അജിത്ത്, സജി.എസ്.ആർ.എം തുടങ്ങിയവർ സംബന്ധിച്ചു.

### ശിവഗിരിയിൽ ഇന്ന്

രാവിലെ 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, 9ന് അഖണ്ഡ നാമജപം, വിശ്വശാന്തിഹവനം, വൈകുന്നേരം 3ന് ആചാര്യസ്മൃതിസമ്മേളനം.

# വ്യത്യസ്ത ജനവിഭാഗങ്ങൾ



**ലോകത്തിന്റെ പല ഭാഗങ്ങളിലും വ്യത്യസ്തരായ ജനങ്ങൾ വസിക്കുന്നുണ്ട്. നാം ഇവരെ അറിയുന്നില്ലെന്ന് മാത്രം. വ്യത്യസ്ത ജീവിതശൈലികൾ പിന്തുടരുന്ന ഇവരുടെ രീതികൾ നമുക്ക് അത്ഭുതമാണ് സമ്മാനിക്കുക. യാന്ത്രികമല്ലാത്ത അവരുടെ ജീവിതത്തിലേക്ക്**

## എസ്കിമോ

മഞ്ഞിൽ ജീവിക്കുന്ന മനുഷ്യരാണിവർ. ആർട്ടിക്, അലാസ്ക, ഗ്രീൻലൻഡ്, ഹഡ്സൺ ഉൾക്കടലിന്റെ സമീപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇവർ താമസിക്കുന്നു. മഞ്ഞുകൊണ്ട് നിർമ്മിക്കുന്ന ഇഗ്ലൂ എന്ന് പേരായ ഇവരുടെ വീടുകൾ പ്രശസ്തമാണ്. മൃഗങ്ങളെ വേട്ടയാടി ഭക്ഷിക്കുന്ന ഇവർ അവയുടെ രക്തം കുടിക്കാറുണ്ട്. എസ്കിമോ അല്യൂട്ട് (Aleut) എന്ന ഭാഷാ കുടുംബത്തിലെ ഭാഷയാണ് ഇവർ സംസാരിക്കുന്നത്.

## സാൻ

കലഹാരി മരുഭൂമിയിൽ ജീവിക്കുന്ന ഒരുവിഭാഗം. ബിഷ്മെൻ എന്ന് ആദ്യകാലത്ത് വിളിച്ചിരുന്നു. നാടോടികളാണിവർ. ചുരുണ്ട മുടിയും പരന്ന മൂക്കും പ്രത്യേകതകളാണ്. ഇവരുടെ പിൻതലമുറക്കാരാണ് ദക്ഷിണാഫ്രിക്കയിലേയും ബോട്ട്സ്വാനയിലേയും ആദ്യ താമസക്കാർ എന്ന് കണക്കാക്കുന്നു.

സ്ത്രീകൾക്ക് ഉന്നത സ്ഥാനമാണ് ഈ സമൂഹത്തിലുള്ളത്. സംഗീതം, നൃത്തം എന്നിവയൊക്കെ ജീവിതത്തിന്റെ ഭാഗമാണ്. ഒട്ടകപക്ഷിയുടെ മുട്ടത്തോടിലാണ് ഇവർ വെള്ളം ശേഖരിക്കുക. കായ്കനികൾക്ക് പുറമേ ചിത്രശലഭങ്ങൾ, വണ്ടുകൾ, പുൽച്ചാടികൾ എന്നിവയേയും ഇവർ ഭക്ഷിക്കാറുണ്ട്.

പേരുകൾ കുറവാണെന്നതാണ് ഇവരുടെ പ്രത്യേകത. അതായത് ജനിക്കുന്ന കുട്ടിക്ക് നൽകുന്ന പേര് ബന്ധുവിന്റെയോ മുത്തശിയുടെയോ മുത്തച്ഛന്റെയോ പേരായിരിക്കും.



## മസായ്

ഉയരമാണ് ഇവരുടെ പ്രത്യേകത. ആറടിയാണ് ശരാശരി ഉയരം. കെനിയയാണ് സ്വദേശം. കാലികളെ വളർത്തുന്നതാണ് ജോലി. മാ എന്ന ഭാഷയാണ് ഇവർ സംസാരിക്കുന്നത്.

ലോകത്തുള്ള എല്ലാ കന്നുകാലികളെയും ദൈവം തങ്ങൾക്ക് തന്നിരിക്കുന്ന എന്നാണ് ഇവരുടെ വിശ്വാസം.

ആഭരണ നിർമ്മാണത്തിന് പ്രശസ്തരായ ഇവർ തങ്ങളുണ്ടാക്കുന്ന ആഭരണം സഞ്ചാരികൾക്ക് വിൽക്കാറുണ്ട്. യോദ്ധാക്കളാണ് മുടി നീട്ടിവളർത്താറ്.

ടാൻസാനിയയുടെ പ്രധാനമന്ത്രിയായിരുന്ന എഡ്വാർഡ് ലോവാസ, കെനിയയുടെ നാഷണൽ അസംബ്ലിയുടെ സ്പീക്കറായിരുന്ന ഫ്രാൻസിസ് ഒലേ കപരോ, മധ്യദൂര ഓട്ടക്കാരനായ ഒളിമ്പിക് മെഡൽ ജേതാവുമായ ഡേവിഡ് റുഡീഷ എന്നിങ്ങനെ പല പ്രശസ്തരും ഈ വർഗത്തിലുണ്ട്.

## ചക്ചി

ചക്ചി എന്ന പ്രവിശ്യയിലെ ആളുകൾ. റഷ്യയുടെ ഭാഗമാണ് ഈ പ്രദേശം. ഏകദേശം 16000 ആൾക്കാർ മാത്രമേ ഇപ്പോഴുള്ളൂ. രണ്ടുതരം ചക്ചികളുണ്ട്. മാറിടൈം ചക്ചികൾ, റെയ്ൻഡീർ ചക്ചികൾ. കടലിൽ വേട്ടയാടുന്നവരാണ് ആദ്യത്തെ ആൾക്കാർ. രണ്ടാമത്തെവർ തീരഭാഗങ്ങളിലാണ് കൂടുതലായും താമസിക്കുന്നത്. റെയ്ൻഡീർ എന്നയിനം മാനുകളെ വളർത്തുന്നവരാണ്.

## സുലു

ദക്ഷിണാഫ്രിക്കയിലെ ഗോത്രവർഗം. സുലു എന്ന വാക്കിനർത്ഥം സ്വർഗം എന്നാണ്. സുലു ആണ് ഇവരുടെ ആദി പിതാവെന്ന് വിശ്വസിക്കുന്നു. ഇവരുടേതായ പരമ്പരാഗതമായ വീടുകളിലാണ് താമസം. കുട്ട കമിഴ്ത്തിയതുപോലെയാണ് വീടുകൾ. ഗ്രാമത്തിന് ഒരു തലവനുണ്ടാകും. ഇവരുടെ ഭാഷയാണ് സുലു. ഉലൻകുലുകുലം എന്ന ദൈവത്തിൽ വിശ്വസിക്കുന്ന ഇവരിൽ ഭൂരിഭാഗം ആളുകളും ക്രിസ്തുമതത്തിലും വിശ്വസിക്കുന്നവരാണ്.



## ജിപ്സികൾ

നാടോടികളായ ജനവിഭാഗം. വടക്കേ ഇന്ത്യയിൽനിന്ന് ലോകമെമ്പാടും വ്യാപിച്ചതാണ് ഇവർ എന്ന് പറയപ്പെടുന്നു. ഇവരെ റൊമാനികൾ എന്നാണ് വിളിക്കുന്നത്. യൂറോപ്പിലാണ് ഇവർ കൂടുതലായി താമസിക്കുന്നത്.

റോമാനി ആണ് ഇവരുടെ ഭാഷ. വസിക്കുന്ന സ്ഥലത്തെ ഭാഷയും ഇവർ സംസാരിക്കാറുണ്ട്. ഈ ഭാഷയ്ക്ക് പഞ്ചാബി, സിന്ധി ഭാഷകളുമായി ബന്ധമുണ്ട്.

പലരാജ്യങ്ങളിലാണെങ്കിലും പല വിഭാഗങ്ങളാണെങ്കിലും പാരമ്പര്യത്തിലൂന്നിയുള്ള ജീവിതമാണ് ഇവരുടേത്.

## ബെദൂയിൻ

അറേബ്യയിൽ ജീവിക്കുന്ന ജനത. ബെദൂയിൻ എന്ന വാക്കിന്റെ അർത്ഥം മരുഭൂമിയുടെ അവകാശികൾ എന്നാണ്. മരുഭൂമിയിൽ ആടുകൾ, ഒട്ടകങ്ങൾ എന്നിവയെ മേയ്ച്ചുനടക്കുന്ന ഇവർ ഏകദേശം ഒരു നാടോടി ജീവിതമാണ് നയിക്കുന്നതെന്ന് പറയാം. ഇവരിൽതന്നെ പല വിഭാഗങ്ങളുമുണ്ട്. സുഡാൻ, അൾജീരിയ എന്നിവിടങ്ങളിലും ഇവർ താമസിക്കുന്നു. ഒട്ടകത്തിന് പ്രത്യേക സ്ഥാനമാണ് ഇവരുടെ ജീവിതത്തിൽ. ദൈവത്തിന്റെ സമ്മാനം എന്നാണ് ഒട്ടകത്തെ വിശേഷിപ്പിക്കുന്നത്. കവിതയാണ് മറ്റൊരു പ്രിയം. തനതായ സംഗീത, നൃത്ത രൂപങ്ങൾ ഇവർക്കുണ്ട്.

## ജറാവകൾ

ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ ആദിവാസി വിഭാഗം. നെഗ്രീറ്റോ വംശത്തിൽപ്പെട്ട ഈ ആദിവാസികൾ ആഫ്രിക്കയിൽ നിന്നും വന്നവരാണെന്ന് കരുതുന്നു. ഇവരുടെ എണ്ണം വളരെ കുറവാണ്, നൂറുകണക്കിനാളുകൾ മാത്രമേ ഇപ്പോഴുള്ളൂ. ഇവരുടെ ഭാഷ ജറാവയാണ്. ഇപ്പോഴും ഇവർ ആദിമവർഗക്കാരെ പോലെയാണ് ജീവിക്കുന്നത്. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന ഇവർ കൃഷി ചെയ്യാറില്ല. അകം ചെത്തിക്കളഞ്ഞ മരത്തടിയാണ് വള്ളമായി ഉപയോഗിക്കുന്നത്. പ്രകൃതിദുരന്തങ്ങളെ തിരിച്ചറിയാൻ ഇവർക്ക് കഴിയും എന്ന് കരുതപ്പെടുന്നു. കാരണം ആൻഡമാനിൽ സുനാമി ഉണ്ടായപ്പോൾ ഇവർ അതിൽനിന്നും രക്ഷപ്പെട്ടു.

## ഹിപ്പികൾ

അമേരിക്കയിൽ രൂപംകൊണ്ട ഒരു സംസ്കാരം. നമ്മുടെ നാട്ടിലും ഒരുകാലത്ത് അവരുടേതുപോലെ മുടി നീട്ടിവളർത്തി നടക്കുന്നവരുണ്ടായിരുന്നു. ഹിപ്പികളുടെ ഈ സ്റ്റൈൽ പെട്ടെന്ന് തന്നെ ലോകമാകെ പടർന്നു. എന്നാൽ ഇത് മാത്രമാണോ ഹിപ്പിസംസ്കാരം? പാട്ടുകൾ പാടി അലസഭാവത്തിൽ നടക്കുന്നവരാണ് ഹിപ്പികൾ. പ്രത്യേകിച്ച് നമുക്ക് ഒന്നും തോന്നില്ല. പക്ഷേ യുദ്ധമില്ലാത്ത ഒരു ലോകം സ്വപ്നം കാണുന്നവരായിരുന്നു അവർ. അതെ കാഴ്ചയിൽ അലസരെങ്കിലും ഉള്ളിൽ ശക്തമായ മഹത്തരമായ ലക്ഷ്യം സൂക്ഷിക്കുന്നവർ.

വിയറ്റ്നാമിൽ അമേരിക്ക നടത്തിയ യുദ്ധത്തിൽ പ്രതിഷേധിച്ചതോടുകൂടിയാണ് ഇവർ ശ്രദ്ധ നേടിയത്. ആരും തങ്ങളെ ഭരിക്കുന്നത് ഇഷ്ടമില്ലാതിരുന്ന അവർ റോക്ക് സംഗീതത്തിന്റെ ആരാധകരായിരുന്നു. ചിത്രകല, ഫാഷൻ, സംഗീതം എന്നിവയിലൊക്കെ പരീക്ഷണങ്ങൾ കൊണ്ടുവന്ന ഈ വിഭാഗം പിന്നീട് ലഹരിക്കടിമപ്പെട്ടു.



## പിഗ്മി

കുള്ളൻ എന്നാണ് പിഗ്മി എന്ന വാക്കിന്റെ അർത്ഥം. പേരുപോലെ തന്നെ ചെറിയ മനുഷ്യരാണിവർ. ഒന്നരയടിയാണ് ഏകദേശ പൊക്കം.

ഇവരെ ആഫ്രിക്ക, മലേഷ്യ, തായലൻഡ്, ഇന്തോനേഷ്യ, പാപ്പുവ ന്യൂഗിനി, എന്നിങ്ങനെ പല രാജ്യങ്ങളിലും കാണാം.

വേട്ടയാടി ജീവിക്കുന്ന ഇവർക്ക് ഓരോ പ്രദേശത്തും ഓരോ പേരായിരിക്കും.



## ബണ്ടു

ആഫ്രിക്കയിൽ അധിവസിക്കുന്ന 300-600 വിഭാഗങ്ങൾ ഉൾപ്പെട്ട ജനവിഭാഗം. മധ്യ ആഫ്രിക്ക മുതൽ തെക്കേ ആഫ്രിക്ക വരെയുള്ള ഭാഗങ്ങളിൽ താമസിക്കുന്ന ഇവരുടെ ഭാഷയാണ് ബണ്ടു. ഏകദേശം 650 ബണ്ടു ഭാഷയുണ്ടെന്ന് കണക്കാക്കപ്പെടുന്നു.



# അലങ്കാര മത്സ്യങ്ങൾ

**അലങ്കാര മത്സ്യങ്ങളെ വളർത്താൻ ഏവർക്കും ഇഷ്ടമാണ്. അക്വേറിയം വീട്ടിനുള്ളിലായതോടെ അലങ്കാര മത്സ്യങ്ങളും നമുക്ക് പ്രിയമുള്ളതായി മാറി. കുറഞ്ഞ വിലയ്ക്ക് മുതൽ വൻവിലയ്ക്ക് വരെ വാങ്ങാൻ കിട്ടും. അവയിൽ ചിലതിനെ പരിചയപ്പെടാം**



## സ്വർണമത്സ്യം

ഏറ്റവും പ്രചാരമുള്ള ഇനം. ഏകദേശം 30 സെ.മീ. വരെ നീളമുണ്ടാകും ഇതിൽ പലതിനും. പല തരത്തിൽപ്പെട്ട സ്വർണമത്സ്യങ്ങളുണ്ട്. കാലിക്കോ, ഒരാൻഡ, പീകോക്ക് ടെയിൽ, കോമറ്റ് എന്നിവ ചില സ്വർണമത്സ്യങ്ങളാണ്. 6-7 വർഷം ജീവിക്കുന്ന ഇവ പ്രാണികൾ, പുഴുക്കൾ, സസ്യങ്ങൾ, ഉണങ്ങിയ കൃത്രിമാഹാരങ്ങൾ എന്നിവ ഭക്ഷിക്കുന്നു.



## പ്ലാറ്റി

മെക്സിക്കൻ സ്വദേശി. നീളം കുറവാണിതിന്. ഒരു പ്രസവത്തിൽ 20-75 കുഞ്ഞുങ്ങൾ വരെയുണ്ടാകും.



## ഗപ്പി

ബ്രസീൽ, വെനസ്വേല എന്നിവിടങ്ങളാണ് സ്വദേശം. എളുപ്പത്തിൽ വളർത്താൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ആൺ മത്സ്യങ്ങൾക്ക് 3 സെ.മീ, പെൺ മത്സ്യങ്ങൾക്ക് 6 സെ.മീ എന്നിങ്ങനെയാണ് നീളം. വ്യത്യസ്ത നിറങ്ങളാണ് ആൺമത്സ്യങ്ങൾക്ക്. എന്നാൽ പെൺമത്സ്യങ്ങൾ വെള്ളി നിറത്തിലോ, മഞ്ഞനിറത്തിലോ ആയിരിക്കും. കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ഈ മത്സ്യത്തിൽനിന്ന് ഒരുതവണ 25-100 കുഞ്ഞുങ്ങളെ വരെ ലഭിക്കും. ഏത് സാഹചര്യത്തോടും ഇണങ്ങി ജീവിക്കുന്ന ഇവയുടെ ആയുസ് 3-4 വർഷമാണ്.



## സീബ്രാഫിഷ്

ശരീരത്തിൽ വെള്ള, കറുപ്പ് നിറങ്ങൾ കാണപ്പെടുന്നു. രോഗപ്രതിരോധശേഷിയുള്ളവയാണ് ഈ മത്സ്യങ്ങൾ.


## കോംഗോ പഫർഫിഷ്

കോംഗോ നദിയിൽ കാണപ്പെടുന്നു. കൂടുതൽ സമയവും മണ്ണിനടിയിൽ കഴിയുന്ന ഈ മത്സ്യങ്ങൾ അലസരാണ്. കറുപ്പ്, കടുംചെമപ്പ്, മണലിന്റെ നിറം എന്നിങ്ങനെ പല തരത്തിൽപ്പെട്ട നിറങ്ങളിൽ കാണാം. നിറം മാറി ആക്രമികളിൽനിന്നും രക്ഷപ്പെടാൻ കഴിയും.



## മോളി

കറുപ്പ്, ഓറഞ്ച്, വെള്ള, സ്വർണവർണ്ണം, സിൽവർ എന്നിങ്ങനെ വിവിധ നിറങ്ങളിൽ ഇവയെ കാണാം. ക്ഷാരസ്വഭാവമുള്ള വെള്ളമാണ് ജീവിക്കാൻ ഇവയ്ക്ക് ആവശ്യം.



## സ്പോട്ട് ഫിൻ ലയൺ ഫിഷ്

വീതിവരയൻ തേൾമത്സ്യം എന്ന് മലയാളത്തിൽ പേര്. വിഷമുള്ളുകൾ ആണിവയ്ക്കുള്ളത്. ശാന്തസമുദ്രം, ഇന്ത്യൻ മഹാസമുദ്രം എന്നിവിടങ്ങളിൽ ഇവയെ കണ്ടെത്തിയിട്ടുണ്ട്.

## ഏയ്ഞ്ചൽ ഫിഷ്



ആമസോൺ നദിയാണ് സ്വദേശം. ഗൗരാമി ഇനത്തിൽപ്പെട്ട ഇതിനെ അക്വേറിയത്തിലെ രാജ്ഞി എന്ന് വിളിക്കുന്നു. കണ്ണുകൾക്ക് ചുറ്റും ഓറഞ്ച് വലയം കാണാം. വജ്രാകൃതിയാണ് ശരീരത്തിന്. സസ്യങ്ങളെ ഭക്ഷിക്കുന്ന ഇവയ്ക്ക് ലാർവ, മണ്ണിര എന്നിവയും ഇഷ്ടമാണ്. ഗ്ലാസ് ഏയ്ഞ്ചൽ, മാർബിൾ ഏയ്ഞ്ചൽ, വൈറ്റ് ഏയ്ഞ്ചൽ എന്നിവ ചിലയിനങ്ങളാണ്.

## ഗൗരാമി

വലിയ ഒരു ശുദ്ധജല മത്സ്യകുടുംബം. വലിയ ചിലയിനങ്ങൾ ഭക്ഷ്യയോഗ്യവുമാണ്. ലാബ്രിന്ത് എന്ന പ്രത്യേക അവയവം ഉള്ളതിനാൽ വായുവിൽ നിന്നും നേരിട്ട് ശ്വസിക്കാൻ കഴിയും.

## ഏഷ്യൻ അരോണ

ഡ്രാഗൺ ഫിഷ്, ഏഷ്യൻ ബോണി ടംങ് എന്നിങ്ങനെയും വിളിക്കപ്പെടുന്നു. ചുവപ്പോ, സ്വർണനിറമോ ആണ് ശരീരത്തിന്. ഇതിന്റെ വളർച്ചയ്ക്ക് ചെറിയ അമ്ലാംശമുള്ള ജലമാണാവശ്യം. അരോണയെ ഒറ്റയ്ക്ക് വളർത്തുന്നതാണ് നല്ലത്. കാരണം ഇവ മറ്റ് മീനുകളെയും ഭക്ഷണമാക്കാറുണ്ട്.

## ഓസ്കാർ

ആമസോൺ നദി, തെക്കേ അമേരിക്കയിലെ ഉഷ്ണമേഖലാ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കണ്ടുവരുന്നു. ഇരുണ്ട നിറമാണ് മത്സ്യങ്ങൾക്ക്. മഞ്ഞ നിറത്തിലുള്ള കുത്തുകൾ ചിറകുകളിൽ കാണാം. മിശ്രഭോജികളാണ്. നിറവ്യത്യാസം വരുത്തി ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടാൻ കഴിയുന്നു.



## മൊഹ്റാജുദ്ദീൻ വാദൂ പുനെ കോച്ച്

പൂനെ : ഐ.എസ്. എൽ ക്ലബ് പൂനെ സിറ്റി എഫ്. സിയുടെ അണ്ടർ 18 ടീം പരിശീലകനായി മുൻ ഇന്ത്യൻ താരം മെഹ്റാജ്ജുദ്ദീൻ വദ്ദുവിനെ തിരഞ്ഞെടുത്തു. നേരത്തെ പൂനെ സിറ്റി സീനിയർ ടീമിന്റെ കളിക്കാരനായിരുന്ന വാദൂ.



# വീണ്ടും വിൻഡീസിനോട്

■ ഇന്ത്യ-വെസ്റ്റ് ഇൻഡീസ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന് ഇന്ന് ഹൈദരാബാദിൽ തുടക്കം

**ഹൈദരാബാദ്: രാജ്കോട്ടിൽ നടന്ന ആദ്യ ടെസ്റ്റിൽ വെസ്റ്റ് ഇൻഡീസിനെതിരെ തങ്ങളുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ മാർജിനിൽ വിജയം കണ്ട ഇന്ത്യൻ ക്രിക്കറ്റ് ടീം ഇന്നു ഹൈദരാബാദിൽ രണ്ടാം ടെസ്റ്റിനിറങ്ങുന്നു. ഈ മത്സരം കൂടി ജയിച്ചാൽ ഇന്ത്യയ്ക്ക് പരമ്പര തൂത്തുവാരാം.**

### മാറ്റമില്ലാതെ ഇന്ത്യ

ആദ്യടെസ്റ്റിൽ ഒരു ഇന്നിംഗ്സിനും 272 റൺസിനും ജയിച്ച ടീമിൽ ഒരു മാറ്റവും വരുത്താതെയാണ് ഇന്ത്യ രണ്ടാംടെസ്റ്റിനിറങ്ങുന്നത്. പുതിയരീതിയിൽ 12 അംഗ ടീമിനെ മത്സരത്തലേന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

രാജ്കോട്ടിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 649/9 എന്ന സ്കോർ ഉയർത്തിയശേഷം രണ്ട് ഇന്നിംഗ്സുകളിലും വിൻഡീസിനെ ആൾ ഔട്ടാക്കുകയായിരുന്നു. രണ്ട് ഇന്നിംഗ്സുകളിലുമായി 99 ഓവർ മാത്രമേ ഇന്ത്യയ്ക്ക് എറിയേണ്ടിയും വന്നുള്ളൂ.

അടുത്തമാസം തുടങ്ങുന്ന ആസ്ട്രേലിയൻ പര്യടനത്തിന്റെ പരിശീലനാർത്ഥമാണ് ഇന്ത്യ വിൻഡീസിനെ നേരിടാനിറങ്ങിയത്. രാജ്കോട്ടിൽ ബാറ്റിംഗിലും ബൗളിംഗിലും ആ ലക്ഷ്യത്തിലേക്ക് എത്തുകയും ചെയ്തു. നായകൻ വിരാട് കൊഹ്‌ലിയും (139), അരങ്ങേറ്റക്കാരൻ പൃഥ്വി ഷായും (134), ആൾ റൗണ്ടർ രവീന്ദ്ര ജഡേജയുമടക്കം (100 നോട്ടൗട്ട്) മൂന്ന് പേരാണ് സെഞ്ച്വറികൾ നേടിയത്. ചേതേശ്വർ പൂജാരയും (86), ഋഷഭ് പന്തും (92) അർദ്ധ സെഞ്ച്വറികളും നേടി. അശ്വിൻ ആദ്യ ഇന്നിംഗ്സിൽ നാലുവിക്കറ്റും രണ്ടാം ഇന്നിംഗ്സിൽ രണ്ട് വിക്കറ്റുകളും വീഴ്ത്തി. കുൽദീപ് രണ്ടാം ഇന്നിംഗ്സിൽ അഞ്ചുവിക്കറ്റ് സ്വന്തമാക്കി. ജഡേജയ്ക്ക് ഇരട്ട ഇന്നിംഗ്സുകളിൽ നിന്നുമായി നാല് വിക്കറ്റുകൾ ലഭിച്ചു.

### പൃഥ്വി വിസ്മയം

നവാഗതനായ കൗമാര വിസ്മയം പൃഥ്വി ഷായുടെ സെഞ്ച്വറി അരങ്ങേറ്റമാണ് ഇന്ത്യൻ ടീമിന് ഉണർവ് നൽകിയിരിക്കുന്നത്. രഞ്ജി ട്രോഫിയും ദുലീപ് ട്രോഫിയിലുമൊക്കെ സെഞ്ച്വറികൊണ്ട് അരങ്ങേറ്റം നടത്തിയ പതിവ് പൃഥ്വി ടെസ്റ്റിലും ആവർത്തിക്കുകയായിരുന്നു. ഈ ഒരൊറ്റ ഇന്നിംഗ്സുകൊണ്ടുതന്നെ സച്ചിന്റെ പിൻഗാമിയായി ഷാ വാഴ്ത്തപ്പെടുകയാണ്. ആദ്യ മത്സരങ്ങളിൽ വെസ്റ്റ് ഇൻഡീസിനെപ്പോലൊരു ദുർബല ബൗളിംഗ് നിരയെ നേരിടാനാകുന്നത് പൃഥ്വിക്ക് ആത്മവിശ്വാസം ഏറ്റിയിട്ടുണ്ട്.

പൃഥ്വിയെപ്പോലെതന്നെ ഇന്ത്യൻ നിരയ്ക്ക് ഊർജ്ജം പകരുന്ന യുവസാന്നിദ്ധ്യമാണ് ഋഷഭ് പന്തിന്റേതും. ഇംഗ്ലണ്ട് പര്യടനത്തിൽ അരങ്ങേറിയ പന്ത് രാജ്കോട്ടിൽ അർദ്ധ സെഞ്ച്വറിക്ക് പുറമേ വിക്കറ്റിന് പിന്നിലും മികച്ച പ്രകടനമാണ് കാഴ്ചവച്ചിരുന്നത്.

പരിചയ സമ്പന്നരായ അജിങ്ക്യ രഹാനെ ചേതേശ്വർ പൂജാര, മുഹമ്മദ് ഷമി, ഉമേഷ് യാദവ്, അശ്വിൻ, ജഡേജ എന്നിവരും ഇന്ത്യൻ നിരയിലുണ്ട്.

### പ്രതീക്ഷയില്ലാ വിൻഡീസ്

ഹൈദരാബാദിൽ അത്ഭുതങ്ങളൊന്നും നടക്കുമെന്ന് വിൻഡീസിന് പ്രതീക്ഷയില്ല. സാക്ഷാൽ ലാറ ഇറങ്ങിയാലും ഇന്ത്യൻ മണ്ണിൽ വിജയിക്കാൻ കഴിയില്ലെന്ന് ക്യാപ്ടൻ ജാസൺ ഹോൾഡർ തന്നെ കഴിഞ്ഞദിവസം പറഞ്ഞിരുന്നു. ആദ്യടെസ്റ്റിൽ പരിക്കുമൂലം കളിക്കാൻ കഴിയാതിരുന്ന ഹോൾഡർ ഇന്ന് ഇറങ്ങിയേക്കും. കെമർ റോഷിന്റെ തിരിച്ചുവരവ് വിൻഡീസ് ബൗളിംഗിന് ആശ്വാസമാകും.

**4** ടെസ്റ്റുകളാണ് ഇന്ത്യ ഇതുവരെ ഹൈദരാബാദിൽ കളിച്ചിട്ടുള്ളത്. ഇതിൽ മൂന്നിലും ജയിച്ചു.

**2010** ൽ കിവീസിനെതിരെ നടന്ന ടെസ്റ്റ് മാത്രമാണ് സമനിലയിലായത്.



പൃഥ്വി ഷാ പരിശീലനത്തിനിടെ

**ടി വി ലൈവ്: രാവിലെ 9.30മുതൽ സ്റ്റാർ സ്പോർട്സിൽ**

■ **ഇന്ത്യൻ 12 അംഗ ടീം**

വിരാട് കൊഹ്‌ലി (ക്യാപ്ടൻ), ലോകേഷ് രാഹുൽ, പൃഥ്വി ഷാ , ചേതേശ്വർ പൂജാര, അജിങ്ക്യ രഹാനെ, ഋഷഭ് പന്ത്, അശ്വിൻ , ജഡേജ, കുൽദീപ്, ഷമി, ഉമേഷ്, ശാർദ്ദൂൽ താക്കൂർ.

■ **വിൻഡീസ് സ്ക്വാഡ്**

ജാസൺ ഹോൾഡർ (ക്യാപ്ടൻ), സുനിൽ ആംബ്രിസ്, ദേവേന്ദ്ര ബിഷൂ, ക്രെയ്ഗ് ബ്രാത്ത്‌വെയ്റ്റ്, റോസ്റ്റൺ ചേസ്, ഷേൻ ഡോവ്‌റിച്ച്, ഷാനോൻ ഗബ്രിയേൽ, ജഹ്മാർ ഹാമിൽട്ടൺ, ഷിമ്‌റോൺ ഹെറ്റ്മെയർ, ഷായ് ഹോപ്പ്, ഷെർമാൻ ലെവിസ്, കീമോ പോൾ, കീരൺ പവൽ, കെമർ റോഷ്, ജോമൽ വാരിക്കൻ.



### വൺഡേയിലും പന്തെത്തി

ഹൈദരാബാദ് : വെസ്റ്റ് ഇൻഡീസിനെതിരായ അഞ്ച് മത്സര പരമ്പരയിലെ ആദ്യ രണ്ട് മത്സരങ്ങൾക്കുള്ള ഇന്ത്യൻ ടീമിൽ ദിനേഷ് കാർത്തികിന് പകരം ഋഷഭ് പന്തിനെ ഉൾപ്പെടുത്തി. ഏഷ്യാകപ്പിൽ നിന്ന് വിട്ടുനിന്ന വിരാട് കൊഹ്‌ലി ക്യാപ്ടൻസിയിലേക്ക് തിരിച്ചെത്തിയിട്ടുണ്ട്. ഈ മാസം 21 ന് ഗോഹട്ടിയിലാണ് ആദ്യ മത്സരം.

■ **ഇന്ത്യൻ വൺഡേ ടീം**

കൊഹ്‌ലി (ക്യാപ്ടൻ), രോഹിത്, ശിഖർ ധവാൻ , അമ്പാട്ടി റായ്ഡു, മനീഷ് പാണ്ഡെ, ധോണി, ഋഷഭ് പന്ത്, രവീന്ദ്രജഡേജ, യുസ്‌വേന്ദ്ര ചഹൽ, കുൽ ദീപ് യാദവ്, ഷമി, ഖലീൽ അഹമ്മദ്, ശാർദ്ദൂൽ താക്കൂർ, കെ.എൽ. രാഹുൽ.

*"പൃഥ്വി ഷായെ ഇപ്പോഴേ സച്ചിനുമായും ഞാനുമായും മൊക്കെ താരതമ്യം ചെയ്യുന്നതിൽ ഒരർത്ഥവുമില്ല. ഒരു ചെറുപ്പക്കാരന് വളർന്നുവരാനുള്ള വഴിയൊരുക്കുകയാണ് ചെയ്യേണ്ടത്. അതിനുമുമ്പ് വാഴ്ത്തലുകൾ കൊണ്ട് വീഴ്ത്തരുത്.*

- വിരാട് കൊഹ്‌ലി
ഇന്ത്യൻ ക്യാപ്ടൻ



■ പാരാ ഏഷ്യൻ ഗെയിംസ്

## സുന്ദർ സിംഗിന് വെള്ളി

ജക്കാർത്ത : ഇന്തോനേഷ്യയിൽ നടക്കുന്ന പാരാ ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻതാരം സുന്ദർസിംഗ് ഗുർജാർ പുരുഷൻമാരുടെ ജാവലിൻ ത്രോയിൽ വെള്ളി നേടി.

- എഫ് 46 കാറ്റഗറിയിലാണ് സുന്ദർസിംഗിന്റെ വെള്ളി. കൈത്തണ്ടയ്ക്ക് വൈകല്യം സംഭവിച്ചവർ മത്സരിക്കുന്ന വിഭാഗമാണിത്.
- ഈ വിഭാഗത്തിൽ വെങ്കലവും ഇന്ത്യയ്ക്കാണ്. റിങ്കുവാണ് സുന്ദർസിംഗിന് തൊട്ടുപിന്നിൽ ഫിനിഷ് ചെയ്തത്.
- അതേസമയം ഈയിനത്തിലെ പാരാ ഒളിമ്പിക് സ്വർണമെഡൽ ജേതാവ് ദേവേന്ദ്ര ജജാരിയ നാലാമതായി.
- പുരുഷൻമാരുടെ ടി 13 കാറ്റഗറി 400 മീറ്ററിൽ ഇന്ത്യയുടെ അവ്‌നിൽ സിംഗ് വെങ്കലം നേടി. കാഴ്ചപരിമിതരാണ് ടി 13 ഇനത്തിൽ മത്സരിക്കുന്നത്.

## ഏഷ്യൻ ഗെയിംസിൽ ആഫ്രിക്കക്കാർ എന്തിനെന്ന് ആദിൽ സുമരിവാല

മുംബയ് : ഏഷ്യൻ അത്‌ലറ്റിക്സിൽ ഗൾഫ് രാജ്യങ്ങൾ ആഫ്രിക്കൻ താരങ്ങളെ വാടകയ്ക്കെടുത്ത് മത്സരിപ്പിക്കുന്നത് ശരിയല്ലെന്ന് അത്‌ലറ്റിക്സ് ഫെഡറേഷൻ ഒഫ് ഇന്ത്യ പ്രസിഡന്റ് ആദിൽ സുമരിവാല. മെഡലിന് വേണ്ടി ആഫ്രിക്കയിൽനിന്ന് മനുഷ്യക്കടത്ത് നടത്തുന്നത് ഖത്തർ, ബഹ്റിൻ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങൾ അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജക്കാർത്തയിൽനടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ആറോളം സ്വർണം സ്വന്തമാക്കാനുള്ള അവസരമാണ് ആഫ്രിക്കൻ താരങ്ങൾ ഇല്ലാതാക്കിയത്.

## സംസ്ഥാന ജൂനിയർ അത്‌ലറ്റിക്സ് ഇന്നുമുതൽ

തിരുവനന്തപുരം : സംസ്ഥാന ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ തുടക്കമാകും. മൂന്നുദിവസമായി നടക്കുന്ന മീറ്റിൽ അണ്ടർ 14, 16, 18, 20 വിഭാഗങ്ങളിൽ മത്സരങ്ങളുണ്ടാകും.

ഇന്നുരാവിലെ ആറേകാലിന് ജൂനിയർ വനിതകളുടെ 5000 മീറ്ററോടെയാണ് മത്സരങ്ങൾക്ക് തുടക്കമാകുന്നത്. വൈകിട്ട് മൂന്ന് മണിക്ക് ഔദ്യോഗിക ഉദ്ഘാടനം നടക്കും.



- പാകിസ്ഥാനെതിരായ ആദ്യ ടെസ്റ്റിൽ ആസ്ട്രേലിയ പൊരുതി സമനില നേടി.
- അവസാനദിനം 362/8 എന്ന നിലയിൽ പുറത്താകാതെ നിന്നു
- സമനില നൽകിയത് ഉസ്മാൻ ഖ്വാജ (141), ട്രാവിസ് ഹെഡ് (72), ക്യാപ്ടൻ ടീം പെയ്ൻ (61 നോട്ടൗട്ട്) എന്നിവരുടെ പോരാട്ടം.

## സമനില കൊണ്ട് 'ജയിച്ച്' ഓസീസ്

**പാകിസ്ഥാന് പണികൊടുത്തത് പാകിസ്ഥാനിൽ ജനിച്ച ആസ്ട്രേലിയൻ താരം ഉസ്മാൻ ഖ്വാജ**

ദുബായ് : ആസ്ട്രേലിയയ്ക്കെതിരായ ആദ്യ ടെസ്റ്റിൽ വിജയം പ്രതീക്ഷിച്ചുനിന്ന പാകിസ്ഥാന് അക്കിടി പറ്റി. രണ്ടാം ഇന്നിംഗ്സിൽ ഒന്നര ദിവസത്തോളം ആൾ ഔട്ടാകാതെ പിടിച്ചുനിന്ന ആസ്ട്രേലിയ വിജയ തുല്യമായ സമനില നേടിയെടുത്തു.

നാലാംദിവസംലഞ്ചിന്ശേഷം 462 റൺസ് ലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സിനിറങ്ങിയ ആസ്ട്രേലിയ അവസാന ദിവസം സ്റ്റംപെടുക്കുമ്പോൾ 362/8 എന്ന നിലയിലായിരുന്നു. സെഞ്ച്വറി നേടിയ ഓപ്പണർ ഉസ്മാൻ ഖ്വാജയുടെയും (141) അർദ്ധസെഞ്ച്വറികൾ നേടിയ ക്യാപ്ടൻ ടിം പെയ്നിന്റെയും (61 നോട്ടൗട്ട്), ട്രാവിസ്ഹെഡിന്റെയും (72) പോരാട്ടമാണ് ആസ്ട്രേലിയയെ സമനിലയിലെത്തിച്ചത്. ആദ്യ ഇന്നിംഗ്സിൽ 482 റൺസ് നേടിയ പാകിസ്ഥാനെതിരെ ആസ്ട്രേലിയ 202 ന് ആൾ ഔട്ടായിരുന്നു. തുടർന്ന് രണ്ടാം ഇന്നിംഗ്സ് പാകിസ്ഥാൻ 181 /6ന് ഡിക്ലയർ ചെയ്തു.

അഞ്ചാംദിവസം കളി തുടങ്ങുമ്പോൾ ആസ്ട്രേലിയ 136 /3 എന്ന നിലയിലായിരുന്നു ഖ്വാജയും ഹെഡുമായിരുന്നു ക്രീസിൽ. ആദ്യ സെഷനിൽ ഇവർ വിക്കറ്റ് നൽകിയില്ല. ചായയ്ക്ക് മുമ്പാണ് ഹെഡിനെയും ലാബുഷാംഗെയെയും (13) പാകിസ്ഥാൻ പുറത്താക്കിയത്. എന്നാൽ ചായ സമയം കഴിഞ്ഞും ഖ്വാജ ഒറ്റത്ത് കരുതലോടെ നിന്നു. ടിം പെയ്ൻ കൂടിയെത്തിയതോടെ പാകിസ്ഥാന്റെ വിജയപ്രതീക്ഷകൾ അസ്തമിക്കാൻ തുടങ്ങി. കളി തീരാൻ 14.3 ഓവർ ബാക്കിയുള്ളപ്പോഴാണ് ഖ്വാജ മടങ്ങിയത്. 524 മിനിട്ട് ക്രീസിൽ പിടിച്ചുനിന്ന ഖ്വാജ 302 പന്തുകൾ നേരിട്ട് 11 ബൗണ്ടറികൾ പായിച്ചു. ഖ്വാജ മടങ്ങിയത് ശേഷം സ്റ്റാർക്ക് (1), സിഡിൽ (0) എന്നിവർ പുറത്തായെങ്കിലും നഥാൻ ലയണിനെ (5 നോട്ടൗട്ട്) കൂട്ടുനിറുത്തി ടിം പെയ്ൻ സമനില കാത്തു.



### അത് സമ്മതത്തോടെ ആയിരുന്നു : ക്രിസ്റ്റ്യാനോ

ടൂറിൻ : 2009 ൽ ലാസ് വെഗാസിൽ വച്ച് അമേരിക്കൻ യുവതി കാതറിൻ മയോർഗയുമായി ലൈംഗികമായി ബന്ധപ്പെട്ടെന്ന് സമ്മതിച്ച് ക്രിസ്റ്റ്യാനോ റൊണാൾഡോ. എന്നാൽ അത് യുവതിയുടെ സമ്മതത്തോടെയായിരുന്നുവെന്നും താൻ മാനഭംഗപ്പെടുത്തിയിട്ടില്ലെന്നും ക്രിസ്റ്റ്യാനോ പറഞ്ഞു.

അടുത്തിടെയാണ് ക്രിസ്റ്റ്യാനോ റൊണാൾഡോ തന്നെ പീഡിപ്പിച്ചുവെന്ന പരാതിയുമായി കാതറിൻ മയോർഗ രംഗത്തുവന്നത്. അപ്പോൾത്തന്നെ പീഡനം ക്രിസ്റ്റ്യാനോ നിഷേധിച്ചിരുന്നു. മാനഭംഗം വലിയ കുറ്റമായാണ് താൻ കരുതുന്നതെന്നും ക്രിസ്റ്റ്യാനോ പറഞ്ഞിരുന്നു. എന്നാൽ യുവതിയുമായി ലൈംഗികമായി ബന്ധപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കിയിരുന്നില്ല. ലൈംഗിക ബന്ധത്തിലേർപ്പെട്ടത് വെളിപ്പെടുത്താതിരിക്കാനായി യുവതിക്ക് 375000 ഡോളർ നൽകിയതും ഇന്നലെ റൊണാൾഡോ സ്ഥിരീകരിച്ചു.

## ഫുട്ബാളിൽ ചൈനയെ വെല്ലാൻ ഇന്ത്യ

■ ഇന്ത്യയും ചൈനയും തമ്മിലുള്ള സൗഹൃദമത്സരം നാളെ സുഷൗവിൽ

സുഷൗ: അന്താരാഷ്ട്ര സൗഹൃദ മത്സരത്തിൽ ഇന്ത്യൻ ഫുട്ബാൾ ടീം നാളെ ചൈനയെ നേരിടുന്നു. മലയാളി താരങ്ങളായ അനസ് എടത്തൊടികയും ആഷിഖ് കരുണിയനും അടങ്ങുന്ന ഇന്ത്യൻ ടീം ചൈനീസ് നഗരമായ സുഷൗവിലാണ് മത്സരത്തിനിറങ്ങുന്നത്.

അടുത്ത വർഷത്തെ എ.എഫ്.സി കപ്പ് മുൻനിറുത്തിയുള്ള പരിചയമാണ് ഈ മത്സരത്തിലൂടെ ഇന്ത്യ ലക്ഷ്യമിടുന്നത്. ചൈനയ്ക്ക് ഇതൊരു സൗഹൃദ മത്സരമാണെങ്കിലും തങ്ങളെ സംബന്ധിച്ചിടത്തോളം ജീവൻമരണ പോരാട്ടമാണെന്നാണ് ഇന്ത്യൻ കോച്ച് സ്റ്റീഫൻ കോൺസ്റ്റന്റൈൻ വിശേഷിപ്പിച്ചിരിക്കുന്നത്.

- **കഴിഞ്ഞ 13 മത്സരങ്ങളിൽ തോൽവിയറിയാതെ മുന്നേറുകയാണ് ഇന്ത്യൻ ടീം. ഇതിൽ ഒൻപത് മത്സരങ്ങളിൽ വിജയിക്കാൻ കഴിഞ്ഞു.**
- **ഇന്ത്യയും ചൈനയും തമ്മിൽ ഇതുവരെ 17 മത്സരങ്ങളാണ് കളിച്ചിട്ടുള്ളത്.**
- **അതിൽ 12 തവണയും വിജയം നേടിയത് ചൈനയാണ്.**

*"ചൈനയുടെ മണ്ണിൽ ചെന്ന് അവരെ കീഴടക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പക്ഷേ അത് അസാദ്ധ്യമൊന്നുമല്ല.*

- അനസ് എടത്തൊടിക
ഇന്ത്യൻ ഡിഫൻഡർ



### ഇന്നത്തെ ലോക ഫുട്ബാൾ പൂരം

■ **അന്താരാഷ്ട്ര സൗഹൃദ മത്സരങ്ങൾ**

ബ്രസീൽ vs സൗദി അറേബ്യ
ഉറുഗ്വെ vs കൊറിയ
മെക്സിക്കോ vs കോസ്റ്റാറിക്ക
ജപ്പാൻ vs പനാമ
ശ്രീലങ്ക vs മലേഷ്യ
ഖത്തർ vs ഇക്വഡോർ

■ **യുവേഫ നേഷൻസ് ലീഗ്**

ബെൽജിയം vs സ്വിറ്റ്സർലൻഡ്
ക്രൊയേഷ്യ vs ഇംഗ്ലണ്ട്
ആസ്ട്രിയ vs വടക്കൻ അയർലൻഡ്
എസ്റ്റോണിയ vs ഫിൻലൻഡ്
ഗ്രീസ് vs ഗംഗറി
മാൾഡോവ vs സാൻമറിനോ

## എസ്.എൻ കോളേജിന് ഹോക്കി ചാമ്പ്യൻഷിപ്പ്

തിരുവനന്തപുരം: കേരള സർവകലാശാല ഇന്റർ കോളീജിയറ്റ് ഹോക്കി ചാമ്പ്യൻഷിപ്പിൽ കൊല്ലം എസ്.എൻ കോളേജ് കിരീടം ചൂടി.

കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയത്തിൽ നടന്ന ഫൈനൽ മത്സരത്തിൽ കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ എൽ.എൻ.സി.പിയെ എതിരില്ലാത്ത എട്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് 26 വർഷത്തെ ഇടവേളയ്ക്ക് ശേഷം എസ്.എൻ കോളേജ് ടീം കിരീടം സ്വന്തമാക്കിയത്.

ഇന്ത്യൻ ഹോക്കി ടീം ക്യാപ്ടൻ ശ്രീജേഷ് ഉൾപ്പെടെ നിരവധി ദേശീയ, അന്തർദ്ദേശീയ താരങ്ങളെ സമ്മാനിച്ച കോളേജിന് ഇത് വീണ്ടും അഭിമാനമുഹൂർത്തമായി.



*കേരള സർവകലാശാല ഇന്റർ കോളീജിയറ്റ് ഹോക്കി ചാമ്പ്യൻഷിപ്പിൽ കിരീടം ചൂടിയ കൊല്ലം എസ്.എൻ കോളേജ് ടീം. 1992ൽ ക്യാപ്ടൻ ആയിരുന്ന രവിവർമ്മയുടെ ശിക്ഷണത്തിലാണ് ഇക്കുറി എസ്.എൻ കോളേജ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയത്.*



### ഡോ. ഡി. ദേവദാസ്
തിരുവനന്തപുരം: മെഡിക്കൽ കോളേജിലെ സർജറി വിഭാഗം റിട്ട. പ്രൊഫസർ ഉള്ളൂർ പി.ടി ചാക്കോ നഗർ സുഷമ നിവാസിൽ ഡോ. ഡി. ദേവദാസ് (78) നിര്യാതനായി. വെള്ളനാട് ചാങ്ങയിൽ പരേതനായ ഐ.ഡാനിയേൽ- ജ്ഞാനദീപം ദമ്പതികളുടെ മകനാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് റിട്ട. പ്രൊഫസർ ടി.സുഷമയാണ് ഭാര്യ. ഓർമ്മ പ്രാർത്ഥന ഞായറാഴ്ച വൈകിട്ട് 4 ന് ചാങ്ങ ക്രൈസ്തവ നിവാസിൽ.

### അംബിക
തിരുമല: ആറാമട ദേവ ഭവനിൽ അംബിക (52) നിര്യാതയായി. ഭർത്താവ്: ഗോപിനാഥൻ. മക്കൾ: ആര്യ, അരുൺ. മരുമകൻ: മനോജ്. സഞ്ചയനം: 13ന് രാവിലെ 10ന്. ഫോൺ: 9847734561.

### സീത
കരകുളം: ഹൈസ്കൂൾ ജംഗ്ഷൻ സന്ദീപ് ഭവനിൽ സീത (82) നിര്യാതയായി. മക്കൾ: അജിതൻ, പ്രഭ, ശോഭ, മോളി, സിന്ധു, ബിന്ദു. മരുമക്കൾ: മോളി, മധു, രവീന്ദ്രൻ (എ.ഐ.ടി.യു.സി. ജില്ലാ കമ്മിറ്റി മെമ്പർ), മുരളി (മഞ്ച, ബി.എം.എസ്. ഏരിയ കമ്മിറ്റി മെമ്പർ), ബാബു (കോൺട്രാക്ടർ), ഗോപകുമാർ. സഞ്ചയനം ചൊവ്വാഴ്ച 8.30ന്.

### ഉഷാകുമാരി
മന്നൂർക്കോണം: മുതിയൻകാവ് വലിയകാട്ടിൽ വീട്ടിൽ ഉഷാകുമാരി (63) നിര്യാതയായി. മക്കൾ: മഞ്ജു, മഹേഷ്. മരുമകൻ: സുനിൽ. സഞ്ചയനം: 15ന്.

### പൊന്നമ്മ
കടയ്ക്കാവൂർ: നെടുങ്ങണ്ട മേലേകൊള്ളഴികത്ത് പരേതനായ സദാനന്ദന്റെ ഭാര്യ പൊന്നമ്മ (72) നിര്യാതയായി. മക്കൾ: പരേതനായ ശിവദാസൻ, അംബുജാക്ഷി, സരസ്വതി, മണികണ്ഠൻ. മരുമക്കൾ: ഉഷ, രവീന്ദ്രൻ, രാജേന്ദ്രൻ, രജനി. സഞ്ചയനം ഞായറാഴ്ച രാവിലെ 8ന്.

### സുഭദ്ര
കുടവൂർ: ശ്രീരംഗം വീട്ടിൽ പരേതനായ പുരുഷോത്തമൻ വൈദ്യന്റെ ഭാര്യ എം. സുഭദ്ര (82) നിര്യാതയായി. മക്കൾ: ഷീജ പി എസ് (ഹെഡ്മിസ്ട്രസ്), ഷാജി ശ്രീരംഗം (ബി.എസ്. എൻ. എൽ), ഷൈജു പി.എസ് (സി. ഐ. എസ്. എഫ്). മരുമക്കൾ: വത്സൻ ദേവ്, ഷീജ എസ് എസ്, തുഷാര.

### എലിസബത്ത് പോൾ
തിരുവനന്തപുരം: ആനയറ പുതുമന ലെയിൻ മേരി സൂസൻ പോൾ വില്ലയിൽ (കാക്കോട് പുതുവീട്, ടി.സി. 76/837 (1) എലിസബത്ത് പോൾ (74) നിര്യാതയായി. മകൾ മേരി സൂസൻ വിമൽ, മരുമകൻ വിമൽ ലൂയിസ്. ഏഴ്പൂജ ചൊവ്വാഴ്ച വൈകിട്ട് 4 ന് പേട്ട സെന്റ് ആൻസ് ദേവാലയത്തിൽ. ഫോൺ: 9961703129.

### സതികുമാരി
മലയിൻകീഴ്: അന്തിയൂർക്കോണം സതിവിലാസത്തിൽ ഭാസ്കരൻ നായരുടെയും ഓമനയമ്മയുടെയും മകൾ സതികുമാരി (57) നിര്യാതയായി. മക്കൾ: അർച്ചന എസ്. നായർ, അഭിലാഷ്. മരുമകൻ: ടി.ആർ. രജീഷ് (നരുവാമൂട് സഹകരണ ബാങ്ക്). സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30ന്.

### ചന്ദ്രവല്ലി
കിളിമാനൂർ: കൊട്ടുവഴന്നൂർ ആനൂർ പുഷ്പ വിലാസത്തിൽ ഭാസുരാംഗന്റെ ഭാര്യ ചന്ദ്രവല്ലി നിര്യാതയായി. മക്കൾ: ബോബിൻ, ബിബിൻ, ബിനു. മരുമക്കൾ: ധന്യ, ആതിര. സഞ്ചയം ഞായറാഴ്ച.

### മേരി സരോജം
കാരോട്: മാറാടി ജെ.എം. ഭവനിൽ ജെ. ജെയിംസിന്റെ ഭാര്യ ജി. മേരി സരോജം (63) നിര്യാതയായി. മക്കൾ: ജെ.എം. ജാസ്മിൻ (ബി.ആർ.സി. കാട്ടാക്കട), ജെറോം ജെ.എം. (ആകാശവാണി). മരുമക്കൾ: വൈ. സെൽവരാജ്, എസ്. അഖില. പ്രാർത്ഥന ഞായറാഴ്ച രാവിലെ 11.30ന് സ്വവസതിയിൽ.

### പൊന്നമ്മ
കടയ്ക്കാവൂർ: വക്കത്ത് പുന്നക്കുട്ടത്തിൽ പരേതനായ ഗംഗാധരന്റെ ഭാര്യ എൻ. പൊന്നമ്മ (99) നിര്യാതയായി. മക്കൾ ബാബു, വിജയൻ. മരുമക്കൾ മണിയമ്മ, ബേബി. സഞ്ചയനം 14ന് രാവിലെ 8.30ന്

### പാറുക്കുട്ടി അമ്മ
കാരേറ്റ്: കൊട്ടുവഴന്നൂർ മാളവികയിൽ പാറുക്കുട്ടി അമ്മ (94) നിര്യാതയായി. മക്കൾ: ഗോപാലകൃഷ്ണൻ നായർ, സുകുമാരൻ നായർ, പരേതനായ രാജമോഹനൻ നായർ, ലീലാമണി അമ്മ, ശാന്താദേവി അമ്മ, രാധാമണി അമ്മ. മരുമക്കൾ: ലീലാമ്മ, പരേതനായ സദാശിവൻപിള്ള, പങ്കജാക്ഷൻ നായർ, ചന്ദ്രൻ കുറുപ്പ്, ലതികാ കുമാരി, വത്സലാകുമാരി. സഞ്ചയനം 14ന് രാവിലെ 9 മണി.

### നൂർ ബീവി
തിരുവനന്തപുരം: പൂന്തുറ പുത്തൻപള്ളിക്ക് പുറകുവശത്ത് എസ്.എം. ലോക്ക് ജംഗ്ഷനിൽ പുതുക്കാട് വീട്ടിൽ നൂർ ബീവി (85) നിര്യാതയായി. മക്കൾ: സക്കീന ബീവി, സഫിയ ബീവി, ഐഷാ ബീവി, ഫാത്തിമാ ബീവി, റുക്കിയ ബീവി, ബദറുദ്ദീൻ, അബ്ദുൾസമദ്, സുലൈമാൻ. ഫോൺ: 9995342189.

### തുളസി
പൂജപ്പുര: വട്ടവിള ലക്ഷ്മിജയം വി പി എസ്-346 ൽ പരേതനായ എൻ. രാഘവൻ ആചാരിയുടെ ഭാര്യ എം. തുളസി (82) നിര്യാതയായി. മക്കൾ: ടി. ആർ. ജയകുമാരൻ, ടി.ആർ. ജയകുമാരി, ടി. ആർ. സുരേഷ് ബാബു, ടി. ആർ. സുധർമ്മ, പരേതയായ ടി.ആർ. ഗീത, ടി.ആർ. ബിന്ദു. മരുമക്കൾ: എസ്. ധനലക്ഷ്മി, ആർ. ചന്ദ്രൻ ആചാരി, വിനീത, എസ്. രാജൻ, ജി. കെ. അജിത്. സഞ്ചയനം ഞായറാഴ്ച രാവിലെ 9ന്.

### റ്റി. സുലോചന
കാരേറ്റ്: ചെറുക്കാരത്ത് കാർത്തിക ഭവനിൽ പരേതനായ ആർ. ശശിധരന്റെ ഭാര്യ ടി. സുലോചന (83) നിര്യാതയായി. മക്കൾ: എസ്. സുധർമ്മ, ഷൈലജ, ശ്രീലത, ഷാൽകുമാർ (രണൻ). മരുമക്കൾ: ശിവരാജൻ, പരേതനായ ദേവരാജൻ, കുഞ്ഞുമോൻ, എൽ. ജീവ. സഞ്ചയനം 15ന് രാവിലെ 9ന്.

### കെ. വസന്ത
കാരക്കോണം: പരശ്ശുവയ്ക്കൽ പനന്തടിക്കോണം ആർ.കെ. ഭവനിൽ ജി. രാധാകൃഷ്ണന്റെ ഭാര്യ കെ. വസന്ത (54) നിര്യാതയായി. മക്കൾ: ദിവ്യ, അഭിജിത് വി. കൃഷ്ണൻ. മരുമകൻ: ഷാജി മുരുകൻ. സഞ്ചയനം ഞായർ രാവിലെ 9ന്.

### ജയാദേവി
മുട്ടക്കോണം: നിർമ്മാല്യത്തിൽ ജി. ശശിധരൻ നായരുടെ ഭാര്യ ജയാദേവി (58) നിര്യാതയായി. മക്കൾ: ഷാജി.എസ്. നായർ, ശ്രീദേവി. മരുമക്കൾ: വിനോജ്. ആർ, അഞ്ജലി. സി.എൽ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 9ന്. ഫോൺ: 9447781591.

### ആർ. സുധാകുമാരി
അലേറ്റി: കുഴിവിള പുത്തൻ വീട്ടിൽ ശിവകുമാറിന്റെ ഭാര്യ സുധാകുമാരി. ആർ (54) നിര്യാതയായി. മകൾ: ആതിര. മരുമകൻ: വിശാഖ്. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8ന്.

### എം. ഗോപാലകൃഷ്ണൻ
തിരുവനന്തപുരം: ചാക്ക ഐടിഐ ജംഗ്ഷൻ വിനോദ് വിഹാർ 32/1397(1)ൽ എം. ഗോപാലകൃഷ്ണൻ (73, റിട്ട. ബി എസ് എൻ എൽ) നിര്യാതനായി. ഭാര്യ: മാലതിദേവി. മക്കൾ: വിനോദ്, മഞ്ജുഷ. മരുമക്കൾ: വിജി, സജിത്. സഞ്ചയനം ഞായർ 8.30ന്.

### തങ്കപ്പൻപിള്ള
വെമ്പായം: ചീരാണിക്കര പൊട്ടൻപാറ ദിലീപ് ഭവനിൽ തങ്കപ്പൻപിള്ള (74) നിര്യാതനായി. ഭാര്യ: ഇന്ദിരാദേവി. മക്കൾ: ദിലീപ് കുമാർ, ചൈത്ര. മരുമക്കൾ: അജു, ഷിബുകുമാർ.

### സുരേന്ദ്രൻ
അണ്ടൂർക്കോണം: അരിയോട്ടുകോണം മകം വീട്ടിൽ സുരേന്ദ്രൻ (71) നിര്യാതനായി. ഭാര്യ: ജഗദമ്മ. മക്കൾ: മധു (ബിസിനസ്), അനിൽകുമാർ (ബിസിനസ്), ബിന്ദു സതീശൻ. മരുമക്കൾ: സിന്ധു. വി, പത്മിനി. എം, സതീശൻ. വി (ബിസിനസ്). സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

### പി. രാജപ്പൻ നായർ
കരകുളം: മുല്ലശ്ശേരി രോഹിണി നിവാസിൽ കേരള യൂണിവേഴ്സിറ്റി റിട്ട. ജീവനക്കാരൻ പി. രാജപ്പൻ നായർ (77) നിര്യാതനായി. ഭാര്യ: ജ്യോതിമതി അമ്മ. മക്കൾ: സുനിഷ്കുമാർ (കെ. എസ്. ഇ. ബി പേരൂർക്കട), സതീഷ് കുമാർ (വി. എസ്. എസ്. സി വലിയമല.). മരുമക്കൾ: ദിവ്യ, ആശ. സംസ്കാരം ഇന്ന് രാവിലെ ശാന്തികവാടത്തിൽ.

### സിനിറാസ്
നെടുമങ്ങാട്: അരശുപറമ്പ് തോട്ടുമുക്ക് പാറയിൽ വീട്ടിൽ സുലൈമാന്റെയും ഷാനിഫയുടെയും മകൻ സിനിറാസ് (17) നിര്യാതനായി. വട്ടപ്പാറ ലൂർദ് മൗണ്ട് സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിയാണ്.

### കൃഷ്ണൻ നായർ
മടവൂർ: കൃഷ്ണൻകുന്ന് അനിതാ ഭവനിൽ വിമുക്തഭടൻ ആർ. കൃഷ്ണൻ നായർ (80) നിര്യാതനായി. ഭാര്യ: സരസ്വതി അമ്മ, പരേതയായ രാധമ്മ. മക്കൾ: അനിതകുമാരി, അജയകുമാർ. മരുമക്കൾ: കലാധരൻപിള്ള, ശ്രീലത. സംസ്കാരം ഇന്ന് രാവിലെ 10ന് വീട്ടുവളപ്പിൽ.

### ലിവൻ രാജ്
എഴകോൺ: കാരുവേലിൽ വിമലിൽ കെ. രാജപ്പന്റെയും പരേതയായ വിമലാദേവിയുടെയും മകൻ ലിവൻ രാജ് (44) നിര്യാതനായി. ഭാര്യ: ദീപ ലിവൻരാജ്.

### വിജേന്ദ്രൻ
തിരുവല്ലം: ഇടയാർ കാവിൻപുറത്ത് വീട്ടിൽ പരേതനായ ശങ്കരന്റെ മകൻ വിജേന്ദ്രൻ (82) നിര്യാതനായി. ഭാര്യ: പരേതയായ കമലാക്ഷി. മക്കൾ: സിനിലാൽ, സീന, പരേതനായ സിജു. മരുമകൻ: ഷാജി. സഞ്ചയനം: ഞായറാഴ്ച രാവിലെ 8 ന്. ഫോൺ: 9995175303.

### മോഹനൻ
മലയിൻകീഴ്: മലയിൻകീഴ് തറട്ട കോത്തംമ്പാറവിളകാത്ത് മോഘ ഭവനിൽ മോഹനൻ (54) നിര്യാതനായി. ഭാര്യ: അമ്പിളി. മകൾ: സ്നേഹ മോഹൻ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 9 ന്. ഫോൺ: 9562002797.

### ബി. ശ്രീകുമാർ
തിരുവനന്തപുരം: വട്ടപ്പാറ കെ.കെ. നഗർ ശ്രീനിലയത്തിൽ ബി. ശ്രീകുമാർ (45) നിര്യാതനായി. ഭാര്യ: ബിന്ദു ജി.കെ. മക്കൾ: നന്ദു ശ്രീകുമാർ, ശ്രീലക്ഷ്മി. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30ന്.

### ഗോപിനാഥ്
വട്ടിയൂർക്കാവ്: കുലശേഖരം പുന്ന വിളവീട്ടിൽ ബി. ഗോപിനാഥ് (67, റിട്ട. കെ. എസ്. ആർ. ടി. സി) നിര്യാതനായി. ഭാര്യ രമണി. മക്കൾ: ശ്രീജിത്ത്, ശ്രീപ്രിയ. മരുമക്കൾ: ഷിജി, ജയസൂര്യബാബു. സഞ്ചയനം ചൊവ്വ രാവിലെ 8ന്.

### എസ്. ബിജു
മലയിൻകീഴ്: അണപ്പാട് കൊറോള ഹോസ്പിറ്റലിനു സമീപം അശ്വതിയിൽ സുധാകരന്റെയും ജയകുമാരിയുടെയും മകനും എസ്.എൻ.ഡി.പി കുന്നുംപാറ ശാഖായോഗം മാനേജിംഗ് കമ്മിറ്റി മെമ്പറുമായ എസ്. ബിജു (46) നിര്യാതനായി. ഭാര്യ: സുഗത. മക്കൾ: കൃഷ്ണനുണ്ണി, അശ്വതി. സഹോദരങ്ങൾ: ബൈജു, സിന്ധു. സഞ്ചയനം ഞായർ രാവിലെ 8.30 ന്.

### ദേവരാജൻ
കഴക്കൂട്ടം: വിളയിൽക്കുളം അജിത ഭവനിൽ ദേവരാജൻ (67, റിട്ട. റെയിൽവേ) നിര്യാതനായി. ഭാര്യ: എസ്. രാധ. മക്കൾ: അജയകുമാർ, അജികുമാർ, അജിത അനിൽ. മരുമക്കൾ: സുമ, അനിൽകുമാർ. മരണാനന്തര ചടങ്ങുകൾ: 15ന് രാവിലെ 9ന്.

### എൻ. സത്യൻ
കാട്ടാക്കട: കിള്ളി കുന്താണി വെട്ടുവിള പുത്തൻവീട്ടിൽ എൻ. സത്യൻ (48) നിര്യാതനായി. ഭാര്യ: ബിന്ദു. മക്കൾ: അഭിജിത്ത്, അനുജിത്ത്. പ്രാർത്ഥന: ശനിയാഴ്ച രാവിലെ 9 ന്.

### വി. കുഞ്ഞുകുഞ്ഞ്
കുറ്റിച്ചൽ: ലൂർദ്ദ്മാതാ എൻജിനിയറിംഗ് കോളേജിന് സമീപം പീസ് ഭവനിൽ റിട്ട. അദ്ധ്യാപകൻ പി. കുഞ്ഞുകുഞ്ഞ് (61) നിര്യാതനായി. ഭാര്യ അമ്മിണി. മക്കൾ: നോയൽരാജ്, കപിൽരാജ്. സംസ്കാരം ഇന്ന് വൈകിട്ട് 3ന്

### ടി. സുന്ദരം ആചാരി
നെടുമങ്ങാട്: മേലാംകോട് രേണുക നിവാസിൽ ടി. സുന്ദരം ആചാരി (80) നിര്യാതനായി. ഭാര്യ: ബി. തങ്കമ്മാൾ. മക്കൾ: രേണുക, ശിവകല, ശ്രീജ (കൃഷിവകുപ്പ്, കോട്ടയം), കൃഷ്ണകുമാർ (കെ.എസ്.ഇ.ബി ചുള്ളിമാനൂർ), സതീഷ്കുമാർ (കെ.എസ്.എഫ്.ഇ, വിതുര), ചിത്ര (നെടുമങ്ങാട് താലൂക്കോഫീസ്). മരുമക്കൾ: രാമസ്വാമി, രാജൻ, സുരേഷ് (കെ.എസ്.ഇ.ബി, കോട്ടയം), പ്രസാദ് (റവന്യൂ വകുപ്പ്, ആറ്റിങ്ങൽ), രേഖാ കൃഷ്ണൻ, സഞ്ജു. സഞ്ചയനം: ഞായറാഴ്ച രാവിലെ എട്ടിന്.

### ഗോപാലകൃഷ്ണപിള്ള
കിളിമാനൂർ: പനപ്പാംകുന്ന് മലയ്ക്കൽ പുലിക്കോട്, നിത്യാ ഭവനിൽ ഗോപാലകൃഷ്ണപിള്ള (55) നിര്യാതനായി. ഭാര്യ: ശശികുമാരി. മക്കൾ: നീതു, നിത്യ. മരുമക്കൾ: സുധീഷ്, അജിത്. സഞ്ചയനം: തിങ്കൾ രാവിലെ 9ന്

### വിജയൻ നായർ
തിരുവനന്തപുരം: വള്ളക്കടവ് വയ്യാമൂല വടക്കതിൽ വീട്ടിൽ വിജയൻ നായർ (68) നിര്യാതനായി. ഭാര്യ: ഗിരിജാദേവി. മക്കൾ: ഗോപാലകൃഷ്ണൻ, രാജേശ്വരി, ഗോപികൃഷ്ണൻ. മരുമക്കൾ: ലക്ഷ്മി, രാജേഷ്കുമാർ, രാഖി. സഞ്ചയനം തിങ്കളാഴ്ച രാവിലെ ഒൻപത് മണിക്ക്.

### എ. രാജൻ
വർക്കല: വട്ടപ്ലാമൂട് പ്രാലേയഗിരി തെങ്ങുവിള വീട്ടിൽ എ. രാജൻ (75) നിര്യാതനായി. ഭാര്യ സൈരന്ധ്രി. മകൾ ബിന്ദു. മരുമകൻ പ്രവീൺ. സഞ്ചയനം: 15 രാവിലെ 9.15ന്.

### എം. അപ്പുക്കുട്ടൻ
വർക്കല: പുത്തൻചന്ത ഗൗരി നിവാസിൽ എം. അപ്പുക്കുട്ടൻ (78, എഎസ്ഇലക്ട്രിക്കൽസ്) നിര്യാതനായി. ഭാര്യ സതി. മക്കൾ: മീന, ദിലീപ് കുമാർ, നീന. മരുമക്കൾ: മോഹൻദാസ്, സ്മിത, ജയൻ.

### വൈ. സജി
പ്ലാമൂട്ടുക്കട: പൊറ്റയിൽക്കട സജി ഭവനിൽ വൈ. സജി (43, ചെക്കിംഗ് ഇൻസ്പെക്ടർ, കെ.എസ്.ആർ.ടി.സി. പാറശ്ശാല ഡിപ്പോ) നിര്യാതനായി. ഭാര്യ: എൻ. അനു. മക്കൾ: ആതിര എസ്.എ, ആദിത്യ എസ്.എ. പ്രാർത്ഥന ശനിയാഴ്ച രാവിലെ 8ന് പൊറ്റയിൽക്കടവ് എലിസബത്ത് ദേവാലയത്തിൽ.

### തോമസ് മാത്യു
മണിമല: ചങ്കപ്പാറ പെരുംപെട്ടിയിൽ മനപ്പുറത്ത് എം.വി. മാത്യുവിന്റെ മകൻ തോമസ് മാത്യു (53) ദുബായിൽ നിര്യാതനായി. ഭാര്യ: ബിനു തോമസ്. മക്കൾ: ജെഫ് തോമസ് (ദുബായ്), ജെന്നി തോമസ് (സാന്താമറിയ പബ്ലിക് സ്കൂൾ, കൂരോപ്പട), ജെയ്സിലിൻ തോമസ് (സെന്റ്മേരീസ്, എച്ച്.എസ്.എസ്. റാന്നി).

## അമ്മാവിഅമ്മയും മരുമകനും മണിക്കൂറുകളുടെ വ്യത്യാസത്തിൽമരിച്ചു


എൻ. ശാരദ


ഹരിദാസ്

പേട്ട: കിഴക്കുപുറത്തു വീട്ടിൽ എൻ. ശാരദ (90) യും മരുമകൻ ഹരിദാസും (66) മണിക്കൂറുകളുടെ വ്യത്യാസത്തിൽ മരിച്ചു. ശാരദ ഇന്നലെ രാവിലെയും, വൈകിട്ട് 3.30ന് ഹരിദാസും മരണമടയുകയായിരുന്നു. ശാരദയുടെ ഭർത്താവ് ബി. വാമദേവൻ. മക്കൾ: അജിതകുമാരി, ഗിരീശൻ, രാജീവൻ, അനിതകുമാരി, സജീവൻ. മറ്റ് മരുമക്കൾ: ഗീതാകുമാരി, ആശ, ബാഹുലേയൻ, രാജി. ഹരിദാസിന്റെ ഭാര്യ: എസ്. അജിത കുമാരി. മകൾ പ്രസീദാദാസ്, മരുമകൻ അനീഷ്. സഞ്ചയനം തിങ്കളാഴ്ച.

## വീരമൃത്യു വരിച്ച ജവാന് സൈനിക ബഹുമതികളോടെ അന്ത്യാഞ്ജലി


ജഗന്റെ മൃതദേഹം ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കുന്നു

കുഴിത്തുറ: പാകിസ്ഥാൻ അതിർത്തിയിൽ തീവ്രവാദികളുമായുണ്ടായ ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ച ജവാന് നാടിന്റെ അന്ത്യാഞ്ജലി. കന്യാകുമാരി തക്കല കോഴിപ്പോര് വിള സ്വദേശി വേലപ്പന്റെ മകൻ ജഗനാണ് (36) ഇക്കഴിഞ്ഞ 8ന് വെടിയേറ്റു മരിച്ചത്. തിരുവനന്തപുരം പാങ്ങോട് പട്ടാള ക്യാമ്പിൽ നിന്ന് ജഗന്റെ ശരീരം ഇന്നലെ രാവിലെ പത്തുമണിയോടെ തക്കല കോഴിപ്പോര് വീട്ടിലെത്തിച്ചു. 13 റൈഫിൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഔദ്യോഗിക ബഹുമതികളോടെ അന്ത്യയാത്ര നൽകി.

ബന്ധുക്കളും നാട്ടുകാരുമടക്കം വൻജനാവലി അന്ത്യോപചാരം അർപ്പിക്കാൻ എത്തിച്ചേർന്നു. 17 വർഷമായി സൈനികനായി ജോലി നോക്കുകയാണ്. കഴിഞ്ഞ ജനുവരിയിലായിരുന്നു ജഗന്റെ വിവാഹം. ഭാര്യ സുബി എട്ടു മാസം ഗർഭിണിയാണ്. 15 ദിവസം മുൻപ് ലീവിന് നാട്ടിലെത്തിയിരുന്നു.

## കമിതാക്കളുടെ മൃതദേഹങ്ങൾ ഇത്തിക്കരയാറ്റിൽ


മനു


സുറുമി

ചാത്തന്നൂർ: ഇത്തിക്കര കൊച്ചുപാലത്തിന് സമീപത്ത് ആറ്റിൽ കമിതാക്കളുടെ മൃതദേഹങ്ങൾ കണ്ടെത്തി. പരവൂർ കോട്ടപ്പുറം കൊഞ്ചിന്റഴികം വീട്ടിൽ മോഹനൻ പിള്ള- ലീല ദമ്പതികളുടെ മകൻ മനു (26), പരവൂർ പുക്കുളം സുനാമി ഫ്ലാറ്റിൽ ഷംസുദ്ദീൻ- ഷെമീമ ദമ്പതികളുടെ മകൾ സുറുമി (23) എന്നിവരുടെ മൃതദേഹങ്ങളാണ് ഇന്നലെ ഉച്ചയ്ക്ക് പന്ത്രണ്ട് മണിയോടെ കണ്ടെത്തിയത്.

ബുധനാഴ്ച രാത്രി 9 മണിയോടെ പാലത്തിൽനിന്ന് ഒരുസ്കൂട്ടറുംപാസ്പോർട്ടും തിരിച്ചറിയൽ രേഖകളും വിവാഹം രജിസ്റ്റർ ചെയ്യാനായി പണം അടച്ചതിന്റെ രസീതും മൂവായിരത്തോളം രൂപയും കണ്ടെടുത്തിരുന്നു. മനുവിന്റെയും സുറുമിയുടെയും വിലാസങ്ങൾ കണ്ടെത്തിയിരുന്നുവെങ്കിലും, ഇരുവരും ആറ്റിൽ ചാടിയതായി സ്ഥിരീകരിച്ചിരുന്നില്ല. രാവിലെ ചാത്തന്നൂർ, പരവൂർ പൊലീസിന്റെ സാന്നിദ്ധ്യത്തിൽഫയർഫോഴ്സുംസ്കൂബ സ്ക്വാഡും ചേർന്ന് നടത്തിയ തെരച്ചിലിലാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്. പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിൽ മരിച്ച വിഷ്ണുവിന്റെ ഭാര്യയാണ് സുറുമി. പെയിന്റിംഗ് തൊഴിലാളിയായ മനുവും സുറുമിയും പ്രണയത്തിലായിരുന്നു. ബുധനാഴ്ച രാവിലെ വീട്ടിൽ നിന്ന് പുറത്തുപോയ സുറുമി ഉച്ചയോടെ തിരിച്ചെത്തി സർട്ടിഫിക്കറ്റുകൾ എടുത്തു കൊണ്ടുപോയതായും ബന്ധുക്കൾ പറഞ്ഞു. സുറുമിയുടെ മകൻ വൈഷ്ണവ് (4). മനുവിന്റെ സഹോദരൻ ബിനു.


## മകൻ മരിച്ച് രണ്ടുമണിക്കൂറിനകം മാതാവും വിടവാങ്ങി


പത്മാവതി അമ്മ


വിജയകുമാർ

വെഞ്ഞാറമൂട്: ആശുപത്രിയിൽ ചികിത്സയിലായിരുന്ന മാതാവിനെ കാണാൻ വിദേശത്തു നിന്ന് എത്തിയ മകനെ കുടുംബ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. രണ്ടു മണിക്കൂറിനകം മാതാവും മരിച്ചു. വെഞ്ഞാറമൂട് നാഗരുകുഴി കാവതിയോട് തടത്തരികത്തു വീട്ടിൽ വിജയകുമാറിനും (50) മാതാവും പരേതനായ രവീന്ദ്രൻപിള്ളയുടെ ഭാര്യയുമായ പത്മാവതി അമ്മ(75)യ്ക്കുമാണ് അടുത്തടുത്ത് മരണം.

മാതാവിനു അസുഖം കൂടുതലായതിനാൽ മസ്കറ്റിൽ നിന്ന് വിജയകുമാർ മിനിയാന്ന് വൈകിട്ട് നാട്ടിലെത്തിയതായിരുന്നു. എന്നാൽ, അമ്മയെ കാണാൻ സാധിച്ചിരുന്നില്ല നഗരുകുഴിയിൽ നിന്ന് സുഹൃത്തുക്കളോടൊപ്പമാണ് ആൾ താമസമില്ലാത്ത കുടുംബ വീട്ടിലെത്തിയത്. വിജയകുമാർ ഭാര്യ രശ്മിയുമായി പിണക്കത്തിലായിരുന്നു. മക്കളായ അക്ഷയ്, അമൃത, സുഹൃത്തുക്കൾ എന്നിവർ ഉച്ചക്ക് 12ന് വീട്ടിൽ തിരക്കിയെത്തുമ്പോൾ മുറിക്കുള്ളിൽ മരിച്ച നിലയിൽ കാണുകയായിരുന്നു. ഇന്നലെ ആശുപത്രിയിലെത്തി മാതാവിനെ സന്ദർശിക്കാനിരിക്കുകയായിരുന്നുവെന്ന് സുഹൃത്തുക്കൾ പറഞ്ഞു. സ്വകാര്യ ആശുപത്രിയിലായിരുന്ന മാതാവ് ഇന്നലെ വൈകിട്ട് നാലിനു മരിച്ചു. പൊലീസ്, ഫോറൻസിക് വിഭാഗം എന്നിവരെത്തി വിജയകുമാറിന്റെ മൃതദേഹം പരിശോധിച്ചു. .ഇരുവരുടെയും മൃതദേഹം ഇന്നു സംസ്കരിക്കും. പത്മാവതിയുടെ മറ്റു മക്കൾ: സരള, ബിന്ദു, ചന്ദ്രമോഹൻ, ദീപ.



### ഫാ. എം. ഫിലിപ്പ് ഓലമുക്കിൽ
പുത്തൂർ: കാരിക്കൽ സെന്റ് ജോർജ് ഓർത്ത്ഡോക്സ് പള്ളി, കുന്നത്തൂർ സെന്റ് ജോർജ് ഓർത്ത്ഡോക്സ് പള്ളി എന്നിവയുടെ വികാരി കാരിക്കൽ ആലുംമൂട്ടിൽ താഴത്തിൽ ഫാ. എം. ഫിലിപ്പ് ഓലമുക്കിൽ (68) നിര്യാതയായി. സംസ്കാരം ശനിയാഴ്ച്ച രാവിലെ 10ന് കാരിക്കൽ സെന്റ് ജോർജ് ഓർത്ത്ഡോക്സ് പള്ളി സെമിത്തേരിയിൽ.

ഭാര്യ: ഏലിക്കുട്ടി, മക്കൾ: ഷിബിസൂസൻ (എം.ടി.ഡി.എം എച്ച്.എസ്.എസ് മാലൂർ പത്തനാപുരം), ഷിനി എലിസബത്ത്, ഷിബിൻ മാത്യു. മരുമക്കൾ: മാത്യു ചാക്കോ (ഷാർജ), അജിമോൻ (ബിസിനസ്).

## ബൈക്കിൽനിന്ന് തെറിച്ചുവീണ വീട്ടമ്മ മരിച്ചു


സുലോചന

കുറ്റിച്ചൽ: ബൈക്കിൽ യാത്ര ചെയ്യവേ തെറിച്ച് റോഡിൽ വീണ് പരിക്കേറ്റ വീട്ടമ്മ മരിച്ചു. തച്ചൻകോട് എരുമക്കുഴി സിയോൺ ഹൗസിൽ സുലോചന (55) ആണ് മരിച്ചത്. ബൈക്കിൽ സഞ്ചരിക്കവേ വെള്ളനാട് ചാങ്ങ ഇടത്തറ വളവിൽ വച്ചാണ് അപകടമുണ്ടായത്. ഗുരുതര പരുക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല. ഭർത്താവ്: തങ്കൻ. മക്കൾ: സുനിൽ, സുമ. മരുമകൻ: സന്ദീപ്. പ്രാർത്ഥന: ശനിയാഴ്ച വൈകിട്ട് 4ന്.

## തീകൊളുത്തിയ വിദ്യാർത്ഥി മരിച്ചു

തിരുവനന്തപുരം: പെട്രോളൊഴിച്ച് തീ കൊളുത്തിയ യുവാവ് മരിച്ചു.

പൂജപ്പുര ചാടിയറ സൂര്യ ഭവനിൽ ജയൻ- മിനി ദമ്പതികളുടെ മകൻ ഹരിശങ്കർ (19) ആണ് മരിച്ചത്. മാറനല്ലൂരിലെ കോളേജിൽ ബിരുദ വിദ്യാർത്ഥിയായിരുന്നു. കഴിഞ്ഞ ദിവസം ഉച്ചയ്ക്ക് വീട്ടിലെ കിടപ്പുമുറിയിൽവച്ച് ദേഹത്ത് പെട്രോളൊഴിച്ച് തീ കൊളുത്തുകയായിരുന്നു ഇയാൾ. ബന്ധുക്കൾ കരമനയിലെ സ്വകാര്യാശുപത്രിയിൽ എത്തിച്ചെങ്കിലും ഇന്നലെ രാവിലെയോടെ മരിച്ചു.

മൂന്നാം ചരമവാർഷികം
(12.10.2018)



അനീഷ്. ജി.എസ്
ഗോകുലം, കാവറ,
വെഞ്ഞാറമൂട്.
- ദുഃഖിതരായ കുടുംബാംഗങ്ങൾ.

മൂന്നാം ചരമവാർഷികം
(12.10.2018)



ബീന ജയപാൽ
(W/o Late B. ജയപാൽ,
D/o Late P. സുധാകരൻ, കാട്ടാക്കട)
'പത്മിനി ചിത്രാംഗി', വഴയില,
തിരുവനന്തപുരം.
പരേതാത്മാവിന് നിത്യശാന്തി
നേർന്നുകൊണ്ട്,
ദുഃഖിതരായ,
മക്കൾ: അനൂബ് ജയപാൽ,
ശ്രീഹരി ജയപാൽ,
മരുമകൾ: ലീന അനൂബ്.

വേർപാടിന്റെ ഒന്നാം വർഷം (12.10.2018)



ജെ. ബെൽസി
(റിട്ട. ഫാർമസിസ്റ്റ്)
ഷാഫി കോട്ടേജ്,
വെള്ളൂർക്കോണം, മഞ്ച,
നെടുമങ്ങാട്.
- സന്തപ്തകുടുംബാംഗങ്ങൾ.

വേർപാടിന്റെ 20 വർഷം
(12.10.2018)



കെ.വി. സുശീലൻ
(മുൻ പഞ്ചായത്ത് പ്രസിഡന്റ്,
വെള്ളറട,
മാനേജർ, വി.പി.എം. എച്ച്.എസ്.,
വെള്ളറട)
ശ്രീഭവൻ, വെള്ളറട.
"കർമ്മധീരമായ ഈ ജീവിതം
ഞങ്ങൾക്ക് ആത്മധൈര്യം പകരുന്നു"
ഈ ധന്യാത്മാവിന് നിത്യശാന്തി
നേർന്നുകൊണ്ട്,
ദുഃഖസ്മരണകളോടെ,
ഭാര്യ: വി. സരോജിനി,
മക്കൾ: കെ.എസ്. ബൈജു,
കെ.എസ്. സാബു, കെ.എസ്. പ്രഭു,
മരുമക്കൾ: ബിന്ദു ബൈജു,
അപർണ്ണാ സാബു, സുജി പ്രഭു,
ചെറുമക്കൾ: ജഗൻ, സിദ്ധാർത്ഥ്,
അനാമിക, തൃഷ, നിഷാൻ.

20-ാം ചരമവാർഷികം
(12.10.2018)

5-ാം ചരമവാർഷികം
(29.10.2018)





ഒ.കെ. പ്രഭാകരൻ
(Rtd. Asst. Registrar)

കെ.കെ. വനജാക്ഷി
(Rtd. Asst. Registrar)

ലാൽസദനം, കാരംവേലി, പത്തനംതിട്ട.
- ദുഃഖിതരായ കുടുംബാംഗങ്ങൾ.

13-ാം ചരമവാർഷികം
(12.10.2018)



വി. രമാകാന്തൻ
(സബ്ബ് രജിസ്ട്രാർ, വർക്കല)
അക്കരവിള, ഞെക്കാട്.
പരേതന്റെ ആത്മശാന്തിക്കായി
പ്രാർത്ഥിച്ചുകൊണ്ട്,
ഭാര്യ: രത്നാവതി,
സഹോദരങ്ങൾ, മക്കൾ,
മരുമക്കൾ, ചെറുമക്കൾ.




നൂറ്റാണ്ടിന്റെ പാരമ്പര്യത്തിന്റെ തലയെടുപ്പോടെ ഷാർജയിലെ മലയാളികളുടെ മനസുകളിൽ ദൃശ്യശ്രാവ്യ മേളമൊരുക്കി കൗമുദി ടി.വി എത്തുകയാണ്. മഹാപ്രളയത്തിൽ മുങ്ങിപ്പോയിട്ടും മനക്കരുത്ത് കൊണ്ട് അതിജീവനത്തിന്റെ പാതയിലുള്ള മലയാളനാടിന്റെ അഭിമാനം വാനോളമുയർത്തി കൗമുദി ടി.വിയും സേവനം സെന്റർ ഷാർജ എമിറേറ്റ്സ് സെന്റർ കമ്മിറ്റിയും ചേർന്ന് ഷാർജയിലെ പ്രവാസികൾക്കായി കലാവിരുന്ന് 'കൗമുദി നൈറ്റ്' ഒരുക്കുകയാണ്. 12 വെള്ളിയാഴ്ച വൈകിട്ട് ആറുമുതൽ അജ്മാൻ റമദാ ഹോട്ടൽ ആൻഡ് സ്യൂട്ട്സിലെ ദി മജസ്റ്റിക് ബാൾ റൂമിലാണ് രാഗ, താള, നൃത്ത ഹാസ്യ ലയത്തിന്റെ വിസ്മയരാവ്. ഉത്സവരാവ് ആഘോഷമാക്കാൻ കാത്തിരിക്കുകയാണ് ഷാർജയിലെ മലയാളി സമൂഹം. കെ.എസ്.എഫ്.ഇ പ്രവാസിചിട്ടിയാണ് മുഖ്യസ്പോൺസർ.

മനമലിയിക്കുന്ന ഈണങ്ങൾ കൊണ്ടും അഭിനയത്തിന്റെ പുതുക്കാഴ്ചകൾ കൊണ്ടും തരംഗമായ ചിത്രങ്ങൾ സൃഷ്ടിച്ചും പ്രവാസികളുടെ തോഴനായി മാറിയ വിനീത് ശ്രീനിവാസൻ, നവനായികമാരിൽ അഭിനയമികവു കൊണ്ട് ശ്രദ്ധേയയായ അനുസിതാര, ചിരിയുടെ മാലപ്പടക്കവുമായി മനോജ് ഗിന്നസ്, പ്രവാസികളിൽ ഗൃഹാതുരത ഉണർത്തുന്ന പഴയകാല ഗാനങ്ങളുമായി സംഗീതസംവിധായകനും ഗായകനുമായ ആലപ്പി ബെന്നി എന്നിവരെല്ലാം കൗമുദി നൈറ്റിനെത്തും. ഗൾഫിൽ ഒരു സ്റ്റേജ് ഷോയിൽ വിനീത് ശ്രീനിവാസൻ ആദ്യവസാനം പങ്കെടുക്കുന്നത് ഇതാദ്യമായാണ്. നൃത്തത്തിന്റെ കുളിർമഴയുമായാണ് അനു സിതാരയുടെ വരവ്. പ്രവാസി ജീവിതത്തിന്റെ കയ്പുകൾ മായ്ക്കുന്നതാവും മനോജ് ഗിന്നസിന്റെയും സംഘത്തിന്റെയും ചിരിമരുന്ന്.

കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞു നിൽക്കുന്ന കേരളകൗമുദി പ്രവാസികൾക്കായി വിസ്മയരാവ് ഒരുക്കുകയാണ്. ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും സാമൂഹ്യപുരോഗതിക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പൊരുതുന്ന പടവാളാണ് കേരളകൗമുദി. വിശ്വാസ്യതയാണ് കേരളകൗമുദിയുടെ മുഖമുദ്ര. അവശജനവിഭാഗങ്ങളുടെയുംതൊഴിലാളികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേരളകൗമുദി കാണിച്ച ആത്മാർത്ഥതയും അർപ്പണ മനോഭാവവും ചരിത്രത്തിന്റെ ഭാഗമാണ്. സാമൂഹ്യനീതിക്കായുള്ള മുഖ പ്രസംഗങ്ങൾ കേരളചരിത്രത്തിൽത്തന്നെ പുതിയ അധ്യായങ്ങൾ എഴുതിചേർക്കുകയുണ്ടായി. ഈ പാരമ്പര്യത്തിന്റെ പെരുമയുമായാണ് പ്രവാസികൾക്കിടയിലേക്ക് കൗമുദി ടി.വി എത്തുന്നത്.

16വർഷമായി യു.എ.ഇയിലെ പ്രവാസി സമൂഹത്തിൽ ശ്രീനാരായണ ദർശനങ്ങളിലൂന്നി പ്രവർത്തിക്കുന്ന പ്രവാസിക്കൂട്ടായ്മയാണ് സേവനം സെന്റർ യു.എ.ഇ. കേരളം മഹാപ്രളയത്തിൽ മുങ്ങിത്താണപ്പോൾ സെന്ററിന്റെ ഓരോ അംഗങ്ങളും മുൻകൈയെടുത്ത് ഗ്രാമങ്ങളിൽ സേവനമെത്തിച്ചു. മഹാപ്രളയത്തിനു മുന്നിൽ പകച്ചുനിന്ന മലയാളികൾക്ക് ആഹാരവും വസ്ത്രവും സാമ്പത്തിക സഹായവുമായി സേവനം സെന്റർ ഇറങ്ങിച്ചെന്നു. സെന്ററിലെ ഓരോ അംഗങ്ങളും സേവനസന്നദ്ധതയോടെ പ്രളയക്കെടുതിയിൽ ആശ്വാസമെത്തിച്ചു. കുടുംബങ്ങൾക്കിടയിൽ പരസ്പരമുള്ള സഹകരണവും സഹായവും വർദ്ധിപ്പിച്ചും അശരണർക്ക് കൈത്താങ്ങായും ശ്രീനാരായണീയ ആശയങ്ങൾ പ്രചരിപ്പിച്ചും യു.എ.ഇയിൽ സേവനം സെന്റർ വളരുകയാണ്.

അശരണർക്ക് കൈത്താങ്ങാവണമെന്ന ഗുരുവിന്റെ സന്ദേശം ഉൾക്കൊണ്ട് കഴിഞ്ഞ ഒരുവർഷത്തിനിടെ 14 നിർദ്ധന കുടുംബങ്ങൾക്ക് 'ഗുരു ഭവനം' എന്ന പദ്ധതിയിലൂടെ വീട് നിർമ്മിച്ചു നൽകി. മൂന്ന് വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അംഗങ്ങളുടെ ക്ഷേമത്തിനായി ഇൻഷ്വറൻസ് പരിരക്ഷയും ജോലി അവസാനിപ്പിച്ച് മടങ്ങുമ്പോൾ സാമ്പത്തിക സഹായവും സേവനം ഉറപ്പാക്കുന്നുണ്ട്. യു.എ.ഇയുടെ സാംസ്കാരിക മേഖലയിൽ ശ്രീനാരായണീയ ദർശനങ്ങൾ മുറുകെപ്പിടിച്ച് ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുകയാണ് ഓരോ സേവനം പ്രവർത്തകനും.


കാലത്തിനനുസരിച്ച് മൂല്യബോധമുള്ള ചിന്തകൾ പ്രവാസികളിലേക്ക് എത്തിക്കുകയും പൊതുസമൂഹത്തിന്റെ സമത്വത്തിനും ഉന്നമനത്തിനുമായി മാറ്റത്തിന്റെ കാറ്റുവീശുന്ന കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനും സേവനത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ ലക്ഷ്യങ്ങൾക്കായി മുൻനിരയിൽ നിന്ന് പ്രവർത്തിച്ച ശ്രീനാരായണഗുരുദേവന്റെ കാഴ്ചപ്പാടുകളെയും ആശയങ്ങളെയും അതേതലത്തിൽ പിന്തുടരുകയാണ് സേവനം സെന്റർ അംഗങ്ങൾ.






**അഡ്വ. പീലിപ്പോസ് തോമസ്**
**കെ.എസ്.എഫ്.ഇ, ചെയർമാൻ**

നവോത്ഥാനത്തിലൂടെ കേരളത്തെ ഉഴുതുമറിച്ച ശ്രീനാരായണ ഗുരുദേവന്റെ ആശയങ്ങൾ പിന്തുടരുന്ന കേരളകൗമുദിയുടെയും കൗമുദി ടി.വിയുടെയും സംരംഭമായ 'കൗമുദി നൈറ്റിന്' ആശംസകൾ. യു.എ.ഇയിലെ പ്രവാസികൾക്ക് ആഘോഷത്തിന്റെ രാവൊരുക്കുകയാണ് കൗമുദി ടി.വി. അവരെ സമ്പാദ്യത്തിന്റെ ശീലങ്ങളിലേക്ക് നയിക്കുകയാണ് കെ.എസ്.എഫ്.ഇയുടെ ലക്ഷ്യം. ഗൾഫിൽ ചോരനീരാക്കിയുണ്ടാക്കുന്ന സമ്പാദ്യം നാട്ടിൽ സുരക്ഷിതമായ വൻ നിക്ഷേപമായി വളരുന്നത് ഓരോ പ്രവാസിയുടെയും സ്വപ്നമാണ്. ഇതിന് കെ.എസ്.എഫ് ഇയുടെ പ്രവാസിചിട്ടി പ്രവാസികൾക്ക് മുതൽക്കൂട്ടായിരിക്കും.



കേരളക്കരയുടെ മനസ് അറിയുന്ന കേരളകൗമുദി ദുബായിൽ ഒരുക്കുന്ന കൗമുദിനൈറ്റ് വിദേശമലയാളികൾക്ക് ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മയാകുമെന്നതിൽ സംശയമില്ല. മണലാരണ്യത്തിൽ വസന്തം തീർക്കാനൊരുങ്ങുന്ന കേരളകൗമുദിയ്ക്ക് എല്ലാവിധ ആശംസകളും.

**വിജയൻ** (മാനേജിംഗ് ഡയറക്ടർ, വെൽകോട്ട് പെയിന്റ്സ്)



Wellcoat Paints
Manufacturer of Paints

തൊട്ടതെല്ലാം പൊന്നാക്കുന്ന കേരളകൗമുദി ദുബായിൽ ഒരുക്കുന്ന കൗമുദി നൈറ്റ് പുതിയ ചരിത്രമാകുമെന്നതിൽ സംശയമില്ല. പ്രവാസികളുടെ തിരക്കുപിടിച്ച ജീവിതത്തിൽ എക്കാലവും ഓർമ്മിക്കാവുന്ന നിമിഷങ്ങളായി കൗമുദി നൈറ്റ് മാറട്ടെയെന്ന് ആശംസിക്കുന്നു.

**രവികുമാർ,** (പ്രൊപ്രൈറ്റർ, ക്ലാസിക് ഫാമിലി റെസ്റ്റോറന്റ്)



CLASSIC FAMILY RESTAURANT L.L.C

മഹത്തായ പാരമ്പര്യത്തിന്റെ കരുത്തുമായാണ് കേരളകൗമുദി ഗൾഫ് നാട്ടിലെത്തുന്നത്. ആസ്വാദകരുടെ മനം കവരുന്ന ഹൃദയ സ്പർശിയായ ഒട്ടേറെ നൃത്ത സംഗീത പരിപാടികൾ അണിയിച്ചൊരുക്കിയിട്ടുള്ള കേരള കൗമുദി വിദേശമലയാളികൾക്കായി ഒരുക്കുന്ന കൗമുദി നൈറ്റ് പ്രവാസികൾക്ക് നവോന്മേഷം പകരും.

**ഡോ. സിദ്ധിഖ് അഹമ്മദ്** (ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, ഐ.ടി.എൽ ടൂർസ് ആൻഡ് ട്രാവൽസ്)



ITL WORLD
Travel Management Company

കേരളത്തിന്റെ സംസ്കാരം ഉൾക്കൊള്ളുന്ന കേരള കൗമുദി സമൂഹത്തിന് പകർന്നു നൽകുന്നതെല്ലാം മലയാളികൾ ഇരുകൈയ്യും നീട്ടി സ്വീകരിക്കും. മലയാളികളുടെ സ്വന്തം കേരള കൗമുദി ഒരുക്കുന്ന കൗമുദി നൈറ്റിലൂടെ പ്രവാസികൾക്കിടയിലും ഇടം കണ്ടെത്താൻ കഴിയും. ദുബായിൽ അരങ്ങേറുന്ന മികച്ച നൃത്ത സംഗീതരാവുകളിലൊന്നായി കൗമുദിനൈറ്റ് മാറട്ടെ.

**ശിവപ്രസാദ്** (മാനേജിംഗ് ഡയറക്ടർ, കോണ്ടൂർ ബിൽഡേഴ്സ്)



CONDOR
Every moment

കേരളകൗമുദിയ്ക്ക് മാത്രം അവകാശപ്പെടാവുന്ന പാരമ്പര്യമാണ് മലയാളികൾക്കിടയിൽ കൗമുദിയെ പ്രിയങ്കരമാക്കുന്നത്. ആ പാരമ്പര്യത്തിന്റെ പ്രൗഢി യുമായാണ് കേരളകൗമുദി പ്രവാസികൾക്കിടയിലേക്ക് കൗമുദി നൈറ്റുമായി കടന്നുവരുന്നത്. ഈ നൃത്ത സംഗീത സന്ധ്യയെ പ്രവാസികളും നെഞ്ചേറ്റുമെന്നതിൽ സംശയമില്ല.

**ഗേഡ്‌ലി ബേബിക്കുട്ടി** (മാനേജിംഗ് ഡയറക്ടർ, എപ്പിക് ട്രാവൽസ്)



epic travel
IATA Accredited Agent

കേരളകൗമുദിയ്ക്ക് പ്രത്യേക വിശേഷണങ്ങളുടെ ആവശ്യമില്ല. പ്രവാസികൾക്ക് ആനന്ദം സമ്മാനിക്കാൻ കൗമുദി കുടുംബം ഒരുക്കുന്ന കൗമുദി നൈറ്റിനും ആലങ്കാരികമായ വിശേഷണങ്ങൾ വേണ്ട. കുടുംബമായെത്തി എല്ലാം മറന്ന് ആസ്വദിക്കാൻ കുറച്ച് മണിക്കൂറുകൾ അത് കൗമുദി നൈറ്റ് സമ്മാനിക്കും. എല്ലാവിധ ആശംസകളും.

**ഡോ. സുധാകരൻ.കെ** (മാനേജിംഗ് ഡയറക്ടർ ആൻഡ് സ്പെഷ്യലിസ്റ്റ് സർജൻ, ന്യൂ അൽ എയ്ൻ മെഡിക്കൽ ക്ലിനിക്ക് സെന്റർ ആൻഡ് ഡെന്റൽ)



NEW AL AIN MEDICAL CLINICS CENTRE & DENTAL L.L.C
NAMC

വിദേശമലയാളികളുടെ ഓർമ്മയിൽ എക്കാലവും തങ്ങിനിൽക്കുന്ന മണിക്കൂറുകൾ സമ്മാനിക്കാനുള്ള തയ്യാറെടുപ്പിലാണ് കേരളകൗമുദി. കുടുംബസദസിന്റെ മനസറിഞ്ഞ് പരിപാടികൾ ഒരുക്കിയിട്ടുള്ള കേരളകൗമുദിയുടെ കൗമുദി നൈറ്റും അത്തരത്തിലുള്ള ഒന്നാകും. ദുബായിൽ നടക്കുന്ന കൗമുദിനൈറ്റിന് മംഗളങ്ങൾ നേരുന്നു.

**പ്രദീപ്** (മാനേജിംഗ് ഡയറക്ടർ, സീഷോർ കൺസ്ട്രക്ഷൻസ്)



SEA SHORE CONSTRUCTIONS LLC
سي شور للانشاءات

Vol. No. 108 Issue No. 275 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .